# പ്രാചീനകൈരളി

**Peer Reviewed Journal**

# പ്രാചീനകൈരളി

**peer reviewed journal**

**വാല്യം 45. ജനുവരി-ഡിസംബർ 2022**

മുഖ്യ പത്രാധിപർ

**പ്രൊഫ. ആർ.ബി. ശ്രീകല**

ലക്കം പത്രാധിപർ

**ഡോ. രജനി ആർ.എസ്.**

**ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് &**
**മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി**
**കേരളസർവകലാശാല**
**കാര്യവട്ടം**

**Pracheenakairali**
Peer reviewed journal
(Yearly Journal in Malayalam)
Vol. 45, January - December 2022

Oriental Research Institute & Manuscripts Library
University of Kerala

General Editor
**Dr. R.B. Sreekala**
Prof. & Head
ORI & MSS Library

Issue Editor
**Dr. Rejani R.S.**
ORI & MSS Library

Editorial Board

**Dr. R.B. Sreekala** (Prof. & Head)
ORI & MSS Library

**Dr. Naushad S.**
ORI & MSS Library

**Dr. J.P. Prajith**
ORI & MSS Library

**Dr. M. Sainaba**
ORI & MSS Library

Edited, Printed and Published by
**Dr. R.B. Sreekala**
Professor & Head,
Oriental Research Institute & Manuscripts Library
on behalf of the University of Kerala

Cover Design
**Ancyl Computers**,
Vazhuthacaud, Thiruvananthapuram

Printed at
**Prasanth Printers**
Ambalathinkara, Kazhakuttom
Thiruvananthapuram

Price : **Rs. 200/-**

## പ്രസ്താവന
## ഭാഷാത്രൈമാസികം ഒന്നാം ലക്കം

ഏതു ജനതയുടെയുംസാംസ്കാരികവും ശാസ്ത്രീയവുമായ പുരോഗതിക്ക് അവരുടെ പ്രാചീനസമ്പത്ത് ഗണനീയമായ സാഹായം അനുഷ്ഠിക്കാതരിക്കയില്ല. ഈ പരമാർത്ഥം തികച്ചും മന സ്സിലാക്കി ലോകത്തിലെ പരിഷ്കൃത ജനതകൾ അവരവരുടെ പുരാ തനകൃതികളെ സംരക്ഷിക്കുന്നതിലും അവയെ യഥാവിധി പ്രസാ ധനം ചെയ്യുന്നതിലും ഉന്നിദ്രമായി പ്രവർത്തിച്ചുവരുന്നുണ്ട്. എന്നുത ന്നെയല്ല, പ്രബുദ്ധരും പുരോഗമനേച്ഛുക്കളുമായ രാജ്യക്കാർ പരകീയ ങ്ങളായ പ്രാചീനകൃതികളെ സ്വഭാഷകളിലേക്കു വിവർത്തനം ചെയ്യു ന്നതിലും കൂലങ്കഷമായി പഠിക്കുന്നതിലും ശ്രദ്ധ പതിപ്പിക്കുകയും ചെയ്തുവരുന്നു. പാശ്ചാത്യ പണ്ഡിതന്മാരുടെ കഴിഞ്ഞ 150 കൊല്ലത്തെ സോത്സാഹവും സുസ്ഥിരവുമായ പരിശ്രമം ഭാരതീയവി ദ്യയെ (Indology) ശാസ്ത്രീയമായ അടിസ്ഥാനത്തിൽ ഉറപ്പിക്കുവാൻ വളരെ ഉപകരിച്ചിട്ടുണ്ട്. ഇന്നത്തെ വിപ്ളവത്തിന്റെ കലവറയെന്നു പറയപ്പെടുന്ന റഷ്യയിൽ ജീവിതമരണ നിർണ്ണായകമായ മഹാസമരം നടന്നിരുന്ന കാലത്തുപോലും രാമായണം, ഭാരതം തുടങ്ങിയ വിശ്വ മോഹനങ്ങളായ പ്രാചീനകൃതികളുടെ പഠനത്തിലും പരിഭാഷണ ത്തിലും പണ്ഡിതന്മാർ വ്യാപരിച്ചിരുന്നു. വിശ്വവ്യാപകമായ വിജ്ഞാനസമ്പത്തിനെ ഉപാസിക്കുന്നതിൽ ഒരു പരിഷ്കൃത ജനസ മൂഹവും കാലദേശ ശൃംഖലയിൽ ബദ്ധമാകുന്നതല്ലെന്നാണല്ലോ ഇത് വിശദമാക്കുന്നത്.

ആധുനികമനുഷ്യനെ പ്രാചീനഗ്രന്ഥം പരിചയം ചെയ്യുവാൻ പ്രേരിപ്പിക്കുന്ന പരമമായ ലക്ഷ്യങ്ങൾ മൂന്നാണ്.

1. മാനവസമുദായത്തിന്റെ പുരോഗമനാത്മകമായ ചരിത്രത്തിൽ അവഗാഹം നേടുക, അതിനെ വിശ്വാസയോഗ്യവും പ്രയോജന കരവും ആയ രീതിയിൽ വ്യവസ്ഥപ്പെടുത്തുക.
2. പ്രാചീനവിജ്ഞാനത്തിൽ നൈപുണ്യം സമ്പാദിക്കുക; പ്രാചീന കലകളുടെ മാധുര്യം ആസ്വദിക്കുക.
3. ധിഷണാസമ്പന്നരും ലോകാനുഗ്രഹകാംക്ഷികളുമായിരുന്ന നമ്മുടെ പൂർവികന്മാർ ചിന്തിച്ചതിൽ നിന്നും, അനുഭവിച്ചതിൽ നിന്നും, പരീക്ഷണം ചെയ്തതിൽ നിന്നും, നമ്മുടെ സർവ്വതോന്മുഖമായ

അഭിവൃദ്ധിയെ പരിചരിക്കുന്ന വിശിഷ്ടാംഗങ്ങളെ തേടിപ്പിടിച്ചു പ്രയോജനപ്പെടുത്തുക.

ഈ ലക്ഷ്യത്രയത്തെ മുൻനിർത്തി പ്രാചീനമലയാള ഗ്രന്ഥ സഞ്ചയത്തിലേക്കു കടക്കുന്ന ആധുനികനായ ഒരുവന്റെ ഉദ്യമം സഫലമാകത്തക്കവണ്ണം അതിൽ വല്ലതുമുണ്ടോ എന്ന പ്രശ്നം സ്വാഭാവികമായി ഉദിക്കുന്നു. ഇതിന് ഉറച്ചുനിന്നുകൊണ്ട് 'ഉണ്ട്'. എന്ന് ഉത്തരം പറയുവാൻ നമ്മുടെ പഴയ സാഹിത്യവുമായി പരിചയിച്ചിട്ടുള്ളവർ മടിക്കയില്ല. സാഹിത്യകർഷണത്തിലോ ഭാഷാപോഷണത്തിലോ നമ്മുടെ പൂർവ്വികന്മാരെ രണ്ടാംകിടയിലേക്കു മാറ്റിനിർത്തേണ്ടതില്ല; അവരുടെ മാനസികസന്താനങ്ങളെ നിഷ്പ്രഭങ്ങളെന്നോ നിഷ്പ്രയോജനങ്ങളെന്നോ തള്ളേണ്ടതുമില്ല. സംസ്കൃതത്തിന്റെ അതിപ്രസരമില്ലാത്ത കാവ്യലേശമോ ശാസ്ത്രരേഖയോ, അറിവിൽപ്പെട്ടിടത്തോളം, നമ്മുടെ പ്രാചീന ഗ്രന്ഥസമുച്ചയത്തിൽ വിരളമാണെന്നുള്ളത് വിസ്മരിക്കാവുന്നതല്ല. എന്നാൽ സംസ്കൃതത്തെ ഉപജീവിക്കുമ്പോഴും അതിനെ അനുകരിക്കുമ്പോഴും നമ്മുടെ പൂർവ്വികകലാകാരന്മാരും ശാസ്ത്രകാരന്മാരും അവരുടെ കേരളീയത്വം പരിപാലിച്ചുവന്നിരുന്നു; അവരുടെ പ്രതിഭാശാലിതയും കലാമർമ്മജ്ഞതയും തെളിയിച്ചിരുന്നു. വിശ്വതോമുഖമായ വികസനം സിദ്ധിച്ച സംസ്കൃത ഭണ്ഡാഗാരത്തെ ഈ രീതിയിൽ ഉപജീവിച്ചും സ്വകീയമഹത്തവം പ്രകടിപ്പിച്ചും പൂർവ്വസൂരികൾ രചിച്ച് നമ്മുടെ ഉപയോഗത്തിനായി ദാനം ചെയ്തിട്ടുള്ള ആ ഗ്രന്ഥ മണ്ഡലം ബഹുമുഖവും സാരസാന്ദ്രവുമാണ്. സാഹിത്യം, ജ്യോതിഷം, വൈദ്യം, നീതി, വ്യാകരണം, വേദാന്തം, മന്ത്രം, തന്ത്രം, നാട്യം, സ്തോത്രം എന്നിങ്ങനെ പോകുന്നു ആ ഗ്രന്ഥ പ്രണാളികൾ. ആരോ പറഞ്ഞു കേട്ടു, പ്രാചീനമലയാളത്തിൽ കുറെ സാഹിത്യകൃതികൾ മാത്രമേ ഉള്ളൂഎന്ന്! കഷ്ടം! സർവ്വകലാശാലമാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിലെ മലയാള ഗ്രന്ഥവിഭാഗത്തിന്റെ സൂചിപത്രമെങ്കിലും ഒന്നു നോക്കണം എന്നേ ഇക്കൂട്ടരോട് പ്രാർത്ഥിക്കുവാനുള്ളൂ.

കാലത്തിന്റെ പാച്ചിലിൽ വിസ്മൃതങ്ങളും ദുരവമഗമങ്ങളുമായിത്തീർന്ന എത്രയോ സംസ്കൃതകൃതികൾ കേരളം ആദരപൂർവ്വം രക്ഷിക്കുകയും വിശദമായി വ്യാഖ്യാനിക്കുകയും ചെയ്തിട്ടുണ്ട്! ഒരു നിദർശനം എടുത്തുകാണിച്ചുകൊള്ളട്ടെ, ഇന്ത്യാചരിത്രത്തിലെ ഒരു നാഴികക്കല്ലായ കൌടില്യന്റെ അർത്ഥശാസ്ത്രത്തിന് സംസ്കൃതത്തിൽ പ്രാചീനമായ യാതൊരു വ്യാഖ്യനവും ഇതേവരെ കണ്ടുകിട്ടിയിട്ടില്ല. നീതിശാസ്ത്രപരവും സങ്കേതജടിലവുമായ ഈ കൃതിയ്ക്ക്

പ്രാചീനമലയാളത്തിൽ എഴുതിയ ഒരു വിശിഷ്ടവ്യാഖ്യാനമുണ്ട്; തിരുവനന്തപുരം മലയാളഗ്രന്ഥാവലിയിൽ ഇത് പ്രസിദ്ധപ്പെടുത്തിയിട്ടുമുണ്ട്. ഇതിനെ പ്രായേണ ഉപജീവിച്ചാണ് പരേതനായ ഡാക്ടർ ഗണപതിശാസ്ത്രികൾ ഗവേഷകന്മാരും സംസ്കൃതപണ്ഡിതന്മാരും പ്രാമാണികമായി അംഗീകരിച്ചിരിക്കുന്ന സംസ്കൃതവ്യാഖ്യാനം രചിച്ചത്. എന്നുമാത്രമല്ല, സുപ്രസിദ്ധചരിത്രകാരനായ, ഡോക്ടർ രാധാകുമുദ മുക്കർജിയ്ക്ക് ''ഇവമിറൃമഴൗുവേമ ങമൗൃ്യമ മിറ വശ െ ഠശാലെ'' എന്ന ഗ്രന്ഥനിർമ്മിതിക്ക് ഈ മലയാളവ്യാഖ്യാനം വളരെ ഉപകരിച്ചിട്ടുള്ളതായും അറിയുന്നു.

സർവകലാശാലാ മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിലെ മലയാളഗ്രന്ഥസമുച്ചയം സമഗ്രതയുടെ സമീപത്തു പോലും എത്തിയിട്ടുണ്ടെന്ന് അഭിമാനിക്കാവുന്നതല്ല. വിവിധ ഭാഷകളിലായി ഏതാണ്ട് 30000-ത്തോളം വരുന്ന ഈ ഗ്രന്ഥജാതം, മലയാളകൃതിയുടെ പകർപ്പുകൾ അയ്യായിരത്തോളം മാത്രമേ ഉൾക്കൊള്ളുന്നുള്ളു. പ്രാചീനമലയാളത്തിലെ സാഹിത്യ സമ്പത്തും കൃതികൾക്കു സിദ്ധിച്ചിരുന്ന പ്രചാരവൈപുല്യവും പരിഗണിക്കുമ്പോൾ ഈ ഗ്രന്ഥശേഖരം എത്രയോ തുച്ഛമാണ്. പ്രാദേശിക ചരിത്രം, സാഹിത്യചരിത്രം, ഭാഷാചരിത്രം തുടങ്ങിയവ ശാസ്ത്രീയമായ രീതിയിൽ രചിക്കുന്നതിന് ഏകാവലംബം നമ്മുടെ പ്രാചീനഗ്രന്ഥങ്ങളാണെന്നു പറയേണ്ടതില്ലല്ലോ. പുരാതനരേഖകളെപ്പറ്റി ചെയ്ത ഒരു പ്രസംഗത്തിൽ ഡൽഹി സർവകലാശാലാ വൈസ് ചാൻസലർ സർ. മോറിസ് ഗൊയർ ഇങ്ങനെ പറയുകയുണ്ടായി:- ''അമൂല്യങ്ങളായ ഈ ഭാരതീയനിധികൾ നമ്മുടെ അലസതകൊണ്ടോ; അനാസക്തികൊണ്ടോ നശിച്ചു പോകുവാനിടയാകുന്ന പക്ഷം, വരുന്ന തലമുറകൾ നമ്മുടെ അപരാധം ക്ഷമിക്കുന്നതല്ല''. പ്രാചീനകൃതികൾ ശേഖരിക്കുന്നതിനും അവയെ സംരക്ഷിക്കുന്നതിനും മാത്രമല്ല. പ്രകാശനം അർഹിക്കുന്നവയെ പ്രകാശിപ്പിക്കുന്നതിലും നമ്മുടെ ഗവൺമെന്റും സർവകലാശാലയും നമുക്ക് അഭിമാനിക്കത്തവിധത്തിൽ പലതും പ്രവർത്തിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഭരണാധികൃതരും പണ്ഡിതന്മാരും കലാപ്രണയികളും കൂടുതൽ ശ്രദ്ധപതിപ്പിക്കുമെന്നും പ്രതീക്ഷിക്കാം.

മലയാളത്തിലെ പഴയകൃതികളുടെ പ്രസിദ്ധീകരണത്തിനായി 25 കൊല്ലം മുമ്പ് (1924) ഗവൺമന്റ് ഒരു പ്രത്യേകവകുപ്പു സൃഷ്ടിക്കയുണ്ടായി. ഉള്ളൂർ, കോളത്തേരി, തുടങ്ങിയ മഹാപണ്ഡിതന്മാരുടെ നേതൃത്വത്തിലും കൃതഹസ്തരായ സാഹിതീഭക്തന്മാരുടെ സഹകരണത്തിലും ആ വകുപ്പ് ആറുകൊല്ലത്തോളം പ്രവർത്തനം നടത്തി.

എന്നാൽ 1930-ൽ മലയാള ഗ്രന്ഥപ്രസാധനത്തിനുള്ള ആ പ്രത്യേക വകുപ്പിനെ സംസ്കൃത ഗ്രന്ഥപ്രസാധനത്തിനുള്ള വിഭാഗവുമായി സംയോജിപ്പിച്ചു. ഈ സംയോജനം പലതുകൊണ്ടും മലയാളത്തിനു പ്രോത്സാഹകരണമായി പരിണമിച്ചില്ല. പോരെങ്കിൽ, നമ്മുടെ സ്വാതന്ത്ര്യലബ്ധിയോടുകൂടി സംഭവിച്ചു കൊണ്ടിരിക്കുന്ന സാംസ്കാരികവും വിദ്യാഭ്യാസപരവുമായ പരിവർത്തനത്തിൽ മലയാളഭാഷയ്ക്കും സാഹിത്യത്തിനും കൂടുതൽ പ്രാധാന്യം നൽകേണ്ടതായും വന്നിരിക്കുന്നു. ഈ വസ്തുതകളെ പരിഗണിച്ച് മാനുസ്ക്രിപ്റ്റസ് ലൈബ്രറിയിലെ മലയാളശാഖ പുനഃസംഘടിപ്പിക്കുവാനും പ്രവർത്തനം കൂടുതൽ കാര്യക്ഷമവും വിപുലവുമാക്കുവാനും സർവകലാശാല തീരുമാനിച്ചു. അങ്ങനെ പുനർവിഹിതമായ മലയാള ശാഖയുടെ ഒരു നൂതന സമുദ്യമമാണ് ഈ ഭാഷാത്രൈമാസികത്തിന്റെ പ്രസിദ്ധീകരണം.

സംസ്കൃതവിഭാഗത്തിൽ നിന്നും കഴിഞ്ഞ അഞ്ചുകൊല്ലമായി "Journal of the Travancore University Oriental Manuscripts Library" എന്ന പേരിൽ ഒരു സംസ്കൃതത്രൈമാസികം പ്രസിദ്ധപ്പെടുത്തിവരികയാണ്. അനീതിദീർഘങ്ങളായ സംസ്കൃത കൃതികളും - വിശേഷിച്ചും കേരളീയകൃതികൾ - ഗവേഷണമൂല്യമുള്ള പ്രബന്ധങ്ങളും പ്രസിദ്ധപ്പെടുത്തുന്ന ഈ ത്രൈമാസികം പണ്ഡിതന്മാരുടെയും ഗവേഷകന്മാരുടെയും മുക്തകണ്ഠമായ പ്രശംസ സമാർജ്ജിച്ചു കഴിഞ്ഞിരിക്കുന്നു. ഇതിലെ പ്രസാധനപരിപാടിയെ ഏറെക്കുറെ ഭാഷാത്രൈമാസികത്തിലും അനുകരിക്കുന്നതാണ്. മലയാളത്തിലെ പ്രാചീനകൃതികളെ ഖണ്ഡശ: പ്രകാശിപ്പിക്കുക, ഗവേഷണപ്രധാനവും സംസ്ക്കാരികവിഷയവും കലാപരവുമായ പ്രബന്ധങ്ങൾ പ്രസിദ്ധപ്പെടുത്തുക, മലയാളപുസ്തകങ്ങളെ വിമർശിക്കുക, എന്നിവയാണ് ഈ ത്രൈമാസികം കൊണ്ട് സാധിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. സാഹിത്യകൃതികളെപ്പോലെതന്നെ സാംസ്കാരികങ്ങളും ശാസ്ത്രീയങ്ങളുമായ കൃതികളും ഇതിൽകൂടി സഹൃദയസമക്ഷം അവതരിപ്പിക്കപ്പെടുന്നതാണ്. തെക്കൻപാട്ടുകൾ എന്നറിയപ്പെടുന്ന വില്ലടിപ്പാട്ടുകൾ, ബാധപ്പാട്ടുകളും കേഴ്വിപ്പാട്ടുകളും - അനുസൃതമായി പ്രസിദ്ധപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കുന്നതായിരിക്കും. ഇങ്ങനെ പ്രസാധനം ചെയ്യുന്ന കൃതികളെ അവ ഓരോന്നും പൂർത്തിയാകുമ്പോൾ അവതാരികയോടു കൂടിയ പുസ്തകരൂപത്തിലും സഹൃദയപ്രാപ്യങ്ങളാക്കണമെന്നാണ് അഭിലഷിക്കുന്നത്. ത്രൈമാസികത്തിൽ പ്രസിദ്ധീകരിക്കുന്ന കൃതികൾ പ്രായേണ അപ്രസാധിതപൂർവ്വങ്ങളായിരിക്കും.എന്നാൽ അനാശാസ്യവും അബദ്ധജടിലവു

മായ രീതിയിൽ മാത്രം പ്രകാശിതങ്ങളായിട്ടുള്ള ചില വിലയേറിയ കൃതികളെ ശുദ്ധവും വിപുലവുമായ ഗ്രന്ഥോപകരണം സുലഭമാണെങ്കിൽ സംസ്കരിച്ച് പ്രകാശിപ്പിക്കുവാനും ഈ ത്രൈമാസികം ഉപയോഗിക്കുന്നതാണ്. ഇതാണ് ഈ പ്രസിദ്ധീകരണത്തിലെ പ്രഥമവിഭാഗത്തിന്റെ സ്വരൂപം. ദ്വിതീയ വിഭാഗമാകട്ടെ, അപ്രസിദ്ധങ്ങളായ ഗ്രന്ഥങ്ങളുടെ ലഘുവിവരണം, സാഹിത്യചരിത്രപരവും ഭാഷാശാസ്ത്രപരവുമായ ലേഖനങ്ങൾ, നമ്മുടെ സംസ്കാരാംശങ്ങളുടെ പ്രപഞ്ചനം, കലകളെക്കുറിച്ചുള്ള നിരൂപണം, ഗ്രന്ഥവിമർശനം തുടങ്ങി ഗവേഷണപ്രാധാന്യമുള്ള പ്രബന്ധങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കും. ചുരുക്കിപ്പറയുന്നപക്ഷം മലയാളത്തിലെ ഗവേഷണപുരോഗതിക്കും സാഹിത്യവ്യവസ്ഥിതിക്കും സഹായകരമായിരിക്കും ഈ ഭാഷാത്രൈമാസികം. റോയൽ സൈസിൽ 100 പേജുവീതം നല്ല കടലാസിൽ പ്രസിദ്ധപ്പെടുത്തുന്ന ഈ ത്രൈമാസികത്തിന്റെ വരിസംഖ്യ നാലു രൂപയാക്കി പരിമിതപ്പെടുത്തിയിരിക്കുന്നത് ഇതിന്റെ പ്രചാരം കൊണ്ട് സഹൃദയന്മാർക്ക് ഉണ്ടാകാവുന്ന പ്രയോജനത്തെക്കരുതിയാണെന്ന് പ്രത്യേകം പ്രസ്താവിച്ചുകൊള്ളട്ടെ. ഈ പ്രസിദ്ധീകരണത്തെ വിദ്യാലയങ്ങൾ, ഗ്രന്ഥശാലകൾ തുടങ്ങിയ സ്ഥാപനങ്ങളും പണ്ഡിതന്മാരും മറ്റു മഹാജനങ്ങളും സ്വാഗതം ചെയ്ത് അനുഗ്രഹിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

നമ്മുടെ മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ത്യാഗപൂർവ്വം പ്രയത്നിച്ച മഹാന്മാരെ - വിശേഷിച്ചും രാഷ്ട്രപിതാവായ ആ മഹാത്മാവിനെ - സ്നേഹാശ്രുപുരസ്സരം അനുസ്മരിച്ചുകൊണ്ടും, മലയാളഭാഷയ്ക്കും സാഹിത്യത്തിനും സ്വാതന്ത്ര്യഭാസുരമായ നവചൈതന്യം നേർന്നുകൊണ്ടും ഭാരതം ഒരു സ്വതന്ത്രറിപ്പബ്ലിക്കായി ഉടലെടുക്കുന്ന ഈ ശുഭദിനത്തിൽ ഭാഷാത്രൈമാസികത്തെ സാഹിത്യലോകത്തിലേക്ക് ഇതാ പ്രവേശിപ്പിച്ചുകൊള്ളുന്നു.

ജനുവരി 1950 **പി. കെ. നാരായണപിള്ള**

# പത്രാധിപക്കുറിപ്പ്

കേരളസർവ്വകലാശാല ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽനിന്ന് വാർഷികമായി പ്രസിദ്ധീകരിക്കുന്ന മലയാളം ജേണലാണ് 'പ്രാചീനകൈരളി'. 1950 ജനുവരി മുതൽ 'ഭാഷാത്രൈമാസികം' എന്ന പേരിൽ പ്രസിദ്ധീകരണമാരംഭിച്ച ഈ ജേണൽ തുടർച്ചയായ എഴുപത്തിമൂന്ന് വർഷത്തെ പ്രസിദ്ധീകരണചരിത്രമുള്ള ഇന്ത്യയിലെ ചുരുക്കം ചില ജേണലുകളിൽ ഒന്നാണ്. ആദ്യലക്കത്തിന്റെ മാനേജിംഗ് എഡിറ്ററും പബ്ലിഷറും അന്ന് മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിലെ ക്യൂറേറ്ററായിരുന്ന ഡോ. പി.കെ. നാരായണപിള്ളയായിരുന്നു. സംസ്കൃതത്തിലും ഭാഷയിലും ഹസ്തലിഖിതവിജ്ഞാനീയത്തിലും അഗാധപണ്ഡിതനായിരുന്നു അദ്ദേഹം. മലയാളത്തിലെ പ്രാചീന ഹസ്തലിഖിതഗ്രന്ഥങ്ങൾ ഖണ്ഡശ്ശ: പ്രസിദ്ധീകരിക്കുക എന്നതായിരുന്നു ഈ ജേണലിന്റെ പ്രാഥമിക ഉദ്ദേശ്യം. അതോടൊപ്പം ഭാഷ, സാഹിത്യം, സംസ്കാരം, ഹസ്തലിഖിതവിജ്ഞാനീയം തുടങ്ങിയ മേഖലകളിലെ ഗവേഷണസ്വഭാവമുള്ള പ്രബന്ധങ്ങളും ആദ്യലക്കം മുതൽ തന്നെ പ്രസിദ്ധീകരിച്ചുതുടങ്ങിയിരുന്നു. ഡോ. കെ. രാഘവൻപിള്ള മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയുടെ ഡയറക്ടറായിരുന്ന കാലത്താണ് 'പ്രാചീനകൈരളി' എന്ന പേര് 'ഭാഷാത്രൈമാസിക'ത്തിന് സ്വീകരിച്ചത്. വർഷത്തിൽ നാലു ലക്കങ്ങളായി പ്രസിദ്ധീകരിച്ചിരുന്ന ജേണൽ ഇപ്പോൾ വാർഷികമായിട്ടാണ് പ്രസിദ്ധീകരിക്കുന്നത്. ഡോ. കെ.എസ്. മഹാദേവശാസ്ത്രി, ഡോ. ശൂരനാട് കുഞ്ഞൻപിള്ള, ഡോ. കെ. രാഘവൻപിള്ള, ഡോ. ടി. ഭാസ്കരൻ, ഡോ. കെ. വിജയൻ തുടങ്ങി മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയുടെ പ്രതിഭാധനരായ സാരഥികൾ ഈ ജേണലിന്റെ മേൽനോട്ടം വഹിച്ചിട്ടുണ്ട്. കേരളസർവ്വകലാശാലയുടെ പീർ റിവ്യൂവ്ഡ് ജേണലായി (peer reviewed journal) അംഗീകാരം നേടിയിട്ടുള്ള 'പ്രാചീനകൈരളി' ഇപ്പോൾ കൂടുതൽ സമഗ്രമായ ഉള്ളടക്കനയം സ്വീകരിച്ച് മുന്നോട്ടു പോവുകയാണ്. പ്രാചീന ഭാഷാകൃതികൾ എഡിറ്റുചെയ്ത് പ്രസിദ്ധീകരിക്കുന്നതിനോടൊപ്പം തന്നെ ഹ്യൂമാനിറ്റീസ്, ഇൻഡോളജി, ക്ലാസിക്കൽ സ്റ്റഡീസ് തുടങ്ങിയ മേഖലകളിലെ മികച്ച ലേഖനങ്ങൾ ഇതിൽ പ്രസിദ്ധീകരിക്കുന്നു. മലയാള ഭാഷയ്ക്കും സാഹിത്യത്തിനും നാളിതുവരെ

അഭിമാനാർഹമായ പിന്തുണ നൽകിക്കൊണ്ട് നിലകൊള്ളുന്ന പ്രാചീനകൈരളിയിലേക്ക് ഗവേഷണാധിഷ്ഠിത ലേഖനങ്ങൾ അക്കാദമിക-ഗവേഷണലോകത്തുനിന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. ലേഖനങ്ങൾ orimss.library1908@gmail.com എന്ന ഇ-മെയിൽ വിലാസത്തിലേക്ക് അയക്കാവുന്നതാണ്.

**പ്രൊഫ. ആർ.ബി. ശ്രീകല**
ജനറൽ എഡിറ്റർ

# ഉള്ളടക്കം


**പേജ് നമ്പർ**

1. കേരളത്തിലെ ദേവ്യുപാസന — 1-8
**പ്രൊഫ. നടുവട്ടം ഗോപാലകൃഷ്ണൻ**

2. ഉണ്ണുനീലി സന്ദേശം-സമീപനങ്ങൾ, സാധ്യതകൾ — 9-20
**പ്രൊഫ. വി. ലിസി മാത്യു**

3. ചീരാമചരിതം — 21-28
**ഡോ. പി. എസ്. രാധാകൃഷ്ണൻ**

4. പാഠസംപ്രേഷണവും പാഠവ്യതിയാനങ്ങളും ഹസ്തലിഖിത വിജ്ഞാനീയത്തിൽ — 29-39
**ഡോ. ആർ.ബി. ശ്രീകല**

5. കണക്കതികാരം: ഒരു പ്രാചീന തമിഴ് ഗണിത ഗ്രന്ഥം — 40-51
**ഡോ. റ്റി.ജി. ശരച്ചന്ദ്രൻ**

6. വീട്ടിനകത്തൊരു ആശുപത്രി — 52-60
**ഡോ. എം.എ. സിദ്ദീഖ്**

7. ന്യായസിദ്ധാന്തമഞ്ജരി സംശോധിത സംസ്ക്കരണം — 61-67
**ഡോ. അശോക് കുമാർ എൻ.കെ.**

8. പൗരസ്വാതന്ത്ര്യവിചാരങ്ങൾ - ആശാന്റെ സീതാകാവ്യത്തിൽ — 68-76
**ഡോ. നൗഷാദ് എസ്.**

9. ശിവാനന്ദ പരമഹംസരുടെ ‘കേരളാനാചാരം’ — 77-84
**ഡോ.പ്രമോദ് കുമാർ ഡി.എൻ.**

10. പ്രതിഷ്ഠാവിധി - പാഠവും പഠനവും 85-94
**ഡോ.ജെ.പി.പ്രജിത്ത്**

11. മുഗളാക്രമണവും തിരുവിതാംകൂർചരിത്രവും 95-107
**ഷിബു കുമാർ പി. എൽ.**

12. ഭൂവിനിമയരേഖകളിലെ സാങ്കേതികപദങ്ങൾ 108-117
ചിഹ്നങ്ങൾ, അക്കങ്ങൾ
**ഡോ.ജി. സജിന**

13. മലയാളത്തിലെ ദ്വിഭാഷണം: ആമുഖപഠനം 118-129
**ഡോ. എസ്. പ്രേമ**

14. ഋതുവർണ്ണന കൃഷ്ണഗാഥയിൽ 130-139
**ഡോ. ഗംഗാദേവി എം.**

15. ഭാഷാഭരണഘടനകളും മാധ്യമീകരണവും 140-151
**ഡോ.ടി.കെ.സന്തോഷ്കുമാർ**

16. ഗർഭകാലചികിത്സാവിധികളും ബാലചികി 152-160
ത്സയും പ്രാചീന ഹസ്തലിഖിതഗ്രന്ഥത്തെ
ആസ്പദമാക്കി ഒരു പഠനം
**ഡോ. മുരുകേഷ് എസ്.**

17. മലയാളഗദ്യചരിത്രത്തിൽ ഗ്രന്ഥവരി 161-170
കൾക്കുള്ള സ്ഥാനം
**ആശ സി.എസ്.**

18. പെരുക്കപ്പട്ടിക - ഹസ്തലിഖിതപാഠ മാതൃക 171
**ഡോ. രജനി ആർ.എസ്.**

# കേരളത്തിലെ ദേവ്യുപാസന

**പ്രൊഫ. നടുവട്ടം ഗോപാലകൃഷ്ണൻ**

**സംഗ്രഹം**

*തെക്കേ ഇന്ത്യയിൽ, പ്രത്യേകിച്ചും കേരളത്തിൽ ചിലപ്പതികാര കാലത്തിനുമുമ്പുതന്നെ ദേവ്യുപാസനയ്ക്കു വേരോട്ടം ഉണ്ടായിരുന്നു. സംഘകാലദേവതയായ കൊറ്റവൈയാണ് കാളി, കരിങ്കാളി, കണ്ടേങ്കാളി, ദുർഗ, ചാമുണ്ഡി എന്നീ ഭാവങ്ങളിൽ കേരളത്തിൽ ആരാധിച്ചുപോരുന്നത്. ആര്യേതരമായ പൂജയാണ് ഈ അമ്മ ദൈവത്തിനുള്ളത്. കാവ്, ഇലങ്കം, തെക്കത്, മുണ്ട്യ എന്നീപേരുകളാണ് ദേവിയുടെ ആസ്ഥാനത്തിനു പറഞ്ഞുപോരുന്നത്. ചിലപ്പതികാരത്തിനു മുമ്പുണ്ടായതാണ് മലയാളത്തിന്റെ ഭദ്രോല്പത്തി പാട്ടുകൾ. തോറ്റംപാട്ടുകൾ എന്ന് അവയെ വിളിക്കുന്നു. അമ്മദൈവാരാധനയിൽ മുഖ്യം തോറ്റംപാട്ടിന്റെ പാരായണമാണ്. അമ്മദൈവങ്ങളിൽ ഏറ്റവും പേരും പ്രശസ്തിയും ഇന്നും കൊടുങ്ങല്ലൂരമ്മയ്ക്കും ആറ്റുകാലമ്മയ്ക്കുമാണ്. ആറ്റുകാൽപൊങ്കാല ദ്രാവിഡ സംസ്കൃതിയുടെ ഓർമ്മച്ചെപ്പാണ്.*

**താക്കോൽ വാക്കുകൾ**

*ദേവ്യുപാസന, ചിലപ്പതികാരം, കണ്ണകി, തന്ത്രസമുച്ചയം, പൊടൂർഭാഷ, കൊറ്റവൈ, ആറ്റുകാൽ പൊങ്കാല, തോറ്റംപാട്ട്, കുത്തിയോട്ടം, മുടിപ്പുര.*

ചിലപ്പതികാരകാവ്യത്തിന്റെ രചനയ്ക്കുമുമ്പുതന്നെ പ്രാചീനതമിഴകത്ത് ദേവ്യുപാസനശക്തമായിരുന്നു. ചിലപ്പതികാരം തന്നെ ഇതിനു തെളിവ്. മധുരകാണ്ഡത്തിൽ പാണ്ഡ്യമന്നനാൽ തന്റെ കണവൻ കൊല്ലപ്പെട്ടുവെന്നറിഞ്ഞ് ശേഷിച്ച ഒറ്റ ചിലമ്പുമായി കണ്ണകി പാണ്ഡ്യമന്നന്റെ കൊട്ടാരവാതുക്കൽ എത്തുന്ന ഒരു സന്ദർഭമുണ്ട്. കൈയിൽ ചിലമ്പുമായി കോപാവിഷ്ഠയായ ഒരു സ്ത്രീ പാണ്ഡ്യമന്നനെ കാണുന്നതിനായി വന്നിരിക്കുന്ന വിവരം കാവൽക്കാരൻ സന്നിധിയിൽ അറിയിച്ചതിങ്ങനെയാണ്.

അടർത്തെഴുകുരുതിയടങ്കാപ്പചുന്തുണി-
പ്പിടർത്തലൈപ്പീടമേറിയ മടക്കൊടി
വെറ്റിവേറ്റടക്കൈക്കൊറ്റവൈയല്ല-
അറുവർക്കിളൈയ നങ്കൈയിറൈ വനൈ-
അടൽ കണ്ടരുളിയ വണങ്കുചൂരുടൈ-
ക്കാനകളുകന്ത കാളി താരുകൻ
പേരുരങ്കിഴിത്ത പെണ്ണല്ലൾ
ചെറ്റനൾപോലും ചെയിർത്തനൾപോലും
പൊറ്റൊഴിർ ചിലമ്പൊന്റേന്തിയ കൈയൾ
കണവനൈയിഴന്താൾ കടൈയകത്താളേ
കണവനൈ ഇഴന്താൾ കടൈയകത്താളേ, യെന.

(വരി 30-40)

ഇവൾ മുറിവായിൽനിന്നു കുതിച്ചുയർന്ന ചോരവറ്റാത്ത പച്ചത്തുണ്ടമായ പുറങ്കഴുത്തോടുകൂടിയ മഹിഷാസുരന്റെ തലയാകുന്ന പീഠത്തിന്മേൽ കയറിയ, ഇളങ്കൊടിയായ വെറ്റിവേൽ വലങ്കയ്യിലേന്തിയ കൊറ്റവ (ദുർഗ്ഗാദേവി) അല്ല; സപ്തമാതൃക്കളിൽ ഇളയവളല്ല (പിടാരിദേവി); ഈശ്വരനെ കൂത്താടുവാൻ ഇടയാക്കിയവൾ (ഭദ്രകാളി) അല്ല; കാനനപ്രദേശത്ത് കുടികൊള്ളുന്ന കാളിയല്ല; ദാരുകന്റെ മാറിടം പിളർന്ന പെണ്ണുമല്ല(ദുർഗ്ഗ). ഉള്ളിൽ പകയുള്ളവളെപ്പോലെ കോപിഷ്ഠയായി കൈയിൽ പൊൻ ചിലമ്പോടുകൂടിനില്ക്കുന്ന ഇവൾ കണവനെ കൈവിട്ടവളാണ് എന്ന് കാവൽക്കാരൻ അറിയിച്ചു.

കോപിഷ്ഠയായ കണ്ണകിയെക്കണ്ടപ്പോൾ കാവൽക്കാരൻ അനുസ്മരിച്ചത് പരിചിതമായ ദേവീരൂപങ്ങളാണ്. മഹിഷാസുരമർദ്ദിനി, പിടാരിദേവി, ഭദ്രകാളി, കാളി, ദുർഗ്ഗ. ഈ ഭഗവതിമാരെല്ലാം ജനഹൃദയങ്ങൾക്കു സുപരിചിതമായിരുന്നെന്ന് കാവൽക്കാരന്റെ വാക്കുകളിൽനിന്നു വ്യക്തമാണ്. നിലവിലുണ്ടായിരുന്ന ദേവീസങ്കല്പത്തിലേക്ക് കണ്ണകിക്കും പില്ക്കാലത്തു പ്രവേശനം കിട്ടി. കേരളത്തിലെ ഭദ്രോല്പത്തിപാടുകളിലെങ്ങും കണ്ണകിയില്ല. എങ്കിലും ഗ്രാമാന്തരങ്ങളിൽ കണ്ണകികോവലൻ കഥയ്ക്കു പ്രചാര

മുണ്ട്. ജനമധ്യത്തിൽ പ്രചാരമുണ്ടായിരുന്ന ഒരു നാടോടിക്കഥയ്ക്കു കാവ്യരൂപം നല്കിയത് ഇളങ്കോവടികളാണ്.

കേരളത്തിലെ കാവുകൾക്കും മുടിപ്പുരകൾക്കും ഇലങ്കങ്ങൾക്കും തെക്കതുകൾക്കും കോട്ടങ്ങൾക്കും ചിലപ്പതികാരകാവ്യത്തിനപ്പുറം പഴക്കമുണ്ട്. കേരളത്തിൽ നൂറ്റാണ്ടുകളിലൂടെ നടന്ന ആര്യവല്ക്കരണശ്രമങ്ങൾ പാരമ്പര്യദൈവസങ്കല്പങ്ങൾക്കു മങ്ങലേല്പിച്ചുവെങ്കിലും ഇന്നും പുലർന്നു പോരുന്നു അമ്മദൈവസംസ്കൃതി. ഭദ്രകാളി, കരിങ്കാളി, മുതലപ്പുറത്തുകരിങ്കാളി, കണ്ടേങ്കാളി, ബാലകാളി തുടങ്ങിയ സങ്കല്പങ്ങളിൽ വിലയം കൊണ്ടതാണ് മലയാളിയുടെ ദേവ്യുപാസന. ഏതുദേവിയും കേരളത്തിൽ അമ്മയാണ്. സ്ഥലപ്പേരുകൾ ചേർത്ത് ദേവിയെ അവർ ഉപാസിക്കുന്നു. കൊടുങ്ങല്ലൂരമ്മ, ചോറ്റാനിക്കരയമ്മ, ചെട്ടികുളങ്ങരയമ്മ, ആറ്റുകാലമ്മ, മണക്കാട്ടമ്മ, രാമപുരത്തമ്മ, മണ്ടയ്ക്കാട്ടമ്മ എന്നിങ്ങനെ. ക്ഷേത്രമെന്ന സംസ്കൃതനാമത്തെക്കാൾ പ്രചാരം കാവ് ചേർന്ന തട്ടകങ്ങൾക്കാണു. മാടായിക്കാവ്, പിഷാരടിക്കാവ്, ലോകനാർക്കാവ്, പനയന്നാർക്കാവ്, ഉത്രാളിക്കാവ് തുടങ്ങി ദ്രാവിഡസംസ്കൃതിപുലരുന്ന ഒരു അമ്മദൈവാരാധന മലനാടിന്റെ മാത്രം പ്രത്യേകയാണ്.

തന്ത്രസമുച്ചയത്തിലും പൊടൂർഭാഷയിലും ഭദ്രകാളിപൂജയെപ്പറ്റി പരാമർശമില്ല. സാത്വികഭാവത്തിലുള്ള പൂജയില്ലാത്തതിനാലാകാം നമ്പൂതിരിമാർ കാളിയെ പരിഗണിക്കാതിരുന്നത്. ശിവപുത്രിയെന്ന നിലയ്ക്ക് കാളിയെ ആരാധിച്ചത് അബ്രാഹ്മണരാണ്. കേരളത്തിലൊഴിച്ച് മറ്റെല്ലായിടത്തും ശിവപത്നീഭാവത്തിലാണ് കാളിയെ പ്രതിഷ്ഠിച്ചിട്ടുള്ളത്. പുരാണങ്ങളിൽ മാർക്കണ്ഡേയപുരാണത്തിൽ മാത്രമാണ് ഭദ്രകാളി ശിവപുത്രിയായി വർണ്ണിച്ചിട്ടുള്ളത്. ദ്രാവിഡരുടെ ഏറ്റവും പഴയ അമ്മ ദൈവം കൊറ്റവൈ ആണ്. യുദ്ധഭൂമിയും മരുഭൂമിയും. കാടും, മലയും കാളിയുടെ വിളയാട്ടുനിലങ്ങളാണ്. കേരളത്തിന്റെ അമ്മ ദൈവസങ്കല്പത്തിലും കൊറ്റവൈയുടെ സാന്നിദ്ധ്യം അനിഷേധ്യമായ സത്യമാണ്.

ദേവീപരമായി കേരളത്തിൽ നടക്കുന്ന വേല, കളിയാട്ടം, ഭരണി, പടേനി, പൊങ്കാല മഹോത്സവങ്ങളിൽ ഏറ്റവും പേരുള്ളത് കൊടുങ്ങല്ലൂർ ഭരണിയ്ക്കും ആറ്റുകാൽ പൊങ്കാലയ്ക്കുമാണ്.

**ആറ്റുകാൽ പൊങ്കാല**

ഗിന്നസ് വേൾഡ് റിക്കാർഡ് ബുക്കിൽ സ്ഥാനം പിടിച്ചി ട്ടുള്ള ഉത്സവങ്ങളിൽ ഒന്നാണ് ആറ്റുകാൽ പൊങ്കോല. ഒരു വിശ്വാ സസാക്ഷാത്കാരത്തിനായി സ്ത്രീകൾ ഭക്ത്യാദരപൂർവ്വം വ്രതശു ദ്ധിയോടുകൂടി ഒരുമിച്ചു കൂടുന്ന മഹോത്സവം എന്ന നിലയ്ക്കാണ് ഗിന്നസ് വേൾഡ് ബുക്കിൽ ആറ്റുകാൽ പൊങ്കാല സ്ഥാനം പിടിച്ച ത്. കേരളീയരും ഭാരതീയരുമായ സ്ത്രീകൾ മാത്രമല്ല രാജ്യാന്തര ങ്ങളിലെ സ്ത്രീകളും ആറ്റുകാൽ ദേവിയെ വണങ്ങി പൊങ്കാല അർപ്പിക്കാൻ എത്തുന്നുണ്ട്. ലോകത്തിൽ തന്നെ സ്ത്രീകൾ മാത്ര മായി പങ്കെടുക്കുന്ന ഏറ്റവും വലിയ  മതാഘോഷമാണ് ആറ്റു കാൽ പൊങ്കാല. കുംഭമാസത്തിലെ പൂരംനാളും പൗർണ്ണമിയും ഒത്തുവരുന്ന ദിവസമാണ് ആറ്റുകാൽ പൊങ്കാല. പൊങ്കാലയു ത്സവം കാർത്തികനാളിലാണ് ആരംഭിക്കുന്നത്. തോറ്റം പാടി കാപ്പുകെട്ടി ദേവിയെ കുടിയിരുത്തുന്നതോടെ ഉത്സവം തുടങ്ങുന്നു. ഉത്സവം തുടങ്ങി ഒമ്പതാം ദിവസം പൊങ്കാല.

പുത്തൻ കലങ്ങളിൽ അരി, ശർക്കര, നെയ്, തേങ്ങ എന്നിവ പാകത്തിനു  ചേർത്ത് തിളപ്പിച്ചുണ്ടാക്കുന്ന നിവേദ്യമാണ് പൊങ്കാ ല. പൊങ്കാല ഇടാനുള്ള സാധന സാമഗ്രികളുമായി സ്ത്രീകൾ മുമ്പിനാലെ എത്തി സ്ഥാനം പിടിക്കും. ആദ്യകാലത്ത് ക്ഷേത്രപരി സരത്ത് ഒതുങ്ങിയിരുന്ന പൊങ്കാല നേർച്ച ഇന്ന് ക്ഷേത്ത്രിനു ചുറ്റും ഏഴെട്ട് കിലോമീറ്റർ വരെ വ്യാപിച്ചിട്ടുണ്ട്. നീറുന്ന മനസ്സുക ളുടെ അഭയസ്ഥാനമാണ് ആറ്റുകാൽ ദേവീക്ഷേത്രം. അനന്തപുരി യിലെ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ നിന്നും സുമാർ മൂന്നു കിലോമീറ്റർ തെക്കാണ് ആറ്റുകാൽ ക്ഷേത്രം സ്ഥിതിചെയ്യുന്നത്. ദേവീസന്നിധിയിൽ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾക്ക് ഫല സിദ്ധി കൈവരുന്നതുകൊണ്ടാണ് ഭക്തജനങ്ങളുടെ എണ്ണം നാൾക്കുനാൾ പെരുകിവരുന്നത്. പൊങ്കാല മഹോത്സവനളുകളിൽ എല്ലാ റോഡുകളും ആറ്റുകാലിലേക്കായിരിക്കും നിറഞ്ഞൊഴുകു ക. വിളക്കുകെട്ടുകളും കുത്തിയോട്ടങ്ങളും പൊങ്കാല മഹോത്സവ ത്തിന് നിറച്ചാർത്തു നൽകും. തലസ്ഥാന നഗരം അക്ഷരാർത്ഥ ത്തിൽ ദേവീസ്തവങ്ങളാൽ മുഖരിതമാകും.

ദ്രാവിഡസംസ്കാരത്തിന്റെ മഹനീയ പാരമ്പര്യങ്ങളിലൊന്നാണ് പൊങ്കാല. പഴന്തമിഴ് പാട്ടുകളിൽ ഈ അനുഷ്ഠാനത്തെപ്പറ്റി പരാമർശങ്ങളുണ്ട്. ദക്ഷിണേന്ത്യയിൽ അമ്മദൈവാരാധനക്ക് ആഴത്തിൽ വേരോട്ടമുള്ള നാടാണ് കേരളം. ഇന്നത്തെ രീതിയിലുള്ള ക്ഷേത്രാരാധന ഉചലെടുക്കുന്നതിന് എത്രയോ നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ പ്രകൃതിയിൽ അമ്മയെ കണ്ട് ആരാധിച്ചവരാണ് മലയാളികളുടെ പൂർവ്വികർ. തെക്കൻ കേരളത്തിലാണ് പൊങ്കാലയിടലിന് കൂടുതൽ പ്രചാരമുള്ളത്. തമിഴകത്തിലെ 'പൊങ്കൽ' തന്നെ മലയാളിയുടെ പൊങ്കാല. കാർഷികോത്സവത്തിന്റെ ഭാഗമായിട്ടാണ് തമിഴ്നാട്ടിൽ പൊങ്കൽ നടത്തുന്നത്. ബോധിപ്പൊങ്കൽ, സൂര്യപ്പൊങ്കൽ, മാട്ടുപ്പൊങ്കൽ, കാണംപൊങ്കൽ എന്നീ പൊങ്കലുകൾ മകരം ഒന്നു മുതൽ 4 വരെ ക്രമത്തിൽ നടത്തുന്നതാണ് തമിഴ്നാട്ടിലെ ആചാരം.

ആറ്റുകാൽ ദേവി കൊടുങ്ങല്ലൂരമ്മയുടെ അംശാവതാരമാണെന്നാണ് പ്രസിദ്ധി. ആറ്റുകാലിലെ മുല്ലവീട്ട് കാരണവർക്ക് ദേവി ബാലികാരൂപത്തിൽ പ്രത്യക്ഷയായെന്നും ദേവീനിർദ്ദേശമനുസരിച്ച് കുടിവച്ചാരാധിച്ചുവെന്നുമാണ് ക്ഷേത്രോല്പത്തി സംബന്ധമായ ഐതിഹ്യം. കണ്ണകിയായും ദുർഗ്ഗയായും കാളിയായും ചാമുണ്ഡയായും ആറ്റുകാലമ്മ ഭക്തമനസ്സുകൾക്ക് സായൂജ്യമരുളുന്നു.

ആറ്റുകാൽ പൊങ്കാല ഉത്സവത്തിന് പത്തുദിവസത്തെ ദേവാർച്ചനാചടങ്ങുകളുണ്ട്. പൊങ്കാലയുടെ അവിഭാജ്യഘടകമാണ് തോറ്റംപാട്ട്. തോറ്റംപാട്ടിന്റെ വിഷയം കണ്ണകിചരിതമല്ല. ദേശംതോറും തോറ്റംപാട്ടുകൾക്ക് പാഠഭേദങ്ങളുണ്ട്. ആറ്റുകാലിൽ പാടുന്ന പാട്ടിൽ പാലകൻ, ദേവി, പാണ്ഡ്യമന്നൻ എന്നിവരാണ് കഥാപാത്രങ്ങൾ. ദേവിയെ കന്യാവ്, കന്നി, അമ്മ എന്നീ പേരുകളിലാണ് പരാമർശിക്കുന്നത്. പാട്ട് പത്തുദിവസമായി ചൊല്ലിത്തീർക്കത്തക്കവിധമാണ് ക്രമപ്പെടുത്തിയിട്ടുള്ളത്. പാട്ടിന്റെ കാലവും കർത്താവും അജ്ഞാതമായി നില്ക്കുന്നു. കുഴിതാളത്തിന്റെ ആരോഹണാവരോഹണത്തിനൊപ്പിച്ച് ഒന്നാം പുറക്കാരൻ (ആശാൻ) ചൊല്ലുന്നതിനെ കൂട്ടാളിയായ രണ്ടാം പുറക്കാരനും മൂന്നാംപുറക്കാരനും ഏറ്റുചൊല്ലും. പാട്ടുകൾ ചൊല്ലുന്നത് താഴെപ്പറയുന്ന ക്രമത്തിലാണ്. ഒന്നാംദിവസം കൊടുങ്ങല്ലൂരമ്മയെ

സ്വീകരിക്കൽ. വടക്കുംകൊല്ലത്തെ രാജാവ് പുത്രദുഃഖം ഇല്ലാതാകാൻ ശിവനെ തപസ്സുചെയ്യുന്നു.
രണ്ടാം ദിവസം - പാലകന്റെ ജനനം - ബാല്യം, കൗമാരം യൗവന കാലം - വധുവിനെ അന്വേഷിക്കൽ
മൂന്നാംദിവസം - മാലപ്പുറം പാട്ട്. കന്യാവുമായുള്ള വിവാഹം
നാലാം ദിവസം-വടക്കുംകൊല്ലത്തേക്ക് വധൂവരന്മാരുടെ സമുദ്രയാത്ര. അപകടം.
അഞ്ചാംദിവസം - തന്റെ ചിലമ്പുവിറ്റ് പണം നേടാൻ കന്യാവ് പാലകനോടു പറയുന്നത്
ആറാംദിവസം - ചിലമ്പ് ദുരന്തം സൃഷ്ടിക്കുന്നത്
ഏഴാം ദിവസം - കൊന്നുതോറ്റം. മോഷണക്കുറ്റം ചുമത്തി പാണ്ഡ്യമന്നൻ പലകനെ നിഗ്രഹിക്കുന്നു.
എട്ടാം ദിവസം - കന്യാവ് (ദേവി) പാണ്ടിനാട്ടിലെത്തി പാണ്ഡ്യമന്നനെ കാണുന്നു.
ഒമ്പതാം ദിവസം - പാണ്ഡ്യമന്നനെ ദേവി വധിക്കുന്നു. ഈഭാഗം പാടിത്തീരുമ്പോൾ പണ്ടാരയടുപ്പിൽ തീപകർന്ന് പൊങ്കാല ആരംഭിക്കുന്നു.
പത്താം ദിവസം - കൊടുങ്ങല്ലൂരമ്മയുടെ യാത്രയയപ്പ്.

ഒമ്പതാം നാളിലാണ് പൊങ്കാലയിടൽ. തോറ്റംപാട്ടുകാർ പാണ്ഡ്യരാജാവിന്റെ മരണം നടക്കുന്ന ഭാഗം പാടിക്കഴിഞ്ഞാൽ മേൽശാന്തി പണ്ടാര അടുപ്പിൽ തീ കത്തിക്കും. പണ്ടാര അടുപ്പിൽ തീ കത്തിച്ചതായി അറിയിച്ചുകൊണ്ട് കതിനാവെടിയും ചെണ്ടമേളവും ഉയരും. തുടർന്ന് പണ്ടാര അടുപ്പിൽ നിന്നും പൊങ്കാല അടുപ്പുകളിലേക്കു തീ പകരുകയായി. നിമിഷങ്ങൾക്കകം തലസ്ഥാന നഗരി ഒരു യാഗശാലയായി പരിണമിക്കും. വായ്ക്കുരവകളും ദിവ്യവാദ്യഘോഷങ്ങളും ദേവീസ്തവങ്ങളും പൊങ്കാല നിവേദ്യത്തിന് വിശുദ്ധിയേകുന്നു. ഉച്ചയ്ക്കുശേഷം നിശ്ചിത മുഹൂർത്തത്തിൽ പൂജാരിമാർ തീർത്ഥം തളിക്കുന്നതോടുകൂടി പൊങ്കാല നിവേദ്യം സഫലമായിത്തീരുന്നു. പൊങ്കാല പായസത്തിനു പുറമെ തെരളി, മണ്ടപ്പുറ്റ്, പലഹാരങ്ങൾ എന്നിവയും ദേവിക്കു നേർച്ചയായി പൊങ്കാലക്കളങ്ങളിൽ സമർപ്പിക്കാറുണ്ട്.

പൊങ്കാല ദിവസത്തെ മറ്റു ചടങ്ങുകൾ കുത്തിയോട്ടം, താലപ്പൊലി, തേരുവിളക്ക്, എഴുന്നള്ളത്ത് എന്നിവയാണ്. കുത്തിയോട്ടവും താലപ്പൊലിയും നേർച്ചകളിൽപ്പെടുന്നു. ഉത്സവത്തിന്റെ മൂന്നാം ദിവസം മുതൽക്കാണ് കുത്തിയോട്ടച്ചടങ്ങുകൾ ആരംഭിക്കുന്നത്. പതിനൂന്നു വയസ്സിനു താഴെയുള്ള ബാലന്മാരെയാണ് കുത്തിയോട്ടത്തിനായി മാതാപിതാക്കൾ നേർച്ചയായി നേരുന്നത്. വ്രതാനുഷ്ഠാനങ്ങളോടുകൂടി കുത്തിയോട്ടബാലന്മാർ ക്ഷേത്രത്തിൽ തന്നെ ഉത്സവം തീരുന്നതുവരെ താമസിക്കണംയ എഴുദിവസംകൊണ്ട് 1008 നമസ്കാരം അവർ ചെയ്തിരിക്കും. ഒമ്പതാം ദിവസം രാത്രി മണക്കാട്ടു ശാസ്താക്ഷേത്രത്തിലേക്ക് ദേവി എഴുന്നള്ളുമ്പോൾ കുത്തിയോട്ടക്കാർ ദേവിയെ അനുഗമിക്കുന്നു. ആ സന്ദർഭത്തിലാണ് അവരുടെ ദേഹത്തിൽ 'ചൂരൽ മുറിയുക' എന്ന ചടങ്ങു നടത്തുന്നത്. എഴുന്നെള്ളത്ത് തിരിച്ചെത്തുമ്പോൾ കുട്ടികളുടെ ദേഹത്തിൽ നിന്നും ചൂരൽ നീക്കം ചെയ്യും. അതോടെ വ്രതം അവസാനിക്കുന്നു. നേർത്ത സ്വർണ്ണനൂലോ വെള്ളിനൂലോ കൊണ്ടാണ് ചൂരൽ മുറിയുന്നത്. ദാരുകനിഗ്രഹത്തിന് ദേവിയെ സഹായിച്ച ഭടന്മാരുടെ ശരീരത്തിൽനിന്ന് ആയുധമേറ്റ് രക്തം വാർന്നതിന്റെ ഓർമ്മക്കുറിപ്പാണ് കുത്തിയോട്ടമെന്ന് കേഴ്വി. പൊങ്കാലദിവസം ബാലികമാർ ദേവീ സന്നിധിയിലെത്തി താലം പൊലിക്കുന്ന ചടങ്ങാണ് താലപ്പൊലി. താലത്തിൽ അരിയും തേങ്ങമുറിയിൽ കത്തിച്ച നെയ്‌വിളക്കും പുഷ്പങ്ങളും കമുകിൻപൂക്കുലയും ഉണ്ടായിരിക്കും. മണക്കാട്ടു ക്ഷേത്രത്തിൽനിന്ന് ദേവി പത്താം ദിവസം ഉച്ചയോടെ ആറ്റുകാലിൽ തിരിച്ചെത്തും. അന്നു രാത്രി നടക്കുന്ന കുരുതി തർപ്പണത്തോടെ ആറ്റുകാൽ പൊങ്കാല മഹോത്സവം സമാപിക്കുന്നു.

ഇന്നു കാണുന്ന ആറ്റുകാൽ ക്ഷേത്രത്തിന്റെ സ്ഥാനത്ത് പൂർവകാലത്തുണ്ടായിരുന്നത് ഒരു മുടിപ്പുരയാണ്. അവിടെ സന്നിധാനം ചെയ്യുന്ന ശക്തിസ്വരൂപിണിക്ക് ചിലപ്പതികാരത്തിലെ കണ്ണകിയുമായി ബന്ധമില്ല. 1966-67 കാലത്താണ് ഇപ്പോഴത്തെ ക്ഷേത്രത്തിന്റെ നിർമ്മാണം നടന്നത്, കൊഞ്ചിറവിള, മുക്കോലയ്ക്കൽ ഭഗവതിമാർ ആറ്റുകാലമ്മയുടെ സഹോദരിമാരാണെന്നാണ് ഭക്തരുടെ വിശ്വാസം. അമ്മദൈവങ്ങളിലൂടെ കേരളസംസ്കാരം നിലനി

ല്ക്കുന്നു. തെക്കായാലും വടക്കായാലും ഭഗവതി അവശലക്ഷണങ്ങളുടെ അമ്മയാണ്. ശിവപ്പെരുമാൾ അമ്മയെ ഇങ്ങനെ അനുഗ്രഹിച്ചു.

ചെറുകരവാഴുന്ന മാനുഷര്
നേർച്ചയും വഴിപാടും നിനക്കുതരും
നേർച്ചയും വഴിപാടും പറ്റിക്കൊണ്ട്,
അവരുടെ പരദൈവമായിരുന്നു കൊൾക (കാളിപ്പാട്ട്).

**ഗ്രന്ഥസൂചി**

1. ഇളങ്കോവടികൾ, ചിലപ്പതികാരം, നെന്മാറ പി വിശ്വനാഥൻനായർ (വ്യാഖ്യാനം), കേരളസാഹിത്യ അക്കാദമി, തൃശൂർ, 1976.
2. ഗോവിന്ദപ്പിള്ള സി.പി., മലയാളത്തിലെ പഴയപാട്ടുകൾ, സാംസ്കാരിക പ്രസിദ്ധീകരണവകുപ്പ്, കേരള സർക്കാർ, 2004.
3. നടുവട്ടം ഗോപാലകൃഷ്ണൻ (ഡോ.), സംസ്കാര കൈരളി, മാളൂബൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2021
4. Lekshmi Rajeev, Āttukāl Amma- The Goddess of Millions, Harper Collions Publishers, Noida, UP, 2016.
5. Dravidian Encyclopaedia, Vol.I, II, III, The International School of Dravidian Linguistics, Menamkulam, Thiruvananthapuram, 1990,1993,1997.

**പ്രൊഫ. നടുവട്ടം ഗോപാലകൃഷ്ണൻ**
ഓണററി പ്രൊഫസർ
ISDL

# ഉണ്ണുനീലി സന്ദേശം-സമീപനങ്ങൾ,സാധ്യതകൾ

**പ്രൊഫ. വി. ലിസി മാത്യു**

**സംഗ്രഹം**

അടുത്തകാലത്ത് കണ്ടെടുക്കപ്പെട്ട പ്രാചീന മലയാള കൃതിയാണ് ഉണ്ണുനീലിസന്ദേശം. ഈ കൃതിയെക്കുറിച്ചുണ്ടായ അന്വേഷണങ്ങളും പഠനങ്ങളും വ്യത്യസ്ത വ്യാഖ്യാനങ്ങളും ഇതിന്റെ ചരിത്രപരവും സാംസ്കാരികവുമായ പ്രാധാന്യത്തെ വിശദമാക്കിയിട്ടുണ്ട്. ചരിത്രാന്വേഷി കൾക്കും സാംസ്കാരിക പ്രവർത്തകർക്കും മാത്രമല്ല വിനോദസഞ്ചാര മേഖലയ്ക്കും കരുത്തു പകരുന്ന അനേകം ഘടകങ്ങൾ ഈ കൃതിയിൽ വർത്തമാനകാലത്തും തിരിച്ചറിയാൻ ബാക്കിയുണ്ട്.

**താക്കോൽ വാക്കുകൾ.**

നാവികമിത്തുകൾ-നാട്ടുരാജ്യങ്ങൾ-സന്ദേശലക്ഷ്യം-മുതലപ്പൊഴി-നായികാഗൃഹം

മലയാളസാഹിത്യത്തിൽ സംസ്കൃതത്തിൽനിന്നു രൂപപ്പെട്ട സന്ദേശകാവ്യ പ്രസ്ഥാനത്തിലെ ഏറ്റവും ശ്രദ്ധനേടിയ കൃതിയാണല്ലോ ഉണ്ണുനീലിസന്ദേശം. പതിന്നാലാം നൂറ്റാണ്ടിലെ കേരളീയ സാഹചര്യങ്ങളെ വ്യക്തമാക്കുന്ന കൃതിയെന്ന നിലയിൽക്കൂടിയാണ് ഇതു ചരിത്ര-സംസ്കാര പഠിതാക്കൾക്ക് സവിശേഷ അനുഭവമാ കുന്നത്. നൂറ്റാണ്ടുകളോളം ശ്രദ്ധിക്കപ്പെടാതെയിരുന്നെങ്കിലും അപ്പൻ തമ്പുരാന്റെ പത്രാധിപത്യത്തിൽ പുറത്തിറങ്ങിയ രസികരഞ്ജിനിയിൽ പ്രസിദ്ധീകരിച്ചതോടുകൂടി ഈ കൃതിയുടെ അക്കാദമികമായ പ്രാധാന്യം പലരും തിരിച്ചറിഞ്ഞു. പിന്നീട് നിരവധി പഠനങ്ങളും വിവിധ പ്രസാധകരുടെ നിരവധി പതിപ്പുകളും ഉണ്ടായി. ഇവയിൽ അധികവും കവി, കാലം, നായകൻ, നായിക, സന്ദേശഹരൻ എന്നിവയുടെ ഉണ്മയെത്തേടിയുള്ള അനവേഷണമായിരുന്നു. നായിക ദേവദാസിയോ

പതിവ്രതയോ? നായകൻ യുവരാജാവിന്റെ അടുത്ത സുഹൃത്തോ? കാലം കടപയാദി സമ്പ്രദായത്തിലും ജ്യോതിഷസൂചന അനുസരിച്ചും കൃത്യമാണോ? യുക്തിക്കുറവുണ്ടെങ്കിലും വിരഹഹേതു യഥാർത്ഥമായിരുന്നോ? ഇത്തരം ചോദ്യങ്ങളിൽ ത്തട്ടി ഉണ്ണുനീലിയെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ മേഘമാർഗ്ഗത്തിലെ ന്നോണം വ്യവസ്ഥാരഹിതമായി നിലകൊള്ളുകയാണ് ചെയ്തത്. 'മുണ്ടയ്ക്കൽ സന്ദേശം മുഴുത്ത ചിരി' എന്ന പഠനത്തിലൊഴികെ പ്രമേയത്തിലെയും ആഖ്യാന ത്തിലെയും അവധാനതകളെ കാണാതെ മുന്നോട്ടു പോകുന്ന സമീപനമാണ് പിൽക്കാല പഠനങ്ങളിൽ ഉണ്ടായത്.

പ്രാദേശിക ഭാഷയിലുള്ള മേഘസന്ദേശത്തിന്റെ അനുകരണമാണ് ഉണ്ണുനീലി സന്ദേശം എന്ന കാര്യത്തിൽ പൊതുവേ തർക്കമില്ല. മേഘസന്ദേശത്തിന്റെ ചുവടുപിടിച്ചാണ് സന്ദേശവഴിയും വർണ്ണനയും കൃത്യമായി മുന്നോട്ടുപോകുന്നത്. തിരുവിതാംകൂറിലെ പ്രധാന ക്ഷേത്രങ്ങൾ, ചന്തകൾ, ജനസംഗമസ്ഥലങ്ങൾ, സമുദ്രതീരം, വലുതും ചെറുതുമായ നദികൾ, ചിറകൾ, കെട്ടിടങ്ങൾ, പാലങ്ങൾ, ഊട്ടുപുര, കാവുകൾ എന്നിവിടങ്ങളിലൂടെ കടന്നുപോകുമ്പോൾ അനുഭവവേദ്യമാകുന്ന കാഴ്ചകൾ സൗന്ദര്യാത്മകവും ചരിത്രസൂചനകൾ ഉൾക്കൊള്ളു ന്നതും സാംസ്കാരിക ജീവിതത്തെ വെളിപ്പെടുത്തുന്നതുമാണ്. സാധാരണജനങ്ങളും കലാപവാസനയുള്ള നിഷേധികളും നാവികരും പരദേശി ബ്രാഹ്മണരും രാജസേവകരും ക്ഷേത്രജീവനക്കാരും സുന്ദരികളും മാടമ്പിമാരും ആ വഴികളിൽ ഉണ്ട്. കുയിലും, മാനും, നെല്ലുവിളഞ്ഞ പാടവും, തേന്മാവും, ആമ്പലും, ഉപ്പനും വണ്ടുകളുമെല്ലാം ചേർന്ന് തികച്ചും കേരളീയമായ അന്തരീക്ഷം സൃഷ്ടിക്കുന്നു. പതിന്നാലാം നൂറ്റാണ്ടിലെ തെക്കൻ കേരളം സജീവമായി അവിടെ തുടിച്ചുനിൽക്കുന്നു.

കാവ്യാത്മകമായ ചില അതിശയോക്തികളുണ്ടെന്നല്ലാതെ പലയിടത്തും അസ്വാഭാവികത ഒട്ടും തന്നെയില്ല. ചൊങ്കും ചമ്പ്രാണിയും ചോണാടനും കൊല്ലം തുറമുഖത്ത് നിരനിരയായി കിടക്കുമ്പോൾ (നിരവധി ദേശങ്ങളിൽ നിന്നു വന്നുചേർന്നതും

സമ്പാൻ, ജങ്ക്, പാണ്ടിക്കപ്പൽ എന്നിങ്ങനെയുള്ള പേരുകളിൽ അറിയപ്പെട്ടിരുന്നതുമായ വലുതും ചെറുതുമായ കപ്പലുകൾ) കേരളത്തിന്റെ ചരക്കു വാണിജ്യ ചരിത്രം തന്നെയാണ് അതിശയോക്തിയില്ലാതെ വർണ്ണിക്കുന്നത്. അറബികളും ഫിനിഷ്യരും മറ്റും നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ ഇവിടെ സുഗന്ധദ്രവ്യങ്ങൾക്കും മറ്റുമായി എത്തിച്ചേർന്നത് സൂചിപ്പിക്കുന്ന സഞ്ചാരികളുടെ വിവരണവും ഈ കൃതിയുടെ തൊട്ടുപിന്നാലെ വാസ്കോഡിഗാമയിൽ ആരംഭിച്ച പോർച്ചുഗീസ്, ഡച്ച്, ഫ്രഞ്ച്, ബ്രിട്ടീഷ് അധിനിവേശങ്ങളും ഇതു ശരിവയ്ക്കുന്നു. കേരളത്തിലെ നാടോടിഗാനങ്ങളിൽ വിശേഷിച്ചും തോറ്റം പാട്ടുകളിൽ വിവരിക്കുന്ന നാവിക മിത്തുകൾ കേരളത്തിലെ സമുദ്രയാന ചരിത്രത്തിന്റെ വ്യാപ്തി സൂചിപ്പിക്കുന്നു. അതുകൊണ്ടുതന്നെയാണ് ചരിത്ര-സംസ്കാര പഠിതാക്കൾക്ക് ഉണ്ണുനീലിസന്ദേശം കാലം കഴിയുന്തോറും കൂടുതൽ പ്രസക്തിയുള്ളതായി തോന്നുന്നത്. വടക്കൻ കേരളത്തിലെ ആര്യപ്പൂങ്കന്നിയുടെ പുരാവൃത്തവും മരക്കലത്തോറ്റവുമെല്ലാം ഈ സന്ദർഭത്തിൽ ഓർമ്മിക്കാ വുന്നതാണ്. കണ്ണൂർ ജില്ലയിൽ ഏഴിമലയോടു ചേർന്നുള്ള ചങ്കൂരിച്ചാൽ എന്ന സ്ഥലനാമത്തിൽ പോലും ഉണ്ണുനീലി സന്ദേശത്തിൽ പരാമർശിക്കപ്പെടുന്ന ചൊങ്ക് എന്ന കപ്പൽപേരിനോട് കടപ്പാടുണ്ട്. മലയാളമുള്ള ഇടങ്ങളാണെങ്കിലും വടക്കൻകേരളം ഉണ്ണുനീലി ആഖ്യാനത്തിൽ പരദേശമാണല്ലോ.

സന്ദേശകൃതി എന്നുമാത്രം ഉണ്ണുനീലിസന്ദേശത്തെ പ്രസ്ഥാനവത്കരിച്ചാൽ മതിയോ എന്നത് വലിയ ഒരു ചോദ്യമാണ്. കാളിദാസന്റെ യക്ഷനു മേഘം തന്റെ പ്രിയതമയുടെ അടുത്തു സന്ദേശം എത്തിക്കുമെന്നു യാതൊരു പ്രതീക്ഷയും ഇല്ല. കാളിദാസന് അങ്ങനെയൊരാഗ്രഹമുണ്ടെന്ന് നമുക്കു തോന്നുകയുമില്ല. അമാനുഷിക സിദ്ധികളെല്ലാം തിരിച്ചെടുത്തതിനുശേഷമാണ് കാളിദാസന്റെ യക്ഷൻ രാമഗിരി ആശ്രമത്തിൽ ഏകാന്തവാസത്തിനു ശിക്ഷിക്കപ്പെടുന്നത്, അതുകൊണ്ട് യക്ഷ, കിന്നര, ഗന്ധർവ്വന്മാർക്ക് പറക്കാനും മറ്റുമുള്ള സിദ്ധി തടവിന്റെ കാലയളവിൽ അയാൾക്കില്ല. മാനംനോക്കിയിരിക്കുക മാത്രമേ വഴിയുള്ളു. അങ്ങനെ

കണ്ടെത്തിയ മേഘത്തോടു നടത്തിയ സംവാദം ആകാശ മാർഗ്ഗത്തിൽ നിന്ന് ഹിമവാനെ കാണാനുള്ള കവിയുടെ അഭിലാഷമായി മാത്രമേ കാണേണ്ടതുള്ളു. മേഘസന്ദേശത്തിലെ ഓരോ ശ്ലോകവും വിപ്രലംഭ ശൃംഗാരത്തെ പോഷിപ്പിക്കുന്നതും രതിഭാവത്തെ ജ്വലിപ്പിച്ചുനിർത്തുന്നതുമാണ്. വഴിയിലെ ഓരോ ഇടവും ആകാശ ദൃശ്യത്തിന്റെ കൃത്യത ഉൾക്കൊള്ളുന്നതുമാണ്. ഹെലിക്കോപ്റ്ററിലോ മറ്റോ ഹിമവാന്റെ മുകളിലൂടെ ആകാശസഞ്ചാരം ചെയ്യാനുള്ള സാധ്യത ഉണ്ടായിരുന്നെങ്കിൽ ഭാവനാ സമ്പൂർണ്ണമായ ഈ ആഖ്യാനം കാളിദാസനിൽനിന്ന് പ്രതീക്ഷിക്കേണ്ടതില്ലായിരുന്നു. ഇതേ ആകാശസഞ്ചാരം ഉണ്ണുനീലിയിലും ഉണ്ട്.

നായികാ ഗൃഹത്തിൽ കിടന്നുറങ്ങിയിരുന്ന നായകനെ യക്ഷി അപഹരിച്ച് ആകാശ മാർഗ്ഗേണ തെക്കോട്ടു കൊണ്ടുപോവുകയും ഉറക്കമുണർന്ന നായകന്റെ നരസിംഹ മന്ത്രം കേട്ടു പിടിവിട്ട് ഓടുകയുമാണു ചെയ്യുന്നത്. പത്മനാഭസ്വാമിക്ഷേത്രത്തിനു മുകളിലെത്തിയപ്പോൾ ഇതു സംഭവിച്ചതുകൊണ്ട് നായകൻ ക്ഷേത്രപരിസരത്തു തന്നെ വന്നു വീഴുകയും ചെയ്തു. കാറ്റിന്റെ ആനുകൂല്യമുണ്ടായിരുന്നതു കൊണ്ട് എല്ലൊടിയാതെ മെല്ലെ മെല്ലെ താഴേക്കു വന്നു. ഭൂഗുരുത്വാകർഷണ നിയമത്തെ കവിയും കാമുകനും ലംഘിച്ചുവെന്ന് മാരാർ പരിഹസിക്കുന്നുണ്ടെങ്കിലും മേഘസന്ദേശത്തിലെന്നപോലെ ഭാവനാ പോഷണത്തിനു യുക്തിയുടെ പിന്തുണ നൽകുന്ന അമാനുഷിക ഇടപെടൽ മാത്രമാണ് ഇവിടെയും സ്പഷ്ടമാകുന്നത്.

ഇന്ദുക്ഷീരാഭിരാമാമടിതൊഴുതു ഗിരാന്നായികാമായവണ്ണം
മന്ദപ്രജ്ഞോപി മാരജ്വരപരവശനായ് മേവിനേൻ ഞാനിദാനീം
കണ്ടിക്കാർകൂന്തൽ കാലിൽത്തടവിന മടവാർ നായികാം
വാഴ്ത്തുവാനായ്,
മുണ്ടയ്ക്കൽക്കെൻറുമാക്കം

കരുതിന മറിമാൻകണ്ണിയാമുണ്ണുനീലീം. –ശ്ലോകം--3

എന്ന പ്രസ്താവം, മുണ്ടയ്ക്കലെ ഉണ്ണുനീലിയെ സ്തുതിക്കാനാണ് ഈ കാവ്യം എഴുതുന്നതെന്നു സൂചിപ്പിക്കുന്നു.

മണികണ്ഠരാജാവിന്റെ പൂണാര (അലങ്കാരം) മാണ് ഉണ്ണുനീലി എന്നു പറയുമ്പോൾ നാട്ടിൽ അവൾക്കുള്ള അംഗീകാരവും വെളിവാകുന്നുണ്ട്. മേഘസന്ദേശത്തിലെ വിപ്രലംഭ ശൃംഗാരത്തിന് സമാന്തരമായി മാരജ്വരപാരവശ്യം എന്നു പ്രയോഗിച്ചതുമാവാം. നായികയുടെ കീർത്തിയും മഹിമയും ദീർഘായുസ്സും കാവ്യലക്ഷ്യമാണെന്ന് പല സന്ദർഭങ്ങളിൽ സൂചിപ്പിക്കുന്നുണ്ട്. അതിനോടു ചേർത്തു കാണേണ്ട കൗതുകകരമായ ഒരു കാര്യം മണിപ്രവാള ഘട്ടത്തിൽത്തന്നെ, അതായത് ഉണ്ണുനീലിക്കും അല്പം മുമ്പ് രചിക്കപ്പെട്ട ഉണ്ണിച്ചിരുതേവി, ഉണ്ണിയച്ചി, ഉണ്ണിയാടി എന്നീ മൂന്നു പ്രാചീന ചമ്പുക്കളിലും നായികയെ കാണാൻ കാത്തുകെട്ടിക്കിടക്കുന്ന ആൾക്കാരിൽ ധാരാളം കവികളെ കാണുന്നുണ്ടെന്നതത്രെ. മുറിവൈദ്യന്മാരുടേയും ജാലവിദ്യക്കാരുടേയും ആട്ടക്കാരുടേയും ഇടയിൽത്തന്നെയാണ് നായികയെ പുകഴ്ത്തുന്ന രചനകളുമായി എത്തുന്ന കവികളുടേയും സ്ഥാനം. നേരം പുലരും മുമ്പേ മുറിശ്ലോകങ്ങൾ മൂളിവന്നു, മുറ്റമടിക്കുന്ന പരിചാരികയുടെ ചൂലാറ്റല്ല് വാങ്ങുന്നവരെ ഉണ്ണിയച്ചീകാരൻ ചിത്രീകരിക്കുന്നുണ്ട്. നായികയെക്കുറിച്ച് സന്ദേശപ്പാട്ടുണ്ടാക്കിയിട്ടുണ്ട് എന്നും പറഞ്ഞ് അവളെ കാണാൻ ആൾക്കൂട്ടത്തിന്നിടയിൽ നിന്നു ബഹളംവച്ച് അവിടെനിന്നും പ്രതിഫലം ആഗ്രഹിക്കുന്ന കവികൾ ധാരാളമുണ്ടെന്ന് ഈ സാഹചര്യം വ്യക്തമാക്കുന്നു. ഉണ്ണുനീലിയിലും സമാന സാഹചര്യം ഉണ്ട്.

> കേട്ടീലല്ലീ കിരണ മലമേൽ പഞ്ചകം ഞാൻ ചമച്ചൊ-
> ൻറാട്ടം ചൊൻറാൽ പുടവ തരുവുണ്ടമ്മനൂർത്തേവിയമ്മൻ
> പാട്ടം പയ്യൂർക്കവിത ചുവയില്ലെൻ്റൊരൊ മാതർ വീട്ടിൽ
> പാട്ടം ചൊല്ലിക്കുഹചന കവിക്കാരർ
> മേവീടുമേടം ണ്ടഉണ്ണുനീലി ഉത്തരസന്ദേശം ശ്ലോകം (14)

സ്ത്രീകളുടെ വീട്ടിൽ തങ്ങൾക്കു കിട്ടുന്ന പ്രതിഫലവും മറ്റു കാവ്യങ്ങളുടെ പോരായ്മയും സൂചിപ്പിച്ച് നായികയിൽനിന്ന് പ്രതിഫലം നേടാൻ നിൽക്കുന്ന കവികളുടെ സ്ഥിതി ദയനീയമാണ്. കവിത ജീവിതമാർഗ്ഗമാക്കുകയും രാജസ്തുതിയോ നാരീസ്തുതിയോ രചിച്ച് അതു ബോധ്യപ്പെടുത്തി പ്രതിഫലം വാങ്ങാൻ ഇച്ഛിക്കുന്നതും ഒരു സാമൂഹിക പ്രശ്നമായിത്തന്നെ

അവതരിക്കപ്പെടുന്നുണ്ട ചെറിയച്ചി, ഇളയച്ചി, എന്നിങ്ങനെ സ്ത്രീനാമങ്ങളിൽ ചെറുതും വലുതുമായ ഒട്ടേറെ കവിതകൾ ഉണ്ടായതും ഈ സാഹചര്യത്തോടുചേർത്തു വായിക്കാവുന്നതാണ്. അതിൽ മിക്കതിന്റേയും പ്രമേയം നായികയെ കാണാഞ്ഞുള്ള വിഷമത്തിൽ സന്ധ്യയോടോ, നിലാവിനോടോ, ആമ്പലിനോടോ ചേർത്ത് അവളുടെ സൗന്ദര്യത്തെ വർണ്ണിച്ച് അവളുടെ സൗന്ദര്യവും മികവും വെളിവാക്കുന്ന തരത്തിലുള്ളതാണ്.

അപ്പോഴുദ്യൽ കുളുർമതിമുഖീ മേഘരാഗാധരോഷ്ഠി
ചൂഴെത്താഴും തിമിരചികുരാ ചാരുതാരാശ്രമാംബുഃ
കിഞ്ചിൽ കാണും കുമുദഹസിതാ തിണ്ണമെന്നുണ്ണുനീലിം
കാമക്രീഡാരസവിലുളിതാം തന്നെ അന്വേതി സന്ധ്യാ -

(ശ്ലോകം 87)

സന്ധ്യാസമയം നായികയെ പ്രകൃതി സാഹചര്യത്തോടു ചേർത്തു നായകൻ ഓർമ്മിക്കുന്ന ഈ ഉണ്ണുനീലി സന്ദേശശ്ലോകം, മണിപ്രവാള രചനകളുടെ പൊതുസ്വഭാവത്തെ സൂചിപ്പിക്കുന്നതും അക്കാലത്തെ കവികളുടെ കൂട്ടത്തിൽത്തന്നെ ഉണ്ണുനീലിസന്ദേശകാരനെ ഉൾപ്പെടുത്താൻ ഉതകുന്നതുമാണ്. നായികയുടെ ഭർത്താവ്, കാമുകരിൽ ഒരാൾ, ഭരണകേന്ദ്രങ്ങളിൽ സ്വാധീനമുള്ള ആൾ എന്നിങ്ങനെ വിലയിരുത്തുമ്പോഴും നായികാകീർത്തി ലക്ഷ്യമാക്കിയ ആഖ്യാനം കൊണ്ട് ജീവനോപാധി അന്വേഷിക്കുന്ന ഭാവനാശാലി എന്ന സാധ്യത അവഗണിക്കേ ണ്ടതില്ല.

**അന്വേഷണത്തിന്റെ നവീനമുഖം**

പഴയകൃതി, മണിപ്രവാളകൃതി, സന്ദേശകാവ്യം എന്നിങ്ങനെയുള്ള പരികല്പനകളിലാണ് ഉണ്ണുനീലിസന്ദേശം വിലയിരുത്തപ്പെടുന്നത്. പരിഹാസ കവനം എന്ന വിശദീകരണം പോലും പരിമിത നിരീക്ഷണഫലമാണെന്നു പറയേണ്ടിവരും. കേരളം ഇന്നത്തെ രീതിയിൽ രൂപപ്പെടുന്നതിനുമുമ്പ് ഇവിടം വിവിധ നാടുകളായി വേർതിരിഞ്ഞ് കിടക്കുകയായിരുന്നല്ലോ. കടലിനും സഹ്യപർവ്വതത്തിനും ഇടയിൽ നാല്പതിലേറെ പുഴകളാലും ചെറു തോടുകളാലും കായലുകളാലും

വേർതിരിഞ്ഞുകിടന്ന കൊച്ചു കൊച്ചു നാടുകൾ കേരളത്തിന്റെ ചരിത്രരേഖകളെപ്പോലും വൈവിധ്യമുള്ളതാക്കി. ഒരു നാടിന് ഉതകുന്ന ചരിത്രയുക്തി മറ്റൊന്നിനോട് ഇണങ്ങിപ്പോകാത്തത് അവിടത്തെ രാഷ്ട്രീയവും സാമുദായികവുമായ സാഹചര്യങ്ങൾ വ്യത്യസ്തമായതുകൊണ്ടാണ്. തിരുവിതാംകൂർ എന്ന വലിയ ഭരണപ്രദേശത്തെയും അതിൽ സാമന്ത പദവിയുള്ള ഇതര രാജാക്കന്മാരെയും രാഷ്ട്രത്തെ കാത്തു സംരക്ഷിക്കുന്ന മാടമ്പിഗൃഹങ്ങളെയും പരാമർശിച്ചുകൊണ്ട് പതിന്നാലാം നൂറ്റാണ്ടിന്റെ രാഷ്ട്രീയ സ്ഥിതി ഈ സന്ദേശകാവ്യം വ്യക്തമാക്കുന്നു. അക്കാലത്തും പിന്നീടും രാജാധികാരം ആരാധനാ സ്ഥാനങ്ങളോടാണ് തീവ്രമായി ബന്ധപ്പെട്ടു നിൽക്കുന്നത്. വേണാടിനും കോലത്തുനാടിനും കടത്തനാടിനും ഏറാൾനാടിനും  കോട്ടയം രാജവംശത്തിനുമെല്ലാം ആസ്ഥാന ദൈവങ്ങളുണ്ടഅതാതു രാജവംശങ്ങളുടെ കുലദൈവങ്ങളുടെ ആരൂഢ സ്ഥാനവുമാകാം രാജ്യതലസ്ഥാനം. പഴശ്ശി രാജാവിന് പോർക്കലീ ഭഗവതി എന്നപോലെ ഓരോ രാജാവും രാജഭരണകേന്ദ്രവും ഈശ്വരസ്ഥാനവുമായി അടുപ്പം പുലർത്തുന്നു. രാജ്യത്തിന്റെയും രാജാവിന്റെയും ആരാധനാ മൂർത്തിയുടെയും മഹിമ ദേശാഭിമാനത്തിന്റെ ഭാഗമായിത്തന്നെ മനസ്സിലാക്കേണ്ടതുണ്ട

ഓരോ നാടിനും അവരുടെ ഉണ്മയെക്കുറിച്ച് അഭിമാനവുമുണ്ട്. നാടിന്റെ സമൃദ്ധിയും സൗഭാഗ്യവും രേഖപ്പെടുത്തുന്നതിന് കാവ്യം പോലെ പ്രായോഗികവും ഫലവത്തുമായ മറ്റൊരുപാധി ഇല്ലതാനും. രാജസ്തുതി, ഈശ്വരസ്തുതി, ദേശമികവ്, സാംസ്കാരിക പശ്ചാത്തലം ഇവയെല്ലാം ഒന്നിച്ചുചേർത്ത മികവുള്ള ആഖ്യാനത്തിലൂടെ ദേശത്തെ വാഴ്ത്തുക എന്നതു സ്വീകാര്യമാകുന്നത് അങ്ങനെയാണ്. രാജഭരണത്തിന്റെ സിരാകേന്ദ്രമായ പത്മനാഭസ്വാമി ക്ഷേത്രം മുതൽ നായികാഗൃഹം സ്ഥിതി ചെയ്യുന്ന കടുത്തുരുത്തിവരെയുള്ള ഇടങ്ങളെ ബന്ധിപ്പിച്ചു കൊണ്ട ഉണ്ണുനീലിസന്ദേശം മുന്നോട്ടുപോയതിന്റെ ലക്ഷ്യ മിതാണ്. ഇതിൽ പരാമർശിക്കുന്ന ഒട്ടു മിക്ക സ്ഥലങ്ങളും ഏറെ വ്യത്യാസമില്ലാതെ ഇന്നും നിലനിൽക്കുന്നുണ്ടതെക്കൻ കേരള ചരിത്രയാഥാർത്ഥ്യങ്ങൾ പ്രതിഫലിപ്പിക്കുന്ന ഈ സന്ദേശ യാത്രയെ ചരിത്ര-സാംസ്കാരിക സ്മാരകമായി മലയാളി

സൂക്ഷിക്കേ ണ്ടതുണ്ടഉണ്ണുനീലിസന്ദേശത്തിൽ പരാമർശിക്കപ്പെടുന്ന പാലങ്ങളും കെട്ടിടങ്ങളും ഗൃഹങ്ങളൂം വാണിജ്യ സ്ഥാപനങ്ങളും ചന്തയും മറ്റും അതേ രീതിയിൽ ഇന്ന് കണ്ടെത്താൻ കഴിയണമെന്നില്ല. സിന്ധുദ്വീപ് എന്ന് കാവ്യത്തിൽ വിശേഷിപ്പിക്കുന്ന കടൽതുരുത്ത് എന്ന കടുത്തുരുത്തിയിലാണ് സന്ദേശഹരന്റെ ലക്ഷ്യസ്ഥാനമായ നായികാഗൃഹം. കടുത്തുരുത്തി ദ്വീപാണെന്നും അവിടെ നിന്ന് കടലോരത്തോളം കപ്പലുകൾ കുരുമുളകിനായിവന്ന് ഇടതിങ്ങിനിൽക്കുന്നതായും മറ്റും ഉണ്ണുനീലിസന്ദേശത്തിൽ വർണ്ണനയുണ്ട്. തളിയിൽ ശിവക്ഷേത്രമാണ് നായികാഗൃഹത്തിലെത്തിച്ചേരാൻ സഹായിക്കുന്ന പ്രധാന അടയാളം.



**തളിയിൽ ശിവക്ഷേത്രം**

തളിയിൽ ക്ഷേത്രം കടുത്തുരുത്തിക്കു സമീപം ഇന്നുമുണ്ട് ആ ക്ഷേത്രത്തിനുസമീപത്തായി കല്ലോലജാലങ്ങളാൽ സമുദ്രത്തെ പരിഹസിക്കുന്ന മലിച്ചിറയുണ്ട് എന്നു പരാമർശിക്കുന്നുണ്ടെങ്കിലും ഇന്നവിടെ ചെറിയ ഒരു കുളം മാത്രമേ അവശേഷിക്കുന്നുള്ളു.



**മലിച്ചിറ**

എന്നാൽ മുമ്പു തടാകത്തിന്റേതായിരുന്നുവെന്നു കരുതാവുന്ന താഴ്ന്ന ഇടങ്ങളാണ് ഇപ്പോൾ മലിച്ചിറയ്ക്കു സമീപത്തുള്ളത്. കടലിനടുത്താണ് കടുത്തുരുത്തി എങ്കിലും ഇന്ന് കിലോമീറ്ററോളം കടൽ പിന്നോട്ട് മാറിയിട്ടുണ്ട്. മലിച്ചിറ കഴിഞ്ഞ് കോതപൂർവ്വംപുരം (കോതപുരം) ആണ്. ഗോവിന്ദപുരം ശ്രീകൃഷ്ണക്ഷേത്രം ആണിത്.



**ഗോവിന്ദപുരം ശ്രീകൃഷ്ണക്ഷേത്രം**

തുടർന്ന് കോട്ട, കൊട്ടാരം, എന്നിവയെക്കുറിച്ചുള്ള സൂചനകളുണ്ട്. അതിനടുത്താണ് ഉണ്ണുനീലിയുടെ ഗൃഹം. വീട് ഇപ്പോൾ ഇല്ലെങ്കിലും അതിരുന്ന സ്ഥലം കാണാം.



**കടുത്തുരുത്തിയിൽ ഉണ്ണുനീലിയുടെ ഗൃഹം നിന്നിരുന്ന സ്ഥലം**

പത്മനാഭസ്വാമിക്ഷേത്രം മുതൽ കടുത്തുരുത്തിവരെയുള്ള സഞ്ചാരമാർഗ്ഗം പതിന്നാംലാം നൂറ്റാണ്ടിലെ തിരുവിതാംകൂറിന്റെ തെളിച്ചമുള്ള ചിത്രം കാണിച്ചുതരുന്നു.



**മുതലപ്പൊഴി**

പ്രകൃതിസൗന്ദര്യത്താൽ അനുഗ്രഹീതമായ മുതലപ്പൊഴി പോലെ ഇന്നും സഞ്ചാരികൾക്ക് ആഹ്ലാദം നൽകുന്ന അനേകം സ്ഥലങ്ങൾ ഈ കാവ്യത്തിൽ പരാമർശിക്കപ്പെടുന്നു. അവയെല്ലാം കോർത്തിണക്കി ചരിത്രവും ഭൂമിശാസ്ത്രവും പാരമ്പര്യവും പഠിക്കാനുതകുന്ന സാംസ്കാരിക വിഭവമായി ഉണ്ണുനീലിസന്ദേശത്തെ പരിവർത്തിപ്പിക്കുന്നതാണ് ഉചിതം. തിരുവിതാം കൂറിന്റെ വടക്കേ അതിർത്തിയിൽ നിന്നും ആകാശമാർഗ്ഗേണ തെക്കേ അറ്റത്തുള്ള തലസ്ഥാനത്തെത്തി അവിടെനിന്നും കരമാർഗ്ഗേണ വടക്കേ അതിർത്തിയിലേക്കു നടത്തിയ ഈ യാത്ര ഭാവനയും യാഥാർത്ഥ്യവും യുക്തിയും കല്പനയും കൂടിക്കുഴഞ്ഞ് അവതരിപ്പിക്കപ്പെടുന്നുവെന്ന ധാരണയോടെ മുന്നോട്ടുപോകേണ്ടതുണ്ട്.

**സഹായഗ്രന്ഥങ്ങൾ**

1. വേലുപ്പിള്ള ശാസ്ത്രി എം.ആർ., 1949, ഉണ്ണുനീലീസന്ദേശം ഒരു പ്രാചീനപദ്യകൃതി. തിരുവനന്തപുരം. ബി.വി.ബുക്ക് ഡിപ്പോ.
2. മണ്ണുമ്മൂട് സി.ജെ. (എഡി.) 1989, ഉണ്ണിച്ചിരുതേവീചരിതം. കോട്ടയം, സി.ജെ.എം. പബ്ലിക്കേഷൻസ്.

**പ്രൊഫ. വി. ലിസി മാത്യു**
പ്രൊഫസർ & ഹെഡ്
മലയാളവിഭാഗം
ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല
കാലടി

# ചീരാമചരിതം

**പി. എസ്. രാധാകൃഷ്ണൻ**

**സംഗ്രഹം**

*രാമചരിതത്തെ ആസ്പദമാക്കി പാട്ട് സാഹിത്യത്തിന്റെ ആഖ്യാനസവിശേഷതകൾ ചർച്ച ചെയ്യാനാണ് ഇവിടെ ശ്രമിക്കുന്നത്. സംഘകാലത്തെ പുറംപാട്ട് വഴക്കത്തിന്റെ തുടർച്ചയിൽ പ്രാദേശിക ഭാഷാ-സാഹിത്യഘടനയുടെ ആവിഷ്കാരം രാമചരിതത്തിൽ എങ്ങനെ പ്രകടമാകുന്നു എന്ന് ലേഖനം ചർച്ച ചെയ്യുന്നു. കഥാകഥനത്തിൽ രാമചരിതം പുലർത്തുന്ന വ്യത്യസ്തമാനങ്ങളും ലേഖനത്തിന്റെ പരിധിയിലുണ്ട്. മണിപ്രവാളത്തിന്റെ അപരപാരമ്പര്യമെന്നനിലയിൽ പാട്ടിന്റെ സവിശേഷതകൾ ലേഖനത്തിൽ അടയാളപ്പെടുന്നുണ്ട്.*

**മൂലപദങ്ങൾ**

*പാട്ട്, മണിപ്രവാളം, രാമചരിതം, കഥാകഥനം, തിണവഴക്കങ്ങൾ, നാടോടിത്തം*

മലയാള കവിതയുടെ ആദിമപ്രസ്ഥാനമായാണ് പാട്ട് സാഹിത്യം അറിയപ്പെടുന്നത്. ഇതിന് സമാന്തരമായി വരുന്നത് പൂർവ്വോത്തര മാതൃകയിലുള്ള മണിപ്രവാളകവനങ്ങളാണ്. ദ്രാവിഡ കാവ്യപദ്ധതിയായി നിലനിന്ന പ്രസ്ഥാനമാണ് പാട്ട്. ഇതിഹാസത്തെ അവലംബിക്കുമ്പോഴും തദ്ദേശീയമായ കാവ്യ പദ്ധതി എന്ന നിലയിലാണ് പാട്ട് സാഹിത്യം നിലനിന്നത്. മധ്യകാലത്തോടെ ശക്തിപ്പെട്ട സംസ്കൃതാധിപത്യത്തിന് വഴങ്ങാത, വേറിട്ട ആഖ്യാനപാതയിലൂടെ നീങ്ങുകയായിരുന്നു പാട്ട് സാഹിത്യം. പ്രാദേശീയമായ ഭാഷാഘടന, വൃത്തവ്യവസ്ഥ, അലങ്കാരവഴക്കം എന്നിങ്ങനെ തനതായൊരു ശൈലി രൂപപ്പെടുത്താൻ പാട്ടു സാഹിത്യത്തിനായി.

പരസ്പര വിരുദ്ധമായ ആഖ്യാന മണ്ഡലങ്ങളാണ് പാട്ടും മണിപ്രവാളവും. ഇവയുടെ കാവ്യരീതികളെ നിർണയം ചെയ്തു രചിച്ച സാഹിത്യശാസ്ത്ര ഗ്രന്ഥമാണ് 'ലീലാതിലകം'. ദ്രമിഡ സംഘാതാക്ഷര നിബദ്ധവും ദ്രാവിഡ വൃത്തങ്ങളിൽ അധിഷ്ഠിത വുമായ കാവ്യരചനാരീതിയെയാണ് പാട്ടിന്റെ ലക്ഷണം സൂചിപ്പിക്കുന്നത്. 'ലീലാതിലക'ലക്ഷണം അനുവർത്തിച്ച ആദ്യരചനയാണ് രാമചരിതം. പന്ത്രണ്ടാം നൂറ്റാണ്ടാണ് കൃതിയുടെ രചനാകാലം. രാമചരിതത്തിന്റെ ആദ്യ പരാമർശം ഹെർമൻ ഗുണ്ടർട്ടിന്റേതാണ്. താമസിയാതെ ഭാഷാ–സാഹിത്യ വിശാരദന്മാരും ഗവേഷണ തത്പരരരും 'രാമചരിതം' ചർച്ചാവിഷയമാക്കി. വാല്മീകിരാമായണത്തിലെ യുദ്ധകാണ്ഡമാണ് രാമചരിതത്തി നാസ്പദം. ആഖ്യാനമാണെങ്കിലും രാമായണകഥയെ സംബന്ധിച്ച നിർണായക മുഹൂർത്തങ്ങളിൽ പലതും ഈ കാണ്ഡത്തിന്റെ ഭാഗമാണെന്നത് ശ്രദ്ധിക്കേണ്ട വസ്തുതയാണ്. യുദ്ധകാണ്ഡം ആഖ്യാന വസ്തുവായി തെരഞ്ഞെടുത്തതിനെ ചുറ്റിപ്പറ്റി യുദ്ധപോരാളികൾക്ക് പാരായണത്തിന് വേണ്ടിയാണ് രാമചരിതം രചിക്കപ്പെട്ടത് എന്ന വ്യാഖ്യാനം പോലുമുണ്ടായി. സാഹിത്യ ചരിത്രങ്ങൾ ആധുനികമായ വ്യക്തി ബോധത്തിന്റെയും ദേശനിർമ്മിതിയുടെയുമൊക്കെ ഭാഗമായിരുന്നതി നാൽ രചയിതാവാര്? ജന്മദേശം ഏത്? മുതലായ കാര്യങ്ങളാണ് സവിശേഷ ശ്രദ്ധയോടെ പരിഗണിച്ചത്. രാമചരിതത്തിലെ കാവ്യശാസ്ത്രപരമായ സവിശേഷതകളോ അതിലെ തദ്ദേശീയ വഴക്കങ്ങളോ ആഖ്യാന സവിശേഷതകളോ ഒന്നും സാഹിത്യ ചരിത്രങ്ങളിലെ രാമചരിതവായനകളിൽ കാണാനാവുന്നില്ല.

രാമചരിതത്തിലെ ഭാഷാപരമായ വഴക്കങ്ങൾ മറ്റൊരു പ്രധാനപ്പെട്ട വസ്തുതയാണ്. സംസ്കൃത പദങ്ങൾ അതേ പടിയും, തദ്ദേശീയമായ ഭാഷാ പ്രകൃതത്തോട് ചേർത്ത് മയപ്പെടുത്തിയും ഉപയോഗിക്കുന്ന രീതിയാണ് പാട്ടിലേത്. രാമചരിതകാവ്യം കഥാത്മം നിറഞ്ഞ രചനയാണ്. ആഖ്യാന സന്ദർഭങ്ങളിൽ ഉടനീളം ഈ കഥാത്മത്തെ നിലനിർത്താൻ രാമചരിതം ശ്രമിക്കുന്നുണ്ട്. കഥാത്മത്തെ നിർമ്മിച്ചെടുക്കുന്നതിൽ

ഹനുമാൻ എന്ന കഥാപാത്രത്തിന്റെ സാന്നിധ്യം നിർണായകമാണ്. ഒരുഘട്ടത്തിൽ കർതൃസ്ഥാനത്തേക്ക് ഹനുമാൻ ഉയർന്നു വരികയും രചയിതാവ് തിരശ്ശീലയിലേക്ക് പിൻവാങ്ങുന്നതും കാണാം. കാവ്യശാസ്ത്രത്തിന്റെ വ്യവസ്ഥാപിത ക്രമങ്ങങ്ങളുടെ അതിലംഘനത്തിലൂടെയാണ് 'രാമചരിതം' കഥാകഥന സാധ്യത കൾ ഉപയോഗപ്പെടുത്തിയത്. വൈകാരിക മൂർഛയിൽ വീരരസത്തെയാണ് രാമചരിതം അനുഗമിക്കുന്നത്.

രാമചരിതം സമൂഹത്തിലെ 'മേൽത്തട്ടു'കാർക്കായി സമർപ്പിച്ച കൃതിയല്ല.ആർക്കുവേണ്ടി എഴുതുന്നു? എന്ന ചോദ്യ ത്തിനുള്ള മറുപടി 'രാമചരിത'ത്തിന്റെ ഇതിവൃത്തഘടനയിൽ തന്നെയുണ്ട്. 'ഊഴിയിൽ ചെറിയവർക്കറിയുമാറുരചെയ് വേൻ' എന്ന പരാമർശത്തിൽ ഇത് വ്യക്തമാണ്. പന്ത്രണ്ടാം നൂറ്റാണ്ടിൽ തന്നെ ഇത്തരമൊരു സാമൂഹ്യ പ്രശ്നത്തെ സാഹിത്യത്തിലേക്ക് അനുവർത്തിച്ചത് യാദൃഛികമായിരു ന്നില്ല. തദ്ദേശീയമായ വാമൊഴി ബന്ധങ്ങൾ നിലനിർത്തി ക്കൊണ്ടാണ് 'ചെറിയവർ' ക്കായുള്ള ഉണർത്ത് പാട്ട് തയ്യാറാക്കിയിട്ടുള്ളത്.

'രാമചരിത'ത്തിന്റെ കഥാകഥനത്തിൽ ആഖ്യാതാവിന്റെ ഇടപെടൽ പ്രത്യക്ഷ തലത്തിലില്ല. ഒന്നാം വൃത്തത്തിലെ ഒന്നു മുതൽ ഒൻപതാമത്തെ പാട്ട് വരെയുള്ള ദേവതാ സ്തുതികളിലും വിഷയാവതരണ ത്തിലുമാണ് ആഖ്യാതാവിന്റെ സ്വരസാന്നിധ്യ മുള്ളത് (കൃഷ്ണൻ നായർ പി. വി. 1979:19) ദേവകളായ ശിവനും ബ്രഹ്മാവും പാർവ്വതിയും സരസ്വതിയുടെ കവികളായ വ്യാസ-വാൽമീകിമാരും അഗസ്ത്യനും നമ്മാഴ്വാരും അവിടെ അണിനിരക്കുന്നു. വൈഷ്ണവമായ താല്പര്യം 8,9 പടലുങ്ങളിലാണ് തെളിവാകുന്നത്. പത്താമത്തെ പാട്ടാകുമ്പോ ഴാണ് കർതൃസ്ഥാനത്തുനിന്നും രചയിതാവ് പിന്മാറുന്നത്. നേരിട്ട് പ്രത്യക്ഷനായിരുന്ന ആഖ്യാതാവ് ക്രമേണ മറവിയിലാവുകയും കഥാപാത്രമായ ഹനുമാൻ ആഖ്യാന കേന്ദ്രത്തിലേക്ക് വരികയും ചെയ്യുന്നു. 'രാമചരിത'ത്തിലെ ക്രിയകളും സംഭവങ്ങളും അനുവാചകരോട് നേരിട്ട് സംവദിക്കുന്നുവെന്ന പ്രതീതിയാണ് ഹനുമാൻ വക്താവാകുന്നതോടെ ഉണ്ടാവുക. യുദ്ധാന്തരീക്ഷ

ത്തിന് അനുകൂലമായി കാവ്യകഥനം ചിട്ടപ്പെടുത്തുന്നത് ആഖ്യാതാവല്ല, അയാൾ നിയോഗിക്കുന്ന കഥാപാത്രമാണ്. സൂത്രധാരനെപ്പോലെ രാമകഥയുടെ ഉപക്രമോപസംഹാരങ്ങൾ നിയന്ത്രിക്കുന്ന പരോക്ഷ സാന്നിധ്യമാണ് ഹനുമാന്റെ കഥാകഥനം. സീതാവൃത്താന്തം രാമനോട് പറയുന്നത് കൂടാതെ പഞ്ചവടിയിൽ സീതാപഹരണം മുതൽ രാവണവധം വരെ ഭരതനോട് പുനരാഖ്യാനം ചെയ്യുന്നതും ഹനുമാനാണ്. വർണ്ണന, അലങ്കാരങ്ങൾ, സങ്കേതങ്ങൾ എന്നിവ കാവ്യകഥനത്തിൽ സന്നിവേശിപ്പിക്കുന്ന കർത്താവ് കേവലമൊരു സംപ്രേക്ഷക നാകുന്നില്ല.

വാമൊഴി സാഹിത്യത്തിലെന്ന പോലെ മനോധർമത്തിന് അനുപാകമായി പാടിപ്പാടി, പാടലിനെ വിസ്തരിക്കുകയോ, വഴി മാറ്റുകയോ ചെയ്യുന്ന രീതിയല്ല 'രാമചരിത'ത്തിൽ. വിവിധ രസങ്ങളെ കാവ്യയുക്തിയോട് ചേർത്ത് തുടങ്ങുകയും ഒടുങ്ങു കയും ചെയ്യുന്ന സ്വരൂപമാണ് 'രാമചരിത'ത്തിലേത്. ചീരാമകവി യെന്ന ഗ്രന്ഥകർത്താവും കാവ്യാഖ്യാതാവും വിഭിന്നമായ രണ്ട് കർതൃസ്ഥാനങ്ങളെയാണ് പ്രതിനിധീകരിക്കുന്നത്. ഒന്നാം പടലത്തിലെ സംബോധനകളോടെ ഗ്രന്ഥകർത്താവിന്റെ സാന്നിധ്യത്തിന് മറവുണ്ടാകുന്നു. കഥാപാത്ര ങ്ങൾക്കും അവരുടെ സംബോധനകൾക്കും സംഭാഷണങ്ങൾക്കും വർണനകൾക്കും അർത്ഥമുണ്ടാകുന്നത് പാഠത്തിന്റെ അന്തർ ഘടനയിലാണ്. സംബോധനകളും വർണ്ണനകളും തമ്മിലുള്ള പാരസ്പര്യമാണ് അർത്ഥാന്തരങ്ങൾക്കിടനൽകുന്നത്. സൂചിത ങ്ങൾക്കുമേൽ സൂചകങ്ങൾക്കാണ് പ്രാധാന്യം. ഇവിടെ ഭാഷയാണ് അർത്ഥത്തെ സാമൂഹികമായ ആശയരൂപമായി പരിവർത്തിപ്പിക്കുന്നത്. ഇവിടെ അർഥത്തെയോ അതിൻ മേലെയോ വാങ്മയം പരിഗണിക്കേണ്ട തായിവരുന്നു.

തിണ വഴക്കങ്ങളിലൂടെ രാമചരിതത്തെ സംഘപാരമ്പര്യ ത്തിലേക്കും പാട്ട് സാഹിത്യത്തിലെക്കും ചേർത്തു വയ്ക്കാനാവും. പാട്ടുകഥനത്തിന് ഇത് അന്യമായിരുന്നില്ല. പുറം തിണയുടെ സാമഗ്രികളാണ് 'രാമചരിത'ത്തിൽ സ്ഥിരവും ചരവുമാകുന്നത്.

വീരം, ദാനം എന്നിവ പ്രസ്താവിക്കുന്ന പുറം കവിതകളിൽ പൊതുവായ സ്ഥലമില്ല. പേരും കുലവുമുള്ള പ്രാചീന രാജാക്കന്മാർ, വീരനായകൻമാർ മുതലായവരുടെ ജീവിതകഥനമാണ് പുറം കവിതകൾ. ഇവ പലപ്പോഴും രാജാവിന്റെ ധീരോദാത്തത, പ്രതാപം, ഗുണം, കുലമഹിമ എന്നിവയുടെ അറിയിപ്പുകളായിരിക്കും. എങ്കിലും, സമകാലിക മായ സംഭവത്തിന്റെ ഭാവനാത്മകമായ പുനരാഖ്യാനമാണ് പുറം കവിതകളുടേത്. വെട്ച്ചി, വഞ്ചി, ഉഴിഞ്ഞ, തുമ്പ, വാക, പാടാൺ, കാഞ്ചി എന്നിങ്ങനെ ഏഴ് തിണകളിലായി അവയൊതുക്കി യിരിക്കുന്നു. പുറം തിണകളുടെ പ്രമേയം ഇങ്ങനെ സംക്ഷേപിക്കാം.

വെട്ചി - എതിരാളികളുടെ പശുക്കളെ കവരുന്നതാണ്.

വഞ്ചി - നാട് വെട്ടിപ്പിടിക്കാനുള്ള ഉദ്യമം.

ഉഴിഞ്ഞ - ശത്രുവിനെ കോട്ടകൊത്തളങ്ങളും ഉപരോധം.

തുമ്പ - കോട്ടയ്ക്ക് പുറത്ത് ശത്രുവുമായി ഏറ്റുമുട്ടുന്നത്.

വാക - യുദ്ധവിജയം.

പാടാൺ - ദേവസ്തുതി, രാജപ്രശംസ.

കാഞ്ചി - ഭൗതിക ജീവിതത്തിന്റെ നശ്വരത

(വരദരാജൻ, മു. 2000:35)

രാമചരിതാരംഭത്തിൽ ആഖ്യാതാവിന് സ്ഥാന മാറ്റം വരുന്നു.

'.......വായുതനയൻ

കോടിലാമതിയൊടു തിരൈയാഴി കട-

മ്മാഴനീൾ മിഴിയെ മൈതിലിയെ നേടിയോരിരാ-

മാല് പൂനൈന്തമയുരൈപ്പതിനപ്പരിപ്പമെങ്കളാൽ' (1.10)

അക്കാലത്ത് ഹനുമാൻ കേടില്ലാത്ത ബുദ്ധിയോടുകൂടി തിരയാഴി കടന്ന് ഭംഗിയുള്ള നീണ്ട മിഴികളോടു കൂടിയ മൈഥിലിയെ അന്വേഷിച്ച് രാത്രിയുണ്ടായ സന്താപം

വർണിക്കുവാൻ എനിക്ക് പ്രയാസമാണ്. (കൃഷ്ണൻ നായർ, പി. വി.1979:71) കർതൃസ്ഥാനം രചയിതാവിൽനിന്ന് ഹനുമാനിലേക്ക് കൈമാറുന്ന പാട്ട് മറ്റൊരു ധർമവും നിർവഹിക്കുന്നുണ്ട്. അതിലൂടെ രാമായണകഥയുടെ പൂർവ്വഭാഗം വിട്ട് ലക്ഷ്യപാഠമായ യുദ്ധ സന്നാഹത്തിലേക്ക് നേരിട്ട് പ്രവേശിക്കാ നാകുന്നു. തുടർന്നുള്ള പാട്ടിൽ സീതയുടെ നേർക്കുള്ള രാവണന്റെ ഭർത്സനം, സുഗ്രീവന്റെ ആക്രമണോത്സുകത, രാമന്റെ സംയമനം എന്നിവയെല്ലാം വീരത്തിന് അനുപാകമായി അണിനിര ക്കുന്നു.

പുറം കവിതകളുടെ ആഖ്യാനസ്ഥാനങ്ങൾ, സാങ്കേതികത, ആലങ്കാരികത, വർണ്ണന തുടങ്ങിയ കവിമര്യാദകൾ രാമചരിതവും ദീ ക്ഷിക്കുന്നുണ്ട്. ഹനുമാന്റെ സീതാദർശന വിവരണത്തിന് ശേഷമുള്ള പാടലുകൾ വഞ്ചിത്തിണയുടെ സ്വഭാവമുള്ളതാണ്. സമുദ്രലംഘന ത്തിനായുള്ള ഉദ്യമം ഒന്നു മുതൽ എട്ടാം വൃത്തം വരെ നാല് ദിവസങ്ങളിലായി 100 യോജന ചിറ കിട്ടുന്നത് വരെയുള്ള ഭാഗം വഞ്ചിത്തിണയിലെ നാട് പിടിച്ചടക്കാനുള്ള ഉദ്യമത്തെ ഓർമിപ്പിക്കുന്നു. കടൽ കടന്നെ ത്തിയ കടൽപ്പോലെ വാനരസേന ലങ്കയിൽ അണിനിരക്കുന്നത് ഉഴിഞ്ഞയുടെ സ്വഭാവമുള്ളതാണ്. (പത്താം വൃത്തം മുതൽ പതിമൂന്നാം വൃത്തം വരെ) (പതിനഞ്ചാം വൃത്തം മുതൽ 155 ആം വൃത്തം വരെ) 140 വൃത്തങ്ങളിലായി നീളുന്ന യുദ്ധവർണ്ണനം ഇവയിൽ പെടുന്നു. രാവണവധത്തെ തുടർന്നുള്ള യുദ്ധവിജയം, വാടകത്തിണയിൽ ഉള്ളതാണ്. ഇതിനിടയിൽ ശൂർപ്പണഖാ വൃത്താന്തവും ഉണ്ട്. (112 ആം വൃത്തം മുതൽ 155 ആം വൃത്തം വരെ) പാടാൺ തിണയി ലേതുപോലെ ദേവസ്തുതിയും രാജസ്തുതിയും ചൊരിയുന്ന നിർവ്വഹണ സന്ധിയിലാണ് രാമചരിതവും കലാശിക്കുന്നത്. പുറം കവിതാഖ്യാനത്തിന്റെ കീഴ്വഴക്കങ്ങൾ രാമചരിതം ആവർത്തിക്കുന്നു. അതാവട്ടെ വർണ്ണന, രസവൈവിധ്യം, അലങ്കാരങ്ങൾ തുടങ്ങിയ സാഹിത്യ സങ്കേതങ്ങളിൽ മാത്രമായി പരിമിതപ്പെടുന്നതല്ല. കഥാപാത്രങ്ങൾ നിയോഗമനുസരിച്ച് പെരുമാറുകയും കൃത്യനിർവഹണത്തോടെ പിന്മാറുകയും

ചെയ്യുന്ന പൗരാണികമായ ഏകസ്വരത ചിലയിട ങ്ങളിലെങ്കിലും രാമചരിതാഖ്യാ നത്തിൽ ഭഞ്ജിക്കപ്പെടുന്നുണ്ട്.

സ്ത്രൈണസ്വത്വത്തിന്റെ വിഭിന്ന മാതൃകകളാണ് സീതയും മണ്ഡോദരിയും ശൂർപ്പണഖയും പ്രതിനിധീകരിക്കുന്നത്. യുദ്ധാനന്തരം സീതയോടുള്ള രാമന്റെ പ്രതികരണവും സീത 'ശുദ്ധി' തെളിയിക്കുന്നതുമായ സന്ദർഭം വാല്മീകിരാമായണ ത്തോട് ചേർന്നു പോകുന്നതാണ്. ആഖ്യാനത്തിന്റെ നിർവഹണ സന്ധിയെന്ന് തോന്നിപ്പിക്കുന്ന സന്ദർഭത്തിൽ വീണ്ടും പൂർവസംഭവവിവരണം 128-ലെ വൃത്തം മുതൽ കാണാനാകും. ഇവയുടെ ആഖ്യാതാവായ ഹനുമാനാണ് രാമായണകഥയുടെ സംഗ്രഹഭാഷണം നടത്തുന്നത്. ലങ്കയിൽ നിന്ന് അയോധ്യ യിലേക്ക് തിരിക്കാൻ തയ്യാറാവുന്നതാണ് സന്ദർഭം. സഹോദരൻ ഭരതന്റെ നിലപാട് എന്താണെന്നറിയാൻ നന്ദിഗ്രാമത്തിലേക്ക് പോകുന്ന ഹനുമാൻ അയോധ്യാകാണ്ഡം മുതൽ രാവണവധം വരെയുള്ള വാർത്തകൾ വിവരിക്കുന്നുണ്ട്. ചില ഭാഗങ്ങൾ ആവർത്തിക്കുന്നു എന്നതും ശ്രദ്ധേയമാണ്. വരമൊഴിയിൽ വിഭാവനം ചെയ്തപ്പോഴും ശ്രവ്യസാഹിത്യമായി രൂപാന്തരണം നടത്താനുള്ള ആർജവം 'കർത്താവ്' മറന്ന് പോവുന്നില്ല. പൂർവ്വവൃത്താന്തം ആവർത്തിക്കുന്നതും നികഴ്ത്തുപാട്ടുകളിലെ വിട്ടുപോയ കണ്ണികൾ പൂരിപ്പിക്കുന്നതും രാമചരിതത്തിന്റെ സാധ്യതയാണ്.

'രാമചരിതം' ഒറ്റപ്പെട്ട സംരംഭമല്ലെന്ന് മഹാകവി ഉള്ളൂർ ഉൾപ്പെടെയുള്ള സാഹിത്യചരിത്ര രചയിതാക്കൾ കരുതുന്നു. ഉള്ളൂർ സമാഹരിച്ച ആട്ടപ്രകാരം, യാത്രക്കളി, ഭദ്രകാളിപ്പാട്ട് എന്നിവ ഇതിന് ഉദാഹരണമാണ്. 'ലീലാതിലക'ത്തിലെ പാട്ടിന്റെ വിശേഷണങ്ങൾക്ക് യുക്തമാകുന്നത് 'രാമചരിതം' മാത്രല്ലെന്ന് വ്യക്തം. സാഹിത്യ പ്രസ്ഥാനമായി അവതരിപ്പിക്കാവുന്ന ജനകീയത അക്കാലത്തെ പാട്ടുകൾക്കുണ്ടെന്ന സൂചനയാണിത് നൽകുന്നത്.

## ഗ്രന്ഥസൂചിക

1. അയ്യപ്പപ്പണിക്കർ. 1999. ഇന്ത്യൻ സാഹിത്യസിദ്ധാന്തം: പ്രസക്തിയും സാധ്യതയും. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
2. കൃഷ്ണൻ നായർ, പി. വി. 1979. പഠനം, വ്യാഖ്യാനം.രാമചരിതം. തൃശൂർ : കേരള സാഹിത്യ അക്കാദമി
3. നാരായണൻകുട്ടി, മേലങ്ങത്ത്. ചെന്തമിഴ് മുത്തുകൾ. കോട്ടയം:എസ്. പി. സി. എസ്.
4. നാരായണൻകുട്ടി മേലങ്ങത്ത്. 2013. സംഘ സാഹിത്യ ചരിത്രം. തിരുവനന്തപുരം : കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്.
5. പരമേശ്വരയ്യർ, ഉള്ളൂർ. എസ്. 1990. കേരളസാഹിത്യചരിത്രം. തിരുവനന്തപുരം : കേരള സർവകലാശാല.
6. മീനാക്ഷി സുന്ദരൻ. 1974. തമിഴ് സാഹിത്യ ചരിത്രം. വിവ. മൃദുല, വാസന്തി. തിരുവനന്തപുരം:കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
7. വരദരാജൻ, മു. 2000. തമിഴ് സാഹിത്യ ചരിത്രം. പരിഭാഷ. മേലങ്ങത്ത് നാരായണൻകുട്ടി. ഡൽഹി: സാഹിത്യഅക്കാദമി.

**പി. എസ്. രാധാകൃഷ്ണൻ**
പ്രൊഫസർ
സ്കൂൾ ഓഫ് ലെറ്റേഴ്സ്
മഹാത്മാഗാന്ധി സർവ്വകലാശാല,
കോട്ടയം.

# പാഠസംപ്രേഷണവും പാഠവ്യതിയാനങ്ങളും ഹസ്ത ലിഖിത വിജ്ഞാനീയത്തിൽ

**ഡോ. ആർ.ബി. ശ്രീകല**


***സംഗ്രഹം***

*പാഠവിമർശനമെന്ന വൈജ്ഞാനികശാഖയുടെ അടിത്തറതന്നെ പാഠവ്യതിയാനങ്ങളാണ്. പാഠവ്യതിയാനങ്ങൾ എങ്ങനെയുണ്ടാകുന്നു, ഏതെല്ലാം തരത്തിലാണ് പാഠവ്യതിയാനങ്ങളുള്ളത് എന്നീ കാര്യങ്ങൾ പാഠവിമർശകർ മനസ്സിലാക്കേണ്ടതുണ്ട്. ലഭ്യമായ പകർപ്പുകളിൽ നിന്ന് കാലപ്പഴക്കം കൂടിയ ഒന്നിനെ ആധാരപാഠമായി സങ്കല്പിച്ചുകൊണ്ടാണ് പാഠവിമർശനപദ്ധതി ആരംഭിക്കുന്നത്. പാഠസംപ്രേഷണമെന്നത് വാമൊഴിപാഠങ്ങളുടെ കാലംമുതലേ ഉള്ള പ്രക്രിയയാണ്. പാഠസംപ്രേ ഷണവും പാഠവ്യതിയാനങ്ങളും ഹസ്തലിഖിതഗ്രന്ഥങ്ങളുടെ സംശോ ധിതപാഠം തയ്യാറാക്കുന്നതിൽ അടിസ്ഥാനമാക്കേണ്ട പ്രധാന വസ്തുത കളാണ്.*



***താക്കോൽവാക്കുകൾ***

*പാഠവിമർശനം, സംശോധിതപാഠം, ഹസ്തലിഖിതവിജ്ഞാനീയം, പാഠസംപ്രേഷണം, ലംബസംപ്രേഷണം, പാർശ്വസംപ്രേഷണം, പാഠവ്യതിയാനങ്ങൾ, സ്കോളിയ, ഹാപ്ലോളജി, ഡിറ്റോഗ്രാഫി, പകർപ്പുപിഴകൾ*


**ആമുഖം**

ഒരു പാഠം പകർപ്പുകളിലൂടെ പുനർനിർമ്മിക്കപ്പെട്ട് കാല ത്തിലൂടെ തുടർച്ച സാദ്ധ്യമാകുന്നതിനെയാണ് പാഠസംപ്രേഷണം എന്നു വിളിക്കുന്നത്. പകർപ്പ് എടുക്കുന്ന സാഹചര്യങ്ങൾ ആസ്പ ദമാക്കി രണ്ടു തരത്തിലുള്ള സംപ്രേഷണങ്ങളെ വേർതിരിച്ചു കാണാം. അംഗീകൃത സംപ്രേഷണം അഥവാ സംരക്ഷിത സംപ്രേ

ഷണം (Licenced or protected) ആണ് ആദ്യത്തേത്. ഇവിടെ ഒരു പ്രത്യേക പാഠത്തെ മാനകമായി അംഗീകരിച്ചുകൊണ്ട് അതിൽ നിന്നുമാത്രം പകർപ്പുകൾ എടുക്കുന്നു. അല്ലെങ്കിൽ പകർപ്പുകളെ മാനക പാഠവുമായി താരതമ്യം ചെയ്ത് തിരുത്തുന്നു. രചയിതാവ് തന്നെയോ അല്ലെങ്കിൽ മൂലപാഠം നന്നായി അറിയാവുന്ന ഒരു പണ്ഡിതനോ പകർപ്പു പ്രക്രിയയ്ക്കു മേൽനോട്ടം വഹിക്കുന്ന രീതിയും അവലംബിക്കാറുണ്ട്. ആധാരപാഠം മാറ്റങ്ങളില്ലാതെ നിലനിർത്താനുള്ള ഒരു സംവിധാനം ഇവിടെ പ്രവർത്തിക്കുന്നു. വിശുദ്ധ ഗ്രന്ഥങ്ങളായി കണക്കാക്കപ്പെടുന്ന പാഠങ്ങളുടെ കാര്യത്തിലാണ് സംരക്ഷിത സംപ്രേഷണം പൊതുവേ കണ്ടുവരുന്നത്. ഋഗ്വേദം വാമൊഴി പാഠമായി കൈമാറിയിരുന്ന കാലഘട്ടത്തിൽത്തന്നെ ഈ വ്യവസ്ഥ നിലനിന്നിരുന്നതായി നമുക്കറിയാം. ജൈനമത പാഠങ്ങളായ ധവളാ, ജയധവളാ, മഹാധവളാ എന്നിവയുടെ മാനവ പകർപ്പുകൾ മൂഡബിദ്രിയിലെ ജൈനമഠത്തിൽ ആധുനിക കാലത്തുപോലും സംരക്ഷിച്ചിരിക്കുന്നത് എസ്. എം കത്രേ ചൂണ്ടിക്കാണിക്കുന്നു. (S.M. Katre, Introduction to Indian Textual Criticism, P 30) പുരാതനകാലത്ത് പല പാഠങ്ങളുടെ കാര്യത്തിലും സംരക്ഷിത സംപ്രേഷണം എന്നത് നിർബന്ധിതമായിരുന്നെങ്കിലും, പിന്നീട് ഈ പാരമ്പര്യം ക്ഷയിച്ചു പോവുകയും ഒരു മാനകവുമായി ഒത്തു നോക്കാതെ പകർപ്പുകളിൽ നിന്ന് പല തവണ പകർപ്പ് എടുക്കുന്ന രീതി വ്യാപകമാവുകയും ചെയ്തു. മാനകം ഇല്ലാതെയും, വിദഗ്ദ്ധരുടെ പരിശോധന ഇല്ലാതെയും പാഠങ്ങൾക്ക് പകർപ്പു നിർമ്മിക്കുന്ന ഈ രീതിയെ അനിയന്ത്രിത സംപ്രേഷണം അല്ലെങ്കിൽ അരക്ഷിത സംപ്രേഷണം (Unprotected transmission) എന്നു വിളിക്കുന്നു. ലഭ്യമായ താളിയോലപ്പുസ്തകങ്ങളിൽ ബഹുഭൂരിപക്ഷവും ഇങ്ങനെ ഉണ്ടായതാണ്. പലതരത്തിലുള്ള പാഠസംപ്രേഷണങ്ങളും പാഠവ്യതിയാനങ്ങളും വ്യതിയാന കാരണങ്ങളുമാണ് ഈ പ്രബന്ധത്തിൽ പഠനവിധേയമാക്കുന്നത്.

**ലംബ സംപ്രേഷണവും പാർശ്വസംപ്രേഷണവും**

രണ്ടു തരത്തിലുള്ള പാഠസംപ്രേഷണം പാഠസംശോധനത്തിൽ വേർതിരിച്ചു കാണിക്കാറുണ്ട്; ലംബ സംപ്രേഷണം / അടഞ്ഞസംപ്രേഷണം (Vertical/ Closed Transmission) പാർശ്വ സംപ്രേഷണം/തുറന്ന സംപ്രേഷണം (Horizontal/Open Transmission) എന്നിങ്ങനെ. ഒരു മൂലപാഠത്തിന്റെ പകർപ്പിൽ നിന്ന് മറ്റൊരു പകർപ്പ് എടുക്കുകയും അതിൽ നിന്ന് വീണ്ടും ഒരെണ്ണം പകർത്തുകയും അത് വീണ്ടും മറ്റൊരു പകർപ്പിന്റെ ആധാരമായി വർത്തിക്കുകയും ചെയ്യുക എന്ന രീതിയിൽ തുടരുന്ന പാഠസംപ്രേഷണത്തെയാണ് ലംബ സംപ്രേഷണം എന്നു വിളിക്കുന്നത്. വ്യത്യസ്ത കാലങ്ങളിൽ വ്യത്യസ്ത പകർപ്പെഴുത്തുകാർ നിർമ്മിക്കുന്ന പകർപ്പുകളിൽ കൂടുതൽ കൂടുതൽ പകർപ്പുപിഴകൾ കടന്നുകൂടുന്നെങ്കിൽപ്പോലും പകർപ്പുകളെല്ലാം മൂലപാഠവുമായുള്ള ബന്ധം നിലനിർത്തുന്നു. ഓരോ പകർത്തിയെഴുത്തുകാരനും വരുത്തിയ പകർപ്പുപിഴകൾ വേർതിരിച്ചറിയുന്നതും അവ നീക്കം ചെയ്ത് മൂലപാഠം നിർണയിക്കുന്നതും ലംബസംപ്രേഷണ പാഠങ്ങളുടെ കാര്യത്തിൽ താരതമ്യേന എളുപ്പമാണ്. എന്നാൽ പാർശ്വസംപ്രേഷണത്തിൽ ആലേഖകർ ഒന്നിലധികം പാഠങ്ങളിലെ പാഠഭേദങ്ങൾ കലർത്തി പകർപ്പു നിർമ്മിക്കുകയോ (അതായത്, ഒന്നിലധികം ആധാരപാഠങ്ങൾ ഉപയോഗിക്കുന്നു) ഒന്നിലധികം ആധാരപാഠങ്ങളെ ആശ്രയിച്ചു തയ്യാറാക്കിയ ഒരു പാഠത്തെ ആധാരപാഠമായി ഉപയോഗിക്കുകയോ ചെയ്യുന്നു. ഇവിടെ പാഠസംപ്രേഷണത്തിന്റെ വിവിധ ശാഖകൾ തമ്മിൽ കലരുന്നു. ഈ രണ്ടു തരത്തിലുള്ള പാഠസംപ്രേഷണങ്ങൾ രേഖാചിത്രത്തിലൂടെ അവതരിപ്പിച്ചിരിക്കുന്നത് നോക്കുക.

ലംബസംപ്രേഷണവും പാർശ്വസംപ്രേഷണവും

മൂലപാഠം

പകർപ്പ് ക      പകർപ്പ് ഖ

പകർപ്പ് ഗ      പകർപ്പ് ഘ

| | |
|---|---|
| പകർപ്പ് ക 1 | പകർപ്പ് ഖ 1 |
| പകർപ്പ് ഘ 1 | പകർപ്പ് ക 2 |
| പകർപ്പ് ഖഗഘ 1 | പകർപ്പ് ഘഗഘ 2 |

മൂലപാഠത്തിൽ നിന്ന് നേരിട്ടു പകർത്തിയ നാലു പാഠങ്ങളിൽ ക എന്ന പകർപ്പിൽ നിന്ന് വീണ്ടും പകർത്തിയതാണ് ക1. അതിൽ നിന്ന് ക2 പകർത്തപ്പെട്ടു. ക, ക1, ക2 എന്നീ പകർപ്പുകൾക്ക് ഒരു തുടർച്ചയുണ്ട്. പകർത്തിയെഴുത്തുകാർ ഓരോ പകർപ്പിലും കൂടുതൽ പകർപ്പുപിഴകൾ ചേർക്കുന്നുണ്ടെങ്കിൽപ്പോലും മൂലപാഠത്തിന്റെ കാതൽ നിലനിർത്തുന്നു. ഓരോ തലമുറയിലെയും പകർപ്പുപിഴകൾ താരതമ്യം ചെയ്ത് മൂലപാഠം നിർണ്ണയിക്കുക ഇവിടെ കൂടുതൽ എളുപ്പമാണ്, പ്രത്യേകിച്ചും എല്ലാ ആധാരപാഠങ്ങളും ലഭ്യമാണെങ്കിൽപ്പോലും. എന്നാൽ പല ആധാരപാഠങ്ങൾ ഉപയോഗിച്ചുകൊണ്ട് പകർപ്പു നിർമ്മിക്കുന്ന പാർശ്വസംപ്രേഷണത്തിൽ പാഠസംപ്രേഷണം വളരെ സങ്കീർണ്ണമാകുന്നു. എല്ലാ ആധാരപാഠങ്ങളും ലഭ്യമാണെങ്കിൽപ്പോലും പകർപ്പുപിഴകളുടെ സ്രോതസ്സ് കണ്ടെത്തുക വളരെ ശ്രമകരമാണ്. ക, > ക1>, ക2, ഖ > ഖ1, ഘ > ഘ 1 എന്നിവ ലംബസംപ്രേഷണവും, ഖ1ഗഘ1>ഖഗഘ>, ഖഗഘ1>ഖഗഘ2 എന്നിവ പാർശ്വസംപ്രേഷണവുമാണ്.

**ശാഖാചിത്രം**

പാഠങ്ങളുടെ സംപ്രേഷണ ചരിത്രം രേഖപ്പെടുത്തുന്നതിന് പാഠവിമർശനത്തിൽ ശാഖാചിത്രം (Stemmata) ആണ് ഉപയോഗിക്കുന്നത്. ജന്തുക്കളുടെയും സസ്യങ്ങളുടെയും വംശബന്ധങ്ങൾ സൂചിപ്പിക്കുന്നതിന് ജീവശാസ്ത്രത്തിൽ ഉപയോഗിക്കുന്ന ചിത്രങ്ങളിൽ നിന്നാണ് ശാഖാചിത്രമാതൃക പാഠവിമർശത്തിലേക്ക് കടന്നുവന്നിരിക്കുന്നത്. പാഠങ്ങളുടെ തലമുറകൾ (ജന്യ-ജനക ബന്ധം), ഓരോ തലമുറയിലെയും അംഗങ്ങൾ തമ്മിലുള്ള ബന്ധം (സഹോദര ബന്ധം) എന്നിവയാണ് ഇത്തരം ശാഖാചിത്രങ്ങളിൽ നിന്ന് വ്യക്തമാകുന്നത്. ശാഖാചിത്രങ്ങൾ പാഠവിമർശകരുടെ ഒരു പ്രധാന ഉപകരണമാണ്. വളരെ പഴക്കമുള്ള ഹസ്തലിഖിത പാഠ

ങ്ങളിൽ ലഭ്യമായ കൃതികളെ സംബന്ധിച്ചിടത്തോളം വളരെ വൈവിധ്യമുള്ളതും സങ്കീർണ്ണമായതുമായ വംശാവലീബന്ധങ്ങൾ ഉണ്ടാകാം.

**പാഠവ്യതിയാനങ്ങളും കാരണങ്ങളും**

പാഠവിമർശനം എന്ന വൈജ്ഞാനിക ശാഖയുടെ അടിത്ത റതന്നെ പാഠവ്യതിയാനങ്ങളാണ്. അവ എങ്ങനെ ഉണ്ടാകുന്ന എന്നും എന്തൊക്കെ തരം പാഠവ്യതിയാനങ്ങളുണ്ട് എന്നും പാഠ വിമർശകർ മനസ്സിലാക്കിയിരിക്കണം. പാശ്ചാത്യ പാഠസംശോധന പണ്ഡിതനായ എം. എൽ വെസ്റ്റ് പാഠവ്യതിയാനങ്ങൾ എന്തു കൊണ്ട് ഉണ്ടാകുന്നു എന്നതിനെക്കുറിച്ച് വിശദമായി ചർച്ച ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ ആശയങ്ങൾ ഇവിടെ ചുരുക്കിപ്പറ യാം.

പാഠവ്യതിയാനത്തിന്റെ പ്രഥമകാരണം രചയിതാവുതന്നെ തന്റെപാഠം പലപ്പോഴായി പരിഷ്കരിക്കുന്നു എന്നതാണ്. ഇതിന്റെ പ്രാചീനമായ ഒരു ഉദാഹരണം തന്നെ നമ്മുടെ മുന്നിലുണ്ട്. വിഖ്യാത ഗ്രീക്ക് നാടകകൃത്തായ അരിസ്റ്റോഫേൻസ് (c 446- c 386 BC) തന്റെ ഏറ്റവും പ്രശസ്ത നാടകമായ (Nephelai clouds) പിന്നീട് പരിഷകരിച്ചെഴുതിയതായി രേഖകളുണ്ട് (M L West, Textual Criticism and Editorial Technique applicable to Greek and Latin texts P. 15) ഹെല്ലിനിക് കാലം വരെയും മൂലപാഠവും പരിഷ്കരിച്ച പാഠവും നിലനിന്നിരുന്നു. ഇപ്പോൾ പരിഷകരിച്ച പാഠം മാത്രമാണ് നിലനിൽക്കുന്നത്. ഭവഭൂതി തന്റെ കൃതിയിൽ പരിഷ്കരണങ്ങൾ നടത്തിയിരുന്നതിന്റെ തെളിവുകൾ പാഠവ്യതി യാനങ്ങളിൽ കാണാമെന്ന് മാലതീമാധവന്റെ ലഭ്യമായ പകർപ്പുക ളെല്ലാം പരിശോധിച്ച വിശ്രുത പണ്ഡിതനായ ആർ. ജി. ഭണ്ഡാർക്കർ ചൂണ്ടിക്കാണിച്ചിരിക്കുന്നു. (S.M. Katre, Introduction to Indian Textual Criticism P.26) ആധുനിക കാലത്തെ പല കൃതികളുടെയും അച്ചടിപ്പതിപ്പുകളിൽ ഗ്രന്ഥ കർത്താക്കൾ ചെറുതും വലുതുമായ പരിഷ്കരണങ്ങളും തിരു

ത്തലും നടത്തിയതായി നമുക്ക് കാണാൻ കഴിയും. താളിയോലക ളുടെ കാലത്ത് ഇത്തരം പരിഷ്കരണങ്ങൾ പാഠഭേദങ്ങളായി മാറു കയും വ്യത്യസ്ത പാഠങ്ങൾ പല പകർപ്പുകളിലൂടെ വ്യാപിക്കു കയും ചെയ്യുന്നു.

രചയിതാവു മാത്രമല്ല. മറ്റുള്ളവരും ചില പാഠങ്ങളിൽ മാറ്റം വരുത്താറുണ്ട്. ഇത്തരം മാറ്റങ്ങൾ ഏറ്റവും കടന്നുവരുന്നത് നാടക ങ്ങളിലാണ്. നടീനടന്മാർ തങ്ങളുടെ ഇഷ്ടാനുസരണവും തങ്ങ ളുടെ ഭാവനയ്ക്കനുസൃതമായും പാഠത്തെ പരിഷ്കരിക്കുന്നു. ചില വാക്കുകളും ചില ഭാഗങ്ങളും വിട്ടുകളയുകയും ചിലവ കൂട്ടി ചേർക്കുകയും ചെയ്യുന്നു. പല വാക്കുകൾക്ക് പകരം വാക്കുകൾ ചേർക്കുകയും അർത്ഥം മാറ്റുകയും ചെയ്യുന്നു. വ്യാകരണരൂപ ത്തിനും മാറ്റം വരുത്താം. ഇത്തരം പരിഷ്കരണങ്ങൾ ക്രമേണ ചില പാഠപ്പകർപ്പുകളിൽ കടന്നു കൂടുന്നു.

വിശുദ്ധമതപാഠങ്ങൾ, സാഹിത്യകൃതികൾ എന്നിവ പോലെ മാറ്റമില്ലാതെ സംരക്ഷിക്കേണ്ടവയായി എല്ലാ പാഠങ്ങ ളെയും കണ്ടിരുന്നില്ല. എന്നു മാത്രമല്ല ചില തരം പാഠങ്ങൾ സ്ഥിര മായി പരിഷ്കരിക്കുക എന്നതാണ് പല സമൂഹങ്ങളിലും നിലനി ന്നിരുന്ന സമീപനം. വ്യാഖ്യാനങ്ങൾ, പദകോശങ്ങൾ, നിഘണ്ടു ക്കൾ എന്നിവ ഈ ഗണത്തിൽ വരുന്നു. ഇവ നിരന്തരമായി പരി ഷ്കരണത്തിനും മാറ്റത്തിനും വിധേയമാകുന്നു. ഉദാഹരണമായി ഒരു നിഘണ്ടു പകർത്തിയെഴുതുന്ന വ്യക്തിക്ക് ഒരു വാക്കിന് നൽകിയിരിക്കുന്ന അർത്ഥം തെറ്റാണെന്നു തോന്നുകയോ കൂടു തൽ അർത്ഥങ്ങൾ ഉണ്ടെന്നു തോന്നുകയോ ചെയ്താൽ അത്തരം മാറ്റങ്ങൾ വരുത്തുക സാധാരണമാണ്. മാറ്റങ്ങൾക്ക് സാധ്യത യുള്ള മറ്റൊരു പാഠഘടകമാണ് ഉദ്ധരണികൾ. രണ്ടോ നാലോ വരികൾ ഉദ്ധരിക്കുന്നതിനായി മൂലകൃതി തേടിപ്പിടിച്ച് കൃത്യമായി പാഠഭാഗം എഴുതിയെടുക്കുന്നതിനു പകരം ആലേഖകർ തങ്ങ ളുടെ ഓർമ്മയെ ആശ്രയിക്കുന്നു. ഇത് പലവിധമായ മാറ്റങ്ങൾക്കു വഴിവെയ്ക്കുന്നു.

സാമൂഹിക - സാംസ്ക്കാരിക കാരണങ്ങളാൽ പാഠഭാഗ ങ്ങളും പദങ്ങളും ഒഴിവാക്കുകയോ മാറ്റിയെഴുതുകയോ ചെയ്യു

ന്നതും പാഠവ്യതിയാനങ്ങൾക്കു കാരണമാകാറുണ്ട്. അശ്ലീലമായി കരുതപ്പെടുന്ന പദങ്ങൾ ഒഴിവാക്കുകയോ ശ്ലീലരൂപങ്ങളായി മാറ്റിയെഴുതുകയോ ചെയ്യാറുണ്ട്. കുഞ്ചൻനമ്പ്യാർകൃതികൾ ഇത്തരം എഡിറ്റിങ്ങിനു വിധേയമായിട്ടുണ്ട്. ഹെറോഡോട്ടസിന്റെ കൃതികൾ പകർത്തിയവർ അശ്ലീലമായി വിലയിരുത്തപ്പെട്ട പദങ്ങൾ ഒതുക്കിപ്പറയാൻ ശ്രമിക്കുകയും അമ്മയുടെ പ്രേരണയിൽ പിതാവിന്റെ വെപ്പാട്ടിയെ താൻ വശീകരിച്ചു എന്ന് ഫിനിക്സ് തുറന്നുപറയുന്നതിലൂടെ സദാചാരപരമായ ആഘാതം അനുഭവിച്ചതിനാൽ ആ ഭാഗം തിരുത്തിയെഴുതുകയും ചെയ്തത് വെസ്റ്റ് ഉദാഹരിക്കുന്നുണ്ട്.

ആലേഖകർ മാത്രമായിരിക്കണമെന്നില്ല. പാഠവ്യതിയാനങ്ങൾ സൃഷ്ടിക്കുന്നത്. ചില പാഠങ്ങൾ ശുദ്ധീകരിക്കാനും പരിഷ്കരിക്കാനുമുള്ള ബോധപൂർവ്വമായ ശ്രമങ്ങളും നടക്കാറുണ്ട്. കർതൃപാഠവും മൂലപാഠവുമായി താരതമ്യം ചെയ്ത് തിരുത്തുന്ന രീതിയാണെങ്കിൽ പാഠഭേദങ്ങളും സ്ഖലിതങ്ങളും കുറവായിരിക്കും. എന്നാൽ പലപ്പോഴും ഭരണാധികാരികളും മറ്റും അവർക്ക് വിശ്വാസമുള്ള പണ്ഡിതരെ പാഠം ശുദ്ധീകരിക്കാൻ നിയോഗിക്കുന്നു. മൂലപാഠത്തെക്കുറിച്ചുള്ള പരിമിതമായ ധാരണകളുടെയും ഭാഷ, വ്യാകരണം, ശൈലി എന്നിവയെക്കുറിച്ചുള്ള വ്യക്തിനിഷ്ഠമായ നിലപാടുകളുടെയും അടിസ്ഥാനത്തിൽ തങ്ങളുടെ ഭാവനയനുസരിച്ച് അവർ പാഠങ്ങൾ തിരുത്തുകയും പരിഷ്കരിക്കുകയും ചെയ്യുമ്പോൾ വിനാശകരമായ വ്യതിയാനങ്ങൾ ഉണ്ടാകുന്നു. ഭരണാധികാരിയുടെ അംഗീകാരമുള്ള പതിപ്പായതിനാൽ ഇത് മാനകപാഠമായി സ്വീകരിക്കപ്പെടുകയും, കർതൃപാഠത്തെ പുറന്തള്ളി ഈ പാഠം വ്യാപകമായി സ്വീകരിക്കപ്പെടുകയും ചെയ്യുന്നു. ചന്ദ്രോത്സവത്തിന്റെ കവനോദയം പതിപ്പിനെക്കുറിച്ച് ഇളംകുളം കുഞ്ഞൻപിള്ള നടത്തിയിട്ടുള്ള പരമാർശം ഇവിടെ പ്രസക്തമാണ്. ‘‘ഇരുവനാട്ടു കെ. നാരായണൻ നമ്പ്യാരും കടത്തനാട്ടു കെ. കൃഷ്ണവാരിയരും കൂടി കടത്തനാട്ടു പോളാതിരി ഉദയവർമ്മത്തമ്പുരാന്റെ കൽപനപ്രകാരം ‘പരിശോധിച്ചു ശരിപ്പെടുത്തി’യതാണ് കവനോദയം പ്രസിദ്ധീകരണമെന്ന് അതിൽ നിന്നും മനസ്സിലാക്കാം. അവർ ചെയ്ത ഉപകാരത്തെ സ്മരിക്കുന്നതോടൊപ്പം ആ

ശരിപ്പെടുത്തൽ വളരെ അധികമായിപ്പോയെന്നു കൂടി പറയാതെ നിവൃത്തിയില്ല. 'ഇതി കമലിനി' (5-ാം ഭാഗം 48) 'വിരവോടതു കരേറി' (5-ാം ഭാഗം 23) തുടങ്ങിയ 'പരിഷ്കാരങ്ങൾ' എനിക്ക് ഏറെ സമയനഷ്ടം വരുത്തി. ഒടുവിലാണ് 'ഇതി'യും 'അതു'വും 'ഇത'യും 'അത'യും ആയിരിക്കുമെന്ന് മനസ്സിലായത്. ഇതാ, അതാ എന്ന് ഇപ്പോൾ പറയുന്നതിന്റെ സ്ഥാനത്ത് ഇത, അത എന്ന് ഹ്രസ്വമായിട്ടാണ് പണ്ട് ഉപയോഗിച്ചിരുന്നത്. ''(ചന്ദ്രോത്സവം പു 10) ഇത്തരം തിരുത്തലുകളും ശുദ്ധീകരണശ്രമങ്ങളും പല പാഠങ്ങളിലും പാഠവ്യതിയാനങ്ങൾക്കു കാരണമായിട്ടുണ്ട്.

ലിപിപരമായ മാറ്റങ്ങളാണ് പാഠവ്യതിയാനങ്ങളുടെ മറ്റൊരു കാരണം. പഴയ കൃതികൾ ആധുനിക ലിപിരീതികളിലേയ്ക്കും ലിപിവിന്യാസ വ്യവസ്ഥകളിലേക്കും മാറ്റിയെഴുതുന്നത് സർവസാധാരണമാണ്. പലപ്പോഴും ഇത് അനിവാര്യവുമാണ്. എന്നാൽ പല സന്ദർഭങ്ങളിലും ഇത് പാഠവ്യതിയാനത്തിനു കാരണമാകുന്നുണ്ട്. എല്ലോ, കുളൂർക്ക, കനക്ക, പവഴ, കനാവ് എന്നീ പഴയരൂപങ്ങൾ അല്ലോ, കുളുർക്കെ, കനക്കെ, പവിഴ, കിനാവ് എന്നിങ്ങനെ മാറിയത് ചന്ദ്രോത്സവത്തിന്റെ പകർപ്പുകളിൽ സൃഷ്ടിക്കുന്ന പ്രശ്നങ്ങൽ ഇളംകുളം പരമാർശിച്ചിരിക്കുന്നു (ചന്ദ്രോത്സവം, പുറം 10) അതുപോലെ പഴയമലയാളത്തിലെ 'ന്റ' രൂപങ്ങളെ 'ന്ന' ആക്കുന്ന പ്രവണതയും അദ്ദേഹം ഉദാഹരിച്ചിരിക്കുന്നു.

പ്രാദേശിക ഭേദങ്ങളെ മാനകഭാഷയിലേക്കോ, മാനക-സാഹിത്യ ഭാഷാരൂപങ്ങളെ പ്രാദേശിക ഭാഷയിലേക്കോ മാറ്റിയെഴുതാനുള്ള പ്രവണതയും പല ആലേഖകരും പ്രദർശിപ്പിക്കുന്നുണ്ട്. മഹാഭാരതം കിളിപ്പാട്ടിന്റെ ഒരു പതിപ്പിൽ സംസ്കൃത പദങ്ങളെ മലയാളമാക്കുന്ന ശൈലി പിൻതുടരുന്നത് വിജയപ്പൻ ചൂണ്ടിക്കാണിക്കുന്നു (വിജയപ്പൻ, പാഠവിമർശനം, പുറം 102) അണ്ഡം എന്നത് പനഞ്ഞി എന്നും, ധീവരകന്യക എന്നത് മുക്കോപ്പെണ്ണ് എന്നും ഇതിൽ മാറ്റപ്പെട്ടിരിക്കുന്നു.

ലിപികൾ/ ഭാഷ കലർത്തി എഴുതുന്നതും പാഠവ്യതിയാനങ്ങൾക്കു കാരണമാകാറുണ്ട്. കേരളത്തിൽ ശാസനകളുടെ ചില ഭാഗങ്ങൾ ദേവനാഗരിയിൽ എഴുതിയിരിക്കുക സാധാരണമാണ്.

പേരുകളും മറ്റും ഓരോ ലിപിക്കും പ്രകടിപ്പിക്കാവുന്ന വിധത്തിൽ എഴുതുമ്പോൾ ചില മാറ്റങ്ങൾ ഉണ്ടായേക്കാം. മലയാള ലിപിയിലെ ഴുതിയ പല താളിയോലകളിലും വട്ടെഴുത്തിൽ എഴുതിയ ഭാഗ ങ്ങൾ കാണാറുണ്ട്. ഇവയും പാഠവ്യതിയാനങ്ങൾക്ക് കാരണമാകാ റുണ്ട്. വട്ടെഴുത്ത് വേണ്ടത്ര പരിചയമില്ലാത്തവർ തെറ്റായി വായിച്ച് പകർത്തിയെഴുതുന്നതു കാരണം ഉണ്ടാകുന്ന പാഠവ്യതിയാനങ്ങൾ നിരവധിയാണ്.

## പാഠങ്ങളുടെ ഭൗതികാവസ്ഥയും പകർപ്പെഴുത്തുകാരന്റെ മാന സികാവസ്ഥയും

പകർപ്പുമാതൃകയുടെ ഭൗതികാവസ്ഥ വായനയെ സ്വാധീനി ക്കാറുണ്ട്. തെളിയാത്ത അക്ഷരങ്ങളോ പൊട്ടിപ്പോയ ഭാഗത്തെ വാക്കുകളോ സ്വന്തം ഭാവനയനുസരിച്ച് പകർപ്പെഴുത്തുകാർ വായിക്കുന്നത് സാധാരണമാണ്. പല ഭാഗങ്ങളും അടർന്നുപോ യതോ കാലപ്പഴക്കം കൊണ്ട് നിരവധി വാക്കുകളോ അക്ഷര ങ്ങളോ വ്യക്തമായിട്ടില്ലാത്തതോ ആയ പകർപ്പുമാതൃകകൾ കൂടു തൽ പാഠവ്യതിയാനങ്ങളുടെ പകർപ്പുകൾക്കു കാരണമാകുന്നു. പകർത്തിയെഴുത്തിൽ പ്രവർത്തിക്കുന്ന മനശ്ശാസത്രപരമായ മറ്റു ചില ഘടകങ്ങൾ പാഠവ്യതിയാനങ്ങൾ ഇടനൽകുന്നുണ്ട്. വായിച്ച പാഠഭാഗമോ വാക്കോ ഓർമയിൽ സൂക്ഷിക്കാനായി അവ ഉരുവിട്ടു കൊണ്ടിരിക്കുന്ന സ്വഭാവമാണ് ഇതിലൊന്ന്. ഉരുവിട്ടുകൊണ്ടിരി ക്കുന്ന വാക്ക് എഴുതുമ്പോൾ എന്തെങ്കിലും രീതിയിൽ സമാനമായ വാക്കായി മാറിപ്പോകാനുള്ള സാധ്യത ഏറെയാണ്. ഉച്ചാരണപര മായി സാമാനമായതോ അതേ അർത്ഥമുള്ളതോ ആയ വാക്കുക ളാണ് സാധാരണ പകരം  കടന്നുവരിക. പലവിധ മാനസിക ബന്ധങ്ങളും ഓരോ വ്യക്തിയിലും നിലനിൽക്കുന്നു. അവ ചില പ്പോൾ വാക്കുകൾ മാറ്റിയെഴുതുന്നതിനു കാരണമാകാറുണ്ട്. നേരത്തേ പല പ്രാവശ്യം എഴുതി മനസ്സിൽ പതിഞ്ഞുപോയ ഒരു വാക്ക് അതിനു  സമാനമായ മറ്റൊരു വാക്കിനു പകരം എഴുതി പ്പോകുന്നതും അപൂർവ്വമല്ല. വളരെ പ്രസിദ്ധരായ ചില എഴുത്തു കാരുടെ വരികൾ മനസ്സിൽ തങ്ങിനിൽക്കുന്നതിന്റെ സ്വാധീനത യിൽ വാക്കുകൾ മാറ്റിയെഴുതുന്നതാണ് മറ്റൊരുതരം പകർപ്പുപിഴ.

ഒരു ഈരടിയോ മറ്റോ ഓർമ്മയിൽ സൂക്ഷിച്ചുകൊണ്ട് പകർത്തുമ്പോൾ സംഭവിക്കുന്ന മറ്റൊരു പകർപ്പുപിഴയാണ് വാക്കുകളുടെ സ്ഥാനം മാറിപ്പോകൽ

പദക്രമം ലളിതീകരിക്കുക, അസാധാരണമായ ഒരു പദഘടന സാധാരണ രൂപത്തിലേയ്ക്ക് മാറ്റിയെഴുതുക, വായനക്കാരുടെ ഭാവനയ്ക്കു വിട്ടിരിക്കുന്ന വിവരങ്ങൾ വ്യക്തമായ പ്രസ്താവങ്ങളായി മാറ്റിയെഴുതുക എന്നിവ മറ്റു ചില പകർപ്പുപിഴകളാണ്.

പകർപ്പുമാതൃകയുടെ വശങ്ങളിൽ ഏതെങ്കിലും വായനക്കാർ തങ്ങൾക്കു മനസ്സിലാകാത്ത ഒരു വാക്കിന്റെ അർത്ഥമോ പര്യായമോ എഴുതിയിട്ടിരിക്കുന്നതും പകർത്തിയെഴുത്തിൽ കടന്നുകയറാറുണ്ട്. പാശ്ചാത്യ പാഠസംശോധനത്തിൽ വ്യാപകമായി കണ്ടുവരുന്ന ഒരു പ്രശ്നമാണ് ഇത്. ടരവീഹശമ എന്നറിയപ്പെടുന്ന ഇത്തരം കുറിപ്പുകൾ പാഠങ്ങളുടെ വശങ്ങളിൽ എഴുതിയിടുന്നത് അവിടെ സാധാരണമാണ്.

ഒരു പദത്തെ സമീപസ്ഥമായ മറ്റേതെങ്കിലും പദവുമായി ഭാഗികമായി സാമ്യമുള്ള രീതിയിൽ എഴുതുക, രണ്ടു ഭാഗങ്ങൾ സമാനരൂപമുള്ള പദങ്ങൾ ഒരു ഭാഗം മാത്രമുള്ളതായി ചുരുങ്ങിപ്പോവുക (Haplology), എഴുതിയ വാക്ക് അല്ലെങ്കിൽ പാഠഭാഗം ഭാഗികമായോ പൂർണമായോ ആവർത്തിക്കുക (dittography) എന്നിവയും പൊതുവെ കാണാറുള്ള പകർപ്പുപിഴകളാണ്.

താളിയോലകളിലെ പൊതുരീതി വാക്കുകൾ തമ്മിൽ വിഭജിക്കാതെ എഴുതുക എന്നതായിരുന്നു. പിൽക്കാലത്ത് അച്ചടിപ്പിക്കാനും മറ്റും പദവിഭജനത്തോടെയുള്ള പാഠങ്ങൾ തയ്യാറാക്കിത്തുടങ്ങിയപ്പോൾ, പകർത്തിയെഴുത്തുകാർ പദവിഭജനത്തിൽ പലപ്പോഴും പ്രശ്നങ്ങൾ ഉണ്ടാക്കിത്തുടങ്ങി. ഒരു പദത്തിന്റെ ആരംഭാക്ഷരത്തെ മറ്റൊരു പദത്തിന്റെ അവസാനാക്ഷരമായോ തിരിച്ചോ വായിക്കുന്ന തരം പകർപ്പുപിഴകൾ ഇങ്ങനെ ഉണ്ടായതാണ്.

**സഹായക ഗ്രന്ഥങ്ങൾ**

1. കുഞ്ഞൻപിള്ള ഇളംകുളം, *ചന്ദ്രോത്സവം (സവ്യാഖ്യാനം)*, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം (1962), 1985.
2. വിജയപ്പൻ പി.എം., *പാഠവിമർശനം,* പ്രസിദ്ധീകരണ വിഭാഗം, കാലിക്കറ്റ് സർവ്വകലാശാല, 2009.
3. Alessandro Bausi (Ed), *Comparative Oriental Manuscript Studies - An introduction*, COMSt (Comparative Orientla Manscript Studies), 2015.
4. Katre S.M., *Introduction to Indian Textual Criticism*, Karnataka Publishing House, Mumbai, 1954.
5. Shivaganesha Murthy R.S. *Contribution to the History of Indian Textual Criticism,* Mysore University Arts Journal, 1984.
6. West M L, *Textual Criticism and Editorial Technique applicable to Greek and Latin texts,* B.G. Teubner Stuttgart, 1973.

**ഡോ. ആർ.ബി. ശ്രീകല**
പ്രൊഫസർ & ഹെഡ്
ഓറിയന്റൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് &
മാനുസ്ക്രിപ്റ്റ്സ്
ലൈബ്രറി
കേരളസർവ്വകലാശാല, കാര്യവട്ടം
Ph: 9495700985

# കണക്കതികാരം:
# ഒരു പ്രാചീന തമിഴ് ഗണിതഗ്രന്ഥം

**ഡോ. റ്റി.ജി. ശരച്ചന്ദ്രൻ**

**ആമുഖം**

*കണക്കതികാരം തമിഴിൽ എഴുതപ്പെട്ട ഒരു ഗണിതപുസ്തകമാണ്. 15–16 ശതകത്തിലാണ് ഇത് എഴുതിയതെന്നു കരുതുന്നു. കൊറുക്കൈയൂർ കാരിനായനാർ എന്നാണു ഗ്രന്ഥകർത്താവിന്റെ പേരു കൊടുത്തിരിക്കുന്നത്. 64 പദ്യങ്ങളിലായി ആറു ഭാഗങ്ങളായാണ് ഗ്രന്ഥം ചിട്ടപ്പെടുത്തിയിട്ടുള്ളത്. അടിസ്ഥാന അളവുകളെപ്പറ്റി സവിസ്തരം പ്രതിപാദിക്കുന്നതോടൊപ്പം മൃഗങ്ങളുടെ പ്രായം കണക്കാക്കുക, വിവിധ ആകൃതിയിലുള്ള ഭൂമിയുടെ പരപ്പളവു നിർണയിക്കുക തുടങ്ങിയ കാര്യങ്ങളും ഇതിൽ വിവരിക്കുന്നുണ്ട്. യുക്തിക്കു പ്രാധാന്യം നൽകുന്ന ചില പ്രശ്നങ്ങളും അവയുടെ പരിഹാരവുമാണ് ഇതിലെ മറ്റൊരു ആകർഷണം. ഇതിന്റെ ചുവടുപിടിച്ചാണ് മലയാളത്തിൽ 'കണക്കുസാരം' എന്ന ഗണിതഗ്രന്ഥം രചിച്ചത്.*

**താക്കോൽ വാക്കുകൾ**

*കണക്കുസാരം, ഗണിതം, മുത്തുക്കണക്ക്, എണ്ണക്കണക്ക്, വെള്ളരിക്കാകണക്ക്*

ഇതിന്റെ മലയാള പരിഭാഷ തിരുവനന്തപുരത്തെ മാനുസ്ക്രിപ്റ്റ് ലൈബ്രറിയിൽ ലഭ്യമാണ്. ഒരു ഇംഗ്ലീഷ് പരിഭാഷയും [1] പ്രസിദ്ധീകരിച്ചിട്ടുണ്ട്. കണക്കതികാരത്തിലെ ചില രസകരങ്ങളായ പ്രശ്നങ്ങൾ പരിചയപ്പെടുത്തുകയാണ് ഈ ലേഖനത്തിലൂടെ.

### 1. കളവുകണക്ക്

കളവുകണക്ക് എന്ന പേരിൽത്തന്നെ നിരവധി പ്രശ്നങ്ങൾ ഇതിൽ കൊടുത്തിട്ടുണ്ട്. ഒരിക്കൽ ഒരു കള്ളൻ ഒരു സഞ്ചി മോഷ്ടിച്ചു. അയാൾ അത് ഒരു ഒഴിഞ്ഞ സ്ഥലത്തുകൊണ്ടുപോയി അഴിച്ചുനോക്കിയപ്പോൾ അതിൽ മുത്തുകളാണെന്നു കണ്ടു. അപ്പോൾ അവിടേക്കു മറ്റൊരു കള്ളൻ വന്നു. തനിക്കും അതിന്റെ വീതം വേണമെന്നായി. മുത്തുകൾ രണ്ടുപേർക്കായി വീതിച്ചപ്പോൾ ഒരു മുത്തു മിച്ചം വന്നു. അപ്പോഴതാ മൂന്നാമതൊരു കള്ളനെത്തി. മൂന്നായി വീതിച്ചപ്പോഴും ഒന്നു മിച്ചം. കൂടുതൽ കള്ളന്മാരെത്തിക്കൊണ്ടിരുന്നു. നാലായും, അഞ്ചായും, ആറായും വീതിച്ചപ്പോൾ ഒന്നു വീതം മിച്ചം. ഒടുവിൽ ഏഴായി വീതിച്ചപ്പോൾ മുത്തൊന്നും മിച്ചമില്ല. സഞ്ചിയിലുണ്ടായിരുന്ന മുത്തുകളെത്ര?

**ഉത്തരം:** മൊത്തം മുത്തുകൾ 301; രണ്ടായി പിരിച്ചാൽ 150; മൂന്നായി ഭാഗിച്ചാൽ 100; നാലായി വീതിച്ചാൽ 75; അഞ്ചായി പങ്കിട്ടാൽ 60; ഏഴായി പങ്കുവച്ചാൽ ഒരാൾക്ക് 43; മുത്തൊന്നും മിച്ചമില്ല.

ഇവിടെ 2, 3, 4, 5, 6, 7 എന്നിവയുടെ ഏറ്റവും ചെറിയ പൊതുഗുണിതം (എൽ.സി.എം.) കാണാം. 42 മുത്തുകളുണ്ടായിരുന്നെങ്കിൽ വീതിക്കുമ്പോൾ ഒന്നും മിച്ചമുണ്ടാവുമായിരുന്നില്ല. പക്ഷെ, ഓരോ തവണയും ഒരു മുത്തു മിച്ചം വരുന്നതിനാൽ ആകെ മുത്തുകൾ 42 + 1 = 43

### 2. വെള്ളരിക്കാക്കണക്ക് അഥവാ മറ്റൊരു കളവുകണക്ക്

ഒരു കള്ളനു മൂന്നു ഭാര്യമാർ. രാത്രിയിൽ അയാൾ കുറെ വെള്ളരിക്ക കട്ടുകൊണ്ടുവന്നു വീട്ടിൽ വെച്ചു. വീണ്ടും പുറത്തുപോയി. അയാളുടെ ആദ്യഭാര്യ ഒരു വെള്ളരിക്ക കുഞ്ഞിനു കൊടുത്തു. മിച്ചമുള്ളവ മൂന്നായി പങ്കിട്ട് ഒരു പങ്കു കൊണ്ടുപോയി. മറ്റു രണ്ടു ഭാര്യമാരും അതേ പ്രവൃത്തി ആവർത്തിച്ചു. തിരിച്ചുവന്ന കള്ളൻ മിച്ചമുള്ളവ മൂന്നുപേർക്കും തുല്യമായി പങ്കിട്ടു. എങ്കിൽ മോഷ്ടിച്ച വെള്ളരിക്ക എത്ര?

**ഉത്തരം:** കട്ടുകൊണ്ടുവന്നത് 25 കായ്കൾ; ആദ്യഭാര്യ കൊണ്ടുപോയത് 8; രണ്ടാമത്തെ ഭാര്യ കൊണ്ടുപോയത് 5; മൂന്നാം ഭാര്യ എടുത്തത് 3; മൂന്നുപേർക്കുമായി കള്ളൻ തുല്യമായി കൊടുത്തത് മൂന്നു വീതം.

### 3. എണ്ണക്കണക്ക്

ഒരു ഗ്രാമത്തിൽ രണ്ടു കച്ചവടക്കാർ. അടുത്ത ഗ്രാമത്തിൽ ഒരു പണത്തിനു രണ്ടു മരക്കാൽ എണ്ണ വിൽക്കുന്നതായി കേട്ടു. രണ്ടുപേർക്കുമായി പത്തുപണത്തിന് എണ്ണ വാങ്ങാൻ തീരുമാനിച്ചു. അളവുപാത്രങ്ങൾ: പത്ത്, ഏഴ്, മൂന്ന് മരക്കാൽ കുടങ്ങൾ ഓരോന്ന്. പത്തുപണത്തിന് പത്തുമരക്കാൽ കുടം നിറയെ എണ്ണ വാങ്ങി. തിരിച്ചു വരുംവഴി ഒരാൾ തന്റെ അഞ്ചു മരക്കാൽ എണ്ണ ആവശ്യപ്പെട്ടു. എങ്ങനെ എണ്ണ വീതിക്കും?

**ഉത്തരം:** പത്തുമരക്കാൽ കുടത്തിലെ എണ്ണ മൂന്നു മരക്കാൽ കുടത്തിൽ മൂന്നു പ്രാവശ്യം പകർന്ന് ഏഴു മരക്കാൽ കുടത്തിലൊഴിക്കുന്നു. അതു നിറഞ്ഞു മൂന്നു മരക്കാൽ കുടത്തിൽ രണ്ടു മരക്കാൽ എണ്ണ മിച്ചം. പത്തു മരക്കാൽ കുടത്തിൽ മിച്ചമുള്ള ഒരു മരക്കാൽ എണ്ണയോടൊപ്പം എഴു മരക്കാൽ കുടത്തിലെ എണ്ണ ഒഴിക്കുന്നു. ഇപ്പോൾ അതിൽ എട്ടു മരക്കാൽ എണ്ണയായി. മൂന്നു മരക്കാൽ കുടത്തിലെ രണ്ടു മരക്കാൽ എണ്ണ ഏഴു മരക്കാൽ കുടത്തിലേക്കു പകരുന്നു. പത്തു മരക്കാൽ കുടത്തിൽ നിന്നും മൂന്നു മരക്കാൽ കുടം നിറയെ എണ്ണ പകരുന്നു. പത്തു മരക്കാൽ കുടത്തിൽ മിച്ചം അഞ്ചു മരക്കാൽ എണ്ണ.

### 4. മുള്ളൻപന്നിയെ നായ പിടിച്ച കഥ

ഒരു മുള്ളൻപന്നി ദിവസവും മുപ്പതു കാതം ഓടുന്നു. അതിനെ പിടിക്കാൻ ഒരു നായ പിന്നാലെ ഓടാൻ തുടങ്ങി. ആ നായ ഒന്നാം നാൾ ഒരു കാതം, രണ്ടാം നാൾ രണ്ടു കാതം, മൂന്നാം നാൾ മൂന്നു കാതം എന്നിങ്ങനെ നാൾക്കുനാൾ ഓരോ കാതം അധികം ഓടുമെങ്കിൽ എത്ര നാൾക്കുള്ളിൽ മുള്ളൻ പന്നിയെ പിടിക്കും?

**ഉത്തരം:** അമ്പത്തൊമ്പതാം നാൾ. മുള്ളൻ പന്നി ഓടിയ നാൾ ഒന്നിന് കാതം മുപ്പതും 59 കൊണ്ട് ഗുണിച്ചാൽ 50x30= 1500, 30 x 9 = 270; ആകെ 1770 കാതം. നാൾ ഒന്നിന് ഒരു കാതം എന്നു നാൾക്കുനാൾ അധികരിക്കുമ്പോൾ 59 നാൾക്കുള്ളിൽ പിടിക്കുമെന്നറിയുക.

**ഗണിതം:** ഇനി ഇതിലെ ഗണിതമെന്തെന്നു നോക്കാം. മുള്ളൻപന്നിയെ n ദിവസങ്ങൾക്കുള്ളിൽ നായ പിടിക്കുമെന്നു കരുതുക.

n ദിവസം കൊണ്ട് നായ ഓടിയ ദൂരം: $n(n+1)/2$

ഇത്രയും ദിവസം കൊണ്ട് മുള്ളൻപന്നി ഓടിയ ദൂരം: 30 Xn

മുള്ളൻപന്നിയെ നായ പിടിച്ചുവെങ്കിൽ ഈ രണ്ടു ദൂരവും തുല്യമാവണമല്ലോ. ഇവിടെ രണ്ടു ദൂരവും താരതമ്യം ചെയ്താൽ n = 59 എന്ന് എളുപ്പം കാണാവുന്നതാണ്. ഇത് ഒരു ദ്വിമാനസമവാക്യത്തിന്റെ പരിഹാരമായും കാണാം.

**5. പലഹാരം തിന്ന നാൾക്കണക്ക്**

ഒരു പട്ടണത്തിലെ ചെട്ടിയാരുടെ വീട്ടിലേക്കു മരുമകൻ വിരുന്നെത്തി. ദിവസം തോറും പലഹാരമുണ്ടാക്കാനുള്ള ബുദ്ധിമുട്ടുകൊണ്ട് ഒരു ദിവസം തന്നെ മുപ്പതു ചാൺ നീളവും മുപ്പതു ചാൺ വീതിയും മുപ്പതു ചാൺ ഉയരവുമുള്ള ഒരു പലഹാരമുണ്ടാക്കി. അതിൽ നിന്നും ഒരു ചാൺ നീളവും ഒരു ചാൺ വീതിയും ഒരു ചാൺ ഉയരവുമുള്ള ഒരു കഷണം മുറിച്ചെടുത്ത് ദിവസവും മരുമകനെ വിരുന്നൂട്ടി. അങ്ങനെ എത്ര നാൾ വിരുന്നൂട്ടാം?

പലഹാരത്തിന്റെ നീളവും വീതിയും ഉയരവും ഗുണിച്ചാൽ, 30 X 30 X 30 = 27000. ആണ്ടിൽ ദിവസം 360 എന്നു കൂട്ടിയാൽ 300 X 70 = 21,000; 60 X 70 = 4200. അതായത് 25,200 പോകെ 1800. 300 X 5 = 1500, 60 X 5 = 300.

ആകെ ദിവസം 27,000 ന് 75 വർഷം.

**ഗണിതം:** ഒരു ചതുരക്കട്ടയുടെ ഉള്ളളവ് നീളം X വീതം X ഉയരം ആണല്ലോ. അപ്പോൾ പലഹാരത്തിന്റെ ഉള്ളളവ്: 30 X 30 X 30= 27,000 ചാൺ.$^3$ (1 ചാൺ വീതി - 1 ചാൺ നീളം, 1 ചാൺ ഉയരമുള്ള പലഹാരത്തിന്റെ വ്യാപ്തം)

ഒരു ദിവസം കഴിക്കുന്ന പലഹാരത്തിന്റെ അളവ് 1 ചാൺ$^3$ ആണ്. അപ്പോൾ 27,000 ദിവസത്തേക്കു അതു മതിയാവും. ഒരു വർഷം 360 ദിവസമെന്ന് ഏകദേശമായെടുത്താൽ 27,000/360 = 75 വർഷത്തേക്കു പലഹാരം തികയുമെന്നുത്തരം.

**6. മുളകു കണക്ക്**

തിരുത്തണികൈ എന്ന പട്ടണത്തിൽ ഒരു ചെട്ടിയാർ വ്യാപാരം ചെയ്തുകൊണ്ടിരുന്നു. അയാൾക്കു പത്തു മക്കൾ. അവർ വളർന്ന് അഞ്ചു വയസ്സായപ്പോൾ ചെട്ടിയാർ അവരെ പള്ളിക്കൂടത്തിൽ ചേർത്തു. അവർ എല്ലാ വിദ്യകളും നന്നായി അഭ്യസിച്ചു. ഒരു ദിവസം ചെട്ടിയാർക്കു മക്കളുടെ മിടുക്കു മനസ്സിലാക്കാൻ കൗതുകം തോന്നി. ചെട്ടിയാർ ഒന്നാമത്തെ മകനെ വിളിച്ച് അവന്റെ കൈയിൽ പത്തു പണം കൊടുത്ത് ഇങ്ങനെ പറഞ്ഞു: "ഏറ്റവും കുറഞ്ഞ വിലയുള്ളിടത്തു പോയി പത്തു പണത്തിനു മുളകു വാങ്ങി, കച്ചവടം ചെയ്ത് തന്ന പണത്തിനു തുല്യമായ പണം ലാഭമുണ്ടാക്കിക്കൊണ്ടുവരണം."

രണ്ടാമത്തെ മകനെ വിളിച്ച് അവന്റെ കൈയിൽ ഒമ്പതു പണം കൊടുത്തു. മൂത്തയാൾ വാങ്ങിയ ഇടത്തിൽ നിന്നും മുളകു വാങ്ങി, മൂത്തയാൾ വിറ്റ ഇടത്തിൽ വിറ്റു, മൂത്തയാൾ എത്രയാണോ മുതലും ലാഭവും ചേർത്തു കൊണ്ടുവരുന്നത് അത്രയും നേട്ടമുണ്ടാക്കി വരാൻ രണ്ടാമനോടു പറഞ്ഞു.

മൂന്നാമത്തെ മകന്റെ കൈയിൽ എട്ടു പണം കൊടുത്ത് അവനും അപ്രകാരം ആജ്ഞ നൽകി. നാലാമത്തെ മകന് ഏഴു

പണം നൽകി. മറ്റു മൂന്നു പേരും വാങ്ങിയ ഇടത്തിൽ നിന്നും മുളകു വാങ്ങി അവർ വിറ്റ ഇടത്തു വിറ്റ് അവരോരോരുത്തരും കൊണ്ടുവരുന്നത്ര പണം കൊണ്ടുവരാൻ പറഞ്ഞു.

അഞ്ചാമത്തെ മകന്റെ കൈയിൽ ആറു പണം കൊടുത്തു അവനോടും അപ്രകാരം പറഞ്ഞയച്ചു. ആറാമത്തെ മകന് അഞ്ചു പണം കൊടുത്തു നിർദ്ദേശം ആവർത്തിച്ചു. ഏഴാമത്തെ മകനു നാലു പണവും എട്ടാമത്തെ മകനു മൂന്നു പണവും ഒമ്പതാമത്തെ മകനു രണ്ടു പണവും കൊടുത്തു അതേ നിർദ്ദേശം നൽകി. ഏറ്റവും ഇളയവനായ പത്താമത്തെ മകനെ വിളിച്ച് ഒരു പണം കൊടുത്തു. അവനും അതേ നിർദ്ദേശം നൽകി.

**ഉത്തരം:** ഒന്നാമത്തെ മകൻ ഒരു പണത്തിനു പത്തു പലം എന്ന നിരക്കിൽ 100 പലം മുളകു വാങ്ങി. ഒരു പണത്തിനു 5 1/4 പലം എന്ന നിരക്കിൽ 19 പണത്തിനു 99 3/4 പലം മുളകു വിറ്റു. മിച്ചം വന്ന 1/4 പലം മുളക് ഒരു പണത്തിനു ചില്ലറ നിരക്കിൽ വിറ്റു. ആകെ ഇരുപതു പണം സമ്പാദിച്ച് അച്ഛന്റെ പക്കൽ കൊടുത്തു.

രണ്ടാമത്തെ മകൻ തന്റെ ഒമ്പതു പണത്തിനു 90 പലം മുളകു വാങ്ങി. ഒരു പണത്തിന് 5 1/4 പലം എന്ന നിരക്കിൽ 17 പണത്തിന് 89 1/4 പലം മുളകു വിറ്റു. മിച്ചം വന്ന 3/4 പലം മുളകു ഒരു പണത്തിനു 1/4 പലം എന്ന ചില്ലറ നിരക്കിൽ 3 പണത്തിനു വിറ്റു. അങ്ങനെ ഇരുപതു പണം തികച്ചു.

മൂന്നാമത്തെ മകൻ എട്ടു പണത്തിന് 80 പലം മുളകു വാങ്ങി. ഒരു പണത്തിന് 5 1/4 പലം എന്ന നിരക്കിൽ 15 പണത്തിന് 78 3/4 പലം മുളകു വിറ്റു. മിച്ചം വന്ന 1 1/4 പലം മുളക് ഒരു പണത്തിനു 1/4 പലം എന്ന ചില്ലറ നിരക്കിൽ 5 പണത്തിനു വിറ്റു. അങ്ങനെ ഇരുപതു പണം അയാളും ശരിയാക്കി.

നാലാമത്തെ മകൻ എഴു പണത്തിനു 70 പലം മുളകു വാങ്ങി. ഒരു പണത്തിന് 5 1/4 പലം എന്ന നിരക്കിൽ 13 പണത്തിനു 68 1/4 പലം മുളകു വിറ്റു. മിച്ചം വന്ന 1 3/4 പലം മുളകു

ഒരു പണത്തിനു 1/4 പലം എന്ന ചില്ലറ നിരക്കിൽ 7 പണത്തിനു വിറ്റു. അങ്ങനെ ഇരുപതു പണം അയാളും നേടി.

അഞ്ചാമത്തെ മകൻ ആറു പണത്തിന് 60 പലം മുളകു വാങ്ങി. ഒരു പണത്തിന് 5 1/4 പലം എന്ന നിരക്കിൽ 11 പണത്തിന് 67 3/4 പലം മുളകു വിറ്റു. മിച്ചം വന്ന 2 1/4 പലം മുളക് ഒരു പണ ത്തിനു 1/4 പലം എന്ന ചില്ലറ നിരക്കിൽ 9 പണത്തിനു വിറ്റു. അങ്ങനെ ഇരുപതു പണം അയാളും സമ്പാദിച്ചു.

ആറാമത്തെ മകൻ അഞ്ചു പണത്തിന് 50 പലം മുളകു വാങ്ങി. ഒരു പണത്തിന് 5 1/4 പലം എന്ന നിരക്കിൽ 9 പണ ത്തിനു 47 1/4 പലം മുളകു വിറ്റു. മിച്ചം വന്ന 2 3/4 പലം മുളക് ഒരു പണത്തിനു 1/4 പലം എന്ന ചില്ലറ നിരക്കിൽ 11 പണത്തിനു വിറ്റു. അങ്ങനെ ഇരുപതു പണം അയാളും നേടി.

ഏഴാമത്തെ മകൻ നാലു പണത്തിനു 40 പലം മുളകു വാങ്ങി. ഒരു പണത്തിന് 5 1/4 പലം എന്ന നിരക്കിൽ 7 പണ ത്തിനു 36 3/4 പലം മുളകു വിറ്റു. മിച്ചം വന്ന 3 1/4 പലം മുളകു ഒരു പണത്തിനു 1/4 പലം എന്ന ചില്ലറ നിരക്കിൽ 13 പണത്തിനു വിറ്റു. അങ്ങനെ ഇരുപതു പണം അയാളും ഉണ്ടാക്കി.

എട്ടാമത്തെ മകൻ മൂന്നു പണത്തിനു 30 പലം മുളകു വാങ്ങി. ഒരു പണത്തിന് 5 1/4 പലം എന്ന നിരക്കിൽ 5 പണത്തിന് 26 1/4 പലം മുളകു വിറ്റു. മിച്ചം വന്ന 3 3/4 പലം മുളക് ഒരു പണ ത്തിനു 1/4 പലം എന്ന ചില്ലറ നിരക്കിൽ 15 പണത്തിനു വിറ്റു. അങ്ങനെ ഇരുപതു പണം അയാളും സമ്പാദിച്ചു.

ഒമ്പതാമത്തെ മകൻ രണ്ടു പണത്തിന് 20 പലം മുളകു വാങ്ങി. ഒരു പണത്തിന് 5 1/4 പലം എന്ന നിരക്കിൽ 3 പണ ത്തിനു 15 3/4 പലം മുളകു വിറ്റു. മിച്ചം വന്ന 4 1/4 പലം മുളക് ഒരു പണത്തിനു 1/4 പലം എന്ന ചില്ലറ നിരക്കിൽ 17 പണത്തിനു വിറ്റു. അങ്ങനെ ഇരുപതു പണം അയാൾ ശരിയാക്കി.

പത്താമത്തെ മകൻ ഒരു പണത്തിനു 10 പലം മുളകു വാങ്ങി. ഒരു പണത്തിന് 5 1/4 പലം എന്ന നിരക്കിൽ 1 പണത്തിന്

5 1/4 പലം മുളകു വിറ്റു. മിച്ചം വന്ന 4 3/4 പലം മുളക് ഒരു പണത്തിനു 1/4 പലം എന്ന ചില്ലറ നിരക്കിൽ 19 പണത്തിനു വിറ്റു. അങ്ങനെ ഇരുപതു പണം ഏറ്റവും ഇളയവനും സമ്പാദിച്ചു.

**7. രത്നവ്യാപാരിയുടെ കണക്ക്**

ഒരു പട്ടണത്തിൽ ഒരു ചെട്ടിയാർ ഉണ്ടായിരുന്നു. അദ്ദേഹത്തിനു നാലു മക്കൾ. അച്ഛനറിയാതെ വ്യാപാരം നടത്തി പണം സമ്പാദിക്കണമെന്ന് അവർ ആഗ്രഹിച്ചു. ചെട്ടിയാരറിയാതെ വീട്ടിൽ നിന്നും കുറെ പണമെടുത്തു മറ്റൊരു ദേശത്തുപോയി അവർ വ്യാപാരം നടത്തി.

മൂത്തയാൾ മുത്തുവ്യാപാരം നടത്തി. രണ്ടാമൻ മാണിക്യവ്യാപാരം. മൂന്നാമൻ ഇന്ദ്രനീലം. നാലാമൻ വജ്ര വ്യാപാരം. നാലുപേരും തിരികെ അച്ഛന്റെ അടുത്തുവന്നു. തങ്ങൾ സമ്പാദിച്ച സ്വത്തു പങ്കിടാതെ അവർ തർക്കിച്ചുകൊണ്ടിരുന്നു. ചെട്ടിയാർ അവരോടു പറഞ്ഞു: “നിങ്ങൾ സമ്പാദിച്ച സ്വത്തു പങ്കിടാതിരിക്കുന്നതു ശരിയല്ല.” മക്കൾ പറഞ്ഞു: “ഞങ്ങൾ അച്ഛന്റെയടുത്തു തിരികെ വന്നല്ലോ. അച്ഛൻ പറയുന്നതുപോലെ ചെയ്യാം.” “നിങ്ങൾ കൊണ്ടുവന്ന വസ്തു ഏതെന്നും എത്രയെന്നും പറഞ്ഞാൽ ഞാൻ പങ്കിട്ടു തരാം” എന്നായി അച്ഛൻ.

മൂത്തയാൾ മുത്താണു കൊണ്ടുവന്നത്. രണ്ടാമൻ മാണിക്യം. മൂന്നാമൻ ഇന്ദ്രനീലം. നാലാമൻ വജ്രം. മൂത്തയാൾ നൂറു മുത്തു കൊണ്ടുവന്നു. മുത്തൊന്നിന് അഞ്ചു പണം വില. രണ്ടാമൻ കൊണ്ടുവന്നത് എട്ടു മാണിക്യം. ഒന്നിനു 120 പണം. മൂന്നാമന്റെ പക്കൽ 10 ഇന്ദ്രനീലം. ഒന്നിന് 80 പണം. നാലാമന്റെ കൈയിൽ അഞ്ചു വജ്രം. ഒന്നിനു 480 പണം.

ഓരോരുത്തരും അവരവർ കൊണ്ടുവന്ന വസ്തുവിൽ നിന്നും ഒന്നു വീതം മറ്റു മൂന്നുപേർക്കും നൽകാൻ ചെട്ടിയാർ നിർദ്ദേശിച്ചു. അങ്ങനെ എല്ലാവർക്കും തുല്യധനമാകും.

### ഒന്നാമത്തെ മകന്റെ കണക്ക്

മൂത്തയാൾ കൊണ്ടുവന്ന നൂറു മുത്തുകളിൽ നിന്നും മറ്റു മൂന്നുപേർക്കു 3 മൂത്തുകൾ കൊടുത്തു.

| | |
|---|---|
| മിച്ചമുള്ള 97 മുത്തുകൾക്ക് ഒന്നിന് അഞ്ചു പണം വീതം | 45 |
| രണ്ടാമൻ ഒന്നാമനു കൊടുത്ത മാണിക്യം ഒന്നിനു | 120 |
| മൂന്നാമൻ ഒന്നാമനു കൊടുത്ത ഇന്ദ്രനീലം ഒന്നിന് | 80 |
| നാലാമൻ ഒന്നാമനു കൊടുത്ത വജ്രം ഒന്നിനു | 480 |
| ഒന്നാമന്റെ പക്കലുള്ള ആകെ പണം | **1165** |

### രണ്ടാമത്തെ മകന്റെ കണക്ക്

രണ്ടാമൻ കൊണ്ടുവന്ന എട്ടു മാണിക്യത്തിൽ നിന്നും മറ്റു മൂന്നുപേർക്കുമായി 3 എണ്ണം കൊടുത്തു.

| | |
|---|---|
| മിച്ചമുള്ള 5 മാണിക്യത്തിന് ഒന്നിനു 120 പണം വീതം | 600 |
| ഒന്നാമൻ രണ്ടാമനു കൊടുത്ത മുത്ത് ഒന്നിന് | 5 |
| മൂന്നാമൻ രണ്ടാമനു കൊടുത്ത ഇന്ദ്രനീലം ഒന്നിന് | 80 |
| നാലാമൻ രണ്ടാമനു കൊടുത്ത വജ്രം ഒന്നിനു | 480 |
| രണ്ടാമന്റെ പക്കലുള്ള ആകെ പണം | **1165** |

### മൂന്നാമത്തെ മകന്റെ കണക്ക്

മൂന്നാമൻ കൊണ്ടുവന്ന പത്ത് ഇന്ദ്രനീലത്തിൽ നിന്നും മറ്റു മൂന്നുപേർക്കുമായി 3 എണ്ണം കൊടുത്തു.

| | |
|---|---|
| മിച്ചമുള്ള 7 ഇന്ദ്രനീലത്തിനു ഒന്നിന് 80 പണം വീതം | 560 |
| ഒന്നാമൻ മൂന്നാമനു കൊടുത്ത മുത്ത് ഒന്നിന് | 5 |
| രണ്ടാമൻ മൂന്നാമനു കൊടുത്ത മാണിക്യം ഒന്നിനു | 120 |
| നാലാമൻ മൂന്നാമനു കൊടുത്ത വജ്രം ഒന്നിനു | 480 |
| മൂന്നാമന്റെ പക്കലുള്ള ആകെ പണം | **1165** |

## നാലാമത്തെ മകന്റെ കണക്ക്

നാലാമൻ കൊണ്ടുവന്ന അഞ്ചു വജ്രത്തിൽ നിന്നും മറ്റു മൂന്നുപേർക്കുമായി 3 എണ്ണം കൊടുത്തു.

| | |
|---|---|
| മിച്ചമുള്ള 2 വജ്രത്തിന് ഒന്നിനു 480 പണം വീതം | 960 |
| ഒന്നാമൻ നാലാമനു കൊടുത്ത മുത്ത് ഒന്നിന് | 5 |
| രണ്ടാമൻ നാലാമനു കൊടുത്ത മാണിക്യം ഒന്നിനു | 120 |
| മൂന്നാമൻ നാലാമനു കൊടുത്ത വജ്രം ഒന്നിനു | 480 |
| നാലാമന്റെ പക്കലുള്ള ആകെ പണം | **1165** |

## 8. മുത്തുകണക്ക്

ഒരു ചെട്ടിയാർ ഒരു രാജാവിന് ഒരു മുത്തുകിഴി സമർപ്പിച്ചു. "ഇതിന്റെ വിലയെന്താണ്? ഇതിലെത്ര മുത്തുകളുണ്ട്?" രാജാവ് ചോദിച്ചു. ചെട്ടിയാരുടെ മറുപടി ഇങ്ങനെ; "പ്രഭോ! ഈ കിഴിയിൽ 49 മുത്തുകളുണ്ട്. ഒന്നാമത്തെ മുത്തിന്റെ വില ഒരു പണം. രണ്ടാമത്തേതിനു രണ്ടു പണം. അങ്ങനെ ഓരോ മുത്തിനും എണ്ണമനുസരിച്ച് ഓരോ പണം കൂടും. നാൽപത്തിയൊമ്പതാമത്തെ മുത്തിന് വില നാൽപത്തിയൊമ്പതു പണം."

രാജാവ് അരുളിച്ചെയ്തു: "നല്ലത്. നമുക്കു റാണിമാർ ഏഴാണ്. ഏഴുപേർക്കുമായി ഈ മുത്തുകൾ പങ്കിട്ടുനൽകണം. മുത്തുകളുടെ എണ്ണം തുല്യമായിരിക്കണം. അവയുടെ വിലയും തുല്യമായിരിക്കണം."

**ചെട്ടിയാർ മുത്തുകൾ എപ്രകാരമാണു ഭാഗിച്ചുകൊടുത്തത്?**

**ഉത്തരം:** ആദ്യം 49 മുത്തുകളുടെ വില കണക്കാക്കി. 49 ന്റെ പകുതിയായ 24 1/2 യോട് 1/2 കൂട്ടിയാൽ 25. 25 X 49 = 1225. ഇതു ഏഴു റാണിമാർക്കു തുല്യമായി ഭാഗിച്ചാൽ,

100 X 7 = 700, 70 X 7 = 490; 5 X 7 = 35. ആകെ 1225.

അപ്പോൾ ഓരോ റാണിക്കും 175 പണം വിലയുള്ള ഏഴു മുത്തുകൾ നൽകണം.

ഒന്നാമത്തെ റാണിക്ക് : 1 + 9 + 17 + 25 + 33 + 41 + 49 = 175

രണ്ടാമത്തെ റാണിക്ക് : 2 + 10 + 18 + 26 + 34 + 42 + 43 = 175

മൂന്നാമത്തെ റാണിക്ക് : 3 + 11 + 19 + 27 + 35 + 36 + 44 = 175

നാലാമത്തെ റാണിക്ക് : 4 + 12 + 20 + 28 + 29 + 37 + 45 = 175

അഞ്ചാമത്തെ റാണിക്ക് : 5 + 13 + 21 + 22 + 30 + 38 + 46 = 175

ആറാമത്തെ റാണിക്ക് : 6 + 14 + 15 + 23 + 31 + 39 + 47 = 175

ഏഴാമത്തെ റാണിക്ക് : 7 + 8 + 16 + 24 + 32 + 40 + 48 = 175

**9. മറ്റൊരു മുത്തു കണക്ക്**

**49 മുത്തുകൾ ഏഴുപേർക്ക് എണ്ണവും വിലയും തുല്യമായ വിധം പങ്കിട്ട കണക്ക്**

ഇവിടെയും കഥയിലെ കാര്യങ്ങൾ പഴയതുപോലെ തന്നെ. 49 മുത്തുകൾ ഏഴു റാണിമാർക്ക് എണ്ണവും തുല്യം, വിലയും തുല്യം എന്ന രീതിയിൽ പങ്കിടണം എന്ന വ്യത്യാസമേ യുള്ളൂ. 49 മുത്തുകളുടെ ആകെ വില 1225 പണം ആയതിനാൽ ഒരു പങ്കിൽ എഴു മുത്തും അവയ്ക്ക് 175 പണം വിലയും വരുന്ന രീതിയിൽ പങ്കിടണം. താഴെ കൊടുത്തിരിക്കുന്ന ചതുരത്തിൽ പങ്കിട്ട വിധം സൂചിപ്പിച്ചിരിക്കുന്നു.

| | | | | | | | |
|---|---|---|---|---|---|---|---|
| I | 7 | 13 | 19 | 25 | 31 | 37 | 43 |
| II | 49 | 6 | 12 | 18 | 24 | 30 | 36 |
| III | 42 | 48 | 5 | 11 | 17 | 23 | 29 |
| IV | 35 | 41 | 47 | 4 | 10 | 16 | 22 |
| V | 28 | 34 | 40 | 46 | 3 | 9 | 15 |
| VI | 21 | 27 | 33 | 39 | 45 | 2 | 8 |
| VII | 14 | 20 | 26 | 32 | 38 | 44 | 1 |

**ഉപസംഹാരം**

ഇത്തരത്തിലുള്ള നിരവധി രസകരങ്ങളായ പ്രശ്നങ്ങളാണു കണക്കതികാരത്തിലുള്ളത്. ഈ ഗ്രന്ഥം വായിക്കാൻ ഏവർക്കും പ്രചോദനമായെങ്കിൽ ഈ ലേഖനത്തിന്റെ ലക്ഷ്യം സഫലമായി.

**ഗ്രന്ഥസൂചി**

1. പി. സുബ്രഹ്മണ്യം, കെ. സത്യഭാമ (എഡി), കണക്കതികാരം, Institute of Asian Studies, Chennai – 600119, 2007.

**ഡോ. റ്റി.ജി. ശരച്ചന്ദ്രൻ**
പ്രൊഫസർ (റിട്ട.)
ഗണിതശാസ്ത്ര വിഭാഗം
കേരളസർവകലാശാല
തിരുവനന്തപുരം

# വീട്ടിനകത്തൊരു ആശുപത്രി

**ഡോ. എം.എ. സിദ്ദീഖ്**

**സംഗ്രഹം**

*സാഹിതീയ ചികിത്സാശാസ്ത്രം (literary therapy) എന്ന പഠന പദ്ധതിയിൽ ഉൾപ്പെടുത്തി ഗൃഹവൈദ്യം എന്ന സങ്കല്പത്തെ പരിശോധിക്കുന്ന ലേഖനം . പണ്ടു മുതൽക്കേ കേരളത്തിൽ നിലനിന്ന ഈ പാരമ്പര്യ സമ്പ്രദായത്തിന്റെ ശാസ്ത്രീയതയെ പ്രയോജന പ്പെടുത്തിയ കൊളോണിയൽ മാതൃകയായിരുന്നു ഹോർത്തൂസ് മലബാറിക്കൂസ്. ഹോർത്തൂസ് ഇന്നു പരിശോധിക്കുമ്പോൾ അത് എങ്ങനെയാണ് പുതിയ പാരിസ്ഥിതികവായനകൾക്ക് സഹായക മാവുന്നതെന്നും ഇവിടെ പരിശോധിക്കുന്നു.*

**താക്കോൽ വാക്കുകൾ**

*ഫോക്ക് മനശാസ്ത്രം,ഗൃഹവൈദ്യം,പാരിസ്ഥിതിക അസ്തിത്വവാദം, പൗരസ്ത്യവാദം, മഹാനിങ്ങ്ഘടനം*

കോവിഡ് വ്യാപനത്തിന്റെ രണ്ടാം തരംഗം ശക്തിപ്രാപിച്ച കാലത്ത് ദില്ലിയിലും മുംബൈയിലുമെല്ലാം വെന്റിലേറ്ററുകൾ ലഭിക്കാതെ ആളുകൾ തെരുവിൽ കുഴഞ്ഞുവീണ കാലത്ത് വ്യാപ കമായി ചർച്ചചെയ്യപ്പെട്ട ആശയമായിരുന്നു 'വീടിനുള്ളിൽ ഒരാശു പത്രി' എന്നത്.ഇതിനർത്ഥം എല്ലാസൗകര്യങ്ങളോടെയും ഒരാതുരാലയം വീടിനുള്ളിൽ ഉണ്ടായിരിക്കുക എന്നതല്ല, പ്രാഥ മിക പരിചരണത്തിനുവേണ്ട അടിസ്ഥാനസൗകര്യങ്ങളും വിദഗ്ദ്ധ പരിചരണത്തിനുള്ള പ്രാഥമിക അറിവുകളുള്ളവരും വീട്ടിലുണ്ടാ വുക എന്നതാണ്. ഓക്സിമീറ്ററുകൾ കേട്ടുകേൾവി മാത്രമായി

രുന്ന കാലത്തുനിന്ന് വ്യത്യസ്തമായി ഇന്നതു പരിചിത ഉപകരണ മായിത്തീർന്നു. രക്തസമ്മർദ്ദം, ബ്ലഡ്ഷുഗർ, ശരീരതാപം മുതലാ യവ അളക്കുന്നതിനുള്ള വേഗതയേറിയ ഉപകരണങ്ഹൽ പല വീ ടുകളിലും ഇന്ന് വാങ്ങി സൂക്ഷിക്കുന്നുണ്ട്. ഓക്സിജൻ സിലിണ്ട റുകൾ വീട്ടിലും വാഹനത്തിലും സൂക്ഷിക്കുന്നവരും, ബല്ധുക്കളെ പരിചരിക്കുന്നതിനുമാത്രമായി പാരാമെഡിക്കൽ പരിശീലനം നേടി യവരും ഇക്കാലത്ത് പുതുമയുള്ള ഒരു കാര്യമല്ല.

എന്നാൽ, ഇങ്ങനെയൊരു സംസ്കാരം വളരെ പണ്ടുമു തലേ ഇവിടെയുണ്ടായിരുന്നു. നമ്മുടെ സസ്യവിജ്ഞാനവുമായി ബന്ധപ്പെട്ട് അത്തരമൊരു ഉപശാഖതന്നെയുണ്ടായിരുന്നു. വീട്ടിലെ വൈദ്യം എന്നറിയപ്പെട്ടിരുന്ന അത് ചുറ്റുവട്ടങ്ഹലിൽ സുലഭമായിരുന്നു. ചെടികളുടെ ഔഷധഗുണങ്ങളെ മനസ്സിലാക്കി യവരും ഹൃദിസ്ഥമാക്കിയവരുമായ ജനതയുടെ ഫോക് മനശ്ശാ സ്ത്രത്തെ പ്രതിഫലിപ്പിക്കുന്ന ഒരു വിജ്ഞാനശാഖയായിരുന്നു.

ഇതിവിടെ പറയുന്നതിന് കാരണമുണ്ട്. ഇതിനെ സംബ ന്ധിച്ച് ധാരാളം പുസ്തകങ്ങൾ പുറത്തുവന്നിട്ടുണ്ട് എന്നതാണത്. ഇപ്പോഴും പുതിയ പുതിയ കൃതികൾ വന്നുകൊണ്ടിരിക്കുന്നു. ഈ കൃതികളുടെ പാറ്റേൺ മിക്കവാറും ഒരേ തരത്തിലായിരിക്കും. ചെടികളെ അക്കമിട്ട് പറഞ്ഞ് അവയുടെ ഔഷധഗുണം കേവല മായി പറഞ്ഞുപോകുന്ന രീതിയാണത്.

ജഗത്യേവമനൗഷധനം

ന കിംചിത് വിദ്യതെ ദ്രവ്യം

വശാൻ നാനാർത്ഥയോഗയോ:

എന്ന് അഷ്ടാംഗഹൃദയം പറയുന്നു. 'ഈ പ്രപഞ്ചത്തിൽ ഔഷധ മല്ലാത്ത ഒന്നുമില്ല; ഉപയോഗരീതിക്കാണ് പ്രസക്തി.' ഈ തത്ത്വ മാണ് ഗൃഹവൈദ്യം എന്ന ആശയത്തിന്റെ അടിസ്ഥാനം.

ഒരു ചെടിയുടെ ഔഷധഗുണത്തെ പറയുമ്പോൾ അതു കൊണ്ട് ഭേദപ്പെടുത്താനാവുന്ന രോഗത്തോടുള്ള സമീപനത്തെ ലളിതമാക്കുക എന്ന പ്രക്രിയ കൂടി നടക്കുന്നുണ്ട്. രൊഗസ്വഭാ

വത്തെ കൂടി ഗൃഹചികിത്സകർ പഠിക്കുന്നു. ഇതൊരു സാമ്പ്രദായികരീതിയിലാണെങ്കിലും, അതിനകത്ത് പ്രവർത്തി ക്കുന്ന വിനിമയവ്യവസ്ഥ സാഹിത്യത്തിന്റേതാണെന്ന് ശ്രദ്ധിച്ചാൽ മനസ്സിലാകും. കേൾവിയിലൂടെയ വായനയിലൂടെയോ ആണ് ഒരാൾ ഈ അറിവ് സ്വായത്തമാക്കുന്നത്. ഓർമ്മ, തിരിച്ചറിവ്, നിരീക്ഷണശക്തി, പ്രായോഗികമനസ്സ് എന്നിവയുടെ സഹായ ത്തോടെ ആ അറിവിന് സാധ്യതനല്കുകയും രോഗശമനത്തി ലേക്ക് അവസാനം എത്തുകയും ചെയ്യുന്നു. ഒരു കാലത്ത് വൈദ്യ ശാസ്ത്രം അത്രമേൽ ജനകീയവും സൗഹാർദ്ദപരവും ആയിരുന്ന തിന്റെ ബാക്കിപത്രവുമാണിത്.

ഈ വൈജ്ഞാനികപ്രവർത്തനത്തിന് വിപുലമായ ഒരു സാംസ്കാരികപ്രാധാന്യമുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ അതി നൊരു രാഷ്ട്രീയസ്വഭാവവുമുണ്ട്. ഗൃഹൗഷധങ്ങളും പ്രായോഗിക രീതികളും എന്ന പുസ്തകത്തിൽ, ഇതേപ്പറ്റി ഡോ. കെ. മുരളീധ രൻപിള്ള വിശദീകരിക്കുന്നു. ''പണ്ടൊക്കെ അത്യാവശ്യചികിത്സ യ്ക്കുള്ള മരുന്നുകൾ നമ്മുടെ വീടിനു ചുറ്റും ഉള്ള പറമ്പുകളിൽ നിന്നുതന്നെ ലഭിക്കുമായിരുന്നു. ഇന്നു സ്ഥിതിയാകെ മാറി. വർദ്ധിച്ച നഗരവത്ക്കരണവും വ്യവസായവത്ക്കരണവും വനനശീ കരണവും കൂടിച്ചേർന്നപ്പോൾ നല്ല രോഗശമനശക്തിയുള്ള ഔഷ ധസസ്യങ്ങൾ നമുക്ക് അന്യമായിക്കൊണ്ടിരിക്കുന്നു.'അതുകൊണ്ടു തന്നെ ഔഷധനിർമ്മാതാക്കളിൽ നിന്നും ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ ലഭ്യമാക്കേണ്ട സ്ഥിതി സംജാതമായി. സാമ്പത്തിക ശേഷി കുറഞ്ഞവരെ സംബന്ധിച്ചിടത്തോളം രോഗചികിത്സഇന്ന് ഒരു പേടിസ്വപ്നമായി മാറിക്കഴിഞ്ഞു. ഗുരുതരാവസ്ഥയിലെത്താ ത്തതും ആരംഭഘട്ടത്തിൽതന്നെയുള്ളതുമായ രോഗ ങ്ങൾക്കെങ്കിലും വീട്ടിൽതന്നെ സ്വന്തമായി ലഭ്യമായ ഔഷധസ സ്യങ്ങൾ ഉപയോഗപ്പെടുത്തി രോഗശമനം കൈവരിക്കാൻ കഴിയേ ണ്ടതിന്റെ കാലികപ്രസക്തി ഇവിടെയാണ്.''[2]

ഗൃഹൗഷധങ്ങളുടെ വീണ്ടെടുപ്പെന്നത് പാരിസ്ഥിതികപ്രതി രോധത്തിന്റെ ഒരു ഭാഗം കൂടിയാണെന്നു വരുന്നു. അറിവുകളുടെ വിപുലമായ മണ്ഡലം എന്ന നിലയിൽ, നിലനില്പിന്റെ രാഷ്ട്രീ

യമായി വായിക്കപ്പെടാവുന്ന പാരിസ്ഥിതിക അസ്തിത്വവാദം (ecological existence), മനുഷ്യനെ നിലനിർത്തുന്നതിനെക്കുറിച്ചുമാത്രമല്ല സംസാരിക്കുന്നത്. ഭൂമി നിലനിന്നാൽ മാത്രമേ മറ്റേതൊരു ജീവജാലവും ഇവിടെ നിലനില്ക്കൂ എന്ന വസ്തുതയാണ്. ഭൂമി എന്ന മൃതശരീരത്തിന്റെ സാന്ത്വനിപ്പിക്കുന്ന അവയവങ്ങളാണ് ഔഷധസസ്യങ്ങൾ.

ഹോർത്തൂസ് മലബാറിക്കൂസിനെ വായനകൊണ്ട് വീണ്ടെടുക്കേണ്ടി വരുന്നത് ഇതുകൊണ്ടാണ്. ആധുനികസസ്യവർക്ഷീകരണശാസ്ത്രത്തിന് (Taxonomy) തുടക്കം കുറിച്ച കാൾ ലിനേയസ്സിന്റെ (Carl Linnacus) വിശ്രുതകൃതിയായ സ്പീഷിസ് പ്ലാന്റാറം (1753) തയ്യാറാക്കുന്നതിന് അടിസ്ഥാനമായി വർത്തിച്ച രണ്ടു കൃതികളിലൊന്നാണ് ഹോർത്തൂസ് മലബാറിക്കൂസ് (മലബാർ പൂന്തോട്ടം). സ്പീഷിസ് പ്ലാന്റാറത്തിൽ ഇന്ത്യയിലെ 265 സസ്യങ്ങളെ ലിനേയസ്സ് പരാമർശിക്കുന്നു. അതിൽ 219 എണ്ണം ഹോർത്തൂസിൽ നിന്നുള്ള സസ്യങ്ങളുടെ മലയാളനാമങ്ങളാണ്.

1678മുതൽ 1693 വരെയുളല വർഷങ്ങൾക്കിടയിൽ 12 വാല്യങ്ങളിലായി ലാറ്റിൽ ഭാഷയിൽ പ്രസിദ്ധീകരിക്കപ്പെട്ട പുസ്തകമാണ് ഹോർത്തൂസ് മലബാറിക്കൂസ്. ഇങ്ങനെ ഒരു ചരിത്രപ്രാധാന്യവുംമലയാള അച്ചടിയെ സംബന്ധിച്ച ചില വിശേഷ അറിവുകൾ നല്കുന്ന ഒരു സചിത്രപുസ്തകമാണെന്ന പ്രാധാന്യവും മനസ്സിലാക്കിയതൊഴിച്ചാൽ ഈ കൃതിയുടെ അമൂല്യതയെ സംബന്ധിച്ച് മലയാളികൾ തീരെ മനസ്സിലാക്കിയിട്ടില്ലെന്നതാണ് സത്യം. ഡോ. കെ.എസ്. മണിലാലിന്റെ അക്ഷീണയത്നം കാരണമാണ് ലാറ്റിൻ മൂലരൂപത്തിൽ നിന്ന് ആദ്യം ഇംഗ്ലീഷിലേക്കും ഒടുവിൽ മലയാളത്തിലേക്കും ഈ കൃതി വിവർത്തനം ചെയ്യപ്പെട്ടത്. ഹോർത്തൂസിനെ വീണ്ടെടുക്കുക എന്ന ചരിത്രപരമായ ധർമ്മമാണ് തന്റെ ജൂവിതം കൊണ്ട് അദ്ദേഹം പൂർത്തീകരിച്ചത്. മൂന്ന് നൂറ്റാണ്ടിനു മുൻപ്, കേരളത്തിന്റെ കേരളത്തിന്റെ സസ്യജൈവികതയിൽ നിന്ന് പിറവികൊണ്ടഒരു ആധുനിക വൈജ്ഞാനിക

സാഹിത്യകൃതിയെ തിരിയെ മലയാളത്തിലേക്ക് വീണ്ടെടുക്കുകയായിരുന്നു അദ്ദേഹം.

ഈ വീണ്ടെടുപ്പ്, മലയാള'ാഷയിലെ സസ്യപഠനശാഖയെ മാത്രമല്ല സമ്പന്നമാക്കിയത്. വൈദ്യചരിത്രപഠനത്തെയും സാസ്കാരികപഠനത്തെയും പാരിസ്ഥിതികശാസ്ത്രത്തെയും ഒക്കെയാണ്.

ഡച്ച് ഈസ്റ്റിന്ത്യാ കമ്പനിയുടെ മലബാർ കമാന്ററും കൊച്ചിയിലെ ഗവർണ്ണറുമായിരുന്ന ഹെന്റിക് വാൻ റീഡ് ടോട് ഡ്രാക്കൻസ്റ്റൈൻ നേതൃത്വം നല്കി അണിയച്ചൊരുക്കിയതാണ് ഹോർത്തൂസ്. എങ്കിലും, നാട്ടുവൈദ്യന്മാർ, സസ്യശേഖരണം നടത്തിയവർ, ഗവേഷകർ, സംശോധകർ, വിവർത്തകർ, ഔഷധശാസ്ത്രജ്ഞർ, എഡിറ്റർമാർ, അച്ചടിവിദഗ്ദ്ധർ, ചിതകാരർ, ശില്പികൾ എന്നിങ്ങനെ അനേകം പേരുടെ മുപ്പതു വർഷത്തെ അതികഠിനമായ പ്രയത്നത്തിനൊടുവിലാണ് ഈ കൃതി പുറത്തുവരുന്നത്. വാൻ റീഡ് കഴിഞ്ഞാൽ (ഒരു പക്ഷേ അതിനും മേലേ), ഈ പുസ്തകത്തിന്റെ ഉള്ളടക്കത്തിന്റെ പിറവിക്കു കാരണമായിത്തീർന്നത് നാലു ഭിഷഗ്വരരും രണ്ടു വൈദ്യശാസ്ത്രകൃതികളുമാണ്. സസ്യശാസ്ത്രമെന്നത് വൈദ്യശാസ്ത്രത്തിന്റെ അനുബന്ധം മാത്രമായിരുന്ന അക്കാലത്ത് അങ്ങനെയല്ലാതെ ആ പുസ്തകം പുറത്തുകൊണ്ടുവരാൻ കഴിയുമായിരുന്നില്ല. സസ്യവർക്ഷീകരണശാസ്ത്രമെന്നത് വൈദ്യവിജ്ഞാനത്തിൽ നിന്നകന്നുപോയ ഇക്കാലത്ത് ഹോർത്തൂസ് പോലൊരു കൃതി ഉണ്ടാക്കിയെടുക്കാനും പ്രയാസമാണ്. നഷ്ടപ്പെട്ട ഈ ബന്ധത്തെ വീണ്ടെടുക്കുന്നതിനും ശാസ്ത്രീയമായ തുടർ പടവുകളിലേക്ക് നയിക്കുന്നതിനും, ഹോർത്തൂസ് വായനയെ എങ്ങനെ പുന:സംഘാടനം ചെയ്യാം എന്നതാണ് നാം ഇവിടെ ആലോചിക്കേണ്ടത്.

ഹോർത്തൂസ് മലബാറിക്കൂസിന്റെ പിറവിക്കു പിന്നിൽ പ്രവർത്തിച്ച കാരണം കൊളോണിയൽ താൽപ്പര്യമായിരുന്നു എന്നത് നേരാണ്.[5] എന്നാലതിന്റെ വിശാലതാൽപ്പര്യം തൊറാപ്യൂട്ടിക് ആയിരുന്നു. സസ്യവർക്ഷീകരണത്തിന്റെ ഘടനയെ അത്

മുന്നോട്ടുവയ്ക്കുമ്പോഴും സാധ്യതയുടെ തലത്തിൽ ഗുണമേന്മയു ള്ള ചികിത്സയെയാണ് അത് ലക്ഷ്യം വച്ചത്.

ഇതിലേക്ക് വിരൽ ചൂണ്ടുന്ന തെളിവുകൾ വാൻ റീഡിന്റെ പരാമർശങ്ങളിൽത്തന്നെയുണ്ട്. പൗരസ്ത്യദേശത്തെ ഔഷധ സസ്യങ്ങളെക്കുറിച്ച് പഠനം നടത്താൻ 1669-ൽ ഡച്ചു കമ്പനിയിൽ നിന്നുണ്ടായ നിർദ്ദേശം അദ്ദേഹത്തിന് സഹായമായെങ്കിലും അതിനു മുമ്പുതന്നെ മലബാറിലെ ജൈവവൈവിധ്യങ്ങളെ നിരീ ക്ഷിക്കുന്നതിനുള്ള ഉത്സാഹം റീഡിലുണ്ടായിരുന്നു. മലബാറിലെ നാട്ടുവൈദ്യപാരമ്പര്യത്തെക്കുറിച്ച് റീഡ് ഇങ്ങനെ എഴുതി: ‘‘ഇവി ടെയുള്ളവരുടെ ആയുർദൈർഘ്യം പൊതുവെ കൂടുതലാണ്. തദ്ദേ ശീയരായ വൈദ്യന്മാരാണ് ഇവരുടെ ആരോഗ്യം സംരക്ഷിക്കുന്ന ത്.. ഇവർക്കാവശ്യമായ ഔഷധങ്ങളൊന്നും പുറമേനിന്നും കൊണ്ടുവരുന്നില്ല.’’[6]

തദ്ദേശീയമായി ലഭ്യമായിരുന്ന ചെടികളെക്കുറിച്ചും അവ യുടെ ഔഷധഗുണങ്ങളെക്കുറിച്ചും അറിവുണ്ടായിരുന്ന ഒരു ജന തയായിരുന്നു അന്ന് മലബാറിലുണ്ടായിരുന്നത്. ഇവിടെ നിലനിന്ന നാട്ടുവൈദ്യശാഖകളുടെ സ്വാധീനം ആ അറിവുകളെ വ്യവസ്ഥാ പിതമായി നിലനിന്നുപകുന്നതിനും സഹായിച്ചു. അതിന്റെ പ്രതി നിധാനം എന്ന നിലയിലാണ് ഇട്ടി അച്ചുതൻ വൈദ്യരും രംഗഭട്ട് വിനായക പണ്ഡിറ്റ്-അപ്പുഭട്ട് എന്നീ ഗൗഢസാരസ്വതഭിഷഗ്വരരും ഹോർത്തൂസ് രചനയിൽ ഒപ്പം കൂടുന്നത്.

‘കൊല്ലാടൻ’ എന്ന സ്ഥാനപ്പേരിൽ അറിയപ്പെട്ടിരുന്ന കര പ്പുറം ദേശികരായ ഈഴവജാതിക്കാരായ വൈദ്യകുടുംബത്തിൽ തലമുറകളായി സഞ്ചയിച്ചുവച്ച അറിവുകളുടെ പുസ്തകമായ ‘ചൊൽക്കെട്ട പൊസ്തകം’ ആധാരമാക്കിയാണ് കൊല്ലാട്ടുവൈ ദ്യൻ എന്നറിയപ്പെട്ടിരുന്ന ഇട്ടി അച്ചുതൻ വൈദ്യർ ഹോർത്തൂ സിന്റെ പണിപ്പുരയിൽ മുഖ്യപങ്കാളിയായത്. തന്റെ സാക്ഷ്യപത്ര ത്തിൽ (ഒന്നാം വാല്യം)അദ്ദേഹം രേഖപ്പെടുത്തുന്നതു പ്രകാരം ആ സേവനം ഇങ്ങനെയാണ്. ‘‘ഹെൻറിക് വാൻ റീഡ് കോമ്മഡോ റുടെ കല്പനയനുസരിച്ച് കൊച്ചി കോട്ടയിൽ വന്ന് പുസ്തക

ത്തിൽ വിവരിച്ചിട്ടുള്ള വൃക്ഷങ്ങളും ചെറുവൃക്ഷങ്ങളും വള്ളികളും പുൽക്കുലങ്ങളും വിത്തുജാതികളും കൈകാര്യംചെയതു പരിചയം ഉള്ളതുകൊണ്ടും, നമ്മുടെ ഗ്രന്ഥങ്ങളിൽനിന്ന് മനസ്സിലാക്കിയിട്ടുള ളതുകൊണ്ടും ഓരോന്നിന്റെയും ബാഹ്യരൂപവും അതുകൊണ്ടുള്ള ചികിത്സമുതലായതും വേർതിരിച്ച് ചിത്രത്തിൽ കാണിച്ചിരിക്കുന്ന വിധവും വ്യവസ്ഥവരുത്തി ചിട്ടയായി ബഹുമാനപ്പെട്ട കമ്പനി യുടെ ദ്വിഭാഷിയായ മാനുവൽ കർണ്ണെരെയോട് വിവരിച്ച് പറഞ്ഞ റിയിച്ചതാണ് എന്നുള്ളതിന് മലയാളത്തിലെ സജ്ജനങ്ങളുടെ സംശയം ഇല്ലാതിരിക്കാൻ വേണ്ടി എഴുതിവച്ചത്.''[7]

ഇതേ നിലയിൽതന്നെയാണ് മറ്റു മൂന്നുപേരും തങ്ങളുടെ സേവനവും നല്കിയത്. ഗോവ ഉൾപ്പെടെയുള്ള വടക്കൻ പ്രദേശ ങ്ങളിൽ പ്രചാരത്തിലുണ്ടായിരുന്നതും സംസ്കൃതത്തിലെഴുതപ്പെ ട്ടതുമായ ആയൂർവ്വേദഗ്രന്ഥമായ മഹാനിഘണ്ടുവിലെ അറിവുകളാണ് അവർ ഹോർത്തൂസിനായി പകർന്നുകൊടുത്തത്. 1735-ൽ എഴുതപ്പെട്ടതും മദനവിനോദ, മദനപാല എന്നു കൂടി പേരുള്ളതും മഹാനിങ്ങ്ഘട്നം(Mahaningattnam) എന്നു ഹോർത്തൂസിൽ പേരു നല്കിയിട്ടു—ള്ളതുമായ കൃതിയാണിത്.

നാട്ടുവൈദ്യത്തിന്റെ ചെറിയ കൈവഴികളെ ഒന്നിച്ചു ചേർത്ത് വിപുലമായി സംഘാടനം ചെയ്യുക വഴി, ഹോർത്തൂസ് മലബാറിക്കൂസ് പിൽക്കാല തലമുറകൾക്ക് മഹാത്ഭുതമായി ത്തീർന്നു. 210 രോഗങ്ങൾക്കുള്ള 2789 ചികിത്സാവിധികളെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ള ഗ്രന്ഥമാണത്. ആ നിലയിൽ ഇനിയുള്ള കാലത്ത് അതിന്റെ വൈദ്യശാസ്ത്രപ്രാധാന്യം വളരെ വലുതാണ്.

ഒരു കാര്യം കൂടി ഇനി അതീവ ശ്രദ്ധയോടെ കേൾക്കേണ്ട തുണ്ട്. 'A Reinvestigation of the Medicinal Plants Described in Hortus Malabaricus' എന്ന വിഷയത്തിൽ ഡോ. കെ.എസ്. മണി ലാലിന്റെ കീഴിൽ ഗവേഷണം നടത്തി, 1987-ൽ ഡോക്ടറേറ്റ് നേടിയ ഡോ. സി.ആർ. സുരേഷിന്റെ വാക്യങ്ങളാണത്. ''ഞാൻ ശേഖരിച്ച എല്ലാ ചെടികളും ഹെർബേറിയമാക്കി ബോട്ടണി

ഡിപ്പാർട്ടുമെന്റ് ഹെർബേറിയത്തിൽ സൂക്ഷിച്ചുവച്ചിരിക്കുകയാണ്. ഇതുപോലെ വീണ്ടും ഒരു കളക്ഷൻ ഹോർത്തൂസ് മലബാറിക്കൂസ് ചെടികളെ ഉദ്ദേശിച്ച് വീണ്ടും നടത്തുകയാണെങ്കിൽ നിരാശയായി രിക്കും ഫലം. കാരണം ഏതാണ്ട് നല്ലൊരു ശതമാനം ചെടികളും കേരളത്തിൽ നിന്നും അപ്രത്യക്ഷമായിട്ടുണ്ട്.''[8]

**അടിക്കുറിപ്പുകൾ**

1. ഡോ. പി.എസ്. വാസുദേവൻ, മരുന്നകളും മനുഷ്യശരീ രവും, കോ-ഓപ്പറേറ്റീവ് ബുക്സ്, തൃശൂർ, 2014: 11
2. സമ്രാട്ട് പബ്ലിഷേഴ്സ്, 2019: 5
3. ഹോർത്തൂസ് മലബാറിക്കൂസ് (മലബാർ പൂന്തോട്ടം) : സസ്യ വൈവിധ്യവും നാട്ടുചികിത്സയും, ടി. ഇ. ഉഷാകുമാരി (പഠ നം)&പി.യു. രാധാകൃഷ്ണൻ (സംഗ്രഹം), സമത,2019:39
4. ടി. പുസ്തകം, പു. 74
5. ''ഡച്ചു കമ്പനിയുടെ കീഴിൽ ഏഷ്യയിൽ സേവനമനുഷ്ഠി ക്കുന്ന സൈനികർക്ക് അസുഖങ്ങളോ പരിക്കോ ഉണ്ടാകുന്ന സന്ദർഭങ്ങളിൽ പച്ചിലമരുന്നുകളാണ് ചികിതിസയിക്കായി ഉപയോഗിച്ചിരുന്നത്. ആംസ്റ്റർഡാമിൽ വെച്ച് പച്ചിലകളും സസ്യഭാഗങ്ങളും ചേർത്ത് തയ്യാറാക്കുന്ന മരുന്ന് കടൽമാർക്ഷം ഏഷ്യയിലേക്കെത്തിക്കുകയായിരുന്നു പതിവ്. ആറു മാസത്തെ കപ്പൽയാത്രയ്ക്കു ശേഷം ഔഷധങ്ങൾ എത്തുമ്പോഴേയ്ക്കും ഉപയോഗശൂന്യമാകും. പല സന്ദർഭങ്ങ ളിലും മരുന്നെത്തുന്നതിന് മുമ്പുതന്നെ രോഗിയുടെ മര ണവും സംഭവിച്ചിരിക്കും. മലബാറിലെ ഔഷധസസ്യങ്ങ ളെയും ഔഷധക്കൂട്ടുകലെയും ചികിതിസാർത്ഥം ഉപയോഗി ക്കുവാനുള്ള തീരുമാനം കൈക്കൊള്ളുന്നത് ഈ അവസര ത്തിലാണ്.'' ടി. പുസ്തകം, പു. 89

ഇതോടൊപ്പം വാൻ റീഡിന്റെ അഭിപ്രായം കൂടി ശ്രദ്ധിക്കുക (മൂന്നാം വാല്യം): ''മേൽപ്പറഞ്ഞ കാരണങ്ങളാൽ ഇവിടെയുള്ള ചെടികളെക്കുറിച്ചും അവയുടെ ഔഷധഗുണങ്ങളെക്കുറിച്ചും

ഉപയോഗരീതിയെക്കുറിച്ചുമുള്ള അറിവും ഈ ചെടികളെക്കുറിച്ചുള്ള വിവരങ്ങളും ചിത്രങ്ങളും ശേഖരിക്കാൻ കഴിവുള്ള ഒരാളെ ഇവിടെ നിന്നുതന്നെ കണ്ടെത്തണമെന്ന് എനിക്ക് അതിയായ ആഗ്രഹമുണ്ടായി. ഈ പരിശ്രമം നല്ല രീതിയിൽ ഫലിച്ചാൽ, ഇതിന്റെ ഗുണം യൂറോപ്പിലെ സസ്യശാസ്ത്രവിദ്യാർത്ഥികൾക്കും ലഭിക്കുമെന്ന് എനിക്ക് ബോധ്യപ്പെട്ടു. അതു മാത്രമല്ല, യൂറോപ്പിൽ നിന്ന് ഔഷധങ്ങൾഇന്ത്യയിലേക്ക് അയയ്ക്കുകവഴി ഉണ്ടാകുന്ന ചെലവ് ഒഴിവാക്കി ഈസ്റ്റ് ഇന്ത്യാ കമ്പനിക്ക് ലാഭമുണ്ടാക്കാനും ഇതുവഴി കഴിയും. ഇതു കൂടാതെ കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ഔഷധങ്ങൾ ഇന്ത്യയിൽ തന്നെ ഉണ്ടാക്കാനും അതുവഴി മെച്ചപ്പെട്ട ലാഭമുണ്ടാക്കാനും കമ്പനിക്ക് കഴിയും.' ടി. പുസ്തകം, പു., 89

6. ടി. പുസ്തകം, പു.87
7. ടി. പുസ്തകം, പു.143
8. ടി. പുസ്തകം, പു.242

**ഡോ. എം.എ. സിദ്ദീഖ്**
പ്രൊഫസർ, മലയാളവിഭാഗം
കേരളസർവ്വകലാശാല
കാര്യവട്ടം
9447125202

# ന്യായസിദ്ധാന്തമഞ്ജരി സംശോധിത സംസ്ക്കരണം

**ഡോ. അശോക് കുമാർ എൻ.കെ.**

**സംഗ്രഹം**

*ഒരു ന്യായവൈശേഷിക പ്രകരണഗ്രന്ഥമാണ് ന്യായസിദ്ധാന്ത മഞ്ജരി. കേരളസർവ്വകലാശാലയുടെ അധീനത യിൽ തിരുവനന്തപുരത്ത് കാര്യവട്ടത്തെ കാമ്പസ്സിൽ പ്രവർത്തിക്കുന്ന ഓറിയൻറൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആൻറ് മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽ നിന്നും ലഭിച്ച പതിമൂന്ന് ഹസ്തലിഖിതഗ്രന്ഥങ്ങളും ബംഗാളിലെ നാഷണൽ ലൈബ്രറിയിൽ നിന്നു ലഭിച്ച ഒരു ഹസ്തലിഖിതഗ്രന്ഥവും അടിസ്ഥാനപ്പെടുത്തിയാണ് ഈ സംശോധിതസംസ്ക്കരണം തയ്യാറാക്കിയിരിക്കുന്നത്. ടി ഗ്രന്ഥത്തിന്റെ സംസ്ക്കരണത്തിന്റെ അടി സ്ഥാനത്തിൽനിന്നുകൊണ്ടുള്ള ഒരു പഠനമാണ് നടത്താൻ ഉദ്ദേശിച്ചിരി ക്കുന്നത്.*

*ഏകദേശം 1550-ൽ ജാനകീനാഥശർമ്മയാണ് ഈ ഗ്രന്ഥം രചിച്ചതെന്ന് ശിവാദിത്യമിശ്രനും മുരാരിമിശ്രനും സൂചിപ്പിച്ചു കാണുന്നതായി സതീഷ് ചന്ദ്ര വിദ്യാഭൂഷൺ തന്റെ എ ഹിസ്റ്ററി ഓഫ് ഇൻഡ്യൻ ലോജിക് എന്ന ഗ്രന്ഥത്തിൽ പരാമർശിച്ചുകാണുന്നു. രാമചന്ദ്രസാർവഭൌമന്റെ പിതാവായിരുന്ന ഇദ്ദേഹം ആന്വീക്ഷികീ തത്ത്വനിർണ്ണയം എന്ന ഗ്രന്ഥം രചിച്ചിരുന്നു എന്നും ജഗദീശതർക്കാലങ്കാരന്റെ പിൻഗാമിയായിരുന്നു ഇദ്ദേഹം എന്നും റായി മൻമോഹൻ ചക്രവർത്തി രേഖപ്പെടുത്തിയിട്ടുണ്ട്. ചൂഡാമണി ഭട്ടാചാര്യ, ജാനകീനാഥചൂഡാമണി, ന്യായചൂഡാമണി എന്നീ പേരുകളിലും ഇദ്ദേഹം അറിയപ്പെട്ടിരുന്നതായി ഡാനിയൽ ഹെൻറി ഇംഗാൽസ് സൂചിപ്പിച്ചികാണുന്നു.*

**താക്കോൽ വാക്കുകൾ**

*ന്യായവൈശേഷികം, പ്രകരണം, ഉച്ഛ്വാസം, പ്രമ, പരിച്ഛേദം*

*"ശാസ്ത്രൈകദേശസംബദ്ധം ശാസ്ത്രാന്തരേ സ്ഥിതം*

*ആഹുഃ പ്രകരണം നാമ ഗ്രന്ഥഭേദം വിപശ്ചിതഃ"* എന്ന പ്രകരണഗ്രന്ഥലക്ഷണം അന്വർത്ഥമാക്കുന്ന ഒരു പ്രകരണഗ്രന്ഥമാണ് ന്യായസിദ്ധാന്തമഞ്ജരി.

പൊതുവെ പ്രകരണഗ്രന്ഥങ്ങളെ നാലായി തരംതിരിച്ചിരിക്കുന്നു. നൈയായികർ അംഗീകരിച്ചിരിക്കുന്ന നാല് പ്രമാണങ്ങളെ പ്രതിപാദിക്കുകയും അതിൽ ഇതരപദാർത്ഥങ്ങളെ ഉൾക്കൊള്ളിക്കുകയും വിവരിക്കുകയുമാണ് ഒന്നാമത്തെ രീതിയിലുള്ള പ്രകരണഗ്രന്ഥത്തിന്റെ ശൈലി. ഉദാഹരണം ഭാസർവ്വജ്ഞന്റെ ന്യായസാരമാണ്. രണ്ടാമത്തേതിലാകട്ടെ, നൈയായികർ പറഞ്ഞ പതിനാറു പദാർത്ഥങ്ങളിൽ വൈശേഷികർ സ്വീകരിക്കുന്ന സപ്തപദാർത്ഥങ്ങളുടെ ഉൾക്കൊള്ളിക്കലും. ശ്രീ വരദരാജന്റെ താർക്കിക-രക്ഷയും കേശവമിശ്രന്റെ തർക്കഭാഷയുമാണ് രണ്ടാമത്തെ രീതിയിലുള്ള പ്രകരണഗ്രന്ഥത്തിന്നുദാഹരണം. വൈശേഷികപ്രസിദ്ധങ്ങളായ പദാർത്ഥങ്ങളുടെ നിർവ്വചനവും പ്രതിപാദനവുമാണ് മൂന്നാമത്തെ തരത്തിലുള്ള പ്രകരണഗ്രന്ഥങ്ങളിൽ. ഉദയനാചാര്യരുടെ ലക്ഷണാവലിയും വല്ലഭാചാര്യരുടെ ന്യായലീലാവതിയും അന്നംഭട്ടന്റെ തർക്കസംഗ്രഹവും വിശ്വനാഥ പഞ്ചാനനന്റെ ന്യായസിദ്ധാന്തമുക്താവലിയും മകുടോദാഹരണങ്ങളവളാണ്. നാലാമത്തേതും അവസാനത്തേതുമായ പ്രകരണഗ്രന്ഥത്തിന്റെ രീതിയാണ് ന്യായവൈശേഷിക ദർശനങ്ങളിലെ ഏതാനുംചില പദാർത്ഥങ്ങളുടെ സാമാന്യനിരൂപണവും ലക്ഷണോദാഹരണ വിവരണവും. അത്തരം പ്രകരണഗ്രന്ഥങ്ങളിൽ ശശധരന്റെ ന്യായസിദ്ധാന്തദീപത്തിനാണ് പ്രാമുഖ്യം. അപ്രകാരം വിലയിരുത്തുമ്പോൾ ന്യായസിദ്ധാന്തമഞ്ജരി നാലാമത്തേതും ഒടുവിലത്തേതുമായ രീതിയിലുള്ള പ്രകരണഗ്രന്ഥമാണെന്ന് ഗ്രഹിക്കാം.

ജാനകീനാഥൻ പ്രത്യക്ഷം അനുമാനം ഉപമാനം ശാബ്ദം എന്നിങ്ങനെ നാല് അദ്ധ്യായങ്ങളിലായി പ്രമാണപ്രമേയങ്ങളുടെ വിശദവും ലളിതവുമായ പ്രതിപാദനമായിട്ടാണ് ഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നത്. പൊതുവെ അലങ്കാരശാസ്ത്രത്തിൽ അദ്ധ്യായത്തിന്റെ പേരായി ഉപയോഗിക്കുന്ന പരിച്ഛേദം, ഉച്ഛ്വാസം എന്നിവയിലെ പരിച്ഛേദമെന്നതാണ് അദ്ധ്യായനാമമായി ഗ്രന്ഥകാരൻ ഉപയോഗിച്ചിരിക്കുന്നത്. നവ്യന്യായപദ്ധതിയെ അവലംബിച്ചുകൊണ്ട് ഇവിടെ സുലളിതവും നിർദ്ദുഷ്ടവും സുവ്യക്തവുമായ ലക്ഷണംപറയലും അവയുടെ സ്വരൂപവിശദീകരണവും അവ അനായാസം ഗ്രഹിക്കുന്നതിനായി ലളിതമായ ഉദാഹരണങ്ങളും നൽകിയിരിക്കുന്നു. കൂടാതെ ന്യായശാസ്ത്രസംബ്രദായമനുസരിച്ച് സ്വലക്ഷണവാക്യങ്ങളിൽ ചേർത്തിട്ടുള്ള പദങ്ങളുടെ പ്രയോജനം പ്രദർശിപ്പിക്കുന്നതിനായി ദളപ്രയോജനവും വ്യക്തമായി വിവരിച്ചിരിക്കുന്നു.

ന്യായസൂത്രകാരനായ ഗൗതമാചാര്യന്റെയും വൈശേഷിക സൂത്രകാരനായ കണാദന്റെയും ഇരുഭാഷ്യകാരൻമാരുടെയും നവ്യന്യായാചാര്യൻമാരായ ഗംഗേശോപാദ്ധ്യായന്റെയും ഉദയനാ ചാര്യരുടെയും സിദ്ധാന്തങ്ങളും പ്രമാണങ്ങളുമായുള്ള ചേർച്ചയും കൂട്ടിയോജിപ്പിക്കുന്നു. അത് ഗ്രന്ഥത്തിന്റെ ആധികാരികതയും ആചാര്യമൂലത്തവും ഊട്ടിയുറപ്പിക്കുന്നു. എന്നിരിക്കിലും ആചാര്യന്മാരിൽ നിന്നുമുള്ള സ്വന്തം മതഭേദം അതാത് അവസരങ്ങളിൽ പ്രകടിപ്പിക്കുകയും ജാനകീനാഥൻ ചെയ്യുന്നുണ്ട്. അതിനായി ആചാര്യൻമാരുടെ സിദ്ധാന്തങ്ങളെ ഉദാഹരണസഹിതം വിമർശിച്ചുകൊണ്ട് സ്വാഭിപ്രായങ്ങളിൽ ശരിയായ അവബോധം ജനിപ്പിക്കുകയും ചെയ്യുന്നു. എങ്കിലും ന്യായവൈശേഷികപ്രകരണമെന്ന നാലാമത്തെതരത്തിലുള്ള പ്രകരണമെന്ന നിലയിൽ ന്യായവൈശേഷികസിദ്ധാന്തങ്ങളുടെ സമഗ്രമായ പ്രതിപാദനം നടത്താതെ ഏതാനുംചില മുഖ്യസിദ്ധാന്തങ്ങളുടെ നിരൂപണം മാത്രമേ ഗ്രന്ഥകാരൻ ചെയ്യുന്നുള്ളൂ. അങ്ങനെയാണെങ്കിലും ഈ ഗ്രന്ഥം പ്രത്യക്ഷാനുമാനോപമാനശബ്ദങ്ങളായ പ്രമാണചതുഷ്ടയ

ങ്ങളുടെയും അവസരോചിതമായി പറയപ്പെട്ട അന്യശാസ്ത്ര സിദ്ധാന്തങ്ങളിലൂടെയും അനുവാചകർക്ക് ഈ ഗ്രന്ഥം ഏറ്റവും ഉപകാരപ്രദമായിത്തീരുന്നു എന്നത് എടുത്തുപറയേണ്ട വസ്തുതയാണ്.

സാധാരണ ഒട്ടുമിക്ക ഭാരതീയഗ്രന്ഥങ്ങളിലും കാണാറുള്ളതുപോലെ ഗ്രന്ഥനിർവിഘ്ന പരിസമാപ്തി സ്വരൂപമായമംഗളശ്ലോകത്തോടുകൂ ടിത്തന്നെയാണ് ഈ ഗ്രന്ഥവും ആരംഭിക്കുന്നത്. എങ്കിലും ഈ ഗ്രന്ഥത്തിൽ ഗ്രന്ഥം പഠിക്കുവാൻ പ്രേരകമായ അനുബന്ധചതുഷ്ടയം ചേർത്തു കാണുന്നില്ല. എന്നാൽ മംഗളത്തിനു ശേഷം ഗ്രന്ഥപ്രയോജന മെന്ന രീതിയിൽ മോക്ഷത്തിനു മുഖ്യോപായം മനനോപായമായ ആത്മാവിന്റെ തത്ത്വജ്ഞാനമാണെന്നും അത് പ്രമാണാധീന മാണെന്നും അതിനാൽ ആദ്യമേ പ്രമാണങ്ങളെത്തന്നെ നിരൂപണം ചെയ്യുകയും ചെയ്തിരിക്കുന്നു.

തുടർന്ന് പ്രമയുടെ അസാധാരണകാരണമാണ് പ്രമാണമെന്നും, പ്രമയെന്നാൽ യഥാർത്ഥാനുഭവമാണെന്നും, *തദ്വതി തദവഗാഹിത്വം യാഥാർത്ഥ്യം തദഭാവവതി തദവഗാഹിത്വം അയഥാർത്ഥ്യം* എന്നിങ്ങനെ പ്രമാണചർച്ച യാരംഭിക്കുന്നു. പിന്നീട് കരണലക്ഷണനിരൂപണത്തിലൂടെ കരണഭേദമനുസരിച്ചാണ് വ്യവഹാരഭേദമെന്നും പ്രതിപാദി ച്ചിരിക്കുന്നു.

അവിടെ ഗൗതമൻ പറഞ്ഞ *പ്രത്യക്ഷാനുമാനോപ മാനശ്ബദാഃ പ്രമാണം* എന്ന സൂത്രംകൊണ്ടുതന്നെ പ്രത്യക്ഷാദിപ്രമാണങ്ങളെ സ്വീകരിച്ചുകൊണ്ട് അവയുടെ ലക്ഷണങ്ങളും ലക്ഷണാന്തരവൈലക്ഷണ്യവും ദളപ്രയോജനവും പരിഷ്ക്കാരവും സസൂക്ഷ്മം വിശദീകരിക്കുന്നു.

ജീവാത്മപരമാത്മഭേദമായ നിത്യാനിത്യസ്വരൂപമായ പ്രത്യക്ഷത്തിൽ അനിത്യമായ പ്രത്യക്ഷം നിർവ്വികൽപ്പക സവികൽപ്പകഭേദേന രണ്ടുവിധമാണെന്നും അവയുടെ ലക്ഷണോദാഹരണങ്ങളോടൊപ്പം ഭാട്ടൻപറഞ്ഞ ലക്ഷണവും

വിവരിച്ച് നിർദ്ദുഷ്ടവും സുവ്യക്തവുമായ ലക്ഷണത്തെ സ്വീകരിക്കുകയും ചെയ്യുന്നു.

തുടർന്ന് മറ്റുഗ്രന്ഥങ്ങളിൽ നിന്നും വ്യത്യസ്ഥമായി ദ്രവ്യഗാഹകം ദ്രവ്യാഗ്രാഹകം എന്നിങ്ങനെ പ്രത്യക്ഷത്തെ രണ്ടായി വിഭജിച്ചിരിക്കുന്നു. ചക്ഷു, ത്വക്ക്, മനസ്സെന്നിവ ദ്രവ്യഗ്രാഹകങ്ങളെന്നും ഘ്രാണം, രസന, ശ്രവണം എന്നിവ ദ്രവ്യാഗ്രാഹകങ്ങളെന്നും വിശദമാക്കുകയും മനസ്സിന്റെ ബഹിർജന്യജ്ഞാന വിഷയപാരതന്ത്ര്യവും വ്യക്തമാക്കുന്നു. മനസ്സ് ആത്മാവിനെയും അതിന്റെ യോഗ്യഗുണങ്ങളെയും അവയുടെ അഭാവത്തെയും അതിന്റെ ജാതിയെയും ഗ്രഹിക്കുന്നതോടൊപ്പം അവയെ അറിയുന്നതിൽ സ്വതന്ത്ര മാണെന്നും സമർത്ഥിക്കുന്നു. ഉത്ഭൂതത്വമുള്ളവ മാത്രമേ പ്രത്യക്ഷവീഷയമാകുന്നുള്ളു എന്നും അത് ഉദാഹരണസഹിതം എടുത്തുകാട്ടുകയും ചെയ്യുന്നു.

ഉദ്ഭൂതത്വനിരൂപണത്തിനുശേഷം അവിടെ പ്രസക്തമായ സമവായപ്രത്യക്ഷമായ ഗ്രന്ധരസങ്ങളുടെ ലക്ഷണവും, തുടർന്ന് ഏത് സന്നികർഷത്തിലൂടെ ഏത് പ്രത്യക്ഷമുണ്ടാകുന്നു വെന്നിങ്ങനെ പ്രത്യക്ഷജ്ഞാനഹേതുക്കളായ ഇന്ദ്രിയാർത്ഥ സന്നികർഷങ്ങളുടെ വിശദീകരണവുമാരംഭിക്കുന്നു. ആ അവസര ത്തിൽ സംയോഗാദി സന്നികർഷങ്ങളുടെ സ്വരൂപവിവേചനത്തിൽ സ്വന്തം വിപ്രതിപത്തിയും ആലോകസംയോഗഹേതുത്വം എപ്ര കാരമാണെന്നും ഉദാഹരണസഹിതം സമർത്ഥിക്കുകയും ചെയ്യുന്നു.

അഭാവപ്രത്യക്ഷം വിശേഷണവിശേഷ്യഭാവ സന്നികർഷ മാണെന്ന നൈയായികമതം ഉദാഹരണസഹിതം പ്രതി പാദിച്ചതിനുശേഷം ബാഹ്യേന്ദ്രിയങ്ങളായ ചക്ഷു, ത്വക്ക്, രസന, ശ്രോത്രം, ഘ്രാണം എന്നിവയെയും ആഭ്യന്തരേന്ദ്രിയമായ മനസ്സിനേയും വിവരിച്ചുകൊണ്ട് പ്രത്യക്ഷപരിച്ഛേദം ഉപ സംഹരിക്കുന്നു. തുടർന്ന് ക്രമപ്രാപ്തമായ അനുമാനപരിച്ഛേദ മാരംഭിക്കുന്നു. അതിൽ അനുമിതിയുടെ ലക്ഷണവും ദളപ്രയോജനവും പരിചിന്തനം ചെയ്തശേഷം വ്യാപ്തിജ്ഞാനം, അന്വയവ്യതിരേകി, കേവലാന്വയി, കേവലവ്യതിരേകി എന്നീ

ലിംഗങ്ങൾ എന്നിവയെക്കുറിച്ച് വിശദമായ ചർച്ചചെയ്യുന്നു. തുടർന്ന് സവ്യഭിചാരവിരുദ്ധസത്പ്രതിപക്ഷാസിദ്ധബാധിത ങ്ങളെന്നിങ്ങനെ അഞ്ച് ഹേത്വാഭാസങ്ങളെയും ഉദാഹരണ സഹിതം ഉപാധിസ്വരൂപത്തോടൊപ്പം വർണ്ണിച്ചിരിക്കുന്നു.

അനന്തരം *തച്ചാനുമാനം പരാർത്ഥം, ന്യായപൂർവ്വകം, ന്യായശ്ച ക്രമികപ്രതിജ്ഞാദിപഞ്ചകസമുദായഃ* എന്നിങ്ങനെ പരാർത്ഥാനുമാനസ്വരൂപമായ പഞ്ചാവയവവാക്യത്തെയും ഉദാരണസഹിതം, ജാനകീനാഥശർമ്മ, ന്യായസിദ്ധാന്ത മഞ്ജരിയിൽ വിശദീകരിച്ച് അനുമാനനിരൂപണം പൂർത്തി യാക്കുന്നു. ക്രമപ്രാപ്തമായ ഉപമാനനിരൂപണം തുടർന്നാരംഭിച്ച് ഉപമാന- പ്രമാണത്തിന്റെ പ്രത്യക്ഷാദിവൈലക്ഷണ്യവും പ്രമാണാന്തരത്ത്വവും വിശദമായി പറഞ്ഞിരിക്കുന്നു. കൂടാതെ കേവലം സാദൃശ്യജ്ഞാനം മാത്രമല്ല വൈധർമ്മ്യജ്ഞാനവും ഉപമിതിക്ക് കാരണമാണെന്ന് സ്വതസിദ്ധമായ ശൈലിയിൽ സ്വന്തം അഭിപ്രായമനുസരിച്ച് വിശദമാക്കിക്കൊണ്ട് ഉപമാനപ്രകരണം, ജാനകീനാഥശർമ്മ, അവസാനിപ്പിക്കുകയും ചെയ്യുന്നു.

തുടർന്ന് *ശബ്ദപ്രമിതികരണം ശബ്ദഃ, ശാബ്ദത്വഞ്ച ശബ്ദാത്പ്രത്യേമീതി അനുഭവസാക്ഷികഃ ജാതിവിശേഷഃ'* എന്നിങ്ങനെ ശബ്ദലക്ഷണം പറഞ്ഞുകൊണ്ട് ശബ്ദപ്രമാണ മാരംഭിക്കുന്നു. അവിടം ശബ്ദം അനുമാനവിധേയമാണെന്ന വൈശേഷികമതവും ഗ്രന്ഥകാരൻ സൂചിപ്പിച്ചിരിക്കുന്നു. കൂടാതെ നൈയായികരെ സംബന്ധിച്ച് ശബ്ദം പൃഥക് പ്രമാണമാണെന്നും ശാബ്ദബുദ്ധിയിൽ ശക്തിഗ്രഹാദികൾക്ക് സഹകാരിത്വമാണെന്നും വിവരിക്കുന്നു. അതുപോലെതന്നെ അവിടെ ശക്തി പദാർത്ഥാന്തരമാണെന്ന മീമാംസക മതമവതരിപ്പിച്ച് അത് നിരാകരിക്കുകയും ചെയ്യുന്നു. നൈയായയികമതമനുസരിച്ച് ശക്തി പദാർത്ഥാന്തരമല്ല സങ്കേതമാണെന്നും അത് പ്രാചീനനൈയായിക മതമനുസരിച്ച് കേവലം സങ്കേതമല്ല ഈശ്വരസങ്കേതമാണെന്നും സ്ഥാപിക്കുന്നു.

അനന്തരം ശക്തിഗ്രഹോപായങ്ങളും ലക്ഷണയും വിശദമായി പ്രതിപാദിച്ചിരിക്കുന്നു. മറ്റ് പ്രകരണഗ്രന്ഥങ്ങളിൽ നിന്നും വ്യത്യസ്തമായി ഇവിടെ വിശദമായി വ്യഞ്ജനയും

വിധ്യർത്ഥവും ചർച്ചചെയ്ത് വൈയാകരണാഭിമതമായ സ്ഫോടത്തെ നിരാകരിച്ച് ശബ്ദം നിത്യമാണെന്ന് സ്ഥാപിക്കുകയും ചെയ്യുന്നു. അർത്ഥാപത്തി തുടങ്ങിയ പ്രമാണങ്ങൾ, പ്രമാണങ്ങളുടെ സ്വതോഗ്രാഹ്യത്ത്വം എന്നിവയെ നിരസിച്ചും പരതഃ പ്രാമാണ്യം ഉറപ്പിച്ചും ശബ്ദപരിച്ഛേദത്തിന് പരിസമാപ്തി കുറിക്കുന്നു. ഇവിടെ ഇത്തരത്തിൽ ശബ്ദപ്രമാണനിരൂപണത്തിന് ഏറെപ്രാമുഖ്യം നൽകി വിശദീകരിക്കുന്നുവെന്നതാണ് ഈ ഗ്രന്ഥത്തിന്റെ എടുത്തുപറയേണ്ട മറ്റൊരു വിശേഷം.

അപ്രകാരം, ജാനകീനാഥശർമ്മ, അന്യസിദ്ധാന്തങ്ങളെ ലളിതമായ ഉദാഹരണങ്ങളിലൂടെ നിരസിക്കുന്നതിലൂടെയും സ്വതഃസിദ്ധവും നിഷ്കൃഷ്ടവുമായ ലക്ഷണങ്ങളിലൂടെയും ഉദാഹരണങ്ങളിലൂടെയും സ്വമതം സ്ഥാപിക്കുന്നതിലൂടെയും തന്റെ അന്യശാസ്ത്രവിശാരദത്വവും സ്വശാസ്ത്രവൈദുഷ്യവും വിവരണാത്മകചാതുരിയും മറ്റും നിഷ്പ്രയാസം പ്രകടിപ്പിക്കുന്നു. അതുകൊണ്ടുതന്നെ ന്യായവൈശേഷിക ശാസ്ത്രങ്ങൾ പഠിക്കുവാനാഗ്രഹിക്കുന്നവർക്കും മീമാംസാ തുടങ്ങി മറ്റുശാസ്ത്രഗ്രന്ഥങ്ങൾ അറിയുവാനാഗ്രഹിക്കുന്നവർക്കും ഏറെ പ്രചോദനം നൽകുന്നതും ഉപകാരപ്രദവുമായതാണ് ന്യായ സിദ്ധാന്തമഞ്ജരി എന്നത് ഏറെ ശ്രദ്ധേയമായ വസ്തുതയാണ്.

**അടിക്കുറുപ്പുകൾ**

1. A History of Indian Logic, Satish Chandra Vidhyabhushana,1982
2. History of Navya Nyaya in Bengal and Mithila, Rai Mohan Chakravarthy, 1915
3. Materials for the study of Navya Nyaya Logic, Daniel Henry Ingals

**ഡോ. അശോക് കുമാർ എൻ.കെ.**
അസോസിയേറ്റ് പ്രൊഫസർ & ഹെഡ്
സംസ്കൃതവിഭാഗം (ന്യായ)
ഗവ: സംസ്കൃതകോളേജ്
തിരുവനന്തപുരം

# പൗരസ്വത്വവിചാരങ്ങൾ – ആശാന്റെ സീതാകാവ്യത്തിൽ

**ഡോ. നൗഷാദ് എസ്.**

**സംഗ്രഹം**

*രാമായണസീത, നവോത്ഥാനകാലത്ത് നിന്നുകൊണ്ട് കുമാരനാശാൻ എപ്രകാരമാണ് പുനർവായിക്കുന്നത്? ചിന്താവിഷ്ടയായ സീത എങ്ങനെയാണ് ഫാസിസ്റ്റ് വിരുദ്ധസാഹിത്യത്തോട് സംവാദസന്നദ്ധമാകുന്നത്? അഭിമാനികളായ കീഴാളവ്യക്തിത്വങ്ങളെ നാഗരിക കാലത്തെ ജീർണ്ണഭരണകൂടങ്ങൾ എപ്രകാരമാണ് പരിചരിക്കുന്നത്? ചിന്താവിഷ്ടയായ സീതയിലെ രാഷ്ട്രസംബന്ധമായ സൂചകങ്ങളെ വികസിപ്പിക്കുന്ന വായന.*

**താക്കോൽ വാക്കുകൾ**

*ദേശീയത – ടാഗൂർ – ഐജാസ് അഹമ്മദ് – കുമാരനാശാൻ – ചിന്താവിഷ്ടയായ സീത – പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം – അന്ന അഖ്മത്തോവ – I'm not one of those who left their land*

**ആമുഖം**

ദേശരാഷ്ട്രരൂപീകരണവുമായി മനുഷ്യന് ലഭിക്കുന്ന സ്വത്വവിശേഷമാണ് പൗരബോധം എന്നത്. അത് ആധുനികമായ ഒരാശയമാണ്. ഒറ്റമനുഷ്യനിൽ നിന്ന് പറ്റമനുഷ്യനിലേക്കുള്ള പരിണാമത്തിൽ മനുഷ്യൻ ആർജിച്ചെടുക്കുന്ന വ്യക്തിത്വ ഘടകമാണത്. ദേശരാഷ്ട്രസംവിധാനത്തിലെ അധികാരഘടനകൾ, അധികാരക്കൈമാറ്റത്തിനായി സ്വരക്തസന്തതികളെ ഉറപ്പിക്കുന്ന ഏകദാമ്പത്യം തുടങ്ങിയ നിരവധി സാമൂഹിക

സ്ഥാപനങ്ങളുമായും സ്ഥാപനവൽക്കരണത്തിന്റെ ജീർണ്ണത കളുമായുമൊക്കെ അത് കലർന്നുകിടപ്പുണ്ട്.

ദേശരാഷ്ട്രം എന്നത് ഒരു പൗരവ്യക്തിയെ സംബന്ധിച്ച് കേവലമായ ഒരു ഭൂപ്രദേശമല്ല. അയാളുടെ അഭിലാഷങ്ങളാൽ സംസ്കൃതമായ, അതിരുകളാൽ വ്യവസ്ഥിതമാക്കപ്പെട്ട, അതിജീവനത്തിനായൊരുക്കപ്പെട്ട സവിശേഷസ്ഥലമാണത്. സാമൂഹികഉൽപ്പാദനബന്ധങ്ങൾ രൂപപ്പെടുത്തിയ കൃത്രിമ സംവിധാനം. എങ്കിലും സർഗ്ഗാത്മകം. സംഘമനുഷ്യരുടെ വാഗ്ദത്തഭൂമി. അവിടെ നിന്ന് മനുഷ്യർ പരസ്പരം ആശ്ലേഷിക്കു മ്പോൾ കട്ട പിടിച്ച ഭൂമി ഉഴുതുമറിക്കപ്പെട്ട മണ്ണായി മാറുന്നു. അവർക്ക് മാത്രം വിനിമയം സാധ്യമാകുന്ന ഒരു ഭാഷ, ഒരു സംസ ്കൃതി, അവിടെ മുളപൊട്ടുന്നു. ശീലങ്ങളും അനുഷ്ഠാനങ്ങളും ഭാവിയെ നിർമ്മിക്കാനുള്ള ആസൂത്രണവിഭവങ്ങളായി മാറുന്നു. ഉപജാപങ്ങളാലും അധികാരത്തർക്കങ്ങളാലും ചിലപ്പോൾ, രാഷ്ട്രം തീ പിടിച്ച വീടായും മാറിയേക്കാം. ചിലർക്ക് അവിടെ നിന്ന് പലായനം ചെയ്യേണ്ടിയും വന്നേക്കാം. എങ്കിലും സ്വദേശരാഷ്ട്രം എന്നത് ഏതൊരു വ്യക്തിയുടെയും ചരിത്ര മായതുകൊണ്ടു തന്നെ പുറത്താക്കപ്പെട്ടവരുടെ തിരിച്ചുവരവ് അനിവാര്യവുമാണ്.

ദേശരാഷ്ട്രത്തെ മുൻനിർത്തിയുണ്ടാകുന്ന തീവ്രദേശീയത യിൽ, പുറത്താക്കലിന്റെ രാഷ്ട്രീയമാണുള്ളതെന്ന ടാഗൂറിന്റെ വിമർശനം, ദേശീയബോധത്തെ സംഘാർഷാർത്മകമാക്കുന്ന പ്രധാനസന്ദർഭമാണ് (The political civilization which has sprung up from the soil of Europe and is overrunning the whole world, like some prolific weed, is based upon exclusiveness, tagoreweb.in). ദേശരാഷ്ട്രസംവിധാനം പ്രാകൃതകാലത്ത് രൂപംകൊള്ളുന്നത് രക്തബന്ധുക്കളുടെ സംഘജീവിതത്തിൽ നിന്നുതന്നെയാണ്. ഗോത്രപിതാവ് രാഷ്ട്രഅധികാരിയും സന്തതികൾ ജനതയും എന്നതാണ് അധികാരഘടന. ഗോത്രങ്ങളുടെ വിഘടനം, രക്തബന്ധുത ്വത്തിന്റെ സാന്ദ്രതയിലുണ്ടാകുന്ന ഏറ്റക്കുറച്ചിൽ തുടങ്ങിയവ

യൊക്കെ അധികാരഘടനയെ നിർണ്ണയിക്കുന്ന മുഖ്യഘടക ങ്ങളായി പിന്നീട് മാറുന്നുണ്ട്. ജാതിസമൂഹങ്ങളും ഉപജാതിസമൂഹങ്ങളും ഒറ്റദേശരാഷ്ട്രത്തിലെ തന്നെ വൈവിധ്യ ങ്ങളാകുന്നത് അങ്ങനെയാണ്. രക്തബന്ധുത്വത്തിന്റെ തീവ്രതയ്ക്കനുസരിച്ച്, ചില സമൂഹങ്ങൾ അധികാരവ്യവസ്ഥ ക്കുള്ളിലും ചില സമൂഹങ്ങൾ അധികാരവ്യവസ്ഥയ്ക്ക് പുറത്തുമായി നിലകൊള്ളുന്ന സാഹചര്യം ആവർത്തിച്ചു കൊണ്ടേയിരിക്കും. ഈ അസന്തുലിതത്വമാണ് ദേശീയതയെ പുറന്തള്ളലിന്റെ രാഷ്ട്രീയമാക്കി മാറ്റുന്നത് എന്നത് വസ്തുതയാണ്. ഈയൊരു സാഹചര്യത്തെ എക്കാലവും നിലനിർത്താനാണ് ദേശീയതയെ സംബന്ധിച്ച പലവിധ മിത്തുകൾ അധികാരവ്യവസ്ഥ നിർമ്മിക്കുന്നതെന്ന് ഐജാസ് അഹമ്മദ് നിരീക്ഷിക്കുന്നത് (Fascism and National Culture: Reading Gramsci in the Days of Hindutva). ഇന്ത്യൻദേശീയതയെ മുൻനിർത്തിയുണ്ടായ പുണ്യഭൂമിമിത്ത് അധികാരവ്യവസ്ഥ നിർമ്മിക്കുന്ന ദേശസ്വത്വമിത്തുകൾക്കു ദാഹരണമായി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. രാഷ്ട്രത്തെ രൂപപ്പെടുത്ത ബഹുജനജീവിതങ്ങളുടെ പങ്കാളിത്തത്തെ മറച്ചുപിടിക്കുക എന്നതാണ് ഇത്തരം മിത്തുകൾ നിർവ്വഹിക്കുന്ന ദൗത്യം എന്ന് അദ്ദേഹം വിശദമാക്കുന്നു.

രാമായണം ഇന്ത്യൻദേശീയതയെ പലരൂപത്തിൽ സ്വാധീനിച്ച ഇതിഹാസകാവ്യമാണ്. പിതാവിന്റെ അഭിമാന പാലനത്തിനായി രാഷ്ട്രാധികാരം ത്യജിക്കുന്ന സന്തതിയുടെ കഥയാണത്. ഭോഗമല്ല, ത്യാഗമാണ് പരമമായ മാനവികത എന്ന സന്ദേശം ഉയർത്തിപ്പിടിക്കുന്ന ഗ്രന്ഥമാണത്. സമൂഹത്തിലെ ഏറ്റവും അധ:സ്ഥിതനായ വ്യക്തിയുടെ അഭിപ്രായത്തെപ്പോലും പരിഗണിക്കുകയും അതിനായി കാട്ടിലും മേട്ടിലും സഹചാരി യായ ധർമ്മപത്നിയെ ഉപേക്ഷിക്കുകയും ചെയ്ത ഭരണാധികാരി യുടെ കഥയാണത്. രാമായണം മുന്നോട്ടുവച്ച രാമരാജ്യം തന്നെ യായിരുന്നു രാഷ്ട്രപിതാവ് ഗാന്ധിജിയുടെയും ആദർശരാഷ്ട്ര സങ്കൽപ്പം. ഈ രാഷ്ട്രസങ്കൽപ്പത്തെ കൊളോണിയൽ ഇന്ത്യൻ

കാലത്തെ കീഴാളജനത എപ്രകാരമാണ് അഭിവീക്ഷിച്ചത് ? ആ വായന വർത്തമാനകാലത്ത് എപ്രകാരമാണ് നവീകരിക്കപ്പെടുന്നത് ? കുമാരനാശാന്റെ ചിന്താവിഷ്ടയായ സീതയുടെ വിശകലനത്തിലൂടെ പ്രശ്നനിർദ്ധാരണം സാധ്യമാക്കാം.

**തീണ്ടൽപ്പലകകളുടെ കാലത്തെ സീതാരചന**

ജാതിജന്മിത്ത കേരളത്തിൽ പൊതുനിരത്തുകളിൽ പ്രദർശിപ്പിച്ചിരുന്ന നോട്ടീസ് ബോർഡുകളിലൊന്നാണ് തീണ്ടൽ പ്പലകൾ . 'ഇവിടം മുതൽ ക്ഷേത്രസങ്കേതമാകയാൽ പൊതുജന പ്രവേശം നിരോധിച്ചിരിക്കുന്നു' (2012 :151). സ്വാതന്ത്ര്യ പൂർവ്വകേരളത്തിലെ അധ:സ്ഥിതജനതയുടെ ജീവിതം എന്നത് നിരോധനങ്ങളുടെ ജീവിതമായിരുന്നു. ഒരേസമയത്തെ ഇരട്ടഅടിമത്തം. ബ്രിട്ടീഷുകാരുടെ വൈദേശിക അധിനിവേശവും സ്മൃതികൾ നടപ്പാക്കിയ ജാതിഅടിമത്തവും. ബ്രിട്ടീഷ്അധിനിവേശത്തിനെതിരെ കാശ്മീർ മുതൽ കന്യാകുമാരി വരെ പദയാത്ര നടത്താൻ ഗാന്ധിജിക്കാകുമായിരുന്നെങ്കിൽ ഇതേ രാഷ്ട്രത്തിലെ പൗരവ്യക്തികളായ നാരായണഗുരുവിനും അയ്യ ങ്കാളിക്കും കുമാരനാശാനും അതസാധ്യമായിരുന്നു. ഇരട്ടഅധിനിവേശത്തിലേത് മെച്ചം എന്ന ചോദ്യവും പക്ഷേ അപ്രസക്തമാണ്. തളിനിരത്തിലൂടെയുള്ള തീയരുടെ സഞ്ചാരത്തെ നിരോധിച്ചു കൊണ്ട് 1.12.1917ൽ തീണ്ടൽപ്പലക സ്ഥാപിച്ചത് ഐ.സി.എസുകാരൻ തോറൻ സായ്പ്പാണ് (2012: 155). പൊതുവിദ്യാലയങ്ങളിൽ അവർണ്ണർക്ക് പ്രവേശനമനുവദിക്കണമെന്ന അപേക്ഷയ്ക്ക് ബ്രിട്ടീഷ്സർക്കാർ നൽകിയ മറുപടി ഇതാണ് : 'പള്ളിക്കൂടം, കൊട്ടാരത്തിനും ക്ഷേത്രത്തിനും അടുത്തുനിൽക്കുന്നതുകൊണ്ട് ഹർജിക്കാരുടെ അപേക്ഷ അനുവദിക്കാൻ പാടില്ല.' ( 2012:154). അതായത് താത്ത്വികമായി ഇരട്ടസ്വഭാവികളെന്ന് വിലയിരുത്തപ്പെടുന്ന പാശ്ചാത്യരും പൗരസ്ത്യരും അധികാരപ്രയോഗസ്ഥലത്ത് സമന്വിതരാകുന്ന കാഴ്ചയാണ് കൊളോണിയൽ വാഴ്ചക്കാലത്തെ കേരളം ദർശിച്ചത്. അത്തരമൊരു രാഷ്ട്രീയകാലാവസ്ഥയോടുള്ള പ്രതികരണമെന്ന നിലയിലുമാണ്

കുമാരനാശാൻകൃതികൾ രൂപപ്പെടുന്നത്. സീതാകവിതയും മറ്റൊരു ലോകത്തെയല്ല സംബോധന ചെയ്യുന്നത്.

**നുണനാവുകളുടെ ഉപജാപങ്ങളുടെയും രാഷ്ട്രത്തിൽ നാരിയുടെയും പാദജന്റെയും നിലകൾ**

നാഗരികതയെ ജീർണ്ണിപ്പിക്കുന്ന പ്രബലഘടകമാണ് നുണനാവുകൾ. സീതയെ സ്വരാഷ്ട്രത്ത് നിന്ന് വലിച്ചെറിയാൻ ഭരണകൂടത്തെ പ്രേരിപ്പിച്ചത് നുണനാവുകളാണ്. സീത അവിശ്വസ്തയാണ് എന്നതായിരുന്നു ഭരണകൂടത്തിലേക്കെത്തിയ, ഭരണകൂടം വിശ്വസിച്ച നുണവാക്യം. താൻ അപനയിക്കപ്പെട്ടിട്ടില്ല എന്ന് പ്രതിജ്ഞയെടുത്താൽ രാഷ്ട്രത്തിലേക്ക് പ്രവേശനമനുവദിക്കാം എന്ന് പുറത്താക്കപ്പെട്ട സീതയ്ക്ക് ഭരണകൂടസന്ദേശം ലഭിക്കുന്നു. സന്തതികളുടെ മുന്നിൽ നിന്ന്, സഹോദരങ്ങളുടെ മുന്നിൽ നിന്ന്, സുഹൃത്തുക്കളുടെ മുന്നിൽ നിന്ന്, നാട്ടുകാരുടെ മുന്നിൽ നിന്ന് ഇത്തരമൊരു പ്രതിജ്ഞയെടുക്കണോ എന്ന സംഘർഷസന്ദർഭമാണ് ചിന്താവിഷ്ടയായ സീതയുടെ കേന്ദ്ര പ്രമേയം. പൊതുജനം എങ്ങനെ സഞ്ചരിക്കണം എന്ന് മാത്രമല്ല, എങ്ങനെ വസ്ത്രം ധരിക്കണം എങ്ങനെ ആഭരണം ധരിക്കണമെന്നും അധികാരവ്യവസ്ഥ നിശ്ചയിച്ചിരുന്ന കാലത്തേക്കാണ് ആശാൻ, രാമായണസീതയുടെ ചോദ്യത്തെ നേരിടുന്നത്. മേൽമുണ്ട് ധരിച്ചും കല്ലുമാല പൊട്ടിച്ചെറിഞ്ഞും അധികാര ശാസനകളെ നിഷേധിച്ച കീഴാളസ്ത്രീകളുടെ അഭിമാനബോധത്തെയാണ്, വസ്ത്രവും ആഭരണവും എന്റെ ഇച്ഛയാണ് എന്നു പറഞ്ഞ ആ സമരരൂപങ്ങളെയാണ് ആശാൻ ചിന്താവിഷ്ടയായ സീതയായി വായിച്ചത്. മനുഷ്യജന്തുവിൽ മാത്രമാണ് മാനഹേതുവാലുണ്ടാകുന്ന ദുഃഖം ഒരിക്കലുമൊഴിയാത്തത് എന്ന് ആശാന്റെ സീത പറയുന്നുണ്ട് (Chinthavishtayaya Sita, Stanza: 16). സാധാരണദുഃഖങ്ങളൊക്കെ കെട്ടുപോയെങ്കിലും അപമാന ദു:ഖം കെടുന്നില്ല എന്ന് സീത ആത്മവിചാരം നടത്തുന്നുണ്ട് (Stanza: 23). അഭിമാനിനി എന്നാണ് സീത സ്വയം സംബോധന

ചെയ്യുന്നത് (stanza:163). അഭിമാനബോധം പൗരസ്വാതന്ത്ര്യത്തിന്റെ വലിയൊരടയാളമാണ്. ആ അഭിമാനബോധത്തിന്റെ പ്രതല ത്തിലിരുന്നു കൊണ്ടാണ്, സുഖഭോഗങ്ങൾക്ക് നേരെയും ഇരന്നുചെല്ലുന്ന ഇഴജന്തുവാകില്ല, ഞാനിനി എന്ന് അവൾ ദൃഢപ്രതിജ്ഞ ചെയ്യുന്നത് (stanza: 17).

നാഗരികത എന്നത് മനുഷ്യാവശ്യങ്ങളെ അതിവേഗം നിറവേറ്റാനുള്ള ആസൂത്രണമാർഗ്ഗങ്ങളും അത് തുല്യനീതിയോടെ പങ്കുവയ്ക്കാനുള്ള സാമൂഹികബോധവു മാണ്. എന്നാൽ അതേ സംവിധാനത്തിൽ തന്നെയുണ്ടാകുന്ന അധ്വാനിക്കുന്നവനും ആസൂത്രണം ചെയ്യുന്നവനും എന്ന വിഭജനം അധികാരഘടനയെ രൂപപ്പെടുത്തുന്നു. അധ്വാനിക്കു ന്നവർ നിരന്തരം അധ്വാനിക്കുന്നവരും ആസൂത്രണം ചെയ്യുന്നവർ നിരന്തരം ആസൂത്രണം ചെയ്യുന്നവരുമായി തുടരുന്ന നാഗരികസമൂഹം അസന്തുലിതവും അതുകൊണ്ടുതന്നെ അസന്തുഷ്ടമായി മാറും. ആസൂത്രണം ചെയ്യുന്നവർ അതേനിലയിൽ തുടരുന്ന സംവിധാനത്തെയാണ് ജന്മാധികാര വ്യവസ്ഥ എന്ന് വിളിക്കുന്നത്. താൻ അധികാരിയായിരിക്കാൻ നിയോഗിക്കപ്പെട്ടവനാണ് എന്ന അവസ്ഥ അത്ര സുരക്ഷിതമല്ല എന്ന അധികാരിയുടെ തിരിച്ചറിയലിൽ നിന്നാണ് രാഷ്ട്രം ഉപജാപങ്ങളുടെയും കലാപങ്ങളുടെയും ഭൂമിയായി മാറുന്നത്. സീത അപനയിക്കപ്പെട്ടവളാണ് എന്ന അലക്കുകാര വചനത്തെ ജീർണ്ണനാഗരികതയിലെ നുണവചസ്സുകളായാണ് ആശാൻ വിവരിക്കുന്നത്. തേർ, പട തുടങ്ങിയ ആയുധങ്ങളെക്കാൾ വലിയ ആയുധമാണ് നുണനാവ് എന്ന് ആശാൻ പറയുന്നു (Stanza: 80). ഉപജാപങ്ങളാൽ ജീർണ്ണിച്ച രാഷ്ട്രത്തിൽ പുത്രരും ഗർഭിണികളുമൊക്കെ അരക്ഷിതരായിരിക്കും എന്നതാണ് സീതാവിചാരം (Stanza:83). നുണകളാലും ഉപജാപങ്ങളാലും ജീർണ്ണിച്ച അയോദ്ധ്യയിലെ ഭരണകൂടത്തിൽ, ഭരണാധിപനായ രാമരാജാവ് ധർമ്മവും ആർദ്രതയും നഷ്ടപ്പെട്ട അമാനവികനാ യിരിക്കുന്നു എന്നും സീത പ്രഖ്യാപിക്കുന്നുണ്ട് (stanza: 113).

പക്ഷേ രാജാവിനെ മാത്രം പ്രതിസ്ഥാനത്ത് നിർത്തുന്ന അരാഷ്ട്രീയനിലപാടല്ല ആശാന്റെ സീതാകാവ്യം സ്വീകരി ക്കുന്നത്. പെണ്ണിനെയും ശൂദ്രനെയും പുറന്തള്ളുന്ന ധർമ്മ വ്യവസ്ഥയെയാണ് സീത ചോദ്യംചെയ്യുന്നത് (Stanza: 112). രാഷ്ട്രം ആരുടേതാണ് എന്ന ചോദ്യം കൂടി അതിൽ നിന്ന് പൊന്തിവരുന്നുണ്ട്. രാമരാജ്യത്തിന്റെ ധർമ്മവ്യവസ്ഥയിൽ സീതയും ശംഭൂകനും അപകൃഷ്ടരാണ്. ധർമ്മവ്യവസ്ഥയുടെ ഇച്ഛാനുസരണം സീത വലിച്ചെറിയപ്പെടുകയും ശംഭൂകൻ കൊല്ലപ്പെടുകയും ചെയ്തു. ആ വ്യവസ്ഥയാണ് രാഷ്ട്രത്തലവനെ അമാനവനാക്കുന്നത് എന്നും സീത അർത്ഥമാക്കുന്നുണ്ട്. പക്ഷേ വ്യവസ്ഥ ജീർണ്ണതയ്ക്ക് പൗരവ്യക്തിക്കും പങ്കുണ്ട് എന്നതാണ് വസ്തുത. നിന്ദ്യമാണ് മച്ചരിതം എന്ന് സീത പറയുന്നതതു കൊണ്ടാണ് (stanza: 164). താൻ കാരണം രാഷ്ട്രം വലിയ യുദ്ധങ്ങൾ നേരിട്ടു എന്നും ഒരുപാട് പേർ ചത്തൊടുങ്ങിയെന്നും സീത പരിതപിക്കുന്നുണ്ട് (staza: 165). നാഗരിക ഭരണകൂടങ്ങളുടെ സ്വഭാവത്തെ നിർണ്ണയിക്കുന്നത് ഭരണാധികാരി യുടെയോ പ്രജയുടെയോ വ്യക്തിപരമായ നന്മതിന്മകളല്ല എന്ന് തന്നെയാണ് ചിന്താവിഷ്ടയായ സീതയിലൂടെ കുമാരനാശാൻ വിശദമാക്കുന്നത്.

അതുകൊണ്ടാണ് പുതിയ പ്രതിജ്ഞയെടുത്താൽ രാഷ്ട്രപ്രവേശം അനുവദിക്കപ്പെടും എന്ന ഭരണകൂടതിട്ടൂരം അഭിമാനികളും പുറത്താക്കപ്പെട്ടവരുമായ പൗരവ്യക്തികൾക്ക് എക്കാലത്തും ചെറുതല്ലാത്ത പ്രതിസന്ധിയായി മാറുന്നത്. അത്തരമൊരു പ്രതിജ്ഞയെടുത്തുകൊണ്ട് സ്വരാഷ്ട്രത്തിൽ അനുസരണയുള്ള ആട്ടിൻകുട്ടിയായി ജീവിക്കണോ അതോ പ്രതിജ്ഞയെടുക്കാതെ തിരികെ നടക്കണോ എന്ന സംഘർഷസന്ദർഭത്തെ, ഫാസിസത്തിന്റെ കാലത്ത് നിന്ന് അന്ന അഖ്മത്തോവ എന്ന റഷ്യൻ കവയിത്രിയും നേരിടുന്നുണ്ട്. അവർ എത്തിച്ചേരുന്ന പോംവഴിയിതാണ് -

'ശത്രുക്കളുടെ കാരുണ്യത്തിന് സ്വരാഷ്ട്രത്തെ വിട്ടു കൊടുത്ത് ഓടിപ്പോകുന്നവരോടൊപ്പം ഞാനുണ്ടാകില്ല. അവരുടെ വൃത്തികെട്ട പ്രശംസകളെ ഞാൻ കേൾക്കുന്നില്ല. എന്റെ പാട്ടുകൾ അവരുടെ ആദരവാഗ്രഹിക്കുന്നില്ല .... മർദ്ദനങ്ങളിൽ നിന്ന് ഞങ്ങളൊഴിഞ്ഞുമാറുന്നില്ല... അവസാന കണക്കെടുപ്പിൽ ഞങ്ങൾ നീതീകരിക്കപ്പെടും. ഞങ്ങളഭിമാനികൾ ... നിങ്ങളെ ക്കാൾ'

സീതയും അന്നയുടെ കവിതയിലെ ആഖ്യാതാവിനെപ്പോലെ സ്വരാഷ്ട്രത്ത് നിന്ന് പിന്തിരിയുന്നില്ല. ഭരണകൂടം അനുശാസിക്കുന്ന പ്രതിജ്ഞ അവർ നിർവ്വഹിക്കുന്നുമില്ല. അഭിമാനിനിയായ സീത തലയുയർത്തിപ്പിടിച്ചാണ് രാമരാജാവിന്റെ മുന്നിലെത്തുന്നത്. ഭരണാധിപന്റെ വിവർണ്ണമുഖം സീത കാണുന്നുണ്ട്. സ്ത്രീയെയും കീഴാളനെയും പുറത്താക്കുന്ന ധർമ്മവ്യവസ്ഥ ഭരണാധിപനെയും അപമാനിതനും ദുർബ്ബലനുമാക്കുന്നു എന്നവർ തിരിച്ചറിയുന്നുണ്ട്. സ്വരാഷ്ട്രത്ത് നിന്ന് ഓടിപ്പോകുകയോ പ്രതിജ്ഞയെടുത്ത് അവിടെ നിലകൊള്ളുകയോ ചെയ്യുന്നതിനെക്കാൾ ഭേദം സ്വരാഷ്ട്രത്തെ ഭരണകൂട സ്ഥാപനത്തിന് മുന്നിൽ ജീവൻ വെടിയുകയാണ് എന്ന് സീത നിശ്ചയിക്കുന്നു. രാഷ്ട്രനിർമ്മാണത്തിൽ പങ്കാളികളാകുന്ന അധഃസ്ഥിതജീവിതങ്ങളെ അനുശാസനങ്ങൾ കൊണ്ട് മെരുക്കാൻ ശ്രമിക്കുകയും വഴങ്ങാത്ത അഭിമാനികളായ പൗരവ്യക്തികളെ കൊല്ലുകയും ആത്മഹത്യക്ക് പ്രേരിപ്പിക്കുകയും ചെയ്യുന്ന ഭരണകൂടവ്യവസ്ഥ അതിനിന്ദ്യമാണ് എന്നതാണ് സീതാകാവ്യത്തിന്റെ നവോത്ഥാനകാലഅർത്ഥം. ശംബൂകനും സീതയും അഖ്മത്തോവക്കവിതയിലെ ആഖ്യാതാവും മരണമുഹൂർത്തങ്ങളെ മുന്നിൽക്കണ്ട് കൊണ്ടുതന്നെ സംവാദസന്നദ്ധരാകുന്നു എന്നത് ഭയം ഭരണാധികാരിയാകുന്ന ഫാസിസത്തിന്റെ കാലത്ത് പ്രത്യാശാഭരിതമായ നല്ല സന്ദേശമാണ്.

**സഹായകഗ്രന്ഥങ്ങൾ**

1. ഭാസ്കരനുണ്ണി, പി., പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം, കേരള സാഹിത്യ അക്കാഡമി, 2012

2. കുമാരനാശാൻ, കുമാരനാശാന്റെ മൗലികകൃതികൾ, എൻ.ബി.എസ്., കോട്ടയം, 2008
3. Aijaz Ahmad, Fascism and National Culture: Reading Gramsci in the Days of Hindutva
4. https://monoskop.org/images/e/e7/Akhmatova_Anna_Selected_Poems_ 2012.pdf
5. https://tagoreweb.in/Essays/nationalism-216/nationalism-in-japan-2625

**ഡോ. നൗഷാദ് എസ്.**
അസി.പ്രൊഫസർ,
മലയാളവിഭാഗം,
കേരളസർവ്വകലാശാല, കാര്യവട്ടം

# ശിവാനന്ദ പരമഹംസരുടെ 'കേരളാനാചാരം'

ഡോ.പ്രമോദ് കുമാർ ഡി.എൻ.

**സംഗ്രഹം**

*1922-ൽ ശ്രീ ശിവാനന്ദ പരമഹംസർ എഴുതി പ്രസിദ്ധീകരിച്ച പുസ്തകമാണ് 'കേരളനാചാരം'. ആഭ്യന്തരകൊളോണിയലിസം എന്ന് വിശേഷിപ്പിക്കാവുന്ന ജാതിവ്യവസ്ഥയുടെ പൊള്ളത്തരം തുറന്നു കാണിക്കുന്ന പുസ്തകമാണിത്. സാധു എന്ന കഥാപാത്രം തന്റെ തീക്ഷ്ണമായ യുക്തികളിലൂടെ ബ്രാഹ്മണൻ മുതലായ മേൽ ജാതിക്കാരെ സംവാദത്തിൽ പരാജയപ്പെടുത്തുന്നതാണ് പ്രമേയം. ജാതിവ്യവസ്ഥയെയും മറ്റ് അനാചാരങ്ങളെയും തള്ളിക്കളയുകയും സ്ത്രീയുടെയും അധഃസ്ഥിതന്റെയും വിമോചനം സ്വപ്നം കാണുകയും ചെയ്യുന്ന കൃതി എന്ന നിലയിൽ 'കേരളാനാചാരം' ഇന്നും പ്രസക്തമാണ്.*

**താക്കോൽ വാക്കുകൾ**

*ആഭ്യന്തരകൊളോണിയലിസം - ജാതിവ്യവസ്ഥ - ശുദ്ധാശുദ്ധം - അനാചാരങ്ങൾ - സ്ത്രീസ്വാതന്ത്ര്യം*

ആഭ്യന്തര കൊളോണിയലിസം (Domestic colonialism) എന്നു വിളിക്കാവുന്ന ജാതിവ്യവസ്ഥയുടെ നിയമാവലികൾ കെട്ടുപിണഞ്ഞു കിടന്ന സമുദായഘടനയിലാണ് കേരളീയ നവോത്ഥാനം ആഘാതം ഏൽപ്പിച്ചത്. ബ്രിട്ടീഷ് ഭരണത്തിന്റെ സ്വാധീനം, പുതിയ നിയമ സംവിധാനങ്ങളുടെ കടന്നുവരവ്, പുതിയ വ്യവസായങ്ങളുടെ ആവിർഭാവം,മിഷനറിമാരുടെ പ്രവർത്തനം എന്നിങ്ങനെ നിരവധി പശ്ചാത്തലങ്ങൾ ഉണ്ടായിരുന്നെങ്കിലും ജാതിവ്യവസ്ഥയിൽ അധിഷ്ഠിതമായ നിയമവ്യവസ്ഥയുടെ ദൂഷ്യഫലങ്ങൾ അനുഭവിച്ചിരുന്ന അവർണ്ണസമുദായ

ങ്ങളുടെ പ്രതിഷേധസ്വരങ്ങളും പോരാട്ടങ്ങളുമായിരുന്നു കേരളീയ നവോത്ഥാനത്തിന്റെ ആണിക്കല്ല്.

ജാതിവ്യവസ്ഥ അപ്പാടെ പിഴുതെറിഞ്ഞു കൊണ്ട് മനുഷ്യത്വം സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെയുള്ള അനേകം ആഖ്യാനങ്ങൾ അക്കാലത്ത് ഉണ്ടായി. നാരായണഗുരുവിൻറെ വചനങ്ങളിൽ മനുഷ്യൻ മുഴങ്ങിനിന്നത് ആ ലക്ഷ്യം മുൻനിർത്തി തന്നെ ആയിരുന്നു.' ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്', 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി' എന്ന വാക്യങ്ങളിലൊക്കെ ഊന്നൽ മനുഷ്യൻ എന്ന പദത്തിനാണ് എന്നത് വ്യക്തമാണ്. നാരായണഗുരു തുറന്നുവിട്ട ഈ ജാതിവിരുദ്ധവും മനുഷ്യോന്മുഖവുമായ കൊടുങ്കാറ്റിന്റെ ശക്തിയിൽ സമാനമായ അനേകം ആഖ്യാനങ്ങൾ പിറവിയെടുത്തു. അക്കൂട്ടത്തിൽ ശക്തവും അധികം ചർച്ച ചെയ്യപ്പെടാതിരുന്നതുമായ ഒന്നാണ് സിദ്ധസമാജ സ്ഥാപകനായ ശിവാനന്ദ പരമഹംസരുടേത്.

ബ്രിട്ടീഷ് മലബാറിലെ പോലീസ് ഉദ്യോഗസ്ഥൻ ആയിരുന്ന രാമക്കുറുപ്പ്, ഭാര്യയുടെ മരണത്തിൽ ഉണ്ടായ ദുഃഖത്തിലാണ് ആത്മീയവഴി സ്വീകരിക്കുന്നത്. എന്നാൽ കേവലം വ്യക്തിദുഃഖത്തിന്റെ തലത്തിൽനിന്ന് സാമൂഹികമായ അനീതികൾക്കെതിരെയുള്ള പോരാട്ടമായി അത് വളർന്നു. നാരായണഗുരുവിൻറെ സമകാലികനായിരുന്ന അദ്ദേഹം പന്തിഭോജനവും മിശ്രവിവാഹവും നടത്തുകയും ജാതിവ്യവസ്ഥയുടെ പൊള്ളത്തരം തുറന്നു കാണിക്കുന്ന കൃതികൾ രചിക്കുകയും ചെയ്തു. ജാതിരഹിതമായ ഒരു ഇടം സൃഷ്ടിച്ചെടുക്കുക എന്ന ആഗ്രഹത്തിൽ നിന്നാണ് അദ്ദേഹം 1921ൽ സിദ്ധസമാജം സ്ഥാപിക്കുന്നത്. എന്നാൽ പിന്നീട് അത് തന്റെ ലക്ഷ്യത്തിൽ നിന്ന് അകന്ന് ഒരു അടഞ്ഞ ഉട്ടോപ്പിയ ആയി മാറുന്നത് കണ്ട് പ്രതിഷേധിച്ച് അതിനെ തള്ളിപ്പറയുകയും ചെയ്തു. ജാതിമതവ്യത്യാസങ്ങളെ അകറ്റിനിർത്തുമ്പോഴും ആധുനിക വിദ്യാഭ്യാസവും പ്രണയവും നിഷേധിക്കുന്ന മനുഷ്യത്വരഹിതമായ ഇടമായി തീരുകയായിരുന്നു അത്.

അതേസമയം ജാതിവ്യവസ്ഥ കൊടികുത്തി വാണിരുന്ന കാലത്ത് അതിനെതിരെ ശിവാനന്ദ പരമഹംസർ നടത്തിയ പോരാട്ടങ്ങൾ വിസ്മരിക്കാൻ ആവില്ല.ജാതിവ്യവസ്ഥയെക്കുറിച്ച് അദ്ദേഹത്തിന്റെ പൊതുവായ നിലപാട് നോക്കുക. 'മാനവ ലോകത്തിന് ഒരൊറ്റ ജാതിയേ ഉള്ളൂ,മനുഷ്യജാതി.പൂർവികരായ ഋഷിമാരോ മറ്റ് മഹാത്മാക്കളോ മറ്റൊരു ജാതിയെക്കുറിച്ച് സൂചിപ്പിച്ചിട്ട് പോലുമില്ല. ഇടക്കാലത്ത് വന്ന ചില അജ്ഞാനികളാണ് ജാതിസമ്പ്രദായം എന്ന ഒന്ന് ഉണ്ടാക്കിയത്. നമ്മൾ കരുതുന്നത് പോലുള്ള ജാതിസമ്പ്രദായം തികച്ചും പ്രകൃതിവിരുദ്ധമാണ്. അതിനർത്ഥം പശുജാതി പോലെ, പക്ഷിജാതി പോലെ മനുഷ്യജാതി എന്ന ഒരൊറ്റ ജാതിയേ നമുക്കുള്ളൂ എന്നാണ്. ബാക്കിയുള്ളതെല്ലാം ആരുടെയോ കൈകടത്തലിന്റെ ഫലമായി ഉണ്ടായതാണ്.'

കേരളാനാചാരം, ജാതി എന്നാൽ എന്ത്? മുതലായ പുസ്തകങ്ങളിലൂടെ അദ്ദേഹം ജാതിവ്യവസ്ഥയുടെ പൊള്ളത്തരം വെളിവാക്കി. ഇതിൽ 1922 പുറത്തിറങ്ങിയ കേരളാനാചാരം എന്ന പുസ്തകത്തിലെ കാഴ്ചപ്പാടുകൾ ആണ് ഇവിടെ ചർച്ച ചെയ്യുന്നത്. സമർത്ഥനായ ബ്രാഹ്മണനും സ്ഥാനിയായ സാമന്തനും യോഗ്യനും തറവാടിയുമായ നായരും ബുദ്ധിമാനും വിരുതനുമായ തിയ്യനും കൂടി വിഡ്ഢിയും സ്ഥാനമില്ലാത്തവനും യോഗ്യതയും തറവാടും ഇല്ലാത്തവനും സാമർത്ഥ്യം ഇല്ലാത്ത വനും ബുദ്ധിഹീനനും ആയ ഒരു സാധുവുമായി നടത്തുന്ന സംവാദമാണ് ഈ ഗ്രന്ഥം. സാധുവിനെ തുണയ്ക്കാൻ സുശീലൻ എന്ന കഥാപാത്രവും കടന്നുവരുന്നു.

സാധു, ജാതിഭേദം കൂടാതെ ഭക്ഷണം കഴിച്ചും ശുദ്ധാശുദ്ധമില്ലാതെ പെരുമാറിയും വണക്കവും താഴ്മയും ഇല്ലാതെ എല്ലാരോടും സമന്മാരെ പോലെ സംസാരിച്ചും നടക്കുന്നു എന്നതാണ് അവരുടെ പരാതി. എന്നാൽ ഇതൊക്കെ എന്താണെന്ന് തനിക്ക് മനസ്സിലായിട്ടില്ലെന്നും അത് പറഞ്ഞു തന്നാൽ ഉപകാരമായിരിക്കും എന്നും പറഞ്ഞുകൊണ്ട് തന്റെ യുക്തികൾ നിരത്തുകയാണ് സാധു. ആ കാലഘട്ടത്തിലെ

കേരളീയ പൊതുബോധത്തെ വിമർശനാത്മകമായി പരിഹസിക്കുന്ന വിശേഷണങ്ങളാണ് ഇവർക്ക് കൊടുത്തിരിക്കുന്നത്. ഇതിൽ നടക്കുന്ന ചർച്ചകളിലൂടെ ഈ വിശേഷണങ്ങൾ കീഴ്മേൽ മറിയുന്നതായി കാണാം. ഈ പൊതുബോധത്തിൽനിന്നുള്ള പെരുമാറ്റങ്ങൾ തന്നെയാണ് ഓരോരുത്തരിലും ചാർത്തുന്നത്.സാത്വികനായ ബ്രാഹ്മണൻ അതിനു യോജിച്ച രീതിയിൽ ഗൗരവമായി സംസാരിക്കുമ്പോൾ സേവകത്വമുള്ള നായർ സാധുവിനെ എരപ്പാ എന്നുവിളിച്ച് ഭീഷണിയുടെ സ്വരം കാണിക്കുന്നു. തിയ്യനാകട്ടെ അടിച്ച് പല്ല് പറിക്കും എന്ന പ്രത്യക്ഷ ഭീഷണിയിലേക്ക് കടക്കുന്നു. ഈ സാഹചര്യത്തിലാണ് സമാധാനശീലം ഉള്ള സുശീലൻ എന്ന കഥാപാത്രം കടന്നുവരുന്നത്. സംസാരത്തിൽ നിന്ന് അയാൾ ഒരു സവർണ്ണൻ ആണെന്ന് ഊഹിക്കാം. സാധുവിന്റെ ന്യായവാദങ്ങൾ കേട്ട് ശരിവെക്കുക എന്ന ജോലിയാണ് മിക്കവാറും ഈ പുസ്തകത്തിൽ സുശീലന് ഉള്ളത്. എന്നാൽ ഇടയ്ക്ക് അയാളിലെ സവർണ്ണത്വം തലയുയർത്തി വരുന്നുമുണ്ട്. സംഭാഷണം ഒരു സംഘർഷത്തിലേക്ക് കടക്കുന്ന വേളയിൽ ഒത്തുതീർപ്പ് എന്ന നിലയിൽ സുശീലൻ പറയുന്ന വാക്കുകൾ നോക്കുക, 'അപ്രകാരം പറയുന്നത് തെറ്റാണെന്ന് നിങ്ങൾക്കു തോന്നുന്ന പക്ഷം നിങ്ങൾ മുമ്പ് പറഞ്ഞ പ്രകാരം തന്നെ നടന്നുകൊള്ളുവിൻ. നിങ്ങൾ എന്തിനായിട്ടാണ് ലഹളയ്ക്ക് ഒരുമ്പെട്ട് തുമ്പില്ലാത്ത വാക്കുകൾ പറയുന്നത്? ഈ സാധു പറയുന്നതാണ് ശരിയെന്ന് തോന്നുന്നവർ അതു വിശ്വസിച്ചു നടന്നുകൊള്ളട്ടെ. അതല്ലേ ന്യായവും ഗുണവും?' ഈ ഒത്തുതീർപ്പിന്റെ സ്വരം അതുവരെ നടന്ന സകല ജാതിവിരുദ്ധ പോരാട്ടങ്ങളുടെയും നിഷേധമായി തീരുന്നുണ്ട്. ഇന്ദുലേഖയിലെ പതിനെട്ടാം അധ്യായത്തിലെ ചർച്ചയിൽ യുക്തിവാദിയായ ഗോവിന്ദൻകുട്ടി മേനോൻ ജാതിവിവേചനത്തെക്കുറിച്ച് സംസാരിക്കുമ്പോൾ അത് പിന്നീട് പരിഹരിക്കാവുന്ന പ്രശ്നം എന്ന നിലയിൽ മാറ്റിവയ്ക്കുന്നുണ്ട്.എന്നാൽ കേരളജനതയെ സംബന്ധിച്ച് ബ്രിട്ടീഷ് ആധിപത്യത്തേക്കാൾ നീറുന്ന പ്രശ്നം ജാതി തന്നെ ആയിരുന്നു. പിന്നീട് വൈക്കം സത്യാഗ്രഹ സമയത്ത്

കേരളത്തിലെത്തുന്ന ഗാന്ധിജിയിലും സമാനമായ ഒരു സ്വരം നാം കേൾക്കുന്നുണ്ട്. അത്തരം ഒരു സ്വരമാണ് സുശീലനിൽ നിന്ന് ഉയരുന്നത്. എങ്കിലും സാധുവിന്റെ ന്യായവാദങ്ങൾക്കാണ് ഇവിടെ മുൻതൂക്കം എന്നത് വാസ്തവം ആണ്.

ജാതിവ്യവസ്ഥയെ നിഷേധിക്കുന്ന തരത്തിലുള്ള സാധുവിന്റെ ന്യായവാദങ്ങൾ ഇപ്രകാരം സംഗ്രഹിക്കാം.ജാതികൾ ഇല്ലാത്തതാണ് അഥവാ ഉണ്ടെങ്കിൽ തന്നെ ആറു ജാതിയേ ഉള്ളൂ. മലയൻ, മുന്നൂറ്റാൻ, പുള്ളുവൻ, വേലൻ, പരവൻ, ക്ഷുരകനു എന്നീ ജാതികളാണ് അവ. കാരണം കേരളത്തിലുടനീളം പ്രസവം എടുക്കുന്നതും ജനിച്ച ഉടനെ കുട്ടിക്ക് വെള്ളം കൊടുക്കുന്നതും ഈ ജാതിയിൽ പെട്ടവരാണ്. അതിനാൽ ജനിച്ചവർ എല്ലാം മേൽപ്പറഞ്ഞ ആറു ജാതികളിൽ ഒന്നായി തീരുന്നു. ഇനി, ആശുപത്രിയിൽ പോവുകയാണെങ്കിൽ അവിടുത്തെ ഡോക്ടർ ഏതു ജാതിയെന്നോ മതമെന്നോ അറിയുന്നില്ല. ശുദ്ധാശുദ്ധം എന്ന വിവേചനത്തിലും അർത്ഥമില്ല. ചണ്ഡാള വർഗ്ഗക്കാരൻ എന്ന് പരിഹസിച്ചു വച്ചിരിക്കുന്ന പുലയൻ, പറയർ മുതലായവർ വെള്ളം എടുക്കുന്ന കിണറ്റിൽ നിന്നും ഭൂമിക്കുള്ളിലൂടെ ഒഴുകിയെത്തുന്ന ജലം തന്നെയാണ് ബ്രാഹ്മണന്റെ കിണറിലും എത്തിച്ചേരുന്നത്. പുലയൻ ഉച്ഛ്വസിക്കുന്ന വായു ബ്രാഹ്മണനും ബ്രാഹ്മണൻ ഉച്ഛ്വസിക്കുന്ന വായു പുലയനും ശ്വസിക്കുന്നു. മഴപെയ്തു വെള്ളം തളം കെട്ടിക്കിടക്കുമ്പോൾ പുലയരും പറയരും ചവിട്ടിയ വെള്ളത്തിൽ തന്നെയാണ് ബ്രാഹ്മണനും ചവിട്ടുന്നത്. ചന്ത കൂടുമ്പോഴും ഉത്സവം നടക്കുമ്പോഴും എല്ലാ ജാതിക്കാരും തമ്മിൽ മുട്ടിയുരുമ്മുന്നു. എല്ലാ ജാതിക്കാരും ചെയ്യുന്ന മലവിസർജനത്തിൽ വന്നിരിക്കുന്ന ഈച്ച ജാതിഭേദം കൂടാതെ എല്ലാവരുടെയും ഭക്ഷണത്തിൽ വന്നിരിക്കുന്നു. പനിനീർ തളിച്ചാൽ അശുദ്ധം മാറുമെന്നാണ് ബ്രാഹ്മണന്റെ വാദം. എന്നാൽ ക്രിസ്ത്യൻമാരാലും മുഹമ്മദന്മാരാലും മറ്റും സ്ഥാപിക്കപ്പെട്ട കമ്പനികളിൽ നിന്ന് പുലയൻ, പറയൻ മുതലായവർ കൈവേല ചെയ്ത് ഉണ്ടാക്കുന്ന പനിനീരാണ് ബ്രാഹ്മണൻ തളിക്കുന്നത് എന്ന് സാധു പറയുന്നു. മാപ്പിളലഹള സമയത്ത്

നാനാജാതിക്കാരും തിങ്ങി ഞെരുങ്ങി തീവണ്ടികളിൽ കയറി .അസുഖം വരുമ്പോൾ ഡോക്ടറുടെ ജാതി നോക്കാൻ പറ്റുമോ? പ്രസവം കഴിഞ്ഞാലും പെണ്ണുങ്ങൾ ശുദ്ധമാകണ മെങ്കിൽ വണ്ണാത്തി അലക്കിയ വസ്ത്രം ഉടുത്താലേ ശുദ്ധമാകൂ എന്ന് പറയപ്പെടുന്നു. അവിടെ അയിത്തം ഇല്ലേ? മാത്രമല്ല, ശുദ്ധസസ്യാഹാരി എന്നു പറയുന്ന ബ്രാഹ്മണർ മത്സ്യമാംസാദികൾ ഭക്ഷിക്കുന്ന നായർ സ്ത്രീകളെ സംബന്ധം ചെയ്യുന്നു. അവളെ ചുംബിച്ച് അധരപാനം ചെയ്യുമ്പോൾ അവളുടെ പല്ലിൽ പറ്റിയിരിക്കുന്ന മത്സ്യമാംസാവശിഷ്ടങ്ങൾ അയാളുടെ ഉള്ളിൽ പോകുമല്ലോ. നാം ഉണ്ണുന്ന ചോറ് ഉണ്ടാക്കുന്നത് പുലയനും പറയനും ആണ്. അതുകഴിച്ചാലും അശുദ്ധമാകുമോ? ജയിലിൽ കിടക്കേണ്ടി വന്നാൽ അനേകം ജാതീയരോടൊപ്പം കിടക്കേണ്ടി വരില്ലേ?

അപ്പോൾ ഇതൊക്കെ സ്വന്തം സൗകര്യത്തിന് ആയിട്ട് തരം പോലെ ഉപയോഗിക്കാൻ ഉണ്ടാക്കി വെച്ചിരിക്കുന്നതാണെന്നും യുക്തിഭദ്രമായി ചിന്തിച്ചാൽ ഇതെല്ലാം അർത്ഥശൂന്യമാണ് എന്ന് മനസ്സിലാകും എന്നും സാധു സ്ഥാപിക്കുന്നു. ഇവ കൂടാതെ മലയാളികളുടെ അനേകം അനാചാരങ്ങളെ ശിവാനന്ദ പരമഹംസർ എടുത്തുപറഞ്ഞ് പരിഹസിക്കുന്നു. ചെമ്പ് കുടയൽ, സതി, താലികെട്ട് കല്യാണം, നരബലി, മൃഗ പക്ഷി ബലികൾ, ദേവദാസിസമ്പ്രദായം മുതലായവയൊക്കെ ഇതിൽ പെടും കൊടുങ്ങല്ലൂർ ഭരണിയിലെ പൂരപ്പാട്ടിനെയും അതിനിശിതമായി ശിവാനന്ദ പരമഹംസർ വിമർശിക്കുന്നുണ്ട്. നമ്പൂതിരി - നായർ സംബന്ധവ്യവസ്ഥയിലെ ജീർണ്ണതയെ പ്രാധാന്യത്തോടെയാണ് അദ്ദേഹം എടുത്തു കാട്ടുന്നത്. പട്ടികളുടെ ജീവിതരീതിയോട് ആണ് ഇതിനെ സാദൃശ്യപ്പെടുത്തുന്നത്. പെൺപട്ടി പെറ്റുകഴിഞ്ഞ് കുഞ്ഞുങ്ങൾ അച്ഛനായ ആൺ പട്ടിയുടെ അടുത്ത് ചെന്നാൽ അത് ഓടിക്കളയും. അതുപോലെയാണ് ശൂദ്രസ്ത്രീയിൽ പിറന്ന സ്വന്തം മക്കൾ അടുത്തു വരുമ്പോൾ അച്ഛനായ നമ്പൂതിരി അയിത്തം ഭയന്ന് മാറിക്കളയുന്നത് എന്ന് അദ്ദേഹം പരിഹസിക്കുന്നു. തെയ്യം കെട്ടുമ്പോൾ അധ:കൃതൻ ദൈവമായി

സകല ജാതിക്കാരെയും അനുഗ്രഹിക്കുന്നു. എന്നാൽ അതേ വ്യക്തി തന്നെ ക്ഷേത്ര മതിൽക്കെട്ടിനുള്ളിൽ കടന്നാൽ അശുദ്ധമാകും എന്നു പറയുന്നതിന് എന്ത് ന്യായീകരണമാണ് ഉള്ളതെന്നും ചോദിക്കുന്നു.

സ്ത്രീ സ്വാതന്ത്ര്യത്തെ കുറിച്ച് വൈരുദ്ധ്യം നിറഞ്ഞ കാഴ്ചപ്പാട് ഈ പുസ്തകത്തിൽ ഉള്ളത്. സ്ത്രീകളുടെ അധ്വാനത്തെ വിലമതിക്കുകയും സ്വാതന്ത്ര്യത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമ്പോൾ തന്നെ നാടകം കാണാനും ഉത്സവപ്പറമ്പിലും സ്ത്രീയെ കൊണ്ടുപോകുമ്പോൾ പലവിധമായ ലൈംഗിക ചൂഷണങ്ങൾക്ക് സാധ്യതയുണ്ടെന്നും അതിനാൽ അത്തരത്തിൽ പോകുന്നത് നിരുത്സാഹപ്പെടുത്തേ ണ്ടതാണ് എന്നും പറയുന്നു. അധ:സ്ഥിതരോടുള്ള സഹഭാവത്തെക്കാൾ സഹതാപം ഏറിനിൽക്കുന്നതും ശങ്കരാചാര്യ സ്തുതിയും എല്ലാം ഇന്നത്തെ കാഴ്ചപ്പാടിൽ തള്ളിക്കളയേണ്ടതായി വരും. എങ്കിലും നവോത്ഥാന സമരങ്ങളുടെ കാലത്ത് ജാതിവ്യവസ്ഥയെ തള്ളിക്കളയുകയും ക്ഷേത്രപ്രവേശനം, സഞ്ചാരസ്വാതന്ത്ര്യം, സ്ത്രീ സ്വാതന്ത്ര്യം എന്നിവയെ സംബന്ധിച്ച് പുരോഗമനപരമായ കാഴ്ചപ്പാട് അവതരിപ്പിക്കുകയും ചെയ്തു എന്നത് കേരളാനാചാരം എന്ന പുസ്തകത്തെ മാനിക്കത്തക്കതാക്കി മാറ്റുന്നു.

**സഹായക ഗ്രന്ഥങ്ങൾ**

1. ബാലകൃഷ്ണൻ,പി.കെ., ജാതിവ്യവസ്ഥയും കേരള ചരിത്രവും,സാഹിത്യ പ്രവർത്തക സഹകരണ സംഘം, 2005
2. ഭാസ്കരനുണ്ണി, പി.,പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം, കേരള സാഹിത്യ അക്കാദമി,തൃശൂർ,2012
3. ശിവാനന്ദപരമഹംസർ, കേരളാനാചാരം, സിദ്ധസമാജം പ്രിൻറിങ്, 1993
4. ശ്രീധരമേനോൻ, എ., കേരളചരിത്രം, സാഹിത്യ പ്രവർത്തക സഹകരണസംഘം, 1983

**വെബ്സൈറ്റുകൾ**

1. m.samakalikamalayalam.com

   ആത്മീയകമ്മ്യൂണിസത്തിന്റെ സുവിശേഷങ്ങൾ, ഡോ.ഇടയ്ക്കാട് മോഹൻ

2. Poeticalgebra.blogspot.com

   സിദ്ധസമാജം - ഒരു പഠനം, നസീബ് കാരാട്ടിൽ

**ഡോ.പ്രമോദ് കുമാർ ഡി.എൻ.**
അസോസിയേറ്റ് പ്രൊഫസർ, മലയാളവിഭാഗം,
ഗവ.കോളേജ്, നെടുമങ്ങാട്.

# പ്രതിഷ്ഠാവിധി- പാഠവും പഠനവും

**ഡോ.ജെ.പി.പ്രജിത്ത്**


**സംഗ്രഹം**

*കേരള സർവ്വകലാശാല ഓറിയന്റൽ മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിലെ താളിയോല ശേഖരത്തിൽ നിന്നും കണ്ടെടുത്ത പ്രതിഷ്ഠാവിധി എന്ന കൃതിയുടെ പാഠവും പഠനവുമാണ് അവതരിപ്പിക്കാൻ ശ്രമിച്ചിരിക്കുന്നത്. മാനുസ്ക്രിപ്റ്റ്സ് നമ്പർ 19010 ആണ് ആധാരഗ്രന്ഥം. വൈജ്ഞാനിക സാഹിത്യത്തിൽ ഉൾപ്പെടുന്ന തന്ത്രശാസ്ത്രമാണ് ഇതിലെ വിഷയം. തികച്ചും കേരളീയമായ വിധികളാണ് ഇതിൽ പ്രതിപാദിച്ചിരിക്കുന്നത്. നാഗയക്ഷിയുടെ പ്രതിഷ്ഠാവിധികളാണ് വിവരിച്ചിരിക്കുന്നത്. ഏകദേശം മുന്നൂറോളം വർഷത്തെ പഴക്കം ഗ്രന്ഥത്തിനുണ്ട്. പ്രതിഷ്ഠാവിധിയിലെ ഭാഷയും അതിലെ ചില പ്രയോഗരീതികളും പിൽക്കാലത്തുണ്ടായ താന്ത്രിക ഗ്രന്ഥങ്ങളെ വളരെയധികം സ്വാധീനിച്ചിരിക്കുന്നതായി കാണാം. ഒറ്റ ഗ്രന്ഥം മാത്രമായി കാണുന്നു. മറ്റ് പകർപ്പുകൾ ഉള്ളതായി കാണുന്നില്ല. 'ലൈസൻസ്ഡ് പ്രൊട്ടക്റ്റഡ്' എന്ന രീതി സ്വീകരിച്ചിരിക്കുന്നു. കാരണം ഇത് ഒരു ശാസ്ത്ര വിഷയമാണ്. ധാരാളം സാങ്കേതിക സഞ്ജ്ഞകളും ക്രിയകളും ഉള്ളതിനാൽ വിഷയാവഗാഹം പ്രധാനമായി കാണുന്നു. ഈ പഠനം താന്ത്രികർക്കോ ഉപാസകർക്കോ വേണ്ടി ഉള്ളതല്ല. അപൂർവ്വമായ ഒരു രീതി ഇതിൽ കാണുന്നതിനാലും താളിയോലകളിൽ അടങ്ങിയിരിക്കുന്ന താന്ത്രിക വിഷയങ്ങൾ വെളിച്ചം കാണേണ്ടതിനാൽ ഈ വിഷയത്തെ സംബന്ധിച്ച് ഒരു പാഠസംസ്കരണം നടത്തുകയുമാണ് ഇവിടെ ചെയ്തിരിക്കുന്നത്.*



**താക്കോൽവാക്കുകൾ**

*തന്ത്രം, അധിവാസം, ന്യാസം, ഷഡ്പീഠം, കലശം, നവകം*

### പ്രതിഷ്ഠാവിധി – പഠനം

ഭാരതീയ കാവ്യവിഭാഗങ്ങളിൽ തന്ത്രസാഹിത്യത്തിന് പ്രത്യേക പ്രാധാന്യം ഉണ്ട്. ചരിത്രപരിശോധനയിൽ ഇതിന്റെ ഉദ്ഭവം വേദത്തെയെന്നപോലെ ഗണിച്ചിരിക്കുന്നു. കാരണം രണ്ടും അപൗരുഷേയമായി പറയുന്നു. ഒരേകാലഘട്ടത്തിൽ രണ്ടു വിഭിന്നമാർഗ്ഗങ്ങളായി നിലനിന്നിരുന്നതാണ് രണ്ടുസരണികളും. വൈദികർ ഒരിക്കലും താന്ത്രികരെ അംഗീകരിച്ചിരുന്നില്ല. കാലക്രമത്തിൽ വൈദികരുടെ പ്രാമുഖ്യം കുറയുകയും വൈദികർ അകറ്റി നിറുത്തിയിരുന്ന തന്ത്രശാസ്ത്രത്തെ അവർ തന്ത്രപൂർവ്വം കൈക്കലാക്കുകയും ചെയ്തു. കാലക്രമേണ തന്ത്രം വൈദികതാന്ത്രികമായി മാറി.[1]

വാമൊഴിയായി വളരെ രഹസ്യസ്വഭാവത്തോടെ നിലനിന്നിരുന്ന തന്ത്രം വരമൊഴിയായി മാറുകയും ഇത്തരം താന്ത്രിക ഗ്രന്ഥങ്ങളെ ആഗമങ്ങൾ എന്നറിയപ്പെടുകയും ചെയ്തു.[2] ആഗമ ഗ്രന്ഥങ്ങൾ വൈഷ്ണം, ശൈവം, ശാക്തം ഇപ്രകാരം നിരവധിയാണ്. ഈ ഗ്രന്ഥങ്ങൾ പലകാല ഘട്ടങ്ങളിലായി വടക്കേ ഇന്ത്യയിൽ നിന്നും തെക്കേ ഇന്ത്യയിലേക്ക് എത്തുകയും ഇതിലെ അടിസ്ഥാനതത്ത്വങ്ങളെ ഉൾക്കൊണ്ട് പുതിയരൂപങ്ങൾ കൈക്കൊള്ളുകയും ചെയ്തു. തന്ത്രശാസ്ത്ര നവീകരണത്തിൽ ശങ്കരാചാര്യർക്ക് വലിയ പങ്കാണുള്ളത്. ദക്ഷിണേന്ത്യൻ തന്ത്രത്തിൽ ബൗദ്ധമതത്തിന്റെ ശക്തമായസ്വാധീനവും കാണാൻ കഴിയും. പല ആചാരങ്ങളിലും അതിന്റെ വിധികളിലും ക്ഷേത്രപ്രാകാരങ്ങളിലുമെല്ലാം ധാരാളം കൊടുക്കൽ വാങ്ങലുകൾ പരസ്പരം കാണാൻ സാധിക്കും.

ദക്ഷിണാചാരം വളരെ ശ്രേഷ്ഠമാണെന്ന് ഭാസ്കരരായർ അഭിപ്രായപ്പെടുന്നു. അതിൽ കേരളാചാരം ഏറെ നന്നെന്ന് ഊറ്റം കൊള്ളുന്നു. കേരളത്തിന്റെതായി നല്ലൊരു താന്ത്രികചരിത്രം ഉണ്ട്. പരശുരാമകഥ തുടങ്ങി തന്ത്രസമുച്ചയം[3] വരെ നീളുന്നു നമ്മുടെ താന്ത്രിക ചരിത്ര പരമ്പര. നൂറുകണക്കിനു സംസ്കൃത ഭാഷയിലുള്ള തന്ത്രഗ്രന്ഥങ്ങൾ കേരളത്തിന്റേതായുണ്ട്. രുരുജിത്ത് വിധാനത്തിലുള്ളതും വാമാചാര കേന്ദ്രീകൃതവുമായ ശാക്തഗ്രന്ഥ

ങ്ങളും ഉണ്ട്. ദേവോത്ഭവം, ബഹുദൈവത്യം, പരശുരാമകല്പസൂത്രം,[4] പ്രപഞ്ചസാരം, പ്രയോഗമഞ്ജരി,[5] വിഷ്ണുസംഹിത[6], ഈശാനശിവഗുരുദേവപദ്ധതി[7], അനുഷ്ഠാനപദ്ധതി, കലശചന്ദ്രിക, ശേഷസമുച്ചയം തുടങ്ങി നിരവധി ഗ്രന്ഥങ്ങൾ കേരളത്തിന്റേതായുണ്ട്. ഇവയെല്ലാം കല്പങ്ങൾ, സൂത്രങ്ങൾ, പദ്ധതികൾ, സമുച്ചയങ്ങൾ, രഹസ്യങ്ങൾ, പച്ചകൾ, ഭാഷകൾ[8] തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്നു. ഇതിൽ പച്ചകളും ഭാഷകളും മലയാളത്തിലുള്ള തന്ത്രഗ്രന്ഥങ്ങളാണ്. ഉദാഹരണമായി കുഴിക്കാട്ടുപച്ച, കൈനിക്കരപച്ച, തന്ത്രംഭാഷ, ഭാഷാതന്ത്രം[9] തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്നു. ഇന്ന് കേരളത്തിൽ തുടർന്നു വരുന്ന തന്ത്രം തന്ത്രസമുച്ചയത്തിനെ അനുസരിച്ചുള്ളതാകുന്നു. ഇതിൽ കേവലം ഏഴു ദേവതാവിധാനങ്ങളെ മാത്രമേ പറയുന്നുള്ളു. ഭദ്രകാളി, സർപ്പദേവതകളുടെ വിധാനങ്ങൾ എന്നിവ പിൽക്കാലത്ത് ചിട്ടപ്പെടുത്തിയതാണ്. ഇവ ഭദ്രകാളീകൽപം, സർപ്പബലികല്പം തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്നു. ഇക്കൂട്ടത്തിൽ സർപ്പദേവതകളുടെ ആരാധനയുമായി ബന്ധപ്പെട്ട താന്ത്രിക ഗ്രന്ഥങ്ങൾ പിന്നീടുണ്ടായവയാണ്. കേരള ചരിത്രവുമായി സർപ്പാരാധനയ്ക്ക് വലിയ ഇഴയടുപ്പമാണുള്ളത്. ഇത് പരശുരാമകഥയുമായി ബന്ധപ്പെട്ടിരിക്കുന്നു. കേരളോത്പത്തി, കേരളമാഹാത്മ്യം തുടങ്ങിയ ചരിത്രകാവ്യങ്ങളിൽ കേരളത്തിന്റെതായ സർപ്പാരാധനാബന്ധം കാണാവുന്നതാണ്. കേരളത്തെ 'അഹിഭൂമി' എന്ന് വിശേഷിപ്പിച്ചിരിക്കുന്നു. ഇതു നമ്മുടെ നാഗാരാധനാബന്ധത്തെ സൂചിപ്പിക്കുന്നു. കാവുകളാൽ പ്രസിദ്ധമാണ് കേരളം. ആദിമകാലത്ത് സർപ്പാരാധന ബ്രാഹ്മണർ ചെയ്തിരുന്നില്ല. കുറുപ്പന്മാർ, പുള്ളുവവിഭാഗക്കാർ, പണിക്കർ, വണ്ണാൻമാർ എന്നിവരൊക്കെയാണ് സർപ്പാരാധനയുമായി ബന്ധപ്പെട്ട ചടങ്ങുകൾ നടത്തിയിരുന്നത്. കാലക്രമേണയാണ് അത് തനിതാന്ത്രിക രീതിയിൽ മാറിയത്. സർപ്പബലി, സർപ്പാരാധന തുടങ്ങിയ വിഷയങ്ങളിൽ പിന്നീട് ധാരാളം താന്ത്രികഗ്രന്ഥങ്ങൾ ഉടലെടുത്തു. ഇന്നും പല അപ്രകാശിത താന്ത്രികഗ്രന്ഥങ്ങൾ താളിയോലകളിലായി സംരക്ഷിക്കപ്പെട്ടിരിക്കുന്നു. ഇനിയും പലതും പുറംലോകം കാണേണ്ടതായുണ്ട്. മതപര

മായ കാര്യങ്ങൾ ഒഴിച്ചു നിർത്തിയാൽ സാഹിതീയവും, ഭാഷാപര വും, സാംസ്കാരികവും, സാമൂഹികവുമായ അനേകം കാര്യങ്ങൾ ഇത്തരം ഗ്രന്ഥരേഖകളിൽ കാണാനാകും. ഈ വിഭാഗത്തിൽ കേരള സർവ്വകലാശാലയിലെ ഒ.ആർ.ഐ.യിൽ സംരക്ഷിച്ചിരി ക്കുന്ന ഒരു ചെറിയ താന്ത്രികഗ്രന്ഥമാണ് 'പ്രതിഷ്ഠാവിധി'.

19010 മാനുസ്ക്രിപ്റ്റ് നമ്പറായുള്ള ഈ ഗ്രന്ഥത്തിൽ പ്രതി പാദിച്ചിരിക്കുന്നത് സർപ്പാരാധനാ വിഷയങ്ങളാണ്. നാഗയക്ഷി യുടെ പ്രതിഷ്ഠാവിധികളും, കലശവും വളരെ ലഘുവായി പറ ഞ്ഞിരിക്കുന്നു. മലയാളകൃതിയാണിത്. ഗദ്യരൂപത്തിലാണ് രചന. ലിപി വിന്യാസമനുസരിച്ച് 12, 13 നൂറ്റാണ്ടിലെ രചനാ ശൈലിയി ലാണ് കാണുന്നത്. ഏകദേശം മൂന്നുറു വർഷത്തെ പഴക്കം ഗ്രന്ഥ ത്തിനുണ്ട്. താളിയോലയിലാണ് രചന. നീളം 23.50, വീതി 4 സെ.മീ ഇതിനോടൊപ്പം ക്രിയാദീപിക (പദ്യം); വേട്ടക്കരശന്റെ പൂജ (മലയാളം); ചതുർത്ഥീവ്രതനിബന്ധം (സംസ്കൃതം); പഞ്ച ബോധം (സംസ്കൃതം); ഇങ്ങനെ മറ്റു കൃതികളും കാണുന്നു. കോളോഫോൺ പ്രത്യേകമായി ഇല്ല. റ്റി. 321 എന്ന് മറ്റൊരു പ്രതി ഷ്ഠാവിധി എന്ന ഒരു ഗ്രന്ഥം കാണുന്നുണ്ടെങ്കിലും അത് തികച്ചും സംസ്കൃതഭാഷയിലുള്ള താന്ത്രികഗ്രന്ഥമാണ്. വിഷയവും വ്യത്യ സ്തമാണ്. ദീർഘശബ്ദങ്ങൾ ഹ്രസ്വമായി എഴുതിയിരിക്കുന്നതും, 'ശേഷം-ശെഷം' 'ചെയ്തു' എന്നത് 'ചൈതു' എന്നും 'ശ, ഷ, s, ച, അ' എന്നീ ലിപിവ്യന്യാസങ്ങളിൽ ഉള്ള വ്യത്യസ്തതയും പ്രാചീനതയെ കാണിക്കുന്നു. ഇതിൽ നിന്നും 12-13 നൂറ്റാണ്ടാണ് ഇതിന്റെ രചന എന്നു അനുമാനിക്കാം. മറ്റു വലുതായ മാറ്റങ്ങൾ അക്ഷരങ്ങളിൽ കുറവായികാണുന്നു. ഗദ്യരൂപത്തിലാണ് രചന. പാഠസംസ്കരണരീതിയിലാണ് പഠനം നടത്തിയിരിക്കുന്നത്. കാരണം ഒരു ഗ്രന്ഥം മാത്രമെ കണ്ടുകിട്ടിയിട്ടുള്ളു. വൈജ്ഞാനി കസാഹിത്യമായതിനാൽ പാഠസംസ്കരണരീതി അനുസരിച്ച് അസ്വാതന്ത്ര്യം ഉണ്ട്.

കൂടതലും പദ്യരൂപത്തിലാണ് താന്ത്രികഗ്രന്ഥങ്ങൾ എഴുതാ റുള്ളത്. പച്ചമലയാളത്തിൽ തന്നെയാണ് ചമച്ചിരിക്കുന്നത്. ഈ ഗ്രന്ഥം സംഭാവന ചെയ്തിരിക്കുന്നത് മദ്രാസ് ഓറിയന്റൽ റിസർച്ച്

ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുമാണെന്ന് അറിയാൻ കഴിഞ്ഞു. സർപ്പയക്ഷി യുടെ പ്രതിഷ്ഠാവിധിയെപ്പറ്റി വിവരിക്കുന്ന ടി ഗ്രന്ഥം പൂർണമാ ണെന്ന് ഗ്രന്ഥസൂചിയിൽ പറയുന്നുണ്ടെങ്കിലും അപൂർണമാണ്. കാരണം ഗ്രന്ഥം ആരംഭിക്കുന്നത്. ഹരിഃ എന്ന മംഗള ശബ്ദത്തോ ടുകൂടിയും ബിംബപരിഗ്രഹം എന്ന ചടങ്ങോടുകൂടിയുമാകുന്നു. ആശാരിയിൽനിന്നും ബിംബം പരിഗ്രഹിച്ച് ശുദ്ധി ചെയ്ത് ജലാധി വാസക്രിയകൾ മുതലാണ് തുടക്കം. ഇവിടെങ്ങും ഏതു ദേവത യുടെ പ്രതിഷ്ഠ എന്ന് പറയുന്നില്ല. ജലാധിവാസ ക്രിയകൾ കഴിഞ്ഞ് 'കാവിലേക്ക് എഴുന്നള്ളിക്കുക' എന്നതിൽ നിന്നും പ്രതിഷ്ഠ കഴിഞ്ഞ് 'നൂറും പാലും' നിവേദ്യം നടത്തുക, യക്ഷിക്കു ഭുവനേശ്വരീവിധാനം എന്നൊക്കെ പറഞ്ഞിരിക്കുന്ന തിൽ നിന്നും സർപ്പയക്ഷിയുടെ പ്രതിഷ്ഠയാണിതെന്ന് അറിയാൻ സാധിക്കുന്നു. അധിവാസക്രിയകളിൽ ശയ്യാധിവാസശേഷമുള്ള ക്രിയാഭാഗങ്ങൾ ലേഖകൻ പകർത്തി എഴുതിയപ്പോൾ ഒരോല വിട്ടുപോയതായി കാണുന്നു. കാരണം അധിവാസക്രിയകൾ അപൂർണമായി കാണുന്നു. ശയ്യാധിവാസ ക്രിയകൾക്ക് ശേഷമുള്ള ചടങ്ങുകൾ പറയാതെ തുടർന്ന് പ്രതിഷ്ഠാ ചടങ്ങിലേയ്ക്ക് കടന്നി രിക്കുന്നു. ഇത് ചിലപ്പോൾ ലേഖകന്റെ അശ്രദ്ധയാകാം അപൂർണ്ണ തയ്ക്ക് കാരണം. ഇതിനുശേഷമുള്ള ക്രിയകൾ തുടർച്ചയായി എഴുതിയിരിക്കുകയും ചെയ്യുന്നു. തുടർന്ന് പ്രതിഷ്ഠാ ചടങ്ങു കൾ, കലശപൂജ, നവകം മാത്രമായി പറഞ്ഞിരിക്കുന്നു. സാധാര ണഗതിയിൽ സർപ്പങ്ങൾക്ക് ഒറ്റക്കലശമാണ് പ്രതിഷ്ഠക്ക് പതിവ്. ഇവിടെ നവകം വിശേഷമായി പറയുന്നു. തുടർന്ന് വേണ്ടപോലെ പൂജകളും, നിവേദ്യങ്ങളും ചെയ്തുകൊള്ളണമെന്നു പറഞ്ഞു നിർത്തുന്നു. ഇതിലെ ഭാഷാപ്രയോഗരീതികൾ പിന്നീടുണ്ടായ മലയാള താന്ത്രിക ഗ്രന്ഥങ്ങളിൽ സ്വാധീനിച്ചിട്ടുള്ളതായി കാണാം. ''ദഹനത്തോളം ചെയ്വൂ, ഇടത്ത് ഗുരുവിനേയും വലത്ത് ഗണപ തിയേയും, കലശത്തിങ്കൽ'' തുടങ്ങി അനേകം വരികളിൽ പൊതുവായ ഒരു താളക്രമവും സമാനതകളും കാണാനാകും.

താന്ത്രികക്രിയകളിൽ പ്രാവീണ്യം ഉള്ളവർക്കു മാത്രമെ വിഷയം വ്യക്തമായി മനസ്സിലാക്കാൻ സാധിക്കൂ. കാരണം ഇവിടെ

പ്രതിഷ്ഠാ വിധികൾ ഉപരിപ്ലവമായിട്ടെ പറഞ്ഞുകാണുന്നുള്ളു. ബീജമന്ത്രങ്ങൾ, ന്യാസക്രിയകൾ, മുദ്രകൾ, പൂജാദ്രവ്യങ്ങൾ, കലശദ്രവ്യങ്ങൾ, അധിവാസത്തിന്റെ രീതികൾ, വാദ്യവിശേഷങ്ങൾ, നിവേദ്യ ദ്രവ്യങ്ങൾ എന്നിവയിലെ സാങ്കേതികയെ വിശദമാക്കുന്നില്ല. ഭുവനേശ്വരിയുടെതുപോലെ എന്നൊക്കെ പറയുന്നതിൽ നിന്നും തന്ത്രവിധികൾ അറിയുന്നവർക്കുമാത്രമേ ഇതു കൈകാര്യം ചെയ്യാൻ സാധിക്കു എന്ന് മനസ്സിലാക്കാം. ചില വൈദികസൂക്തങ്ങൾ, 'ഗ' മാദ്യംഗങ്ങൾ 'വാ' ദ്യാംഗം, ഭൂശുദ്ധി, ശോഷണാദികൾ, ദഹനം, കലശത്തിലെ ലിപിപ്രതിലോമം തുടങ്ങിയവയിൽ നിന്നും സാങ്കേതിക ശബ്ദങ്ങൾ ധാരാളം ഉപയോഗിച്ചിരിക്കുന്നതായി കാണാം. ജലാധിവാസത്തിൽ താലത്രയാദിദിഗ്ബന്ധനത്തെ തുടർന്ന് 'ഷഡധ്വമായി' പൂജിക്കണമെന്നും കാണുന്നു. ഈ ക്രിയകളിൽ ഷഡധ്വന്യാസത്തിന്റെ ആവശ്യമില്ല എന്ന് താന്ത്രികമതം. അവിടെ 'ഷഡ്പീഠത്തിന്റെ' ആവശ്യമെ ഉള്ളൂ എന്ന് സാധാരണ പ്രതിഷ്ഠാവിധി.

**പ്രതിഷ്ഠാവിധി-പാഠം**

ഹരിഃ എല്ലാ പ്രതിഷ്ഠക്കും തലേനാൾ അപരാഹ്നത്തിൽ ആശാരിയോട് ബിംബം മേടിച്ച് ജലതീരത്ത് വച്ച് ഭസ്മം കൊണ്ടും പുറ്റുമണ്ണുകൊണ്ടും നാല്പാമരം കൊണ്ടും തേച്ചുകഴുകി അവിടെ ഇരുന്ന് ദേഹശുദ്ധികൾ ചെയ്ത്, ഗണപതിനിവേദിച്ച് ജലത്തിൽ താലത്രയാദി ദിഗ്ബന്ധങ്ങളെ ചെയ്ത് ഷഡദ്ധ്വം പീഠപൂജചെയ്ത് ശോഷണാദികൾചെയ്ത് പ്രണവവും പ്രണവവും *ആയാതവരുണാ* ഇത്യാദിയും *വാം വരുണായ നമഃ,* ഏഹ്യെഹി... താന്താവാഹിച്ച് *വാമാദ്യംഗവും* ചെയ്ത് പൂജിച്ച തീർത്ഥങ്ങളെയും ആവാഹിച്ച് *'ഗ മാദ്യാ'ഗംവും* ചെയ്ത് ഭുവനേശ്വരികൊണ്ടും മൂലം കൊണ്ടും ആവാഹിച്ച് പൂജിച്ച ബിംബത്തിന് താലത്രയദിഗ്ബന്ധനം ചെയ്ത് ഭൂശുദ്ധി ശോഷണ ദഹനത്തോളം ചെയ്വൂ.

ഭൂത ശൊഷണ ദഹനത്തോളം ചെയ്തിട്ട്, കോടി പുടവ കൊണ്ട് ബിംബംമൂടി മാലകൊണ്ട് ചുറ്റി ഒരു പലകമേൽ ജലത്തിങ്കൽ ഇന്ദ്രാദികളെയും വജ്രാദികളെയും രക്ഷയാക്കി കല്പിച്ചു ആരാധിച്ച് വിളക്ക് പൊലിയാതെ സൂക്ഷിച്ചെക്ക? പിറ്റെന്നാൾ കട

വിൽ സ്ഥലശുദ്ധി ചെയ്ത് പ്രതിമാസ്ഥാനത്തു കൂടെചെയ്ത് ബിംബശുദ്ധികലശം പൂജിച്ചാടി പിന്നെ കടവിൽചെന്ന് ഇന്ദ്രവജ്രാദികളെ ഉദ്ധ്വസിച്ച് ബിംബമെടുത്ത് കരയോടുവച്ച് ജലത്തിലാവാഹിച്ചതെല്ലാം ബിംബത്തിങ്കൽ ഉദ്ധ്വസിച്ച് വാദ്യഘോഷത്തോടുകൂടി ബിംബമെടുത്തു കൊണ്ടു ചെന്നു വച്ച് ഭൂതശുദ്ധി ചെയ്ത് പീഠപൂജ ചെയ്ത് പ്രണവോപചാരമൂലം കൊണ്ടാവാഹിച്ച് പഞ്ചഗവ്യം തളിച്ച് സ്നാനകാലം നീരാജനമുഴിഞ്ഞ് ബിംബശുദ്ധികലശമാടി പൂജിച്ച് നിവേദിച്ച് പ്രസന്നപൂജ ചെയ്ത് തെക്ക് മണ്ഡപനടുമുറ്റത്ത് ശയ്യചമച്ച് ശക്തിപൂജിച്ച് ബിംബം ശയ്യമേൽ കിടത്തി രക്ഷയും ചെയ്ത് പീഠം ഭസ്മാദികളെകൊണ്ട് തേച്ചുകഴുകി പഞ്ചഗവ്യം തളിച്ച് നാളത്തിൽ പൊന്നിട്ട് പീഠപൂജ ചെയ്ത് ഭുവനേശ്വരിയും ആവാഹിച്ച് പൂജിച്ച് പുടവകൊണ്ടുമൂടി ബിംബത്തിങ്കലും മൂടി ശക്തിയെ ഉദ്ധ്വസിച്ച് ബിംബത്തെ പ്രതിഷ്ഠാസ്ഥാനത്ത് തൊടാതെവച്ച് നാന്ദീമുഖവും പുണ്യാഹവും ഓം *സർവ്വാപ്രിയന്താം* പുണ്യാഹവും കഴിഞ്ഞാൽ ദാനവും മുഹൂർത്തവും ചെയ്ത് ബിംബമെടുത്ത് ബിംബത്തിന്റെ മുന്നിൽ മൂടികുത്തിയിരുന്ന പീഠത്തിനു പ്രദക്ഷിണമായി മൂന്ന് ചുറ്റി, പീഠത്തെ പ്രകൃതിയായും ബിംബം പുരുഷനായും കല്പിച്ച് പ്രകൃതിപുരുഷസംയോഗമായി കല്പിച്ച് പ്രണവോപചാര മന്ത്രങ്ങളെകൊണ്ട് പ്രതിഷ്ഠിച്ച് നീരാജനമുഴിഞ്ഞ് പാലും പഴവും നിവേദിച്ച് പീഠവും ബിംബവും കൂടെ തൊട്ടുജപിച്ച് പിന്നെ പ്രണവോപചാര മന്ത്രങ്ങളെ എല്ലാം മന്ത്രംകൊണ്ട് ആവാഹിച്ച് പൂജിച്ച് നിവേദിച്ച് പ്രസന്ന പൂജയും ചെയ്ത് *'നമോസ്തു സർപ്പേഭ്യഃ'* എന്നതു കൊണ്ട് പുഷ്പാഞ്ജലിയും ചെയ്ത് ബ്രഹ്മാർപ്പണവും ചെയ്ത് താലത്രയാദി രക്ഷയും ചെയ്വൂ. നവകവും പൂജിച്ചാടി നൂറും പാലും കൊടുക്കയും വേണം. യക്ഷിക്കു ഭുവനേശ്വരീ വിധാനം ഇപ്രകാരം ചെയ്തുകൊൾക. യക്ഷിയുടെ മൂലം വേണം.

നവകം പൂജിപ്പാൻ ഗണപതി നിവേദിച്ച് പൂവാരാധിച്ച് രക്ഷിച്ച് പീഠപൂജ ചെയ്ത് സ്വസ്തികത്തിലെ കുടം എടുത്ത് അസ്ത്രംകൊണ്ടും പ്രണവം കൊണ്ടും നൂലുചുറ്റി മൂലം ചൊല്ലി ഗന്ധം തേച്ച് പ്രണവംകൊണ്ട് ധൂപിച്ച് മൂലം ചൊല്ലി സ്വസ്തിക

ത്തിൽ കമുത്തിവെച്ച് കയ്യിൽ നീർ വീഴ്ത്തി പ്രണവം എട്ടുരു പ്രണവം ജപിച്ച്- പ്രണവം കൊണ്ട് തളിച്ച് യം രം വം ലം പുല്ലു കൊണ്ട് കുടംതൊട്ട് ഓരോന്നുകൊണ്ട് ഇരുപത്തഞ്ചുരു പ്രാണാ യാമം ചെയ്ത് പുല്ലുതളിച്ച് മുറിച്ച് കളഞ്ഞ് ഒരു പുല്ലുകൊണ്ട് മുന്നിലെ തത്വംകൊണ്ട് കുടത്തിന്റെ മീതെ വെപ്പൂ. രണ്ടാം തത്വം കൊണ്ട് അക്ഷതമിട്ടു മൂന്നുരുമൂലംകൊണ്ട് ജലാദിജലാന്തം പൂജിപ്പൂ പുല്ലുതളിച്ച് മുറിച്ചു കളയൂ. നാലാംതത്വംകൊണ്ട് കുംഭം എടുപ്പൂ. അഞ്ചാം 'തത്വം' തത്വംകൊണ്ട് ഉയർത്തി മൂലം കൊണ്ടു വെയ്പു. ജലഗന്ധപുഷ്പാക്ഷതവും കൂർച്ചവും കൂട്ടി പ്രണവം കൊണ്ടും മൂലംകൊണ്ടും കുംഭം, പണവം കൊണ്ടു കൂർച്ചം, മുമ്മൂന്നുജലാദി ജലാന്തം പൂജിപ്പൂ. ശംഖ് അസ്ത്രം കൊണ്ടുക ഴുകി മൂലംകൊണ്ട് ഗന്ധം തേച്ച് പ്രണവംകൊണ്ടപ്പു ധൂപിച്ച് ഗന്ധാക്ഷതമിട്ട് മൂലം കൊണ്ടർച്ചിച്ച് ശംഖിനെ നാഭിക്കുനേരെ പിടിച്ച് പ്രണവോപചാര മൂലത്രയം ചൊല്ലി ആവാഹിച്ച് വലത്തെ മൂക്കിലെ ശ്വാസം തള്ളി കൂർച്ചാഗ്രത്തുംമേലെ ശിരോമന്ത്രം ചൊല്ലി കുടത്തിൽ വീത്തി കുടംനിറച്ച് പല്ലവമിട്ട് പത്രികയുംവെ പ്പൂ. അക്ഷതമിട്ട കുറുംപുല്ല് മേലെവപ്പൂ. മൂർത്തി ആവാഹിച്ച് മൂർത്തിപൂജ ചെയ്വൂ നിവേദ്യവും പ്രസന്നപൂജയും ചെയ്വൂ. പുഷ്പാഞ്ജലിയും ബ്രഹ്മാർപ്പണവും തീർത്ഥപ്രോക്ഷണവും ചെയ്വൂ. അവസാനാർഘ്യവും ലയാംഗവും ചെയ്ത് പീഠമുദ്ധ സിച്ച് പത്മത്തിങ്കലും ചെയ്വൂ.

നീർകുംഭത്തിലാക്കി അസ്ത്രംകൊണ്ട് രക്ഷിച്ചു ഗണപതി വിസർഗ്ഗവും ചെയ്ത് അകത്തു ചെന്ന് പീഠപൂജ ചെയ്ത് ആവാ ഹിച്ച് ന്യാസങ്ങളും ചെയ്ത് ആസനാദ്യുപചാരങ്ങളും ചെയ്ത് സ്നാനകാലത്തിങ്കൽ പൂവാരി അഭിഷേകം ചെയ്ത് *അപോഹി ഷ്ഠാദി* തളിച്ച് ചന്ദനവും പൂവും ചാർത്തി നീരാജന മുഴിയാൻ കറുകയും അക്ഷതവും ശിരസിങ്കലും ശ്രീപാദത്തിലും ഇട്ട് അസ്ത്രം ചൊല്ലി മൂന്ന് ഉരു ഉഴിഞ്ഞ് രണ്ടാമത് നുള്ളി ഇട്ട് കൈകഴുകി കലശമെഴുന്നള്ളിച്ച് പത്രികയും പല്ലവവും ഉഴിഞ്ഞ് കൈകഴുകി കലശംമേടിച്ച് പ്രണവോപചാരമൂലത്രയം ജപിച്ച് ലിപി പ്രതിലോമവും ശിരോമന്ത്രവും, ചൊല്ലിയാടി പൂജാമന്ത്രവും

യഥാശക്തി മൂലവും ചൊല്ലിയാടി ശക്തിചൊല്ലി അർപ്പിച്ച് കുടം വെച്ച് ചന്ദനവും പൂവും ചാർത്തി ആവാഹനമുദ്രകാട്ടി വ്യാപകാംഗവും ചെയ്ത് ഋഷിച്ഛന്ദസ്സും ചെയ്ത് നീരാജനമുഴിഞ്ഞ് നീരജാനവും കുംഭവും ദേവങ്കൽ ഉധ്വസിച്ച് ശേഷം ഉപഹാരവും കൊടുത്ത് മൂർത്തി പൂജചെയ്ത് നിർമാല്യം പരിഗ്രഹിച്ച് തളം കഴുകി നിവേദിച്ച് യഥാന്യായം പൂജ ചെയ്തുകൊള്ളു.

**അടിക്കുറിപ്പുകൾ**

1. ബാലകൃഷ്ണകുറുപ്പ്. കെ. (ed.), *ആർഷഭൂമിയിലെ ഭോഗസിദ്ധി,* മാതൃഭൂമി. അവതാരിക. 2004.

2. Ramachandra Rao, S.K, Prof. (ed.), *The Agama Kosa,* Vo1.1, *What is Agama*? Kalpataru Research Academy, Bangalore, 1999, pp 1-22.

3. Ganapathi Sastri. T (ed.) by Unni N.P. Dr., *Tantrasamuccaya of Narayana,* with Malayalam Commentary with Sankara, Re-print with an introduction, Nag Publishers.

4. നായർ കെ.കെ.ഡോ (ed.), *പരശുരാമ കൽപ്പസൂത്രം,* കാവ്യകല, കോഴിക്കോട്, 2010.

5. Sri. Raman Nampiar. K.E, with K.E. Achuthapothuval, Thripunnithura Sanskrit College, 1953- 1954.

6. Unni N.P, Dr. (ed.) *Visnusamhita*, Nag Publishers, Delhi, 1992.

7. Unni N.P, Dr. (ed.) *Īśānaśivagurudevapaddhati of Isanasivaguru,* 4 volums, Introductory Part, Bharathiya Vidyaprakasam, Delhi, 1990.

8. ദിവാകരൻ നമ്പൂതിരിപ്പാട് കൽപ്പുഴ, *കുഴിക്കാട്ടുപച്ച*, പഞ്ചാംഗം പുസ്തകശാല, 1974

9. പ്രജിത്ത് ജെ.പി ഡോ (ed.), *ഭാഷാതന്ത്രം-പാഠവും പഠനവും,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2020.

**ഡോ.ജെ.പി.പ്രജിത്ത്**
അസി. പ്രൊഫ. സംസ്കൃതവിഭാഗം
ഒ.ആർ.ഐ& എം എസ്.എസ്.എൽ
കേരള യൂണിവേഴ്സിറ്റി
കാര്യവട്ടം, തിരുവനന്തപുരം

# മുഗളാക്രമണവും തിരുവിതാംകൂർചരിത്രവും

**ഷിബു കുമാർ പി. എൽ.**

**സംഗ്രഹം**

*കേരളത്തിലെ പഴയകാല രാജവംശങ്ങളിൽ പേരുകൊണ്ടും പെരുമകൊണ്ടും പ്രശസ്തമാണ് തിരുവിതാംകൂർ ഭരണകൂടം. ആധുനിക തിരുവിതാംകൂറിന്റെ ശില്പിയായ മാർത്താണ്ഡവർമയുടെ ഭരണകാലത്താണ് വേണാട് എന്നറിയപ്പെട്ടിരുന്ന നാട്ടുരാജ്യം തിരുവിതാംകൂറായി വികസിക്കുന്നത്.*

*മാർത്താണ്ഡവർമ്മയുടെ കാലശേഷമുള്ള തിരുവിതാംകൂറിന്റെ ചരിത്രം മനസ്സിലാക്കാൻ വ്യക്തവും ആധികാരികവുമായ തെളിവുകൾ നമുക്കുണ്ട്. ഡച്ചുകാരുടെയും ഇംഗ്ലീഷുകാരുടെയും കൈവശമുള്ള രേഖകളും മതിലകം രേഖകളും ഈ വസ്തുതയ്ക്കു സഹായക മാകുന്നു. എന്നാൽ മാർത്താണ്ഡവർമ്മയ്ക്ക് മുൻപുള്ള ചരിത്രം പലപ്പോഴും കഥകളായി മാത്രമേ ചരിത്രകാരൻമാർ പരിഗണിച്ചിട്ടുള്ളൂ. വിശ്വസനീയമായ തെളിവുകൾ ഇല്ലാത്തതാണ് പ്രധാനകാരണം അങ്ങനെ കഥകളുടെ കൂട്ടത്തിൽപ്പെട്ടുപോയ അവിശ്വസനീയമായ ഒരു ചരിത്രം തിരുവിതാംകൂറിനുണ്ട്. തെക്കൻതിരുവിതാംകൂർ പ്രദേശത്തുനടന്ന ആ സംഭവത്തെ മുകിലാക്രമണം എന്നും മുഗളാക്രമണം എന്നും വിളിക്കാം. മുസ്ലീംസംസ്കാരം തെക്കൻകേരളത്തിൽ വ്യാപിക്കുന്നത് മുഗളരുടെ വരവിനുശേഷമാണ്.*

*ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ .ഈ സംഭവം ചരിത്രപരമായി ശരിയായിരുന്നോ എന്നു പരിശോധിക്കുകയാണ് ഈ പ്രബന്ധത്തിൽ.*

**താക്കോൽവാക്കുകൾ**

*തിരുവിതാംകൂർ, വേണാട്, മാർത്താണ്ഡവർമ്മ, മുകിലാക്രമണം, ഡച്ചുകാർ, മതിലകം രേഖകൾ*

**മുഗളാക്രമണം**

തിരുവിതാംകൂറും പഴയവേണാടും പലകാലത്തും പല വിദേശ ശക്തികളുടെയും ആക്രമണത്തിന് ഇരയായിട്ടുണ്ട്. മൂവേന്തൻമാരായ ചേര, ചോള, പാണ്ഡ്യരാജാക്കന്മാർ ഇവിടെ യുദ്ധസന്നാഹരായി പലപ്പോഴും തമ്പടിച്ചിട്ടുണ്ട്. കന്യാകുമാരി ജില്ലയിലെ ‘‘മുപ്പന്തൽ’’ (മൂന്നു രാജാക്കന്മാർ പന്തൽ കെട്ടിത്താമസിച്ച സ്ഥലം) എന്ന ഇടം ഈ ചരിത്രവസ്തുതയുടെ സ്ഥലപരമായ തെളിവാണ്. അക്കാലത്തെ സാഹിത്യകൃതി കളിലും മറ്റും ഈ വിഷയം പരാമർശിക്കപ്പെട്ടിട്ടുണ്ട്. മൂവേന്തന്മാർ വ്യത്യസ്തകാലങ്ങളിൽ ഇവിടെ വന്നിരുന്നുവെന്നു മാത്രമേ നമുക്കറിയാവൂ. മറ്റു ശക്തികളുടെ വരവിനെക്കുറിച്ച് വലിയ ധാരണ ചരിത്രകാരൻമാരുടെ ഇടയിലില്ല എന്നാൽ ദ്രാവിഡരാജാക്കന്മാരെ കൂടാതെ മുഗളന്മാരും (മുസ്ലിം ഭരണാധി കാരികൾ) ഇവിടെ വന്നിട്ടുണ്ടുവെന്ന് അനുമാനിക്കാം.പതിനേഴാം നൂറ്റാണ്ടിൽ തെക്കൻ കേരളത്തിൽ മുഗൾ ഭരണാധികാരികൾ എത്തിയിട്ടുണ്ടെന്നാണ് വിശ്വാസം. എഴുതിവയ്ക്കപ്പെട്ട തെളിവു കൾ ഇല്ലെന്നു മാത്രം. എന്നാൽ ചരിത്രകാരന്മാർ അധികമൊന്നും വിശ്വസിക്കാത്ത ഈ ചരിത്രകഥ നാട്ടുകാരുടെ ദേശസ്നേഹ കഥകളിലും മുത്തശ്ശിക്കഥകളിലും ഇപ്പോഴുമുണ്ട്. എഴുതിവയ്ക്ക പ്പെടാത്തത് ചരിത്രമായി അടുത്തകാലം വരെ നമ്മൾ അംഗീകരിച്ചിട്ടില്ലായിരുന്നു. എന്നാൽ വാമൊഴിചരിത്ര ത്തെയും പ്രാദേശിക ചരിത്രനിർമാണത്തിൽ ഉൾപ്പെടുത്തണമെന്നാണ് പുതിയ പഠനങ്ങൾ ആവശ്യപ്പെടുന്നത്.

ഉമയമ്മറാണിയുടെ ഭരണകാലത്താണ് മുഗൾരാജാവിന്റെ സൈന്യം വേണാട് ആക്രമിക്കുന്നത്. ഡെൽഹിയിൽ നിന്നു തെക്കോട്ടു നടത്തിയ മുഗളൻമാരുടെ പടയോട്ടത്തിൽ പല ദേശങ്ങളും ക്ഷേത്രങ്ങളും കൊള്ളയടിക്കപ്പെട്ടു. ഒടുവിൽ വേണാടിന്റെ അതിർത്തിയിലും അവർ എത്തിച്ചേർന്നു. ശുചീന്ദ്രം മുതൽ വർക്കലവരെയുള്ള വലിയ ക്ഷേത്രങ്ങൾ പലതും തകർക്കപ്പെടുകയും കൊള്ളയടിക്കപ്പെടുകയും ചെയ്തു. അവരുടെ വരവിനെക്കുറിച്ചു നാട്ടുകാരുടെ ഇടയിൽ ധാരാളം കഥകളുണ്ട്.വൈക്കം പാച്ചുമൂത്തതിന്റെ തിരുവിതാംകൂർ

ചരിത്രത്തിൽ ഇതു രേഖപ്പെടുത്തിയിട്ടുണ്ട്. തെക്കൻതിരുവിതാംകൂറിൽ മാത്രം നിലനില്ക്കുന്ന തുലുക്കൻപാട്ടിലെ വിഷയംതന്നെ മുകിലാക്രമണമാണ്.

''ഒരു കുടം നെല്ല് തരം പെണ്ണിനെ വിടടാ തുലുക്കാ

ഒരു കുടം നെല്ല് വേണ്ട, പെണ്ണിനെ വിടൂല്ലടാ തുലുക്കാ

രണ്ടു കുടം നെല്ല് തരം പെണ്ണിനെ വിടടാ തുലുക്കാ'' എന്ന പാട്ടിലെ തുലുക്കൻ ഇസ്ലാംമതവിശ്വാസിയാണ്. തലമുറ തലമുറയായി ഇവിടത്തെ കുട്ടികൾ കഥയറിയാതെ പാടുന്ന ഈ പാട്ട് ഒരു ചരിത്രരേഖയാണ്. തുലുക്കൻ (മുഗളൻ) ഇവിടെ ആക്രമിച്ചിട്ടുണ്ട് എന്നതിന്റെ ചരിത്രരേഖകൂടിയാണ് ഈ പാട്ട് (മുഗളൻ തമിഴ് രീതിയിൽ മുകിലൻ എന്നാകുന്നു).

**സ്മാരകത്തെളിവുകൾ**

ഇന്നു തമിഴ്നാട്സംസ്ഥാനത്തിന്റെ ഭാഗമായ കന്യാകുമാരി ജില്ലയിൽ ഉൾപ്പെടുന്ന തിരുവട്ടാർ ആദികേശവക്ഷേത്ര മുറ്റത്തും പരിസര പ്രദേശത്തും മുകിലൻ അവശേഷിച്ചുപോയ ധാരാളം ചിഹ്നങ്ങൾ ഇപ്പോഴുമുണ്ട്. ആർക്കും മായ്ച്ചുകളയാൻ കഴിയാത്ത വിധം ഉറച്ചുപോയ ചിഹ്നങ്ങൾ. അതിലൊന്നാണ് തിരുവട്ടാറിൽനിന്നു മാത്തൂർ പോകുന്ന വഴിക്കുള്ള ''കാൻകര' എന്ന സ്ഥലം. ചരിത്രപ്രധാനമായ ആ പ്രദേശത്തിന്റെ ചരിത്രപ്രാധാന്യം അവിടത്തുകാർക്കുപോലും അറിയില്ല. ആ പേര് ഒരു ചരിതരേഖയാണ്. മുഗൾ ആക്രമണകാലത്ത് തിരുവിതാംകൂറിനെതിരെ പട നയിച്ചത് ഒരു "ഖാൻസാഹിബായിരുന്നു.'' അതിശക്തരായ മുകിലപ്പടയെ നേരിടാൻ വേണാട് അശക്തരായിരുന്നു. സ്വന്തമായിട്ടു സൈന്യമൊന്നും വേണാടിനില്ലായിരുന്നു. കുലദൈവമായ തിരുവട്ടാർ ആദികേശവനിൽ എല്ലാം സമർപ്പിച്ചു പ്രാർത്ഥിച്ചിരുന്ന സമയത്താണ് രാജകുടുംബം ആ ശുഭവാർത്ത കേൾക്കുന്നത്; ക്ഷേത്രപരിസരത്തെ ഒരു മരത്തിനു മുകളിലുണ്ടായിരുന്ന വലിയൊരു കടന്നൽക്കൂടിളകുകയും കടന്നലുകളുടെ കുത്തേറ്റ് മുകിലന്റെ സൈന്യത്തിലെ മഹാഭൂരിപക്ഷവും മരിച്ചുവീഴുകയും ചെയ്തെന്ന്. വിചിത്രമായ ഒരു യുദ്ധവിജയമാണിത്. ലോകത്തൊരിടത്തും ഇത്തരത്തിലുള്ള

വിജയത്തെക്കുറിച്ച് പരാമർശിച്ചുകണ്ടിട്ടില്ല. ആയുധ പ്രഹരമേൽക്കാതെ ശത്രു തോൽക്കുന്നു. കടന്നൽ കുത്തേൽക്കാത്തവർക്കു പിന്തിരിയേണ്ടിവന്നു. സൈന്യത്തിലെ മഹാഭൂരിപക്ഷംപേരും മുകിലനു നഷ്ടപ്പെടുന്നു. മുകിലസൈന്യത്തിലെ സർവസൈന്യാധിപൻ "ഖാൻസാഹിബ" കടന്നൽ കുത്തേറ്റു മരിക്കുന്നു. ''ഖാൻ'' മരിച്ചുവീണ സ്ഥലമാണ്' ഖാൻകര'. ഖാൻകര പറഞ്ഞു പറഞ്ഞു 'കാൻകര'യും ''കാങ്കര''യുമായി. ഇത് ഒരിടത്തും രേഖപ്പെടുത്തിവച്ചിട്ടില്ല എന്നാൽ നാട്ടുകാരുടെ തിരുവട്ടാർചരിത്രത്തിൽ ഈ സംഭവമുണ്ട്. മുസ്ലീം ജനവിഭാഗം തീരെ കുറവായ ഈ പ്രദേശത്ത് ഇങ്ങനെയൊരു സ്ഥലപ്പേര് രൂപപ്പെടുന്നതിനു കാരണം ഇതല്ലാതെ മറ്റൊന്നാകാൻ സാധ്യതയില്ല. (പ്രാദേശിക ചരിത്രകാരൻ തിരുവട്ടാർ സുകുമാരൻനായർ പറഞ്ഞ വിവരണം)

മുഗൾ സൈന്യാധിപൻ മരിച്ചുവീണ കാങ്കരയിൽ ഒരു പഴയ സ്മാരകമുണ്ട്. സൈന്യാധിപന്റെ ശവകുടീരമെന്നാണ് നാട്ടുകാർ കരുതുന്നത്.സ്ഥലത്തിന്റെ ചരിത്രപ്രാധാന്യം മനസ്സിലാക്കിയിട്ട് പിന്നീടു തയ്യാറാക്കിയ ഒരു സ്മാരകമാണിത്.സ്മാരകത്തിന് വലിയ പഴക്കമൊന്നുമില്ല. സായിപ്പിന്റെ കല്ലറ'' എന്നാണ് ഈ സ്മാരകം ഇവിടെ അറിയപ്പെടുന്നത്.സായിപ്പെന്നാൽ മുസ്ലീം.



(കാങ്കരയിലെ മുകിലന്റെ കല്ലറ)

കാടുപിടിച്ച പ്രദേശത്തെ ഒരു റബർത്തോട്ടത്തിലാണ് ഈ ശവക്കല്ലറ ഇപ്പോൾ ഉള്ളത്. ശവകുടീരമുൾപ്പെടുന്ന സ്ഥലം നാട്ടുകാരിലൊരാൾ ചരിത്രപ്രധാന്യമറിയാതെ വിലയ്ക്കു വാങ്ങിച്ചു. അടുത്തകാലംവരെയും ആരുടെ സ്മാരകമെന്നറിയാതെ വസ്തുവിന്റെ ഉടമസ്ഥൻ ഈ ഭൂമി പരിപാലിച്ചു. മുകിലബന്ധം അറിഞ്ഞതോടുകൂടി പുതിയ ഉടമസ്ഥൻ ശവകുടീരത്തിന്റെ മുകളിൽ സ്വന്തം മതത്തിന്റെ ചിഹ്നം കോൺക്രീറ്റ്ചെയ്തുവച്ചു. ചരിത്രസ്മാരകമാക്കുമോ എന്നുള്ള പേടികൊണ്ടായിരിക്കാം ഇങ്ങനെ ചെയ്തത്. ചരിത്രം ഇവിടെ മതം മാറി,വഴി മാറി നില്ക്കുന്നത് അത്ഭുതത്തോടെമാത്രമേ കാണാൻ കഴിയൂ.

**തിരുവട്ടാർക്ഷേത്രത്തിലെ തെളിവ്**

തിരുവട്ടാർ ആദികേശവക്ഷേത്രത്തിനുള്ളിൽ മുസ്ലീം പള്ളിയുടെ മാതൃകയിൽ നിർമിച്ച ഒരു അള്ളാമണ്ഡപമുണ്ട്. ആർക്കാട്ടു നവാബ് ക്ഷേത്രം ആക്രമിച്ചതിന് പ്രായശ്ചിത്തമായി നിർമിച്ച കെട്ടിടമാണിത് എന്നാണ് നാട്ടുകാർ പറയുന്നത്.പൈങ്കുനി, അൽപശി ഉൽസവസമയത്ത് അള്ളാമണ്ഡപത്തിൽവച്ചു പതിനെട്ടു ദിവസം അള്ളാപൂജ ഉണ്ടായിരിക്കും. ആദികേശവന്റെ രാത്രിശീവേലി കഴിഞ്ഞിട്ടാണ് ഈ പൂജ. ശീവേലി സമയത്ത് മുസ്ലിംതൊപ്പിയും തട്ടവും(പാത്രം)ക്ഷേത്രത്തിൽ ദിവസവും എഴുന്നെള്ളിക്കുന്ന പതിവും ഇവിടെയുണ്ടായിരുന്നു. അടുത്ത കാലത്തു ക്ഷേത്രത്തിൽ മോഷണം നടന്നതുകൊണ്ടു അതു നിർത്തലാക്കുകയും തട്ടവും പാത്രവും കരുതൽശേഖരണത്തിലേക്കു മാറ്റുകയും ചെയ്തിരിക്കയാണ്.



നിത്യശീവേലിക്ക് എഴുന്നള്ളിച്ചിരുന്ന
തങ്കനിർമ്മിത തൊപ്പിയും, തട്ടവും



(ആദികേശവക്ഷേത്രത്തിലെ അള്ളാമണ്ഡപം)

തെക്കൻ തിരുവിതാംകൂറിലെ നായർ വിവാഹങ്ങളിലും ജാതകംകൈമാറൽ ചടങ്ങുകളിലുമൊക്കെ ഇസ്ലാംമതചിഹ്നങ്ങൾ കാണാൻ കഴിയും. ജാതകം കൈമാറുന്ന സമയത്തു തലയിൽ തോർത്തുചുറ്റി വധൂവരൻമാരുടെ അച്ഛൻമാർ ഇരിക്കുന്ന ചടങ്ങ് ഇതിന് തെളിവാണ് .ജാതകം കൈമാറുമ്പോൾ വരനും വധുവും ആ സമയത്ത് ആദ്യകാലത്തു നിർബന്ധമില്ലായിരുന്നുവെന്നത് ഇതോടൊപ്പം കാണേണ്ടതാണ്.



(നായർ വിവാഹത്തിലെ ജാതകക്കൈമാറ്റച്ചടങ്ങ് )

തെക്കൻകേരളത്തിലേക്കു വന്ന മുഗളർ ഇവിടത്തെ സാംസ ്കാരിക ജീവിതത്തിലും തങ്ങളുടെ മതപരമായ ചിഹ്നങ്ങൾ നല്കിയിട്ടു തന്നെയാണ് പോയത്. എഴുതിവച്ചതിനേക്കാൾ വിശ്വസീനയമാണ് ജീവനുള്ള ഈ തെളിവുകൾ.

**പത്മനാഭസ്വാമിക്ഷേത്രത്തിലെ തെളിവുകൾ**

നിധിയുടെ വൻ ഇരിപ്പിടങ്ങളാണ് തിരുവനന്തപുരം പദ്മനാഭസ്വാമി ക്ഷേത്രത്തിലെ  വിവിധ നിലവറകൾ . ഈ നിധിയുടെ പേരിൽ ലോകശ്രദ്ധ പിടിച്ചുപറ്റാനും ക്ഷേത്രത്തിനായി.പദ്മനാഭന്റെ സ്വത്തായി കരുതുന്ന അളവറ്റ ഈ

സ്വർണശേഖരം ഉണ്ടാകാൻ മാത്രം സമ്പന്നമായിരുന്നില്ല തിരുവിതാംകൂർ. ഇവിടത്തെ രാജാക്കന്മാർ ശത്രുരാജാക്കൻമാരെ ആക്രമിച്ചു നേടിയെടുത്ത സമ്പാദ്യവുമല്ല ഈ അപൂർവനിധിശേഖരം. പിന്നെ എങ്ങനെയാണ് തിരുവിതാംകൂറിന് ഇത്രയധികം സമ്പത്ത്. മറ്റ് രാജ്യങ്ങളെ ആക്രമിച്ചു നേടിയതാകാൻ സാധ്യതയില്ല. തിരുവിതാംകൂർ രാജാക്കന്മാർ അയൽനാടുകളെ വെട്ടിപ്പിടിച്ചെങ്കിലും അവയൊന്നും സമ്പന്നരാജ്യങ്ങളായിരുന്നില്ല. നെല്ലും കുരുമുളകും മാത്രമേ അവിടെയൊക്കെ വരുമാന സ്രോതസ്സുകളായി ഉണ്ടായിരുന്നു ള്ളൂ. തിരുവിതാംകൂറാകട്ടെ കേരളത്തിനു പുറത്തുള്ള വലിയ രാജ്യങ്ങളെ ആക്രമിച്ചിട്ടുമില്ല.തിരുവിതാംകൂറിന് മുന്നിൽ അടിയറവു പറഞ്ഞ നാടുകൾ എല്ലാം ദരിദ്രദേശങ്ങളായിരുന്നു. തങ്ങളെ ആക്രമിക്കാൻ തിരുവിതാംകൂർസൈന്യം വരുന്നെന്നറിഞ്ഞപ്പോൾ ഉള്ള സമ്പാദ്യമെല്ലാം കായലിൽ കെട്ടിത്താഴ്ത്തിയിട്ടു പോയവരാണ് കായംകുളം രാജാവ്. അപ്പോൾ മനസ്സിലാകും അയൽരാജ്യങ്ങളുടെ സമ്പാദ്യത്തിന്റെ വലിപ്പം. രാജ്യത്തിന്റെവിസ്തൃതി കൂട്ടാനുള്ളതല്ലാതെ വെട്ടിപ്പിടിക്കാൻ മറ്റൊന്നും കേരളത്തിലെ നാട്ടുരാജ്യങ്ങളിൽ ഇല്ലായിരുന്നു.

തിരുവിതാംകൂറിലെ അവസാനത്തെ രാജാവായ ചിത്തിര തിരുനാളിന്റെ കാലത്തുപോലും രാജാവിനു ഭരിക്കാൻ സിംഹാസന സമാനമായ ഇരിപ്പിടങ്ങൾ ഇല്ലായിരുന്നു. പായിലിരുന്നാണ് അമ്മറാണിയും ദിവാനും ഭരണപരമായ തീരുമാനങ്ങൾ എടുത്തിരുന്നത്. പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനംപോലും പദ്മനാഭപുരം കൊട്ടാരത്തിന്റെ തായ്കൊട്ടാരം ഓലക്കെട്ടിടമായിരുന്നു. ആയില്യം തിരുനാളിന്റെ കാലത്തു രാജാക്കന്മാർ ഉടുത്തിരുന്നത് ഒറ്റമുണ്ടും തോർത്തുമായി രുന്നു. എന്നിട്ടും നമ്മുടെ ചരിത്രകാരൻമാർ കേരളീയ രാജാക്കന്മാരെ അവതരിപ്പിച്ചിരുന്നത് കെട്ടുകഥകളിലെ നായകന്മാരെപ്പോലെയായിരുന്നു.

നാട്ടിലെ ജനങ്ങൾക്ക് ആവശ്യമായ നെല്ലുപോലും ഇവിടെ നമുക്ക് ഉൽപാദിക്കാൻ കഴിഞ്ഞിട്ടില്ലായിരുന്നു. കേരളീയർ കഞ്ഞി കുടിച്ചത് ആരോഗ്യത്തിന് ഉത്തമമായതുകൊണ്ടു മാത്രമല്ല

അരിയുടെ ലഭ്യതക്കുറവുംകൊണ്ടാണ്. നാൽപ്പത്തിനാല് നദികളും കാടും പടലുമായി കിടന്നിരുന്ന ഈ നാടിന് ഒരിക്കലും ഒരു രാജ്യം എന്ന നിലയിൽ ഉയരാൻ കഴിഞ്ഞിട്ടില്ലായിരുന്നു, കഴിയുമായിരുന്നില്ല. നികുതിയിനത്തിൽ നിന്നു കിട്ടുന്നതാകട്ടെ വളരെ കുറവുമായിരുന്നു. ഭൂമിയുടെ പകുതിയും പണ്ടാരപ്പാട്ടങ്ങളോ ദേവസ്വം ബ്രഹ്മസ്വംവക ഭൂമിയോ ആയിരുന്നു. അതിൽനിന്നു നികുതി പിരിക്കാനും കഴിയില്ലാ യിരുന്നു. ക്രിസ്ത്യൻ മിഷണിമാർക്ക് കൊടുത്ത രാജ്യത്തിന്റെ നല്ലൊരു ഭാഗം ഭൂമിയും സർക്കാർവകയായിരുന്നു. അക്കാലത്ത് ഭൂമി അത്രമേൽ പ്രിയപ്പെട്ടതോ വിലപ്പെട്ടതോ ആയിരുന്നില്ല.

കേരളത്തിന്റെ ഭൂമിശാസ്ത്രം പരിശോധിച്ചാൽ മറ്റൊരു വസ്തുതകൂടി മനസ്സിലാകും.പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനംവരെ കേരളത്തിന്റെ വലിയൊരുപ്രദേശവും കാടായിരുന്നു. പി കെ ബാലകൃഷ്ണന്റെ ''ജാതിവ്യവസ്ഥിതിയും കേരളചരിത്രവും'' ഡി ഡി കൊസാംബി യുടെ ''പ്രാചീന ഇന്ത്യയുടെ ചരിത്രം,സാമുവേൽ മെറ്റീറിന്റെ ''ഞാൻ കണ്ട കേരളം'' എന്നീ കൃതികൾ ഈ വസ്തുത അടിവരയിടുന്നു. കാട്ടിൽനിന്നു കിട്ടുന്നതാകട്ടെ കുരുമുളകും കാട്ടുവിഭവങ്ങളു മായിരുന്നു. അതിൽ നിന്നുള്ള വരുമാനമാകട്ടെ തീരെ കുറവും .അവ ശേഖരിക്കാൻ കാട്ടിൽ താമസിക്കുന്നവരുടെ സഹായവും വേണം.അത്തരം വിഭവങ്ങൾക്ക് നാട്ടിലാകട്ടെ വേണ്ടത്ര ആവശ്യക്കാരുമില്ലായിരുന്നു. എന്നാൽ വിദേശനാണ്യം കിട്ടുന്ന ഇനവുമായിരുന്നു ഇതൊക്കെ. ബ്രിട്ടീഷുകാർ തുച്ഛമായ തുക നല്കി ഇതൊക്കെ വൻവിലയ്ക്കു അവരുടെ കമ്പോളത്തിൽ വിറ്റു കൊള്ളലാഭം കൊയ്തു. നമ്മുടെ നാട്ടിലെ വിഭവങ്ങളിൽ നിന്നു ലാഭം കൊയ്തും അവർ തന്നെയായിരുന്നു. ഇതിന്റെയെല്ലാം കുത്തക കാലാകാലങ്ങളായി വിദേശികൾക്കായിരുന്നു. സമ്പാദിച്ച തെല്ലാം അവരായിരുന്നു. അങ്ങനെ നോക്കുമ്പോൾ ദാരിദ്ര്യം പിടിച്ച ദേശ മായിരുന്നു പഴയ കേരളം എന്ന് ഉറപ്പിക്കാം. ആ രാജ്യത്തിന് എത്രകാലത്തെ സമ്പാദ്യം കരുതലായി യുണ്ടായിരുന്നുവെന്നു പറഞ്ഞാലും ഒരു ക്ഷേത്രത്തിൽ നിലവറ നിർമിച്ചു നിറയ്ക്കാനുള്ള ശേഷിയൊന്നും സാമ്പത്തികചരിത്ര പരമായി നോക്കിയാൽ കാണാനാകില്ല. അപ്പോൾ ഈ നിധി ശേഖരം

മറ്റാരുടേയോ ആണ്. അത് ഡെൽഹി മുതൽ തിരുവിതാംകൂർ വരെ ആക്രമിച്ച് ആനപ്പുറത്തും കുതിരപ്പുറത്തും കൊണ്ടുവന്ന മുകിലന്റെ കൊള്ളമുതലാകാം.ഈ അടുത്ത കാലത്തു പുറത്തിറങ്ങിയ മലയാളനോവലായ മുകിലനിൽ ഈ വസ്തുതയെ ഭാവനാത്മകമായി അവതരിപ്പിക്കുന്നുണ്ട് .

**തൃപ്പടിത്താനമെന്ന രാഷ്ട്രതന്ത്രം**

മാർത്താണ്ഡവർമ പദ്മനാഭക്ഷേത്രം നവീകരിച്ചതും തൃപ്പടിത്താനം നടത്തിയതും ഇതോടൊപ്പം ചേർത്തുവായിക്കണം. പരമാധികാരം ഉണ്ടായിരിക്കെ ഒരു രാജാവു സ്വന്തം രാജ്യത്തെ ദൈവത്തിന്റെ തൃപ്പടിയിൽ സമർപ്പിച്ചത് കേവലഭക്തികൊണ്ടല്ല; തന്ത്രംകൊണ്ടാണ്. ഭക്തികൊണ്ടായിരുന്നെങ്കിൽ രാജ്യം സമർപ്പിക്കേണ്ടിയിരുന്നത് തിരുവനന്തപുരത്തെ പദ്മനാഭനല്ലാ യിരുന്നു; തിരുവട്ടാർ ആദികേശവനാ യിരുന്നു. തിരുവിതാംകൂറിന്റെ കുലദൈവം ആദികേശവനായിരുന്നു പദ്മനാഭന്റെ മൂലപ്രതിഷ്ഠ തിരുവട്ടാറിലെ ക്ഷേത്രത്തിലേതാണ്.



(തിരുവട്ടാർ ആദികേശവക്ഷേത്രം -1)



(തിരുവട്ടാർ ആദികേശവക്ഷേത്രം -2)

കാർത്തികതിരുനാളിന്റെ കാലത്താണ് തിരുവിതാം കൂറിന്റെ തലസ്ഥാനം തിരുവനന്തപുരത്തേക്ക് മാറ്റുന്നത്. അതു വരെ തിരുവിതാംകൂറിന്റെ കുലദൈവം തിരുവട്ടാർ ആദികേശവൻ തന്നെയായിരുന്നു അപ്പോൾ തൃപ്പടിത്താനം ചെയ്യേണ്ടിയിരുന്നത് തിരുവട്ടാറിലായിരുന്നു. അതുചെയ്യാൻ മാർത്താണ്ഡവർമ്മ തയ്യാറാകാത്തതിന് കാരണം കഥകളിൽ പറയുന്ന ഈ ക്ഷേത്രത്തിലെ നിധിയിരിപ്പ് തന്നെയാകാം.

680-ൽ ഉമയമ്മറാണിയുടെ കാലത്ത് മുഗളൻമാർ തിരുവിതാംകൂറിൽ എത്തിയിരുന്നുവെന്ന് ചരിത്രപുസ്തകങ്ങളും സാഹിത്യകൃതികളും സാക്ഷ്യപ്പെടുത്തുന്നു (ഉള്ളൂരിന്റെ ഉമാകേരള ത്തിൽ മുകിലപ്പടയുടെ തോൽവിയെപ്പറ്റിയുള്ള സൂചനയുണ്ട്). തിരുവിതാംകൂറിലെ കൊല്ലം വരെയുള്ള പ്രദേശങ്ങളിൽ മാത്രം നൂറ്റിയറുപത്തെട്ട് ക്ഷേത്രങ്ങളെ

കൊള്ളയടിച്ചു പഞ്ചലോഹ വിഗ്രഹങ്ങളും നിധികുംഭങ്ങളും കവർന്നു മുകിലൻ'' എന്നാണ് വൈക്കം പാച്ചുമൂത്തത് തിരുവിതാംകൂർ ചരിത്രത്തിൽ പറയുന്നത്.

മുഗളാക്രമത്തെക്കുറിച്ച് വിശ്വസനീയമായ രീതിയിൽ ആരും രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ എഴുതിവച്ചതിനെക്കാൾ വിശ്വസനീയമാണ് തിരുവട്ടാർ പ്രദേശങ്ങളിൽ നിന്നു നേരിട്ടു കാണാൻ കഴിയുന്ന ഈ തെളിവുകൾ. ചില സ്മാരകങ്ങളും ആചാരങ്ങളും ആ പാരമ്പര്യത്തിന്റെ തുടർച്ചയാണ്.തലമുറ തലമുറയായി പറഞ്ഞുവരുന്ന വെറും കഥകളല്ല ഇതൊക്കെ, മറിച്ച് ചുറ്റും, നോക്കിയാൽ കാണാവുന്ന രൂപത്തിൽ എഴുന്നേറ്റുനിൽക്കുന്ന എഴുതപ്പെടാത്ത തെളിവുകളാണ്.



(തിരുവട്ടാറിൽ ഇപ്പോഴുമുള്ള കടന്നൽ മരങ്ങൾ)

**ഗ്രന്ഥസൂചി**

1. ഉമാമഹേശ്വരി. എസ്, മതിലകം രേഖകൾ (ചരിത്രം), ശ്രീ ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ ലിറ്ററി ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ്, തിരുവനന്തപുരം, ഡിസംബർ 2018.

2. കൊസാംബി ഡി. ഡി, ഇൻഡ്യാചരിത്രപഠനത്തിനൊരു ആമുഖം (വിവ.), പ്രൊഫ.വി. കാർത്തികേയൻ നായർ, പുസ്തക പ്രസാധക സംഘം, 2020.

3. കൊസാംബി ഡി.ഡി, പ്രാചീനഭാരതത്തിന്റെ സംസ്കാരവും നാഗരികതയും: ചരിത്രപരമായ രൂപരേഖ, ഡി.സി.ബുക്സ്, ICHR,ന്യൂഡെൽഹി, 2003.

4. ജയമോഹൻ, ഉറവിടങ്ങൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്, ജനുവരി 2020.

5. ദീപു, മുകിലൻ (നോവൽ), ഡി. സി. ബുക്സ്, കോട്ടയം, മാർച്ച് 2021.

6. ബാലകൃഷ്ണൻ പി. കെ., ജാതിവ്യവസ്ഥിതിയും കേരളചരിത്രവും, ഡി. സി. ബുക്സ്, കോട്ടയം 2010.

7. മനു എസ്.പിള്ള, ദന്തസിംഹാസനം – തിരുവിതാംകൂർ രാജവംശത്തിന്റെ അതിശയകരമായ നാൾവഴികൾ(വിവ.) പ്രസന്ന കെ. വർമ്മ, ഡി. സി. ബുക്സ്, കോട്ടയം 2015.

8. മെറ്റീർ സാമുവൽ (റവ.), ഞാൻ കണ്ട കേരളം (വിവ.) എ.എൻ. സത്യദാസ്, ആരോ ബുക്സ്, ധനുവച്ചപുരം, ജൂൺ 2005.

**ഷിബു കുമാർ പി. എൽ.**
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം
സർക്കാർ വനിതാ കോളേജ്
തിരുവനന്തപുരം
Ph: 9496953293

# ഭൂവിനിമയരേഖകളിലെ സാങ്കേതികപദങ്ങൾ ചിഹ്നങ്ങൾ, അക്കങ്ങൾ

**ഡോ.ജി.സജിന**

**സംഗ്രഹം**

*കേരളത്തിലെ പഴയ തറവാടുകൾ, ക്ഷേത്രങ്ങൾ, പള്ളികൾ എന്നിവിടങ്ങളിൽ താളിയോലകളും കടലാസ് രേഖകളുമായി ആയിരക്ക ണക്കിന് അമൂല്യരേഖകൾ അവയുടെ ഉള്ളടക്കമോ പ്രാധാന്യമോ അറി യാതെ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ അവയിൽ പലതും മതിയായ സംര ക്ഷണം ലഭിയ്ക്കാതെ ഇന്ന് നശിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തര ത്തിൽ കൊച്ചിയിലെ ഗോതുരുത്ത് പള്ളിയിൽ സൂക്ഷിച്ചിരിക്കുന്ന ചില താളിയോല രേഖകളും കടലാസ് രേഖകളും പരിശോധിക്കുന്നതിനും സംരക്ഷണപ്രവർത്തനങ്ങൾ നടത്തുന്നതിനും അവസരം ലഭിച്ചപ്പോ ഴാണ് ഇത്തരം രേഖകളുടെ വൈപുല്യത്തേയും പ്രാധാന്യത്തേയും അടുത്തറിയാൻ സാധിച്ചത്. അത്തരത്തിലുള്ള ഒരു രേഖയെ സൂക്ഷ്മ മായി അപഗ്രഥിക്കുകയാണ് ഈ ലേഖനത്തിൽ.*

**താക്കോൽ വാക്കുകൾ**

*ഭൂവിനിമയരേഖകൾ, പ്രമാണങ്ങൾ, ഗോതുരുത്ത്, കച്ചീട്ട്, ചീട്ടോല, പണയച്ചീട്ട്, പറ്റുശീട്ട്, അറിവ് ശീട്ട്, കൂലിച്ചാർത്ത്*

ക്രിസ്ത്യൻ പള്ളിരേഖകളിൽ ഭൂരിഭാഗവും വസ്തുവകക ളുടെ കൈമാറ്റം കണക്കുകൾ എന്നിവ സംബന്ധിച്ചിട്ടുള്ളതാണ്. വസ്തുവകകൾ, എന്നതിൽ ഭൂമിമാത്രമല്ല പണം, സ്വർണ്ണം, വെള്ളി എന്നിവയും ഉൾപ്പെടുന്നു. ഭൂമിസംബന്ധമായ രേഖകളിൽ പ്രധാന പ്പെട്ടത് പ്രമാണങ്ങൾ, ഭൂമികൈമാറ്റരേഖകൾ, കരാറുകൾ, രശീതി കൾ മുതലായവയാണ്. ഭൂവിനിമയത്തിലെ സാമൂഹികനടപ്പുകളും പള്ളികൾക്കും മറ്റ് ദേവാലയങ്ങൾക്കും ഉണ്ടായിരുന്ന അധികാരബ

ന്ധങ്ങളും വിശകലനം ചെയ്യുന്നതിനുള്ള ആധികാരിക രേഖകൾ കൂടിയാണിവ.

പ്രമാണങ്ങളെ ഒഴിച്ചുനിർത്തിയാൽ ഇത്തരം രേഖകളുടെ കൂട്ടത്തിൽ ധാരാളമായിക്കാണുന്നത് കരാറുകളും രസീതുകളുമാണ്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടവ കച്ചീട്ട്, (കരാറ്), ചീട്ടോല അറിവുശീട്ട്, പറ്റുശീട്ട് (Payment slip), പണയച്ചീട്ട്, മുറിച്ചാർത്ത്, കൂലിച്ചാർത്ത് മുതലായവയാണ്.

**കച്ചീട്ട്:-** കൈച്ചീട്ട് എന്ന പദമാണ് സാമാന്യവ്യവഹാരത്തിൽ കച്ചീട്ടായി മാറിയത്. ലക്ഷ്യമായി എഴുതികൊടുക്കുന്ന ആധാരമാണിത്.

പാട്ടക്കച്ചീട്ട്, വാടകക്കച്ചീട്ട്, മുതലായ പദങ്ങൾ ഇന്നും ഉപയോഗത്തിലുണ്ട്.

**ചീട്ടോല:-** കടത്തിന് ഉടമാവകാശരേകഖൾ പണയപ്പെടുത്തിക്കൊണ്ടുള്ള പ്രമാണമാണ് ചീട്ടോലയെന്ന് ശബ്ദതാരാവലിയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

**അറിവുശീട്ട്:-** കാര്യങ്ങൾ അറിയിക്കുന്നതിനുള്ള ചീട്ട്. തഹസീൽദാർ തുടങ്ങിയ ഉദ്യോഗസ്ഥർ പാർവത്യകാർക്ക് വിവരങ്ങളറിയിച്ച് എഴുത്ത് കൊടുത്തയച്ചിരുന്നു.

**പറ്റുശീട്ട് (payment slip):-** ധനം കൈപ്പറ്റിയതു സംബന്ധിച്ചുള്ള രേഖയാണ് പറ്റുശീട്ട്.

**പണയച്ചീട്ട്:-** പണയം സംബന്ധിച്ച രേഖയാണിത്.

**മുറിച്ചാർത്ത്:-** സാധനങ്ങളുടെ ഇനവിവരപ്പട്ടിക, കണക്കെഴുത്ത്, വരിയോല, ആധാരം, പ്രമാണം എന്നിങ്ങനെ ഭൂവിനിമയ സംബന്ധമായ പല അർത്ഥങ്ങളും ചാർത്ത് എന്ന പദത്തിനു്. ഒറ്റിയോ പാട്ടമോ എഴുതിക്കൊടുക്കുന്നതിനെ ചാർത്തുക, ചാർത്തിക്കുക എന്നിങ്ങനെയും വ്യവഹരിക്കാറുണ്ട്. നിലം, പുരയിടം മുതലായവയുടെ ചാർത്തുസംബന്ധിച്ച ആധാരമാണ് മുറിച്ചാർത്ത്.

**കൂലിച്ചാർത്ത്:-** വിളിയ്ക്കുമ്പോൾ വേലയ്ക്കു വരുന്നതിനുവേണ്ടി നിലം ചാർത്തിക്കൊടുക്കുന്നതാണ് കൂലിച്ചാർത്ത്.

മേൽ സൂചിപ്പിച്ച രേഖകളിൽ ഉപയോഗിച്ചിരിക്കുന്ന പല പദങ്ങളും അക്കങ്ങളും ചിഹ്നങ്ങളും ഇന്ന് നടപ്പിലുള്ളവയല്ല. മാത്ര മല്ല അവയിൽ പലതും അതത് കാലഘട്ടങ്ങളിൽ പ്രചാരത്തിലുണ്ട ായിരുന്നതും അവയുടെ കൈകാര്യകർത്താക്കൾക്ക് സുപരിചിതമാ യവയും ആയിരുന്നു. കാലം, സാമൂഹ്യസ്ഥിതി മുതലായവയിലു ണ്ടായ മാറ്റങ്ങൾ അവയെ അപരിചിതമാക്കിത്തീർത്തുവെങ്കിലും നമ്മുടെ മുൻതലമുറയുടെ സാമൂഹിക ജീവിത ചിഹ്നങ്ങളെന്ന നിലയിൽ അവയിൽ പലതും അറിഞ്ഞോ അറിയാതെയോ നമ്മുടെ നിത്യജീവിതത്തിന്റെയും സംസ്കാരത്തിന്റെയും ഭാഗമായി നിലനിൽക്കുകയും ചെയ്യുന്നു. ഇത്തരം പദങ്ങളെ അവ നിലനിന്നകാലത്ത് നടപ്പുണ്ടായിരുന്ന വിധത്തിൽ പൂർണ്ണമായി മന സ്സിലാക്കാൻ സാധിച്ചിട്ടില്ലെങ്കിൽ പോലും സാമാന്യാർത്ഥ ബോധ ത്താൽ അവ നമ്മുടെ നിത്യപ്രയോഗങ്ങളിൽ നിലനിൽക്കുന്നു. പഴ ഞ്ചൊല്ലുകൾ, പ്രയോഗങ്ങൾ, ശൈലികൾ, ജനപ്രിയഗാനങ്ങൾ, സാഹിത്യകൃതികൾ എന്നിവയിലൊക്കെ ഇത്തരം സംസ്കാരികമു ദ്രകൾ നമുക്ക് കാണാം.

ചരിത്രപ്രാധാന്യമുള്ള ഗോതുരുത്ത് പള്ളി ഇന്ന് ഏറെ പ്രശസ്തമായിരിക്കുന്നത് മുസിരിസ്സ് ഹെറിറ്റേജ് പദ്ധതിയുടെ ഭാഗ മായിട്ടാണ്. അവിടെ സൂക്ഷിച്ചിട്ടുള്ള ഒരു അർത്ഥപറ്റുശീട്ടാണ് ഇവിടെ പഠനവിധേയമാക്കുന്നത്.

പള്ളിപ്പുറം പ്രവൃത്തിയിൽ ചേന്നമംഗലം ഗോതുരുത്തു മുറിയിൽ കളരിത്തറ പൈലിലോനൻ കളരിത്തറ പോരോത്ത് പൈലിയ്ക്ക് എഴുതിക്കൊടുത്ത അർത്ഥപ്പറ്റുശീട്ടാണ് പ്രസ്തുത രേഖ.

**രേഖ**

**ഓല ഒന്നാം പുറം**

1.  മാങ്ങ എടവമാസം  പള്ളിപ്പുറം പ്രവൃത്തിയിൽ ചെന്നമങ്ങലത്ത കൊതുരുത്തമുറിയിൽ കളരിത്തറെ പൈലിലൊ നൻ 

2. മുറിയിൽ കളരിത്തറെ പൊരൊത്ത പൈലിപെർക്ക എഴുതിക്കൊടുത്ത

   അർത്ഥപറ്റുശീട്ടാവിത ഇനിയ്ക്ക പാലിയത്തനിന്നും

   കാണത്തിന്ന തന്നിരിയ്ക്കുന്ന

3. പടിഞ്ഞാറെ കളരിത്തറെ പറമ്പിന്റെ തെക്കുവശം

   കിഴക്കുപടിഞ്ഞാറുള്ള എടത്തൊട്ടിന്നും തെക്ക

   തുത്തിൽ പറമ്പിന്നും പടിഞ്ഞാറ

4. മാളിയെക്കൽ പറമ്പിന്റെ വടക്കെ അതൃക്കും വടക്ക

   നടുവിലെ മുണ്ടത്തുമ്മൽ പറമ്പിന്നും തൊട്ടിന്നും

   കിഴക്ക അതൃക്കത്തെ

5. കിഴമെൽ ദെണ്ഡ തെമ്മടൽ ദെണ്ഡ ഉള്ള പറമ്പിൽ

   ഞാൻ വച്ചുണ്ടാക്കിയിരിക്കുന്ന

   ആറാഴ്ച വിലയും വെട്ടഴിവ മുതലാ

6. യതും കൂടി ഇന്ന ൪ പെരകണ്ട പടിക്ക

   വില നിശ്ചയിച്ച ചൊദ്യമൊഴിഞ്ഞ

   തീറുതന്നവക അർത്ഥപറ്റുവിവരം

**രേഖ ഓലപുറം 2**

1. പറമ്പും മറ്റും കൂടി പള്ളിവാതുക്കൽ അവറൊണി

   കുഞ്ഞെലി മാപ്പിളയ്ക്ക ഞാൻ കൊഴുവെറക്കം

   പണയം പുറവായ്പ എഴു

2. തിക്കൊടുത്തിരിയ്ക്കുന്ന വകയിൽ യൊനനിന്നെക്കൊ

   ഏറ്റകൊടുപ്പിച്ചതാകെ പറ്റു ഇപ്പുത്തൻ

   നാലായിരവും അർത്ഥ

3. ബൊധം വന്ന ഇന്ത അർത്ഥ പറ്റുശീട്ട എഴുതികൊടുക്കാൻ

 പൈലി ലൊനൻ ഇതിന സാക്ഷി അറക്കൽ

പാലി പൈലിയും (ഒപ്പ്)

4. കളത്തിൽ വറിയതു ചാണ്ടിയും കൊണത്ത വറിയത ശീക്കുവും

(ഒപ്പ്) കളരിത്തറെ ചാണ്ടി പാലിയും അറികെ പള്ളാട്ടുത

5. റെ ചിരുകൻ ഇങ്കൊരൻ കയ്യെഴുത്ത.

**ഈ രേഖ മാനകരൂപത്തിൽ ഇങ്ങനെ രേഖപ്പെടുത്താം**

കൊ.വ: 1049-ാം ആ് എടവമാസം 1-ന് പള്ളിപ്പുറം പ്രവൃത്തിയിൽ ചേന്നമങ്ങലത്ത് ഗോതുരുത്തു മുറിയിൽ കളരിത്തറ പൈലിലോനൻ മേൽ മുറിയിൽ കളരിത്തറ പോരോത്ത് പൈലി പേർക്ക് എഴുതിക്കൊടുത്ത അർത്ഥപറ്റുശീട്ടാവിത. എനിയ്ക്ക പാലിയത്തുനിന്നും 50 പുത്തൻ കാണത്തിനു തന്നിരിയ്ക്കുന്ന പടിഞ്ഞാറെ കളരിത്തറപറമ്പിന്റെ തെക്കുവശം കിഴക്കുപടിഞ്ഞാറുള്ള എടത്തോട്ടിന്നും തെക്ക് തുത്തിൽ പറമ്പിനും പടിഞ്ഞാറ് മാളിയേക്കൽ പറമ്പിന്റെ വടക്കേ അതൃക്കും വടക്ക് നടുവിലെ മുത്തുമ്മല് പറമ്പിന്നും തോട്ടിന്നും കിഴക്ക് ഈ അതൃക്കകത്തെ കിഴമേൽ ദെണ്ഡ 10-ം തെമ്മടൽ ദെണ്ഡ 10 $^{3}/_{4}$ ഉള്ള പറമ്പിൽ ആറാഴ്ച വിലയും വെട്ടഴിവ മുതലായതും കൂടി ഇന്ന് 4 പേർ കപടിക്ക് 4000 പുത്തൻ വിലനിശ്ചയിച്ച് തീറുതന്ന വക അർത്ഥപറ്റു വിവരം.

**മറുപുറം**

ഈ വക പറമ്പും മറ്റുംകൂടി പള്ളിവാതുക്കൽ അവറോണി കുഞ്ഞേലി മാപ്പിളയ്ക്ക് ഞാൻ കൊഴുവെറക്കം പണയം പുറവായ്പ എഴുതിക്കൊടുത്തിരിക്കുന്ന വകയിൽ മേൽ യാനനിനെക്കൊ് ഏറ്റകൊടുപ്പിച്ചതാകെ പറ്റ് പുത്തൻ 4000. ഈ പുത്തൻ നാലായിരമും അർത്ഥബോധം വന്ന് ഈ അർത്ഥപറ്റുശീട്ട് എഴുതിക്കൊടുത്തു. മേൽ പൈലിലോനൻ, ഇതിനു സാക്ഷി 1. അറക്കൽ പാലി പൈലിയും (ഒപ്പ്) 2. കളത്തിൽ വറിയതു ചായിയും (ഒപ്പ്). 3.

കൊണത്ത വറിയത ശീക്കുവും (ഒപ്പ്). 4. കളരിത്തറെ ചാിചാ ലിയും അിറകെ പള്ളാട്ടുതറെ ചിരുകൻ ഇക്കോരൻ കയ്യെഴുത്ത്.

**രേഖാപഠനം**

ഈ രേഖസൂക്ഷ്മമായി പരിശോധിക്കുമ്പോൾ നിലവിൽ ഭൂവിനിമയവുമായി ബന്ധപ്പെട്ട് ഉപയോഗിക്കുന്നതും മുൻപ് ഉപയോഗിച്ചിരുന്നതുമായ പദങ്ങൾ മുൻകാലങ്ങളിൽ ഉപയോഗിച്ചിരുന്ന ചിഹ്നങ്ങൾ അക്കങ്ങൾ എന്നിവ കാണാൻ കഴിയും.

## I. പദങ്ങൾ

ഭൂവിനിമയം, ദിശ, അതിര് തുടങ്ങിയവുമായി ബന്ധപ്പെട്ട് 19-ാം നൂറ്റാിൽ കൊച്ചീ പ്രദേശത്ത് നിലവിലുായിരുന്നതും ഇന്നും ഉപയോഗത്തിലുള്ളതും പ്രയോഗത്തിലില്ലാത്തതുമായ പദങ്ങൾ ഈ രേഖയിൽ കാണാം.

1. **അർത്ഥപറ്റുശീട്ട**

പണം പറ്റിയതിനു നൽകുന്ന രസീതാണ് അർത്ഥപറ്റ് ശീട്ട്. അർത്ഥം പറ്റിയതിനു നൽകുന്ന ചീട്ട്. ഇതിനെ അർത്ഥപ്പറ്റുവിവരം എന്നും സൂചിപ്പിക്കാറു്. ഇതിനോടുബന്ധപ്പെട്ട് ഉപയോഗിച്ചുവരുന്ന മറ്റൊരു പദമാണ് അർത്ഥ പലിശ. കൃഷിക്കാരന് വായ്പ നൽകിയാൽ അതിന് ഈടാക്കുന്ന പലിശയാണിത്.

2. **കാണം**:- കാണം എന്ന പദത്തിന് വസ്തു, ധനം എന്നൊക്കെയാണ് അർത്ഥം. കാണം എന്ന പദം പ്രചാരത്തിൽ വന്നത് 15 -ാമത്തെയോ 16-ാമത്തെയോ ശതവർഷങ്ങളിലായിരിക്കാമെന്ന് പി. ഭാസ്കരനുണ്ണി അഭിപ്രായപ്പെട്ടിരിക്കുന്നു. 'കാണുക' എന്ന ദ്രാവിഡപദത്തിന്റെ രൂപാന്തരമായ 'കാണം' മേൽനോട്ടാവകാശമാണെന്നും അദ്ദേഹം സൂചിപ്പിക്കുന്നു. കാണം പണയവഴിക്കു സമ്പാദിച്ചതായ വസ്തുവിന്മേലുള്ള കൈവശാവകാശമാണെന്ന് മലബാർ ഗസറ്റിയർ സൂചിപ്പിക്കുന്നു. ഇവിടെ നിലവും മറ്റും പാട്ടത്തിനേൽക്കുമ്പോൾ ഉടമസ്ഥന് വായ്പയായിക്കൊടുക്കുന്ന പണം എന്ന അർത്ഥത്തിലാണ് 'കാണം' എന്ന പദം സൂചിതമായിട്ടുള്ള

ത്. കാണം ഒരുതരം നടപ്പവകാശം കൂടിയാണ്. കാണം 6 വിധത്തി ലു്.

1. കുഴിക്കാണം
2. കാണം
3. ഒറ്റി
4. ഒറ്റിക്കുമ്പുറം
5. ജൻമപ്പണയം
6. ജന്മം

3. **കിഴമെൽ:-** ദിക് സൂചകമായ ഈ പദം കിഴക്ക് പടിഞ്ഞാറെ അതിർത്തിയെ സൂചിപ്പിക്കുന്നു.

4. **തെമ്മടൽ:-** തെക്ക് വടക്ക് അതിർത്തിയെയാണ് ഈ പദം സൂചിപ്പിക്കുന്നത്.

5. **ദെണ്ഡ:-** നീളം, വീതി ഇവ അളക്കുന്നതിനുള്ള അളവാണിത്. 4 മുഴക്കോൽ ചേർന്നതാണ് 1 ദണ്ഡ

| | | |
|---|---|---|
| 8 നെല്ലിൻ മണി കനം | - | 1 നെല്ലിട |
| 8 തോര | - | 1 വിരൽ |
| 24 വിരൽ | - | 1 മുഴക്കോൽ |
| 4 മുഴക്കോൽ | - | 1 ദണ്ഡ |
| 2000 ദണ്ഡ | - | 1 കൂവിട |
| 4 കൂവിട | - | 1 യോജന |

**6. ആറാഴ്ചവില:-** വെറുമ്പാട്ട ഭൂമിയിൽ കുടിയാൻ വച്ചുണ്ടാക്കിയ ആറാഴ്ച പ്രായമുള്ള വിളകൾക്ക് വിലനിശ്ചയിച്ച് അത് ഭൂമിയിൽ കാണമായി ചാർത്തിക്കൊടുക്കുന്നു.

**7. വെട്ടഴിവ**

വെട്ടിക്കിളച്ചുണ്ടാക്കുന്നവയെന്നാകാം ഈ പദത്തിന്റെ യർത്ഥം. തരിശായി കിടക്കുന്ന സ്ഥലങ്ങൾ നിലമോ പുരയിടമോ ആക്കുന്നതിന് രേഖാമൂലം നൽകുന്ന അനുവാദം. ഇപ്രകാരം ചെയ്ത കുടിയാന് അതിന്റെ ചെലവ് നിശ്ചയിച്ച് ആ സംഖ്യ കാണമായി നൽകുന്നു.

**8. പുത്തൻ കൊച്ചിയിലെ നാണയം:-** 5 നയാപൈസവിലവരുന്ന വെള്ളിനാണയം. കൊച്ചി രാജാക്കന്മാർക്ക് ഭരണസ്വാതന്ത്ര്യമുള്ള കാലത്തെ ഈ നാണയം പിന്നീട് ബ്രിട്ടീഷുകാർ നിരോധിച്ചു. കൊല്ലവർഷം 1075-ൽ ഈ നാണയം നിരോധിക്കപ്പെട്ടു.

**9. തീറ് വില:-** പൂർണമായ അവകാശം.

**10. കൊഴുവെറക്കം പണയം:-** പലതരം പണയങ്ങളിലൊന്നാണി ത്. കത്തിൽ ചെയ്ത കൃഷിയുടെ ഒറ്റിയനുഭവമുറയിലുള്ള പണയ മാണിത്.

**11. പുറവായ്പ:-** ഈ പദം 'മേൽക്കാണം' എന്ന അർത്ഥത്തിലാ ണുപയോഗിച്ചിട്ടുള്ളത്. ഇതിന് പുറക്കടം എന്നും പറയും. കാണ ത്തിനുമേലുള്ള കാണമെന്നർത്ഥം.

**12. ഏറ്റ:-** ഏറ്റൊറ്റി-മേലൊറ്റി. ഒറ്റിയ്ക്കുമീതെയുള്ള ഒറ്റിയെ ന്നർത്ഥം.

## II. അക്കങ്ങൾ

പ്രാചീനമലയാള അക്കങ്ങൾ (വട്ടെഴുത്ത് അക്കങ്ങൾ) ആണ് ഈ രേഖയിൽ ഉപയോഗിച്ചിരിക്കുന്നത്. ആ്, തീയതി, ധനം (അർത്ഥം), എണ്ണം അതിരളവുകൾ ഇവ സൂചിപ്പിക്കുന്നതിനാണ് ഇതിൽ അക്കങ്ങൾ ഉപയോഗിച്ചിരിക്കുന്നത്.

## II. അക്കങ്ങൾ

പ്രാചീനമലയാള അക്കങ്ങൾ (വട്ടെഴുത്ത് അക്കങ്ങൾ) ആണ് ഈ രേഖയിൽ ഉപയോഗിച്ചിരിക്കുന്നത്. ആ്, തീയതി, ധനം

(അർത്ഥം), എണ്ണം അതിരളവുകൾ ഇവ സൂചിപ്പിക്കുന്നതിനാണ് ഇതിൽ അക്കങ്ങൾ ഉപയോഗിച്ചിരിക്കുന്നത്.

കൊ.വ ക്രി.മ

ആ് - ന്ദൗര്ധ്രന് - 1049 1874

തീയതി എടവം ന് (9)

**ധനം - സൂചനകൾ**

**അളവ്**

ദ്ധ്ര 50 പുത്തൻ

ധ്രൌ ദണ്ഡ - 10 ദണ്ഡ

ധ്രൺ ദണ്ഡ - 10(മ്ല) മ്മ

**എണ്ണം**

ര് പെർ 4 പേർ

ര്ന്ദൗ—പും 4000 പുത്തൻ

ര് ചെർ - 4 ചേർ

**2. ചിഹ്നങ്ങൾ**

വരി 1.  - മേൽ - അയീല

പുറം 2. വരി. 2, 3

വരി 2.  - പുത്തൻ - കൊച്ചിയിലെ നാണയം.

5.

വരി 4.  - ഈ - ०വശ०

5.

പുറം 2

വരി 1  - വക

**ഗ്രന്ഥസൂചി**

ഭാസ്ക്കരനുണ്ണി, 1988: പത്തൊമ്പതാം നൂറ്റാിലെ കേരളം, കേരള സാഹിത്യ അക്കാദമി, 2 തൃശ്ശൂർ.

വിദ്യാസാഗർ. കെ (എഡി), 2011: നമ്മുടെ സംസ്കാരം (വാല്യം 3), ഡി. സി. ബുക്സ്, കോട്ടയം.

Ignatius payyappilly, 2016, DUXAD HISTORIAM, Archdiocesan Archives, Kochi.

**ഡോ.ജി.സജിന**
അസി.പ്രൊഫസർ
സംസ്കാരപൈതൃകപഠനം
തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല

# മലയാളത്തിലെ ദ്വിഭാഷണം: ആമുഖപഠനം

**ഡോ. എസ്. പ്രേമ**

**ചുരുക്കം:** മലയാളഭാഷയിൽ ദ്വിഭാഷണം (diglossia) ഉണ്ടോ എന്ന പ്രാഥമിക അന്വേഷണം ആണ് ഈ പഠനം. പ്രബന്ധത്തിന്റെ ആദ്യ ഭാഗത്ത് ചാൾസ് ഫെർഗൂസന്റെ ക്ലാസിക്കൽ ദ്വിഭാഷണത്തെയും അദ്ദേഹം അവതരിപ്പിച്ച ഒമ്പത് പ്രത്യേകതകളെയും ചുരുക്കി അവതരിപ്പിക്കുന്നു. രണ്ടാമത്തെ ഭാഗത്ത് മലയാളഭാഷയിൽ ദ്വിഭാഷണവ്യവസ്ഥ ഉണ്ടോ എന്ന് ഈ സങ്കൽപനത്തെ അവതരിപ്പിച്ച ചാൾസ് ഫെർഗൂസന്റെ (1959) പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നു. മൂന്നാമത്തെ ഭാഗത്ത് പരിശോധനാ ഫലങ്ങളെ ചർച്ച ചെയ്ത് മലയാളഭാഷയിൽ ദ്വിഭാഷണം ഉണ്ട് എന്ന പ്രാഥമിക നിഗമനത്തിലേക്ക് എത്തുകയും ചെയ്യുകയാണ് ഈ പ്രബന്ധത്തിൽ.

**സാങ്കേതികപദങ്ങൾ:** ദ്വിഭാഷണം, ഉച്ചഭേദം, നിൻമഭേദം,, മാനകീകൃത ഭേദം.

1. **ആമുഖം:** ഭാഷ എന്നത് പരസ്പരം മനസ്സിലാക്കൻ കഴിയുന്ന നിരവധി ഭാഷഭേദങ്ങളെ ചേർത്ത് വിളിക്കുന്ന ഒരു പൊതുനാമമാണ്. ഒരു ഭാഷയിൽ ഒന്നിലധികം ഭാഷാഭേദങ്ങൾ നിലനില്ക്കുകയും അതിൽ ഒരു ഭാഷാഭേദത്തിന് മറ്റുള്ളവയെ അപേക്ഷിച്ച് താരതമ്യേന സുസ്ഥിരമായി ഔപചാരിക ഭേദമായി ഔന്നിത്യം ലഭിക്കുകയും ചെയ്യുന്ന അവസ്ഥയാണ് ദ്വിഭാഷണം (diglossia) (Ferguson 1959: 325-340, 1991: 214-234).

ലോകത്തിലെ പല ഭാഷകളിലും ഈ അവസ്ഥ നിരീക്ഷിക്കപ്പെട്ടിട്ടിണ്ട്. സെമിറ്റിക് ഭാഷയായ അറബിയിലും, ദ്രാവിഡ ഭാഷയായ തമിഴിലും ദ്വിഭാഷണം വസ്തുനിഷ്ഠമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. മലയാളത്തിൽ ദ്വിഭാഷണം ഉണ്ടോ എന്നതിനെ കുറിച്ച് ശാസ്ത്രീയ പഠനങ്ങളൊന്നും തന്നെ നടന്നിട്ടില്ല (Asher & Kumari 1997: 26). അതിനുള്ള ശ്രമമാണ് ഈ ആമുഖ പഠനം. പ്രബന്ധത്തിന്റെ ആദ്യ ഭാഗത്ത് ചാൾസ് ഫെർഗൂസന്റെ ക്ലാസിക്കൽ ദ്വിഭാഷണത്തെയും അദ്ദേഹം അവതരിപ്പിച്ച ഒമ്പത് പ്രത്യേകതകളെയും ചുരുക്കി അവതരിപ്പിക്കുന്നു. രണ്ടാമത്തെ ഭാഗത്ത് മലയാളഭാഷയിൽ ദ്വിഭാഷണ വ്യവസ്ഥ ഉണ്ടോ എന്ന് ഈ സങ്കൽപനത്തെ അവതരിപ്പിച്ച ചാൾസ് ഫെർഗൂസന്റെ (1959) പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നു. മൂന്നാമത്തെ ഭാഗത്ത് പരിശോധനാ ഫലങ്ങളെ ചർച്ച ചെയ്ത് മലയാളഭാഷയിൽ ദ്വിഭാഷണം ഉണ്ട് എന്ന പ്രാഥമിക നിഗമനത്തിലേക്ക് എത്തുകയും ചെയ്യുകയാണ് ഈ പ്രബന്ധത്തിൽ.

2. **ദ്വിഭാഷണം:** ചാൾസ് ഫർഗൂസനാണ് (Ferguson 1959) diglossia അഥവാ ദ്വിഭാഷണം എന്ന ഭാഷാപ്രതിഭാസത്തെ ആദ്യം നിരീക്ഷിച്ച് അവതരിപ്പിച്ചത്. ദ്വിഭാഷണത്തെ ഫർഗൂസൻ ഇങ്ങനെ നിർവചിക്കുന്നു.

ദ്വിഭാഷണം സുസ്ഥിരമായ ഒരു ഭാഷാ അവസ്ഥയാണ്. ഈ അവസ്ഥയിൽ ഒരു ഭാഷയിലെ പ്രാഥമികമായ ഭാഷാഭേദങ്ങളോടൊപ്പം തന്നെ ഒരു വ്യതിരക്തഭേദം കൂടി ഉണ്ടാകും. അത് വ്യാകരണപരമായി കൂടുതൽ വ്യവസ്ഥീകരിക്കപ്പെട്ടിട്ടുള്ളതും, ഔന്നത്യസ്വഭാവമുള്ളതും ആയിരിക്കും. ഇത് ഏതുകാലഘട്ടത്തിലും വളരെ ഉയർന്ന അളവിലുള്ള എഴുതപ്പെട്ടസാഹിത്യം ഉള്ളതും ഔപചാരിക വിദ്യാഭ്യാസത്തിലൂടെ ആർജ്ജിക്കപ്പെടുന്നതുമായ ഭേദം ആയിരിക്കും. മിക്കവാറും ഈ ഭാഷ എഴുതപ്പെടുന്നതും,

ഔപചാരിക സംഭാഷണങ്ങളിൽ ഉപയോഗിക്കപ്പെടുന്നതും ഈ ഭാഷാഭേദത്തിലായിരിക്കും. ആ ഭാഷാസമൂഹത്തിലെ ഒരു വിഭാഗവും സാധാരണ ദൈനംദിന സംഭാഷാണത്തിൽ ഉപയോഗിക്കപ്പെടാത്തതുമാണ് ഈ ഭാഷാഭേദം.

ഒരു ഭാഷയിലെ ദ്വിഭാഷണത്തെ പരിശോധിക്കുവാനായി ഒമ്പത് പ്രത്യേകതകളാണ് ഫർഗൂസൻ അവതരിപ്പിച്ചിട്ടുള്ളത്. അവ താഴെ ചർച്ച ചെയ്യുന്നു.

2.1. ഉപയോഗം (function): ഭാഷയിലെ സാധാരണ ഉപയോഗത്തിന് ഒരു ഭേദവും ഔപചാരികമായ സന്ദർഭങ്ങളിൽ മറ്റൊരു ഭേദവും ഉപയോഗിക്കാം. ഇതിൽ ആദ്യത്തേതിനെ ഉച്ചഭേദമെന്നും (High variety), രണ്ടാമത്തേതിനെ നിമ്നഭേദമെന്നും (Low variety) വിളിക്കാം. വളരെ അപൂർവ്വമായ അവസരങ്ങളിലേ ഈ രണ്ടു ഭേദങ്ങളും മാറി ഉപയോഗിക്കൂ.

2.2. സ്ഥാനം (prestige): ഭാഷാസമൂഹം ഉച്ചഭേദത്തിന് വളരെ പ്രത്യേകമായ സ്ഥാനം കൊടുക്കുകയും, ഭാഷയെന്നാൽ ഉച്ചഭേദം ആണെന്നു തന്നെയും വിശ്വസിക്കുന്നു. നിമ്ന ഭേദം നിലവില്ല എന്നു തന്നെ വിശ്വസിക്കുന്നവരും ഉണ്ടാകാം. ഉച്ചഭേദം സുന്ദരമാണെന്നും, യുക്തിപരവും ആശയപ്രകാശനത്തിന് ഈ ഭേദം തന്നെ വേണമെന്നും ഭാഷാസമൂഹം വിശ്വസിക്കാം. പലപ്പോഴു മതം, വിദ്യാഭ്യാസം എന്നിവയോട് ബന്ധപ്പെട്ടാണ് ഈ ഉച്ചഭേദം നിലനിൽക്കുക തന്നെ.

2.3. എഴുത്ത് പാരമ്പര്യം (literary heritage): ഈ ഉച്ചഭേദമാണ് പഴയകാലത്തും വർത്തമാനകാലത്തും എഴുതാനായി ഉപയോഗിക്കപ്പെടുക. ഭാഷ എഴുതപ്പെടുന്ന ഈ ഭേദം ആയിരിക്കും ആ ഭാഷയിലെ മാനകഭേദമായി പരിഗണിക്കപ്പെടുക.

2.4. ഭാഷാആർജ്ജനം (language acquisition): കുട്ടികൾ പൊതുവെ ഉപയോഗിക്കപ്പെടുക നിമ്ന ഭേദമാണ്. അതായത്, ആ

ഭാഷാസമൂഹം പ്രാഥമികമായി ആർജ്ജിക്കുന്നത് നിമ്ന ഭേദത്തെയാണ്. ഔപചാരിക വിദ്യാഭ്യാസത്തിലൂടെയാണ് ഉച്ചഭേദം ഉപയോഗിച്ചു തുടങ്ങുക.

2.5. മാനകീകരണം (standardization): ഉച്ചഭാഷാഭേദമാണ് പൊതുവെ ആ ഭാഷയിൽ പഠിക്കപ്പെടുക. അഥവാ ഭാഷാപഠനവും, ഭാഷാവിഭവ നിർമ്മാണവും ഉച്ചഭേദത്തെ അടിസ്ഥാനമാക്കിയാണ്. ആ ഭാഷയിലെ നിഘണ്ഡു, വ്യാകരണം, ലേഖനശൈലി, അദ്ധ്യയനവിഭവങ്ങൾ ഇവയെല്ലാം വികസിപ്പിക്കപ്പെടുക ഉച്ചഭാഷാഭേദത്തെ അടിസ്ഥാനമാക്കി ആയിരിക്കും. അങ്ങനെ മാനകഭാഷ (standard language) എന്നത് തന്നെ ഉച്ചഭേദം ആകുന്നു.

2.6. സ്ഥിരത (stability): ഈ രണ്ട് ഭേദങ്ങളുടെയും ഉച്ച നിമ്ന നിലകൾ ഒരു ഭാഷാസമൂഹത്തിൽ സുസ്ഥിരമായിരിക്കും. കാലങ്ങളോളം ഈ അവസ്ഥ തുടരും. ഈ അവസ്ഥ ഒരു ഭാഷാസമൂഹത്തിൽ വിനിമയത്തിന് തടസ്സം ആകുമ്പോൾ ഉച്ചഭേദത്തിൽ നിന്നും പദങ്ങളെ നിമ്നഭേദം സ്വീകരിക്കുകയും ഒരു മധ്യമഭേദം രൂപം കൊള്ളുകയും ചെയ്യും.

2.7. വ്യാകരണം (grammar): ഉച്ചഭേദത്തിലുള്ള വ്യാകരണ സംവർഗ്ഗങ്ങൾ പലതും നിമ്ന ഭേദത്തിലുണ്ടാകില്ല. ഉച്ചഭേദത്തിലെ നാമ, ക്രിയാ രൂപങ്ങളിലെ വ്യാകരണ പ്രത്യയങ്ങൾ പലതും നിമ്നഭേദത്തിൽ ഇല്ലാതിരിക്കുകയോ ഉണ്ടെങ്കിൽ അവയുടെ ലുപ്തരൂപങ്ങളായി ആകും കാണുക.

2.8. പദകോശം (lexicon): ഉച്ചഭേദത്തിന്റെ പദകോശം വളരെ സമ്പന്നമായിരിക്കും. പലപ്പോഴും ഈ ഭേദത്തിലെ പദങ്ങൾക്ക് സമാനമായ പദങ്ങൾ നിമ്നഭേദത്തിൽ ഉണ്ടായിരിക്കില്ല. അങ്ങനെ ഉണ്ടെങ്കിൽതന്നെ ഉച്ചഭേദത്തിൽ ഈ പദങ്ങൾ ഉപയോഗിക്കുന്നത് വ്യത്യസ്തമായ അർത്ഥത്തിലായിരിക്കും. അതേസമയം

ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട പദസമ്പത്തിൽ നിമ്ന ഭേദം ഏറെ സമ്പന്നവുമായിരിക്കും.

2.9. സ്വനിമതലം (phonology): ഉച്ചഭേദവും, നിമ്നഭേദവും തമ്മിലുള്ള സ്വനിമതലത്തിലെ വ്യത്യാസത്തെകുറിച്ച് സാമാന്യവത്കരിക്കുക അത്ര എളുപ്പമല്ല. എന്നിരുന്നാലും ചില പ്രത്യേകതകളെ നിരീക്ഷിച്ചിട്ടുണ്ട്.

2.9.1. ഉച്ചഭേദത്തിന്റെയും നിമ്നഭേദത്തിന്റെയും സ്വനിമഘടന ഒന്നായിരിക്കും. എന്നിരുന്നാലും, ഉച്ചഭേദത്തിന്റെ സ്വനിമഘടന നിമ്നഭേദത്തിന്റെ സ്വനിമഘടനയുടെ ഉപഘടനയോ അതിവ്യവസ്ഥയോ ആകാം.

2.9.2. ശുദ്ധമായ ഉച്ചഭേദത്തിന്റെ സ്വനിമഘടനയിൽ കാണപ്പെടുന്ന ഒരു സ്വനിമം നിമ്നഭേദത്തിൽ കാണുന്നില്ലെങ്കിൽ പലപ്പോഴും നിമ്നഭേദത്തിലെ സ്വനിമം ഈ സ്ഥാനത്തെത്തുകയും പദം നിമ്നഭേദത്തിൽ തത്സമമാകുകയും ചെയ്യുന്നു.

മേൽ കൊടുത്തിട്ടുള്ള പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ അറബി, തമിഴ് എന്നീ ഭാഷകൾ സുസ്ഥിരമായ ദ്വിഭാഷണഭാഷകളായി തെളിയിക്കപ്പെട്ടിട്ടുണ്ട്. ഈ പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ മലയാളം ഒരു ദ്വിഭാഷണഭാഷ ആണോ എന്ന് പരിശോധിക്കാം.

3. മലയാളം ദ്വിഭാഷണ ഭാഷയോ?: ഫർഗൂസൻ അവതരിപ്പിച്ചിട്ടുള്ള ഒമ്പത് പ്രത്യേകതകളും മലയാളത്തിന്റെ കാര്യത്തിൽ എങ്ങനെ പ്രവർത്തിക്കുന്നു എന്ന് നോക്കാം.

**ദ്വിഭാഷണ പ്രത്യേകതകൾ മലയാളത്തിന്റെ അവസ്ഥ**

1 ഉപയോഗം സാധാരണ ദൈനംദിന ഉപയോഗത്തിൽ ഉപയോഗിക്കുന്ന ഭാഷാഭേദമല്ല ഔപചാരികമായ സന്ദർഭങ്ങളിൽ ഉപയോഗിക്കുക.

2 സ്ഥാനം ഔപചാരിക ഭേദത്തിന് ഇതര ഭാഷകളിലെന്നപോലെ ഉച്ചസ്ഥാനം ഇല്ല എന്ന ഒരു പ്രത്യയശാസ്ത്രപരമായ വാദമുണ്ട്. എന്നാൽ ശാസ്ത്രീയ നിരീക്ഷണത്തിൽ വ്യക്തമാവുന്നത് ഔപചാരിക ഭേദത്തിന് പരോക്ഷമായ ഔന്നത്യം ഉണ്ടെന്ന് താന്നെയാണ്.

3 എഴുത്ത് പാരമ്പര്യം സാഹിത്യത്തിൽ ഭാഷാഭേദങ്ങൾ സാന്ദർഭികമായി ഉപയോഗിക്കുന്നു എന്നത് ഒഴിച്ചാൽ എഴുതാനായി ഉപയോഗിക്കുന്നത് ഔപചാരിക ഭേദം തന്നെയാണ്. എന്നാൽ ഈ ഭേദത്തിന് അത്രവലിയ പൗരാണികത ഒന്നും അവകാശപ്പെടാനില്ല പ്രത്യേകിച്ചും ഗദ്യലേഖനഭേദത്തിന്. മലയാള ലേഖന പാരമ്പര്യം അതിന്റെ പരിണാമത്തിലാണെന്ന് പറയുന്നതാകും ഉചിതം.

4 ഭാഷാആർജ്ജനം ഭാഷാ ആർജ്ജനത്തിന്റെ ആദ്യഘട്ടങ്ങളിൽ സംസാരിക്കപ്പെടുക അനൗപചാരിക ഭേദം തന്നെയാണ്. ഔപചാരിക ഭേദം വിദ്യാഭ്യാസത്തിലൂടെയാണ് മലയാളിയും നേടുക.

5 മാനകീകരണം അച്ചടിയുമായി ബന്ധപ്പെട്ടതാണ് മലയാളത്തിന്റെ മാനകീകരണം. അതുകൊണ്ട് പത്രങ്ങളിലും, പാഠപുസ്തകങ്ങളിലും അച്ചടിക്കപ്പെട്ട സാമാന്യമായി പറഞ്ഞാൽ മധ്യകേരളഭാഷാഭേദമാണ് പൊതുവെ മാനക ഭാഷയായി ഉയർത്തപ്പെട്ടത്.

6 സ്ഥിരത ഔപചാരിക ഭേദവും ഇതരഭേദങ്ങളും തമ്മിലുള്ള ശ്രേണീകരണത്തിന്റെ സ്ഥിരത നിശ്ചയിക്കാൻ അറബി തമിഴ് എന്നീ ഭാഷകള പോലെ അത്ര പഴക്കമുള്ള ഭാഷയല്ല മലയാളം. എന്നിരുന്നാലും നിരീക്ഷിക്കപ്പെടുന്ന കാലത്ത് ചെറിയ തോതിലുള്ള സുസ്ഥിരത ഉണ്ടെന്ന് പറയാവുന്നതാണ്.

7 വ്യാകരണം വ്യാകരണത്തിന്റെ കാര്യത്തിൽ ഔപചാരിക ഭേദവും അനൗപചാരിക ഭേദവും തമ്മിൽ വാക്യ, രൂപിമ തലത്തിൽ വ്യത്യാസങ്ങൾ കാണാനാകും. എന്നാൽ വ്യാകരണ

സംവർഗ്ഗങ്ങളുടെ കാര്യത്തിൽ ഇങ്ങനെ ഒരു വ്യത്യാസം ഉണ്ടെന്ന് നിരീക്ഷിക്കുക അസാധ്യമാണ്.

8 പദകോശം ഔപചാരിക ഭേദത്തിലെ പദകോശം ഭാഷ ഉപയോഗിക്കപ്പെടുന്ന ആധുനിക വിഷയങ്ങളുമായി ബന്ധപ്പെട്ട് ഏറെ സമ്പന്നമാണ്. ഔപചാരികഭേദത്തെ പദകോശത്തിൽ സമ്പന്നമാക്കിയത് സംസകൃതത്തിൽ നിന്നും, ഇംഗ്ലീഷിൽ നിന്നുമുള്ള വാക്കുകൾ കടമെടുത്താണ്. എന്നാൽ, അനൗപചാരിക ഭേദങ്ങളുടെ പദകോശം സമ്പന്നമാകുന്നത് ദൈനംദിന ജീവിതത്തെകുറിക്കുന്ന തനത് പദങ്ങളുടെ സാന്ദ്രത കൊണ്ടാണ്.

9 സ്വനിമതലം ഔപചാരികഭേദത്തിന്റെ സ്വനിമതലം ഒരു അതിസ്വനവ്യവസ്ഥയായി ആണ് മലയാളത്തിൽ പ്രവർത്തിക്കുന്നത്. അതായത്, ഇതര ഭാഷാഭേദങ്ങളെ നിർവചിക്കുന്നത് ഔപചാരികഭേദത്തിന്റെ സമഗ്രമായ സ്വനഘടനയെ അടിസ്ഥാനമാക്കിയാണ്. തത്സമങ്ങളെ വിശദീകരിക്കുന്നത് ഔപചാരിക ഭേദത്തിലെ പൂർവ്വ പദങ്ങളുടെ അടിസ്ഥാനത്തിലാണ്.

വളരെ പ്രാഥമികമായ ഒരു പരിശോധനയാണ് ഇവിടെ നടത്തിയത്. ഈ പരിശോധനയുടെ അടിസ്ഥാനത്തിൽ മലയാളത്തിലെ ദ്വിഭാഷണത്തെകുറിച്ചുള്ള നിഗമനങ്ങളിലേക്ക് പോകുന്നതിന് മുമ്പ് മലയാളത്തിലെ ഈ പ്രതിഭാസത്തെകുറിച്ച് ആർ. ഇ. ആഷറിന്റെ അവെല്യ (& Kumari 1997: 26) നിരീക്ഷണം പരിശോധിക്കേണ്ടതുണ്ട്. അദ്ദേഹം ഇങ്ങനെ പരമാർശിച്ചിരിക്കുന്നു.

മറ്റ് ഏതൊരു ഭാഷയുടെ കാര്യം പോലെ തന്നെ മലയാളഭാഷയും ഔപചാരിക അനൗപചാരിക ഭാഷാപ്രയോഗത്തിൽ വ്യത്യാസം പ്രകടമാക്കുന്നുണ്ട്. എന്നിരുന്നാലും ഇവ രണ്ടും തമ്മിലുള്ള ഒരുതരം അകൽച്ച അത് ഉണ്ടാക്കുന്ന ദ്വിഭാഷണത്തിന്റെ നില തമിഴ്, മറ്റ് ഇന്ത്യൻ ഭാഷകളിൽ തിരിച്ചറിഞ്ഞിട്ടുള്ളതു പോലെ

അല്ല. ഇതിന്റെ കാരണത്തിൽ ചിലത് ഇവയാകാം. 1930നോ അതിന് മുമ്പോ എഴുത്തുകാർ അവരുടെ കഥാവിവരണങ്ങളിലും മറ്റും മനപ്പൂർവം ഉപയോഗിച്ചിരുന്ന ഭാഷ അവർ സാധാരണ സംഭാഷണങ്ങളിൽ ഉപയോഗിക്കുന്ന ഭാഷയോട് അടുത്തുനിൽക്കുന്നവയാണ്, ഗദ്യ നാടകങ്ങളിലെ ഡയലോഗുകളിൽ സമുചിതമായ ഭാഷാഭേദരൂപങ്ങൾ സാധരണ സൂചിപ്പിക്കുന്നു- ചിലപ്പോൾ എഴുത്തുരീതി താരതമ്യേന ഒരു പരിചയ സമ്പന്നനായ എഴുത്തുക്കാരനെ സംബദ്ധിച്ചടത്തോളം വളരെ എളുപ്പമുള്ള കാര്യമാണ്. മറ്റ് പല ദക്ഷിണേഷ്യൻ ഭാഷകളിലും ദ്വിഭാഷണം ഒരു പ്രകടമായ പ്രത്യകതയായി കണ്ടെത്തിട്ടുണ്ടെങ്കിലും, മലയാളത്തിൽ അതെ രീതിയിൽ പ്രയോഗിക്കാൻ കഴിയില്ല. തീർച്ചയായും തമിഴിനെ പോലെ ഈ പ്രതിഭാസം അത്ര യധികം തെളിയിയ്ക്കപ്പെട്ടിട്ടില്ല. എന്നിരുന്നാലും, വിദ്യാസമ്പന്നരായവർക്കുപോലും സാധരണ സംഭാഷണത്തിൽ ഉപയോഗിക്കുന്ന പദങ്ങളിൽ ചില വ്യത്യാസങ്ങൾ പ്രകടമാക്കുന്നുണ്ട്, ഉദാഹരണമായി ഔപചാരിക എഴുത്തുകളിലും, നോവലൽ വിവരണങ്ങളിലും ഈ വ്യത്യാസം പ്രകടമാകുന്നു. അതെ സമയം ഈ സന്ദർഭത്തിൽ ഉച്ചഭേദം എന്നും നിമ്നഭേദം എന്നും വിളിയ്ക്കപ്പെടുന്ന വിഭജിക്കൽ തമിഴിൽ കാണുന്നതുപ്പോലെ അത്ര തീവ്രമായ ഒന്നല്ല. ഔപചാരിക അനൗപചാരിക ഭേദങ്ങളുണ്ട് എന്ന കാര്യം ആഷറും നിരീക്ഷിക്കുന്നു. അതായത് ഉപയോഗം എന്ന മാനദണ്ഡം അടിസ്ഥാനമാക്കായാൽ ദ്വിഭാഷണം ഉണ്ട് എ ന്ന നിഗമനത്തിലേക്ക് എത്തേണ്ടി വരും. എന്നാൽ ബിട്ടോയും മറ്റും തമിഴിൽ നിരീക്ഷിച്ചതുപോലെയുള്ള ഉച്ചഭേദവും നിമ്നഭേദവും തമ്മിലുള്ള വിടവ് മലയാളത്തിലത്ര ഇല്ലെന്ന് നിരീക്ഷിക്കാം. കേരളത്തിലെ സമഗ്രമായ സാക്ഷരതയും സാക്ഷരപൊതുമണ്ഡലത്തിന്റെ ആഴത്തിലുള്ള സ്വാധീനവും ആയിരിക്കാം ഒരു പക്ഷെ ഈ വിടവ് കുറച്ചത്. അതായത് സ്ഥാനം എന്ന മാനദണ്ഡത്തെ അടിസ്ഥാനമാക്കിയാൽ ആർക്കും

ആർജ്ജിക്കാവുന്ന ഒരു ഭേദമാണ് ഉച്ചഭേദം. ആഷറിന്റെ നിരീക്ഷണം പൂർണ്ണമായും സാഹിത്യഭാഷയെ അടിസ്ഥാനമാക്കി ആയതിനാൽ നമുക്ക് അതിവിടെ ഉപേക്ഷിക്കാം. എഴുത്ത് പാരമ്പര്യത്തിന്റെ കാര്യത്തിൽ അച്ചടിക്കപ്പെട്ട ഭാഷാഭേദം തന്നെയണ് മാനകഭാഷയായി പ്രചരിച്ചെതെന്നും കാണാം. ഭാഷാ ആർജ്ജനത്തിന്റെ കാര്യത്തിൽ അനൗപചാരികമായ ഭാഷാഭേദം തന്നെയാണ് ആർജ്ജിക്കപ്പെടുന്നത്. സുസ്ഥിരതയെ സംബന്ധിച്ചാണെങ്കിൽ ഔപചാരിക അനൗപചാരിക ഭാഷാഭേദ വ്യത്യാസത്തെ പരിശോധിക്കുന്നതിന് ആവശ്യമായ അത്രവലിയ ഒരു കാലദൈർഘ്യം മലയാളത്തിനില്ല എന്നിരുന്നാലും. പൊതുവെ നിരീക്ഷിക്കപ്പെട്ടപോലെ ഒരു മധ്യമഭാഷാഭേദം രൂപപ്പെടുക ആയിരുന്നില്ല, ഇതര പ്രാദേശിക, സാമൂഹിക ഭാഷാഭേദങ്ങൾ മാനകഭാഷയിലേക്ക് ഉയരുകയായിരുന്നു. അതായത് സംസ ്കൃതവത്കരിക്കുകയായിരുന്നു ഇതര പ്രാദേശികഭാഷാഭേദങ്ങളെല്ലാം. വ്യാകരണകാര്യത്തിൽ ഭാഷയിൽ പൊതുവെ കാണപ്പെടുന്ന ഏകകാലിക മാറ്റങ്ങളേ ഔപചാരികഭേദവും ഇതരെ ഭേദങ്ങളും തമ്മിലുള്ളൂ. വ്യത്യാസം ഇല്ല എന്നല്ല; വ്യത്യാസം ഉണ്ട്. ആ വ്യത്യാസത്തെ ഭാഷാമാറ്റമായി വ്യാഖ്യാനിക്കാവുന്നതാണ്. ഉദാഹരണമായി ‘‘നിങ്ങൾ എവിടെ നിന്ന് വരുന്നു?’’ എന്ന ഒരു ഔപചാരിക വാക്യം അനൗപചാരിക ഭേദത്തിൽ ‘‘നിങ്ങളെവിടന്ന് വരുന്നു?’’ എന്നാകാം. എവിടെ നിന്ന് എന്നെ ഗതിവാചകം പ്രത്യയമായി ആണ് ഉച്ചരിക്കപ്പെടുക. അതായത് ഈ മാറ്റത്തെ വ്യാകരണവത്കരണ പ്രക്രിയയിലെ സ്വാഭാവിക മാറ്റമായി വിശദീകരിക്കാം. ഇങ്ങനെ നിരവധി ഉദാഹരണങ്ങൾ അവതരിപ്പിക്കാവുന്നതാണ്. അതായത്, ഉച്ചഭേദവും ഇതരഭേദങ്ങളും തമ്മിൽ അത്രവലിയ ഒരു വ്യത്യാസം നിരീക്ഷിക്കാനാവില്ല എന്ന് ചുരുക്കം. പദകോശത്തിന്റെ കാര്യത്തിൽ ഉച്ചഭേദം പദസമ്പന്നമാണ്. കൂടുതലും സംസകൃതത്തിൽ നിന്നും ഇംഗ്ലീഷിൽ നിന്നും സ്വീകരിക്കപ്പെട്ട പാദങ്ങളാണ്. വ്യവഹരിക്കപ്പെടുന്ന വിഷയത്തിന്റെ

അടിസ്ഥാനത്തിലാണ് പദസമ്പത്തിൽ വ്യത്യാസം കാണുക. ഉച്ചഭേദത്തിലും, ഇതരഭേദങ്ങളിലും ഉപയോഗിക്കുന്ന പദങ്ങൾക്ക് അർഥ ഭേദം എന്ന അവസ്ഥ തമിഴിലെ പോലെ മലയാളാത്തിലങ്ങനെ പ്രകടമല്ല. കാരണം തമിഴ് തനതായ വാക്കുകളെ വ്യത്യസ്ത അർഥ ആരോപണത്തിലൂടെ ഉച്ചഭേദത്തിൽ ഉപയോഗിക്കുമ്പോൾ മലയാളം സംസകൃതത്തിൽ നിന്നോ ഇംഗ്ലീഷിൽ നിന്നോ പദങ്ങളെ സ്വീകരിക്കുന്നു. അതുകൊണ്ട്, പദകോശത്തിന്റെ അടിസ്ഥാനത്തിലുള്ള മലയാളത്തിലെ ദ്വിഭാഷണം എന്നത് എത്ര മാത്രം സംസകൃതവത്കരിച്ച, ആംഗലവത്കരിച്ച പദങ്ങളുണ്ട് എന്നതിനെ അടിസ്ഥാനമാക്കിയാണ് വ്യത്യാസപ്പെട്ടിരിക്കുന്നത്. ഇംഗ്ലീഷിൽ നിന്നും പദങ്ങളെ സ്വീകരിക്കുന്ന അവസ്ഥ ഇന്ന് ഔപചാരിക ഭാഷാഭേദത്തിലെന്നപോലെ ഇതരഭാഷാ ഭേദങ്ങളിലും സ്വാഭാവികമാണ്. സ്വനിമതലത്തിലെ വ്യത്യാസം വളരെ വ്യവസ്ഥാപിതമാണ്. പൊതുവെ ഒരു സങ്കരഭാഷയുടെ സ്വനിമഘടനയാണ് മലയാളത്തിനുള്ളത്. അതിൽ ഔപചാരികഭാഷാഭേദം എല്ലാ സ്വനിമ ഘടകങ്ങളെയും ഉപയോഗിക്കുന്നു. എന്നാൽ ഇതരഭേദങ്ങളിൽ സംസ ്കൃതസ്വാധീന ഫലമായി വിപുലീകരിക്കപ്പെട്ട സ്വനിമങ്ങളുടെ ഉപയോഗം ഔപചാരികഭേദത്തെ അപേക്ഷിച്ച് കുറവാണ്. ഔപചാരിക ഭേദത്തിൽ ഉപയോഗിക്കുന്ന പല സംസകൃതപദങ്ങളുടെയും സ്വനപരമായി ദ്രാവിഡവത്കരിച്ച രൂപങ്ങളാണ് പൊതുവെ ഇതരഭാഷാഭേദങ്ങളിൽ ഉപയോഗിക്കുന്നത്. എന്നിരുന്നാലും, മലയാള ഭാഷാസമൂഹത്തിന്റെ സാർവത്രികമായ സാക്ഷരത ഈ പ്രവണതയെ കുറച്ചിട്ടുണ്ട്. എന്നാൽ ഇംഗ്ലീഷിൽ നിന്നും ഔപചാരിക ഭേദത്തിലേക്ക് സ്വീകരിക്കപ്പെടുന്ന പദങ്ങളുടെ കാര്യത്തിൽ ഈ വ്യത്യാസം നിലനിൽക്കുന്നുണ്ട്.

4. ചുരുക്കം: തമിഴ് അറബി എന്നീ ഭാഷകളെപോലെ മലയാളം ഒരു ദ്വിഭാഷണഭാഷ ആണോ എന്നാണ് ഈ പ്രബന്ധം

പ്രാഥമികമായി പരിശോധിച്ചത്. പ്രാഥമികമായി മാത്രം ആണ് പരിശോധിച്ചത് എന്ന് പ്രത്യേകം ഊന്നി പറയുന്നു. കാരണം ഫ്രാൻസിസ് ബ്രിട്ടോ ഏകദേശം അഞ്ചുവർഷത്തോളം ചെലവഴിച്ചാണ് തമിഴിന്റെ ദ്വിഭാഷണ പഠനം പൂർത്തീകരിച്ചത്. വളരെ സമഗ്രം ആയിരുന്നു ആ പഠനം. ഫർഗൂസന് ശേഷം ഈ മേഖലയിൽ ഏറെ പഠനങ്ങൾ നടന്നു. അവയൊന്നും ഈ പഠനത്തിൽ പരിഗണിച്ചിട്ടില്ല. വളരെ ക്ലാസിക്കലെന്ന് പറയാവുന്ന ഫർഗൂസന്റെ പ്രാഥമിക നിരീക്ഷണങ്ങളെ അവതരിപ്പിക്കുക ആയിരുന്നു ആദ്യഭാഗത്ത്. രണ്ടാമത്തെ ഭാഗത്ത് ഈ നിരീക്ഷണങ്ങൾ മലയാളഭാഷയുടെ കാര്യത്തിൽ എത്രമാത്രം പ്രായോഗികം ആണെന്നാണ് പരിശോധിച്ചത്. ഏതെങ്കിലും തലത്തിലുള്ള ഒരു നിഗമനത്തിലേക്ക് എത്തുന്നതിന് പോലും വളരെ സമഗ്രമായ പഠനം അനിവാര്യമാണ്. ഏറെ പരിമിതികളുണ്ട് എന്ന ഉറച്ച വിശ്വാസത്തോടെ, ഫർഗൂസൻ അവതരിപ്പിച്ച തരത്തിലല്ലാത്ത, അഥവാ ക്ലാസിക്കലല്ലാത്ത ഒരു തരം ദ്വിഭാഷിത്വം മലയാളത്തിലും ഉണ്ട് എന്ന നിഗമനം ചർച്ചയ്ക്കായും തുടർ പഠനങ്ങൾക്കായും അവതരിപ്പിക്കുന്നു.

**റഫറൻസ്**

1. Asher, R. E. & Kumari T. C . 1997. Malayalam, Routledge: London.
2. Ferguson, C. 1959. Diglossia. Word 15, 325-340.
3. Ferguson, C.1991. Diglossia revisited. Southwest Journal of Linguistics 10(1), 214-234.
4. Britto, Francis (1986). Diglossia: A study of the theory with application to Tamil. Washington, DC: Georgetown University Press.
5. Britto, F. 1991. Tamil diglossia: An interpretation. Southwest Journal of Linguistics: Studies in Diglossia. 10 (1).60 - 84.

6. Pillai, Shanmugam (1960). Tamil, literary and colloquial. In Charles Ferguson & John Gumperz (eds.), Linguistic diversity in South Asia (International Journal of American Linguistics 26:3, part 3, 27-42.) Bloomington: Indiana University.

**ഡോ. എസ്. പ്രേമ**
അസിസ്റ്റന്റ് പ്രൊഫസർ
ഭാഷാശാസ്ത്രവിഭാഗം
കേരളസർവ്വകലാശാല
7. കാര്യവട്ടം

# ഋതുവർണ്ണന കൃഷ്ണണഗാഥയിൽ

**ഡോ. ഗംഗാദേവി എം.**

**സംഗ്രഹം**

കാലപ്പകർച്ചകളായ ഋതുക്കൾ സാഹിത്യകൃതികളിൽ പ്രാധാന്യ ത്തോടെ ആവിഷ്കരിച്ചിരുന്നു ക്ലാസിക് കാലഘട്ടത്തിൽ. മഹാകാവ്യ ങ്ങളിലും മറ്റും ഋതുക്കൾ നിശ്ചയമായും വർണ്ണിക്കണം. കാളിദാസന്റെ ഋതുസംഹാരത്തിൽ ആറ് സർഗ്ഗങ്ങളിലായി ആറ് ഋതുക്കളെയും സൂക്ഷ്മമായി ആവിഷ്ക്കരിക്കുന്നുണ്ട്. ഓരോ ഋതുവിലും പ്രകൃതിയി ലും മനുഷ്യനിലും വരുന്ന മാറ്റങ്ങൾ വർണ്ണിക്കുന്നുണ്ട്. സ്ത്രീപുരുഷ സ്നേഹത്തെ ഋതുഭേദങ്ങൾ എങ്ങനെ തിരിച്ചറിയുന്നു എന്നതും പ്രധാ നമാണ്. ഇപ്രകാരം കൃഷ്ണഗാഥയിൽ ആവിഷ്കൃതമായിട്ടുള്ള ഋതു വർണ്ണനയിലെ ശൃംഗാരത്തെപ്പറ്റി വിശകലനമാണ് ഈ പ്രബന്ധം.

**താക്കോൽ വാക്കുകൾ**

കൃഷ്ണഗാഥ, ഋതുവർണ്ണന, ശൃംഗാരവർണ്ണന, ഗ്രീഷ്മം, വർഷം, ശരത്ത്, ഹേമന്തം

കാലവർണ്ണനകൾ സാഹിത്യത്തിൽ അടയാളപ്പെട്ടു കിട ക്കുന്ന സമയബോധമാണ്. പ്രകൃതിയിലും മനുഷ്യനിലും കാലം വരുത്തുന്ന മാറ്റങ്ങൾ ഭാവത്തിലും പ്രവൃത്തിയിലും പ്രകടമാകാറു ണ്ട്. ഋതുവർണ്ണനകൾ കവിതയിൽ, പ്രത്യേകിച്ച് മഹാകാവ്യങ്ങ ളിൽ അനിവാര്യമായിരുന്നല്ലോ. ഋതുക്കളെ ആവിഷ്കരിക്കേണ്ട തിന്റെ ആവശ്യമുണ്ടോ ഇല്ലയോ എന്നത് പരിഗണിക്കാതെ തന്നെ യാണ് ചില സന്ദർഭങ്ങളിൽ ഋതുക്കളുടെ വർണ്ണന സാധ്യമാക്കിയി ട്ടുള്ളത്. എന്താണ് ഋതു? ‘‘പ്രാകൃതികമായ സ്ഥിതിയെ അടിസ്ഥാ നപ്പെടുത്തി സംവത്സരത്തിന് കൽപ്പിക്കപ്പെടുന്ന വിഭാഗം. അതാണ് ഋതു. മേടം മുതൽ രണ്ടുമാസം കൂടുമ്പോൾ യഥാക്രമം

വസന്തം, ഗ്രീഷ്മം, വർഷം, ശരത്, ഹേമന്തം, ശിശിരം എന്ന് ആറ് ഋതുക്കൾ. ചേമന്തി പൂ-വസന്തം, വാകപ്പൂ-ഗ്രീഷ്മം, കടമ്പ് - വർഷം, താമര - ശരത്, മുല്ല - ഹേമന്തം, പാച്ചോറ്റി - ശിശിരം'' (ശബ്ദതാരാവലി, പുറം. 406) എന്നിങ്ങനെ ഓരോ ഋതുവിനും ഓരോ പ്രധാന പുഷ്പവും ഉണ്ട്. ഓരോ ഋതുവും ഓരോ കാലത്തെ പ്രതിനിധാനം ചെയ്യുന്നു. സൂര്യന്റെ ഊർജ്ജപ്രസരണങ്ങൾക്ക് അനുസരിച്ച് മാറിവരുന്ന ജൈവപ്രകൃതിയുടെ പകർപ്പാണ് ഓരോ ഋതുവും.

മേടമാസം സംക്രമണത്തിന്റെ മാസമാണ്. വിഷുക്കാലം. പൂക്കൾ വിടരുന്ന ഏറ്റവും പ്രശാന്തമായ മനോഹരമായ കാലമാണ് വസന്തകാലം. ആനന്ദത്തിന്റെ വർണോത്സവം വസന്തകാലത്തിലാണ്. ശൃംഗാരരാജൻ അതായത് കാമദേവന്റെ കാലം. മദനോത്സവകാലം. വേനൽക്കാലമാണ് ഗ്രീഷ്മകാലം. വർഷം മഴക്കാലവും ഹേമന്തം മഞ്ഞുകാലവും ശിശിരം തണുപ്പ് കാലവും ശരത്കാലം തെളിഞ്ഞ കാലവുമാണ്. കാറ്റും തണുപ്പും ചൂടും മഴയും മാറിമാറി വരുന്ന കാലാവസ്ഥയ്ക്കനുസരിച്ച് പ്രകൃതിയെ വർണിക്കുകയാണ് ഋതുവർണനയിലൂടെ കവികൾ ചെയ്തിരുന്നത്. കാളിദാസന്റെ ഋതുസംഹാരത്തിൽ സ്ത്രീപുരുഷന്മാരുടെ ചേതോവികാരങ്ങളെ ഋതുക്കൾ എപ്രകാരം സ്വാധീനം ചെലുത്തുമെന്ന് വർണിക്കുന്നുണ്ട്. കാലപരിവർത്തനം കാമുകീകാമുന്മാരുടെ ക്രീഡകൾക്ക് ഏതൊക്കെ മട്ടിൽ അവസരം ഒരുക്കുന്നു എന്നും കാളിദാസൻ വിവരിക്കുന്നു. ശൃംഗാരരസ പ്രധാനമാണ് ഋതുസംഹാരം.

കൃഷ്ണഗാഥയിൽ ഗ്രീഷ്മം, വർഷം, ശരത്, ഹേമന്തം എന്നീ നാല് ഋതുക്കളെയാണ് വർണ്ണനാവിഷയമാക്കിയിട്ടുള്ളത്. കാളിയമർദ്ദനത്തിനുശേഷവും രാസ്ക്രീഡയ്ക്കു മുമ്പായിട്ടുമാണ് ഈ നാല് ഋതുക്കളെ വർണ്ണിച്ചിരിക്കുന്നത്. മണിപ്രവാളഘട്ടത്തിലെ മനുഷ്യരെ അനുസ്മരിപ്പിക്കുന്ന സ്വഭാവസവിശേഷതകൾ ഇവരിലും കണ്ടെത്താം. മനോഹരമായ വസന്തകാലത്തെയും ശിശിരകാലത്തെയും ഗാഥാകാരൻ ഒഴിവാക്കിയത് ആ അവസ്ഥയോടെ യോജിക്കുന്ന ഭാവം കടന്നുവരാത്തതുകൊണ്ടാവാം.

കാലാന്തരങ്ങളുടെ പകർച്ചകളിൽ മാനവഹൃദയം പകർന്നാടുന്ന മനോഹരമായ ദൃശ്യങ്ങളാണ് ഗാഥാകാരൻ പകർത്തിയിട്ടുള്ളത്. അങ്ങനെയിരിക്കെ ആ കാലം കടന്നുവന്നു. അത് എങ്ങനെയായിരുന്നു? എപ്രകാരമാണ് മനുഷ്യനെ ബാധിച്ചത്? അതിന്റെ അവസാനം എന്തായിരുന്നു? ഇതൊക്കെ അന്വേഷിക്കുമ്പോഴും കേന്ദ്രകഥാപാത്രം ശ്രീകൃഷ്ണൻ തന്നെയാണ്. കൃഷ്ണനിൽ തുടങ്ങി കൃഷ്ണനിൽ തന്നെ അവസാനിക്കുന്നു. കണ്ണൻ തന്നെയാണ് കാലമായി മാറുന്നത് എന്ന് തോന്നിപ്പോകും ചില സന്ദർഭങ്ങളിൽ. അത്രത്തോളം കണ്ണനെ ചേർത്തുപിടിച്ചുകൊണ്ട് മുന്നോട്ടുപോകുന്നതാണ് കൃഷ്ണഗാഥ എന്ന് പറയാം.

### ഗ്രീഷ്മവും സൂര്യനും

കാളിയമർദ്ദന നടനമായി കാളിയനെ കാളിന്ദീ നദിയിൽ നിന്നും മാറ്റി വൃന്ദാവനത്തിലെ ഗോപന്മാരും ഗോക്കളുമായി ലീലകൾ ഓരോന്ന് കാണിച്ചു നിൽക്കുന്നിടത്ത് നിന്നാണ് സൂര്യതാപം കൊണ്ട് വിയർപ്പണിയുന്ന ഗ്രീഷ്മ കാലത്തിലേക്ക് കവി നേരേ പോകുന്നത്.

''വല്ലവിമാരുടെ മാനസമായുള്ള വല്ലികൾ ചേർന്നുപടർന്നുമേന്മേൽ
ചാലെത്തണുത്തോരു പാദപമായ് നിന്നു നീലക്കാർ
വർണ്ണൻ കളിക്കും കാലം ഊഷ്മത കൊണ്ടു വറട്ടി ചമച്ചങ്ങ്
ഗ്രീഷ്മമായുള്ളൊരു കാലം വന്നു.''

(കൃഷ്ണഗാഥ, പുറം. 215.)

എല്ലാവർക്കും തണുപ്പേകുന്ന, തണൽമരമായി ഉണ്ണിക്കണ്ണൻ വിലസുന്ന നേരത്താണ് ചൂടുകൊണ്ട് വറുതിയിലാക്കുന്ന വേനൽക്കാലം കടന്നുവന്നത്. വീശി തണുപ്പിക്കാൻ ആലവട്ടങ്ങൾ ഉപയോഗിക്കുന്നതുകൊണ്ട് അവയെല്ലാം ആലസ്യപ്പെടാൻ തുടങ്ങി. മറ്റു പല മാറ്റങ്ങളും കവി വർണിക്കുമ്പോഴും ശൃംഗാരവും ലൈംഗികതയും കലർന്ന ചിന്തകൾ കടന്നുവരുന്നത് നോക്കുക.

''മാലേയച്ചാറെല്ലാം ബാലികമാരുടെ

ബാലപ്പോർ കൊങ്കയിൽ ചേർച്ച പുക്കൂ''

(കൃഷ്ണഗാഥ, പുറം. 215)

ബാലികമാർ തങ്ങളുടെ സ്തനപ്രദേശം തണുപ്പിക്കുന്നതിനായി മഞ്ഞുകണങ്ങൾ അവിടെ വാരിപ്പൂശി. കൗമാരപ്രായക്കാരായ ബാലികമാർക്കാണ് ചൂടിന്റെ കാഠിന്യം. ബാലികമാരുടെ ബാലപ്പോർ കൊങ്ക എന്ന പ്രയോഗം തന്നെ കവിയുടെ ശൃംഗാരാധിക്യത്തെ സൂചിപ്പിക്കുന്നു. ബാലികമാരെപ്പോലും വെറുതെ വിടാത്ത ഭാവന.

''മന്ദിരം തോറും നടന്നു തുടങ്ങിനാൻ മന്ദസമീരണനന്തി നേരം

ഗാഢമായ് പൂണ്ടാലും കാന്തനെ നീയിപ്പോൾ

ചൂടെല്ലാം പോക്കുവാൻ ഞാനുണ്ടല്ലോ.''

(കൃഷ്ണഗാഥ, പുറം. 215)

എന്ന് വർണ്ണിക്കുന്നിടത്തെ മന്ദസമീരണൻ കവി തന്നെയാവണം. സുന്ദരിമാരുടെ അടുത്ത് ചെന്നിട്ട് മന്ദമാരുതന് ഇങ്ങനെ പറയുവാനാണ് തോന്നിയത്. ''അല്ലയോ സുന്ദരിമാരെ നിങ്ങൾ കാന്തനെ പുണർന്നാലും. ചൂടെല്ലാം മാറ്റിത്തരുവാൻ ഞാനുണ്ട്.'' കാമലീലകളിൽ മുഴുകിക്കൊള്ളാൻ അനുവാദം കൊടുക്കുകയാണ് പ്രകൃതി. അതോടൊപ്പം കവി ഇവ കണ്ട് ആസ്വദിക്കുകയും ചെയ്യുന്നു. മറ്റു ചിലർ സ്ഥിരമായി മച്ചകങ്ങളിൽ കഴിഞ്ഞിരുന്നവരാണ്. വേനൽക്കാലമായതോടെ ചൂടാണെന്നതിനാൽ അവർക്കവിടെ കഴിയാൻ സാധിക്കുന്നില്ല. ചൂടു സഹിയാതെ അവർ ഭൂമിയിൽ തന്നെ ശയിക്കുകയാണ്.

''ചന്ദ്രികയേറ്റു കിടന്നു തുടങ്ങിനാർ സുന്ദരിമാരും തൻ കാന്തന്മാരും''

(കൃഷ്ണഗാഥ, പുറം. 216)

ചന്ദ്രശിലാതലങ്ങളിൽ നിലാവുമേറ്റ് കുമാരന്മാരും കുമാരിമാരും ഇങ്ങനെ രാക്കാലം കഴിച്ചുകൂട്ടുന്നു. പകലാകട്ടെ കൃഷ്ണൻ

ഗോക്കളെ മേച്ച് നടക്കുന്നു. വിപത്തുകളെല്ലാം മാറ്റുന്നു. ചൂടു കൂടിയിട്ടാകണം കാട്ടുതീ പടർന്ന് പിടിച്ചു. ഇത് കണ്ട് ഗോപന്മാരെ ല്ലാവരും ഭയന്നു നിന്നപ്പോൾ കണ്ണടച്ചു കൊള്ളാൻ കൃഷ്ണൻ പറഞ്ഞു. തുടർന്ന്

''കത്തി വരുന്നോരു തീയേ വിഴുങ്ങിനാൻ മുഗ്ദ്ധവിലോച നൻ മുന്നേപ്പോലെ''

(കൃഷ്ണഗാഥ, പുറം. 218)

എല്ലാവരും കാട്ടുതീ അണഞ്ഞപ്പോൾ സന്തോഷത്തോടെ തങ്ങളുടെ വീടുകളിൽ പോവുകയും ആടിപ്പാടി കളിക്കുകയും ചെയ്തു. ഇങ്ങനെ വേനൽക്കാല വർണ്ണനയിൽ കാലം മാത്രമല്ല മനുഷ്യരുടെ മനസ്സും കവി ആവിഷ്ക്കരിക്കുന്നു. വേനലിന്റെ ആധിക്യത്താൽ മനുഷ്യർ കഷ്ടപ്പെടുന്നതും കാട്ടുതീ പടരുന്നതും സ്വാഭാവികമാണ്. അതുപോലെ വേനൽക്കാലത്ത് ആശ്വാസമായി വരുന്ന മന്ദാനിലനും വർണിക്കപ്പെടുന്നുണ്ട്. ഗ്രീഷ്മകാലത്തിലെ ചൂടിനെ ശമിപ്പിക്കാൻ പെണ്ണുങ്ങൾ മുലകളിൽ തണുത്ത മഞ്ഞു കണങ്ങൾ പൂശുന്നതായും കാമുകർ ഒന്നിച്ച് നിലാവിൽ ഭൂതലം തന്നിൽ ശയിക്കുന്നതായും വർണ്ണിച്ചിട്ടുണ്ട്. ഇത് കവിയുടെ ശൃംഗാരരസത്തിനോടുള്ള പ്രാമുഖ്യവും അക്കാലത്തെ മനുഷ്യ രുടെ ലൈംഗിക ആഭിമുഖ്യവും പ്രകടമാക്കുന്നു.

**വർഷവും വാക്കിന്റെ രസികത്വവും**

വർഷകാലം എല്ലാവർക്കും തണുപ്പും ആലസ്യും നൽകുന്ന കാലമാണ്. പൊതുവേ ജോലി ചെയ്യാൻ മടിച്ച് പുതപ്പിനുള്ളിൽ ചുരുണ്ടുകൂടാൻ ആഗ്രഹിക്കും മനുഷ്യർ. മഴയിൽ പണിയെടു ക്കാനും സാധിക്കുകയില്ലല്ലോ? മൂടിക്കെട്ടിയ അന്തരീക്ഷംപോലെ യാണ് ജീവിതവും. പക്ഷേ ഏതു കാലത്തേയും ആനന്ദപൂർവ്വം മനസ്സിലേറ്റുന്നവരാണ് ഗാഥാകാരന്റെ മനുഷ്യർ. കാർമേഘങ്ങൾ മാനത്ത് പരന്നപ്പോൾ കൂടുതൽ ശോഭയോടെ ആകാശവും ഭൂമിയും പരിലസിച്ചു. കോടക്കാർ കണ്ടപ്പോൾ കർഷകർക്ക് ആഹ്ലാദം ഉണ്ടായി. ഇനി കൃഷിയിടങ്ങൾ ഫലഭൂയിഷ്ഠമാകും. വിത്തുകൾ വിതയ്ക്കാനും മുളയ്ക്കാനും തുടങ്ങും. അങ്ങനെ

ജീവിതം ധന്യമാകാൻ പോകുന്നതിന്റെ സുചനകൾ കർഷകർ പങ്കിടുന്നു. വർഷകാലത്തിന്റെ ആലസ്യത്തിലാണ് ലാസ്യഭാവമോടെ ശൃംഗാരത്തിന്റെ അഴിഞ്ഞാട്ടം നടക്കുന്നതെന്നും ഈ വർണ്ണനയിൽ കാണാം.

കാന്തയെ പിരിഞ്ഞിരിക്കുന്നവർക്ക് ആശ്വാസമായി മനോഹരമായ പൂക്കൾ വിരിഞ്ഞു. കാന്തമാരെ വിരിഞ്ഞിരിക്കുന്നവരുടെ വിരഹദുഃഖം തീവ്രമാകാൻ കാരണം കാലാവസ്ഥയാണ്. എല്ലാവരും ഉൾച്ചൂടിലുരുകുന്ന സമയം. കാന്തയെ ഓർത്തുള്ള വിരഹം. പിരക്തരായിരുന്നവർക്കുപോലും മനസ്സിൽ കാമേച്ഛ ജനിക്കാൻ തുടങ്ങി. പിന്നെ കാന്തമാരെ വെടിഞ്ഞിരിക്കുന്നവരുടെ കാര്യം പറയാനുണ്ടോ? പുതയ്ക്കാൻ പുതപ്പുകളില്ല. എന്നിട്ടും തണുപ്പ് അധികം വന്നിട്ടും ഉൾച്ചൂടിന് ഒരു കുറവുമുണ്ടായില്ല. മാർത്താണ്ഡബിംബം മറഞ്ഞപ്പോൾ മനുഷ്യരെല്ലാരും വിഭ്രാന്തിയിലായി. സ്ഥിരബുദ്ധി നഷ്ടപ്പെട്ട എല്ലാവരും കാമദേവന്മാരായി മാറി. ഇത്രകാലവും തേൻ കുടിച്ചിരുന്ന, സുഗന്ധം കുറഞ്ഞ ചെറിയ പൂക്കളായ നെന്മേനിപ്പൂക്കളെ വിട്ട് വണ്ടുകൾ വലിയ കടമ്പിന്റെ പൂക്കളെ തേടിപ്പോയി. പ്രകൃതിയിലെ ജീവജാലങ്ങൾ പോലും ഉന്മത്തരായി എന്നർത്ഥം. അതുവരെ സ്നേഹിച്ചിരുന്നവരെ വിട്ടു കൂടുതൽ നല്ലതിനെത്തേടി എല്ലാവരും പോയി.

''വാരി കലർന്നോരു വാതം വരുന്നേരം
വാതിൽ അടച്ചു തുടങ്ങീതെങ്ങും
ജാള്യമാണ്ടിങ്ങനെ പോരുന്നോരെങ്ങുമേ
മാന്യരായെന്നുമേ വന്നുകൂടാ.''

(കൃഷ്ണഗാഥ, പുറം. 218)

വക്രോക്തിയിലൂടെയും ധ്വനിയിലൂടെയും കവി ഇവിടെ പറയുന്ന അമാന്യന്മാരായ മനുഷ്യർ അഗമ്യഗമനം നടത്തിയവർ തന്നെയാണ്. ശീതക്കാറ്റ് എന്ന വ്യാജേന ജനലും വാതിലുമടച്ച് രാസക്രീഡകളിലാവുന്ന മനുഷ്യരെ അല്പം പരിഹാസച്ചിരിയോടെയാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്.

''കാമിനിമാരുടെ പോർമുല വേറായ
കാമുകരെല്ലാരും കോമരമായ്''

(കൃഷ്ണഗാഥ, പുറം. 219)

കാമുകിമാരുടെ മാറിൽ നിന്നും വേർപെട്ടു പോയാൽ കോമരത്തെപ്പോലെ തുള്ളുന്ന കാമുകന്മാരാണ് വർഷകാലത്തിൽ ഉള്ളത്. അത്രത്തോളം എത്തിനിൽക്കുന്ന കാമലീലകളാണ് അവിടെ നടമാടിയിരിക്കുന്നത് എന്ന് വ്യക്തമാണ്.

''ലോകങ്ങൾക്കീടുന്ന താപങ്ങൾ തീർത്തു നൽ
മേഘങ്ങളെല്ലാം തളർന്നു നിന്നു.''

(കൃഷ്ണഗാഥ, പുറം. 219)

എന്ന് പറയുന്നിടത്ത് ആനന്ദം പെയ്തു തീർന്ന ക്ഷീണത്തിൽ മേഘങ്ങൾ തളർന്നുപോയി. ഇത് മനുഷ്യരിലും പ്രതിബിംബ ഭാവേന കാണാവുന്നതാണ്. ലൈംഗികവേഴ്ചയുടെ സൂചനകൾ ഇവിടെയും കാണാം. ഇങ്ങനെ വർഷകാലത്തിന്റെ മനോഹരമായ വർണ്ണന ഗാഥയിലുണ്ട്.

**ശരത്കാല സുന്ദരനിലാവ്**

തെളിഞ്ഞ ആകാശവും നിറനിലാവുമുള്ള ശരത്ക്കാല രാവുകൾ ഏതൊരു കാല്പനികനെയും കാമലഹരിയിലാക്കുമെന്ന തിന് ഉത്തമ ഉദാഹരണമാണ് ഗാഥാകാരന്റെ ശാരദ്വർണ്ണനം. സൂക്ഷിച്ചു നോക്കിയാൽ ഓരോ വരിയിലും കാമം കലർന്നുള്ള നോട്ടങ്ങളും ലീലകളും കാണാം. ഉപമകളിലും ഉൽപ്രേക്ഷകളിലും ഒളിപ്പിച്ച് കാമദേവന്റെ ക്രീഡകൾ വായനക്കാരന്റെ മുമ്പിലേക്കിട്ടു തരികയാണ് ഗാഥാകാരൻ. ജലം നിറഞ്ഞുനിന്നിരുന്ന മേഘങ്ങൾ ഒക്കെ പെയ്തൊഴിഞ്ഞപ്പോൾ വെളുത്തു വിളങ്ങിയതിനെ കവി കാണുന്നത് ഇങ്ങനെയാണ്.

''വേണുന്ന കാന്തനെ കാണുന്ന നേരത്ത് നാരിമാർ നൻമു ഖമെന്നപോലെ''

(കൃഷ്ണഗാഥ, പുറം. 220)

അവരവർക്ക് ഇഷ്ടപ്പെട്ട കാന്തനെ കാണുമ്പോൾ മുഖത്ത് വിരിയുന്ന സന്തോഷം പോലെ മേഘവും പ്രകാശപൂർണ്ണമായി. പ്രകൃതിദൃശ്യങ്ങളിൽ മനുഷ്യത്വം ആരോപിച്ചുകൊണ്ടാണ് കാന്തന്മാരുടെ മുഖത്തെ ദർശിക്കുന്നത്. തുടർന്നുവരുന്ന വരികളിൽ തികച്ചും അഗമ്യമായ ഗമനങ്ങളുടെ നിരവധി രംഗങ്ങളാണ് അവതരിപ്പിക്കുന്നത്.

''മുന്നമേ പോയുള്ളൊരന്നങ്ങളെല്ലാമേ
പിന്നെയും പോന്നിങ്ങു വന്നു കൂടി
വീരനെ പേടിച്ചു പോയുള്ള ജാരന്മാർ
വീണ്ടിങ്ങു പിന്നെയും വന്ന പോലെ
വേഗത്തിൽ പായുന്ന തോയങ്ങളെല്ലാമേ
വേഗം കുറഞ്ഞു ചമഞ്ഞുതപ്പോൾ
പ്രേമം കുറഞ്ഞുള്ള കാമുകന്മാരെല്ലാം
കാമിനിമാർ വീട്ടിൽ പോകുമ്പോലെ''

(കൃഷ്ണഗാഥ, പുറം. 220)

വീരനെ പേടിച്ചുപോയ ജാരന്മാർ തിരിച്ചുവരുമ്പോലെ അരയന്നങ്ങൾ മടങ്ങി വരുന്നു. നദിയിലെ ഒഴുക്ക് കുറഞ്ഞത് പ്രേമം കുറഞ്ഞ കാമുകന്മാർ കാമുകിമാരുടെ വീട്ടിൽ പോകുന്ന പോലെയാണത്രേ. വെണ്ണിലാവ് നിറഞ്ഞ വെൺമാടങ്ങളിൽ കാമുകൻ തന്റെ കാമുകിമാരോടൊപ്പം ചേർന്ന് നിന്ന് കാമലീലകളിൽ മുഴുകി.

''മന്മഥൻ തന്നുടെ ബാണങ്ങളേൽക്കയാൽ
തന്മനമെല്ലാം മറന്നുനിന്നു.''

(കൃഷ്ണഗാഥ, പുറം. 221)

എന്ന് പറഞ്ഞാണ് ശരൽക്കാലവർണ്ണന അവസാനിക്കുന്നത്. എല്ലാവരുടെ മനസ്സും കാമവികാരങ്ങളാൽ നിറഞ്ഞു. സ്വന്തം നിലമറന്നു. അതാണ് ഈ കാലത്തിൽ അവതരിപ്പിച്ചിട്ടുള്ളത്.

**ആമന്ദമായ് വന്ന ഹേമന്തം**

ശരക്കാലം വേഗം കടന്നു പോവുകയും മഞ്ഞുകാലം കടന്നു വരികയും ചെയ്തു. മഞ്ഞുകാലം കുറേക്കൂടി നല്ല കാലമാണ്. മഴയില്ല. തണുപ്പ് മാത്രം. എല്ലായിടവും മഞ്ഞ് മൂടി കിടക്കുമ്പോഴുള്ള ധാവള്യം പ്രത്യേകം കാണേണ്ടതാണ്. മഞ്ഞുമൂടിയപ്പോൾ സൂര്യനെ കാണാതായി. അപ്പോൾ താമരപ്പൂക്കൾ കൂമ്പി നിൽക്കാൻ തുടങ്ങി. പൂക്കൾ ഇപ്രകാരം മങ്ങി മയങ്ങിനിൽക്കുന്ന കണ്ട കവിക്ക് തോന്നിയത്

''കാന്തന് കാന്തി കുറഞ്ഞത് കാണുമ്പോൾ

കാന്തമാർ കാന്തിയും മങ്ങുമല്ലോ?''

(കൃഷ്ണഗാഥ, പുറം. 222)

എന്നാണ്. തണുത്ത് വിറച്ചിട്ട് ആൾക്കാർ കൈകൾ ദേഹത്ത് ചേർത്തുപിടിച്ചുനിന്നു. വേനൽക്കാലത്ത് നിലാവിൽ മയങ്ങാൻ ഉപയോഗിക്കുന്ന ചന്ദ്രശിലാതലം ഒക്കെ അനാഥമായി കിടക്കുകയാണ്. ഇതുകണ്ട കവി ചന്ദ്രശിവാതലത്തെ

''സങ്കടമാണ്ടൊരു വൈധവ്യമാണ്ടുള്ള മങ്കമാർ കൊങ്കകളെന്നപോലെ''

(കൃഷ്ണഗാഥ, പുറം. 223)

ആണ് കാണുന്നത്. ഭർത്താക്കന്മാർ മരിച്ചു വിധവകളായി തീർന്നവരുടെ കൊങ്കകളുടെ സങ്കടം കണ്ടില്ല എന്ന് പറയാൻ സാധിക്കില്ലല്ലോ!

തണുത്തു വിറച്ചു യുവമിഥുനങ്ങൾ പരസ്പരം ചേർന്നു നിൽക്കുന്നത് എങ്ങനെയെന്നോ? ഗാഢാലിംഗനത്താൽ ഇടയിലൂടെ ഒരല്പം വായുപോലും പ്രവേശിപ്പിക്കാതെ ചേർന്നുനിൽക്കുന്നു എന്നാണ്. കാമുകരൊക്കെ കാമിനിമാരുടെ മുലകളിലായി ശയനം. എന്നാൽ മാനിനിമാരുടെ പോർമുല വേറായ മാനവന്മാർ മാനസം വെന്തു വെന്ത് നീറി കിടക്കുകയാണ്. മനസ്സ് നീറി തലകുനിച്ചുവച്ച് അവർ ചുരുണ്ട് കൂടി കിടക്കുന്നതുകണ്ട് കവിക്ക് ആ

വേദനയും പകർത്താതിരിക്കാനായതില്ല എന്നതാണ് വാസ്തവം. തങ്ങൾക്ക് വേണ്ടാതെ നിനന് കാമുകന്മാരെപോലും കാമുകിമാർ ചെന്ന് പുണരാൻ തുടങ്ങി. അങ്ങനെ ഹേമന്ദകാലവും മനുഷ്യരുടെ ഉള്ളിൽ അടങ്ങാത്ത കാമവിചാരം ഉണർത്തി.

നാലു ഋതുക്കളിലൂടെയും കടന്നുപോയപ്പോൾ വേണ്ടിടത്തും വേണ്ടാത്തിടത്തും എല്ലാം ശരീരം കൊണ്ടുള്ള ആനന്ദത്തെ പരിപോഷിപ്പിക്കുന്ന ആലങ്കാരിക കല്പനകൾ കാണാം. മാനുഷർ ഒളിച്ചു ചെയ്തിരുന്നതൊക്കെ യാതൊരു മറവുമില്ലാതെ ചെയ്യാൻ തുടങ്ങി. ഋതുഭേദങ്ങൾ മാനവമനസ്സിനെയും പ്രകൃതിയെയും എപ്രകാരം സ്വാധീനിക്കുന്നു എന്ന് വ്യക്തമായി വരച്ചിടുന്നു ചെറുശ്ശേരി. അക്കാലത്തെ മനുഷ്യരുടെ സ്വഭാവവും ഇതിൽ തെളിഞ്ഞു കാണാം. ഓരോ കാലത്തിനും അതിന്റേതായ പ്രത്യേകതകളുണ്ട്. ഈ പ്രത്യേകതകൾക്കനുസരിച്ച് പല സാധ്യതകളും ഉണ്ട്. ഇവയൊക്കെയും ഗാഥാകാരൻ കണ്ടറിഞ്ഞ് വർണ്ണിച്ചിട്ടുണ്ട് എന്നതാണ് യാഥാർത്ഥ്യം. അശ്ലീലം എന്ന് തോന്നുമെങ്കിലും യഥാർത്ഥത്തിൽ മനുഷ്യസ്വഭാവം തന്നെയാണ് കവി വർണിച്ചിട്ടുള്ളത്. ആലങ്കാരികമായ നിറച്ചാർത്തുകൾ നൽകിയിട്ടുണ്ടെങ്കിലും മാനവമനോരഥത്തിന്റെ സഞ്ചാരങ്ങൾ തുറന്നു അവതരിപ്പിച്ചിരിക്കുകയാണ് കൃഷ്ണഗാഥയിലെ ഋതുവർണ്ണനയിൽ.

**സഹായകഗ്രന്ഥങ്ങൾ**

1. ചെറുശ്ശേരി - കൃഷ്ണഗാഥ, NBS, കോട്ടയം, 1953.
2. ഡോ. എൻ. മുകുന്ദൻ - ഗാഥ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. ഡോ. എം. ലീലാവതി - മലയാളകവിതാസാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശൂർ.

**ഡോ. ഗംഗാദേവി എം.**
അസി.പ്രൊഫസർ
മലയാളവിഭാഗം
സർക്കാർ വനിതാകോളേജ്
തിരുവനന്തപുരം

# ഭാഷാഭരണഘടനകളും മാധ്യമീകരണവും

ഡോ.ടി.കെ.സന്തോഷ്കുമാർ

**സംഗ്രഹം**

*നവലോകസാംസ്കാരിക ചിന്തയിലെ പ്രധാന ചേദ്യങ്ങളിലൊന്നാണ് സംസ്കാരം ആരുടെ നിർമ്മിതിയാണ് എന്നത്. ഉത്തമം/അധമം അല്ലെങ്കിൽ ആഭിജാതം/നാടോടി എന്നിങ്ങനെ ഭാഷയേയും സാംസ്കാരിക ആവിഷ്കാരങ്ങളേയും വേർതിരിച്ചു വേലികെട്ടി നിർത്തിയതിന്റെ ഫലമാണ് ആ ചോദ്യം. അരികുകളിലേക്ക് മാറ്റിനിർത്തപ്പെട്ട സാധാരണക്കാരുടെ സാംസ്കാരികവ്യവഹാരങ്ങളെ നാട്ടുപൈതൃകത്തിന്റെയോ നാട്ടറിവിന്റെയോ ജൈവധാരയായി വൈജ്ഞാനികലോകം അംഗീകരിച്ചു കഴിഞ്ഞു.വിശേഷിച്ച് മാധ്യമങ്ങളാൽ നിർമ്മിതമായ വിവരസമൂഹം (information society) വ്യവസ്ഥാപിത മൂല്യസങ്കല്പങ്ങളെ നിരന്തരം ചോദ്യം ചെയ്തുകൊണ്ടിരിക്കുന്നു. ഏതൊരു സമൂഹത്തിലും ഭാഷ അതതു ദേശത്തിന്റെ നാടോടിത്തഭാവങ്ങൾക്കും ഭാവനകൾക്കും അനുസൃതമായ വാമൊഴിസംസ്കാരം (Oral culture) സൃഷ്ടിക്കുകയും അതൊരു ഭാഷാപാരമ്പര്യം (language tradition) ആയി രൂപപ്പെടുകയുമാണ് ചെയ്യുന്നത്.. ദേശഭൂപ്രകൃതിക്കും കാലാവസ്ഥയുടെ സവിശേഷതകൾക്കുമനുസരിച്ച് വാമൊഴികളിൽ പരിണാമം സംഭവിക്കുകയും ഭാഷ പരിവർത്തിക്കുകയും ചെയ്യുന്നു. മാധ്യമങ്ങളുടെ, വിശേഷിച്ച് ദൃശ്യ-സൈബർ മാധ്യമങ്ങളുടെ അതിപ്രസരത്തിന്റെ സന്ധിയിൽ ആ പ്രക്രിയക്ക് ഗതിവേഗം സ്വാഭാവികമാണ്. മലയാളഭാഷാചരിത്രത്തിലെ പരിവർത്തനവാദങ്ങളിൽ പ്രബലമായ ഒന്നാണ്, കൊടുന്തമിഴ് പരിണമിച്ചാണ് മലയാളമുണ്ടായത് എന്നത്. 'കേരളപാണിനീയ'ത്തിന്റെ പീഠികയിൽ ഏ.ആർ.രാജരാജവർമ്മ 'ആറുനയങ്ങൾ' അവതരിപ്പിച്ചത് ഭാഷാപരിണാമചരിത്രത്തിലെ പ്രധാന നയരേഖയായി ഇന്നും നിലകൊള്ളുന്നു. സാധാരണക്കാരുടെ*

*നാടോടി-കാതോരസംസ്കാരത്തിൽനിന്ന് രൂപപ്പെട്ടതും പരിണമിച്ചതുമായ വാമൊഴിയാണ്, മലയാളഭാഷയുടെ വരമൊഴി വ്യാകരണത്തെ വ്യവസ്ഥപ്പെടുത്തുന്നതിന് വലിയ സഹായം നൽകിയത്. വ്യവസ്ഥപ്പെട്ടപ്പോൾ അത് ഉത്തമ - ആഭിജാത ഗണത്തിലേക്ക് ഉയർത്തപ്പെടുകയും വ്യാകരണ-ഭാഷാശാസ്ത്ര പഠനശാഖയുടെ പ്രമാണങ്ങളിലൊന്നായി മാറുകയും ചെയ്തു. അതാകട്ടെ നാട്ടുക്കൂട്ടങ്ങളുടെ വാമൊഴി വഴക്കങ്ങളിൽനിന്ന് വ്യത്യസ്തമായ വരമൊഴിജ്ഞാനത്തിന്റെ/സാക്ഷരലോകത്തിന്റെ സമ്പത്തായി മാറുകയും ചെയ്തു. ഭാഷാപരിണാമത്തിന്റെ ഇത്തരമൊരു രീതിശാസ്ത്രം മാധ്യമലോകവുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യുകയാണ് ഇവിടെ.*

**താക്കോൽവാക്കുകൾ:**

*വാമൊഴിസംസ്ക്കാരം, വരമൊഴി, ഭാഷാപാരമ്പര്യം, ഭാഷാപരിണാമം, ഭാഷാഭരണഘടന, മാധ്യമീകരണം, മാനകീകരണം, കോളനീകരണം, ഭാഷാനാടോടിത്തം, കോശിമം, മാധ്യമമലയാളം*

നിരക്ഷരരായ നാട്ടുക്കൂട്ടങ്ങളുടെ ദൈനംദിന ജീവിത വ്യവഹാരങ്ങളിൽ നിന്നാണ്, ഭാഷാപരിണാമത്തിനാധാരമായ മൊഴിമാറ്റങ്ങൾ (പൊട്ടലുകളും ചിതറലുകളും കൂടിച്ചേരലുകളും കുറ്റിയറ്റുപോകലുകളും) ഉണ്ടാകുന്നത്. വാമൊഴി ഒന്നുകിൽ വ്യവസ്ഥാരഹിതമോ അല്ലെങ്കിൽ വ്യവസ്ഥകളെ ശിഥില പ്പെടുത്തുന്നതോ ആണ്. വ്യവസ്ഥപ്പെട്ടുനിന്നാൽ (ഓച്ചാനിച്ചു നിന്നാൽ) ഭാഷ പരിണമിക്കുകയില്ല. കൊടുന്തമിഴ് മലയാളമായി പരിണമിക്കുമായിരുന്നില്ല. നാട്ടുക്കൂട്ടങ്ങളുടെ നാടോടിത്ത ഭാഷാവ്യവഹാരങ്ങളെ വരമൊഴി രൂപത്തിൽ അടയാളപ്പെടുത്തു മ്പോൾ ഒരർത്ഥത്തിൽ അത് വ്യവസ്ഥപ്പെടുകയാണ്; അല്ലെങ്കിൽ ഭാഷയെ സംബന്ധിക്കുന്ന നിയമനിർമ്മാണത്തിന് വിധേയ മാകുകയാണ്. ഭാഷയുടെ ഭരണഘടനകളായാണ് വ്യാകരണ-ഭാഷാശാസ്ത്രഗ്രന്ഥങ്ങൾ നിലകൊള്ളുന്നത്. അതിനെ ആധാരമാക്കിയാണ് മലയാളസന്ദർഭത്തിൽ തെറ്റില്ലാത്തമലയാളം എന്ന മട്ടിലുള്ള ഉപനിയമപുസ്തകങ്ങൾ ഉണ്ടാകുകയും ചെയ്തത്. പലപ്പോഴും ഭാഷയുടെ ഭരണഘടനാപുസ്തകങ്ങൾ

കാലോചിതമായ ഭേദഗതികൾക്ക് (amendments) വലിയ രീതിയിൽ വിധേയമായിട്ടില്ല. അത് ഒരിക്കൽ രൂപപ്പെടുത്തിയ നിയമത്തെ മുറുകെപ്പിടിക്കുന്നതു കൊണ്ടുമാത്രമല്ല, ക്ലാസിക്കലായ ശുദ്ധതാസങ്കല്പം ഉറപ്പിക്കുന്നതുകൊണ്ടുമാണ്. സ്വീകാര്യമാകത്തക്കവിധമുള്ള ഉള്ളടക്കപൂർണ്ണിമ ഭേദഗതി കളെന്ന മട്ടിൽ എത്തുന്ന വാദഗതികളിൽ ഇല്ലാത്ത സ്ഥിതിയു മുണ്ട്. അതുകൊണ്ടുതന്നെ ആദ്യഭാഷാനിയമ വ്യവസ്ഥകൾ അക്കാദമികരംഗത്തെ പ്രമാണങ്ങളായി നിലനില്ക്കുന്നു.

ഭാഷ വളരണമെങ്കിൽ, ഭാഷാഭരണഘടന രചിക്കപ്പെട്ട കാലത്തുനിന്ന് പില്ക്കാലത്തുണ്ടായ മാറ്റങ്ങൾ വിശകലനം ചെയ്തു വിലയിരുത്തി നിലപാടുകളിൽ എത്തിച്ചേരണം. ഇപ്പോഴും ഭാഷയുടെ ജൈവികപരിണാമം ശാസ്ത്രീയമായി (ഭാഷാശാസ്ത്രയുക്തികൾക്ക് അനുസൃതമായി) വിശകലനം ചെയ്ത് നിയമാവലികളാകുന്നില്ല. അതുകൊണ്ടാണ് 'കേരള പാണിനീയം' എന്ന വ്യാകരണ ഗ്രന്ഥത്തിനപ്പുറം ഭാഷാപഠിതാ ക്കൾക്ക് മുന്നോട്ട് പോകാനോ ഒരു 'നവകേരളപാണിനീയം നിർമ്മിക്കാനോ സാധിക്കാത്തത്. പ്രാമാണികമായിത്തീർന്ന ഭാഷാവ്യവസ്ഥകളെ വേർതിരിച്ച് സ്വീകരിക്കുകയും, അതിന്മേൽ കാലാനുസൃതം വന്നുചേർന്നിട്ടുള്ള വ്യതിയാനങ്ങളെ കണ്ടെത്തി ശാസ്ത്രീയമായി വിശകലനം ചെയ്തു കൂട്ടിച്ചേർക്കുകയും ചെയ്യുന്നതാണ് അഭികാമ്യം. കാരണം ഭാഷ, 5-ജി ഇന്റർനെറ്റു വേഗതയിൽ സ്മാർട്ട് ഫോണിലൂടെ കുതിച്ചുകൊണ്ടിരി ക്കുമ്പോൾ 'ഭാഷാക്രമക്കണക്കുകൾ മാറിമറിയുകയാണ്.

വാമൊഴിവഴക്കങ്ങളിൽ വരമൊഴിശൈലിയിലേക്ക് വന്ന പ്പോഴുള്ള ഭാഷ, താളിയോലയിൽനിന്ന് അച്ചടിയിലേക്ക് എത്തിയപ്പോൾ മാറ്റത്തിനു വിധേയമായി. താളിയോലകളിൽ നിന്ന് കടലാസ്സിലേക്ക് പകർത്തി പാഠസംശോധനം നടത്തി ആദ്യകാല പ്രസ്സിൽക്കൊടുത്ത് അച്ചടിച്ചപ്പോഴും, അതിനുശേഷം ടൈപ്പ്റൈറ്ററിംഗ് യന്ത്രത്തിലും പിന്നീട് ഡെസ്ക് ടോപ്പ് ടൈപ്പിംഗ് അഥവാ ഡി.റ്റി.പി.യിലേക്ക് മാറിയപ്പോഴും ഓരോ മാധ്യമത്തിന്റെയും വിന്യാസക്രമമനുസരിച്ച് അക്ഷരമാലകളും

ഭാഷയും പലതരത്തിൽ പരിവർത്തിക്കുകയായിരുന്നു. യന്ത്ര ത്തിന്റെ ആവശ്യത്തിനനുസരിച്ച് അക്ഷരമാലകളെ മുറിച്ചും കൂട്ടിച്ചേർത്തും നടത്തിയ എല്ലാ പരീക്ഷണങ്ങളും കാലത്തിന്റെ മാറിയ ആവശ്യങ്ങൾക്കനുസരിച്ച് ഭാഷയെ പരിവർത്തിപ്പി ച്ചെടുക്കുന്നതിന്റെ ഭാഗമായിരുന്നു. അപ്പോഴും താളിയോലയിലെ മൂലകൃതി അതെഴുതിയ മാതൃകയിൽത്തന്നെ നിലകൊണ്ടു. എഴുതിയ ഭാഷയെ, പാഠത്തെ ഓരോ മാറ്റത്തിലും അതു ചെയ്തവരുടെ സൗകര്യാർത്ഥം മാറ്റി എന്നതുകൊണ്ടാണ്, പില്ക്കാലപഠിതാക്കൾ പല പാഠങ്ങൾ വിശകലനം ചെയ്ത് പാഠഭേദം കണ്ടെത്തിയത്. ഇതെല്ലാം ആദ്യകാലദേശ ഭൂപ്രകൃതിക്കും കാലാവസ്ഥയ്ക്കും അതിനനുസൃതമായ ജീവിതരീതിക്കും അനുസൃതമായി ഭാഷയ്ക്ക് പരിണാമമുണ്ടായി എന്ന വാദത്തെ പില്പക്കാലത്തും സാധൂകരിക്കുന്നതാണ്. എന്നിട്ടും മാധ്യമീകൃത ഭാഷയിലുണ്ടായ അത്തരം മാറ്റങ്ങളെ വേണ്ടത്ര ആധികാരികമായി അടയാളം ചെയ്യാനും പ്രമാണീകരിക്കാനും അക്കാദമിക് ഗവേഷണത്തിന് സാധിച്ചിട്ടില്ല.

മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത നോവൽ എന്നു സാഹിത്യചരിത്രങ്ങളിലൂടെ വിഖ്യാതമായ ‘ഇന്ദുലേഖ’ യുടെ ആദ്യപതിപ്പു മുതൽ ഇന്നുവരെയുള്ളവ എടുത്തു പരിശോധിച്ചു നോക്കുക. ലിപിയുടെയും അച്ചടിയുടെ പരിണാമം അതിൽ വ്യക്തമായി കാണാൻ കഴിയും. ഓരോരോ കാലത്തെയും അച്ചടിയന്ത്രങ്ങളുടെ ആവശ്യത്തിനപ്പുറം നോവ ലിന്റെ ഉള്ളടക്കത്തെത്തന്നെ ‘തിരുത്തി’ പ്രസിദ്ധീകരിച്ചചരിത്രം ആ നോവലിനെ സംബന്ധിച്ചുണ്ട്. നോവലിന്റെ കഥാഗതി വെട്ടിത്തിരുത്തിയപ്പോഴും ആദ്യപതിപ്പിലെ ലിപിവിന്യാസ മുൾക്കൊണ്ടുതന്നെ മൂലകൃതി അവശേഷിച്ചു. അച്ചടിയും അച്ചടിമുതലാളിത്തവും ഭാഷയേയും ഭാഷയിലൂടെ വികസിത മായ സർഗ്ഗാത്മകപ്രത്യക്ഷങ്ങളേയും യഥേഷ്ടം മാറ്റത്തിനു വിധേയമാക്കി. അച്ചടിമാധ്യമങ്ങളുടെ ആധിപത്യകാലത്ത്, ഭാഷയിലൂടെ അധികാരത്തിന്റെ ശ്രേണീബദ്ധമായ മൂല്യവ്യവസ്ഥ സൃഷ്ടിച്ചെടുക്കുകയും ചെയ്തു. വാമൊഴിവഴക്കങ്ങളേയും

അതിന്റെ സർവ്വതന്ത്രസ്വതന്ത്രമായ ജൈവകാന്തികളേയും നിഷ്പ്രഭമാക്കുന്ന വിധമുള്ള ആധിപത്യമായിരുന്നു അത്. ശ്രേഷ്ഠസംസ്കാരത്തിന്റെ പ്രത്യയശാസ്ത്രത്തെ അത് ദേശ-മാനവികമായ കാതോര സംസ്കൃതിക്കുമേൽ പ്രതിഷ്ഠിച്ചു. 'സാക്ഷരത' എന്ന പ്രബലമായ ആശയം കൊണ്ട്, നിരക്ഷര ജീവിതത്തിന്റെ ഗോത്രജൈവികതയെ ശിഥിലമാക്കുകയോ സ്തംഭിപ്പിക്കുകയോ ചെയ്തു. മാതൃഭാഷയുടേയും ഭാഷാഭേദങ്ങളുടേയും സ്വനനാളികളെയും കുരലുകളെയും നിശബ്ദമാക്കിക്കൊണ്ട്, വരമൊഴിപ്രാമാണീകരണം പുതിയ നീതിക്രമങ്ങൾ സൃഷ്ടിക്കുകയായിരുന്നു. വരമൊഴിയും അച്ചടിയും അച്ചടിയന്ത്രങ്ങളിലുണ്ടായ പരിവർത്തനവും വാമൊഴിപ്പാരമ്പര്യത്തിന്റെ നാടോടിത്തത്തിൽനിന്ന് ഉരുവം കൊള്ളുകയും വികസിക്കുകയും ചെയ്ത വാമൊഴിയേയും നാട്ടുനാവുകളേയും നിശബ്ദമാക്കുകയായിരുന്നു. മനുഷ്യജീവിതത്തിൽ കാലോചിതമായി വന്നുചേർന്ന മാറ്റങ്ങൾക്കൊപ്പം ഭാഷയേയും അത്തരത്തിൽ മാറ്റിയെടുക്കുകയായിരുന്നു. അങ്ങനെയാണ് ഔദ്യോഗികം/ഉന്നതും/സൗന്ദര്യാത്മകം എന്ന നിലയിൽ ഭാഷ മാനകീകരിച്ചത്. സിവിലൈസേഷനും മാനകീകരണവും അതതിന്റെ തലങ്ങളിൽ ഭരണഘടന എഴുതിയുണ്ടാക്കി. 'ടടീറ്റി'ന്റേതാണ് വിനിമയത്തിന്റെ തലത്തിലെ ഇപ്പോഴത്തെ രീതി (style)യും ഭാഷ (language)യും. മനുഷ്യാവശ്യങ്ങളിൽ നിന്ന് രൂപപ്പെട്ട പുതുസൗകര്യങ്ങളും അതിന്മേൽ അടിക്കടി വന്നുചേരുന്ന മാറ്റങ്ങളും ഭാഷയെ മാറ്റിക്കൊണ്ടിരിക്കുന്നു എന്നർത്ഥം. ഏതൊരു കാലത്തിന്റെ ഭാഷാക്രമവും അതതുകാലത്തെ മധ്യമപ്രതലത്തിൽനിന്ന് രൂപപ്പെട്ടതാണ്. വാമൊഴിവഴക്കങ്ങൾ, അതതു ജനതയുടെ സ്വത്വപ്രകൃതിയുടെ ആന്തരികപ്രകാശനങ്ങളാണ്.

വട്ടെഴുത്തിന്റെയും കോലെഴുത്തിന്റെയും സ്ഥാപിത പ്രതലം പ്രധാനമായും താളിയോലകളായിരുന്നു. രാജശാസനങ്ങൾ മുഖ്യമായും ചെമ്പുതകിടുകളിലോ ശിലാഫലകങ്ങളിലോ ആയിരുന്നു. ആശയങ്ങളെ ലിഖിതരൂപത്തിൽ നിവേദനം ചെയ്യുകയും വിനിമയപ്പെടുത്തുകയും ആയിരുന്നു അതിന്റെ

പ്രധാന ലക്ഷ്യം. ലിപിയുടെ സവിശേഷരീതി മാത്രമല്ല, അതവതരിപ്പിച്ച വാക്യഘടന തന്നെ, അതതുകാലഘട്ടത്തിന്റെ അധികാരവ്യവസ്ഥയുമായും മൂല്യസങ്കല്പങ്ങളുമായും ബന്ധപ്പെട്ടതായിരുന്നു. കടലാസ്സിന്റെയും അച്ചടിയന്ത്രത്തിന്റെയും വരവോടെ അതിനുമുമ്പുണ്ടായിരുന്ന രീതികൾക്ക് ലിപിതലം മുതൽ പ്രബന്ധതലം വരെ വ്യതിയാനം സംഭവിച്ചു. കോളനീകരണം, ആംഗലേയവിദ്യാഭ്യാസം, കോളനീകരണത്തിനെതിരെയുള്ള രാഷ്ട്രീയപ്രക്ഷോഭം, അടിമയുടമബന്ധത്തിൽ വന്ന മാറ്റങ്ങൾ, വരേണ്യമായ എഴുത്തുരീതികൾക്കും ആട്ടംകൊട്ടുപാട്ടുക്രമങ്ങൾക്കും സംഭവിച്ച പിളർപ്പുകൾ, വാമൊഴി-വരമൊഴിഭേദങ്ങളിലൂടെ വിവിധങ്ങളായ മാധ്യമവേദികളുടെ വിന്യാസരീതികൾക്കനുസൃതമായി രൂപപ്പെട്ട നവലോകവിചാരങ്ങൾ തുടങ്ങി മനുഷ്യാനുഭവത്തിന്റെ ദൈനംദിനജീവിതാവേഗങ്ങളുടെ എല്ലാത്തരം ത്രസിപ്പുകളും കാലവിശേഷങ്ങളും ജനാധിപത്യമോഹങ്ങളും അതുയർത്തിവിട്ട സംഘർഷങ്ങളും രാഷ്ട്രീയപ്പിളർപ്പുകളും എല്ലാം ചേർന്നാണ് നവമലയാളഭാഷ വാമൊഴിയായും വരമൊഴിയായും നിലകൊള്ളുന്നത്.

അച്ചടിമാധ്യമത്തിന്റെ ഭാഷാവിന്യാസരീതിക്ക് ഒന്നിലധികം ഗ്രന്ഥസ്വഭാവങ്ങളുണ്ടായിരുന്നു. വരമൊഴിയുടെ സംശുദ്ധസ്വഭാവമാർന്നുനിന്ന പണ്ഡിതോചിതവും സംസ്കൃതചിത്തപ്രധാനവുമായ ഭാഷ അതിൽ പ്രധാനമാണ്. സംസ്കൃതകാവ്യ-നാടകങ്ങളിൽ, സംസ്കൃതചിത്തരല്ലാത്ത കഥാപാത്രങ്ങൾ സംസാരിച്ചിരുന്ന ഭാഷയെ പ്രാകൃതഭാഷ എന്നാണ് വിശേഷിപ്പിച്ചിരുന്നത്. സർഗ്ഗാത്മകസാഹിത്യ കൃതികളിൽ അക്കാലത്തെ അധികാരഘടനയിൽ മനുഷ്യജീവിതം ഏതേതെല്ലാം വർഗ്ഗ-ലിംഗ വ്യത്യാസങ്ങളാൽ നിബന്ധിതമായിരുന്നു എന്നതിന്റെ സാക്ഷ്യങ്ങളാണത്. ഇവിടെയാണ് ഭാഷയിലെ ഉത്തമ-അധമ, ഉന്നത-നീച, ആഭിജാത-നാടോടി ഭാഷാവ്യത്യാസങ്ങളുടെ അല്ലെങ്കിൽ ബഹുഭാഷിതയുടെ കാരണങ്ങൾ കണ്ടെത്താൻ കഴിയുന്നത്. ബഹുഭാഷിതാസാഹചര്യങ്ങൾ അടിക്കടി

മാറിക്കൊണ്ടിരിക്കുന്നതാണ്. മതം, സംസ്കാരം, സാക്ഷരത, വിദ്യാഭ്യാസം, സമ്പത്ത്, ഭൂപ്രകൃതഘടനകൾ, യുദ്ധം, മഹാമാരി ഉൾപ്പെടെ ഭാഷയ്ക്ക് വിഭിന്നമാനങ്ങൾ നല്കുന്നു. സൈനികരും പൊലീസും ഉപയോഗിക്കുന്ന 'കോഡുഭാഷ' ആ സംവിധാനത്തിന്റെ നിലനില്പുമായി ബന്ധപ്പെട്ടുണ്ടായതാണ്. മഹാമാരിയുടെ കാലത്തു മനുഷ്യജീവിതത്തെ സമഗ്രമായി ആവിഷ്ക്കരിച്ച 'കോവിഡ്മലയാളം'മെന്ന സാന്ദർഭികഭാഷാഭേദത്തെപ്പറ്റി ഇവിടെ ഓർക്കാവുന്നതാണ്. എന്നാൽ അതിനു സമാനമായ ഒന്നല്ല, പണ്ഡിതരും പാമരരും എന്ന വേർതിരിവിൽ പ്രയോഗിച്ചുവന്നതും വരമൊഴിയായി മാറിയതുമായ ഭാഷയുടെ ഗതിക്രമം. അത് വർണ്ണവർഗ്ഗലിംഗ ബന്ധമായ അധികാരസംവിധാനവുമായി ബന്ധപ്പട്ടതുതന്നെയാണ്. പുരുഷൻ അല്ലെങ്കിൽ രാജാവ് എന്ന കോശിമ(lexeme)ത്തിന്റെ അർത്ഥലക്ഷണങ്ങൾ (semantic features) അല്ല സ്ത്രീ അല്ലെങ്കിൽ പരിചാരകൻ/പരിചാരിക എന്നതിനുള്ളത്. ഇവിടെ അർത്ഥാംശങ്ങൾ (semantic components) രൂപപ്പെടുന്നത്, അതതുകാലത്തെ അധികാരഘടനയുടെ സ്വഭാവമനുസരിച്ചാണ്. അധികാരസാഹചര്യത്തിനനുസരിച്ചുള്ള സ്വഭാവഭേദം അർത്ഥതലത്തിൽ രൂപപ്പെടുന്നത്, മൊഴി വ്യതിയാനത്തിലൂടെയാണ്. ഇതിൽനിന്നു പ്രത്യക്ഷമാകുന്ന കാര്യം ഭാഷയെയും അതിന്റെ അർത്ഥത്തിന്റെ സ്ഥാനത്തെയും അതിന്റെ പദാവലി(ocabulary)യെയും സ്ഥിരപ്പെടുത്തുന്നത്, ഭാഷാബാഹ്യമായി നില്ക്കുന്ന (ചുറ്റുവട്ട) ഘടകങ്ങളും അതിന്റെ നിയാമകഘടനകളുമാണ്. അതുകൊണ്ടാണ്, ''ഊഴിയിൽച്ചെറിയവർക്കുരചെയ്യുന്നു'' എന്ന 'രാമചരിത'കാരന്റെ നിലപാട് ഭാഷാരാഷ്ട്രീയത്തിന്റെ പ്രതിഫലനമായിത്തീരുന്നത്. 'രാമചരിത'കാരനിൽനിന്ന് രാമകഥ, ദീപം കൊള്ളുത്തിവച്ച് പ്രാർത്ഥനാനിരതരായി ചൊല്ലേണ്ടയൊന്നാണെന്ന്, കിളിക്കൊക്കിലൊതുങ്ങിയ പദാവലികൾകൊണ്ട് എഴുത്തച്ഛനെഴുതിയിട്ടും, കവിതയെ തുള്ളൽക്കാവടിയാക്കി മാറ്റിയ കുഞ്ചൻനമ്പ്യാർക്ക് പറയേണ്ടിവന്നു, ''ഭടജനങ്ങളുടെ

നടുവിലുള്ളൊരു പടയണിക്ക്'' 'വടിവിയന്ന ചാരുകേരള ഭാഷ''യാണ് ഉചിതമെന്ന്. ദൃശ്യകലാരൂപമായ തുള്ളലിൽ കവിത/ഭാഷ നാവിൽത്തന്നെ ഉറകുത്തി ഉറഞ്ഞാടുകയായിരുന്നു. വാമൊഴിയുടെ വടിവ് എന്നാൽ അതിന്റെ സന്ദർഭോചിതമായ അർത്ഥപൂർത്തിയും വിനിമയവും തന്നെയാണ്. കൂത്ത്, കൂടിയാട്ടം, കഥകളി എന്നിവയിൽക്കണ്ടമാതിരിയുള്ള ഭാഷാ നിയമമായിരുന്നില്ല തുള്ളലിന്റേത്. വരമൊഴിയുടെ സ്ഥാനത്ത് വാമൊഴി വടിവിനെ കേരളഭാഷയായി (മലയാളമായി) തുള്ളലിലൂടെ പ്രതിഷ്ഠിക്കുകയായിരുന്നു, കുഞ്ചൻനമ്പ്യാർ. എഴുത്തച്ഛന്റെ ഭാഷ വായിച്ചുകേൾക്കാനും മനസ്സിലാക്കാനു മുള്ളതായിരുന്നു എങ്കിൽ നമ്പ്യാരുടേത് കേൾക്കാനും കാണാനും ഉള്ളതായിരുന്നു. ഇത് വരമൊഴി അല്ലെങ്കിൽ എഴുത്ത്/അച്ചടി - വാമൊഴി അല്ലെങ്കിൽ കേൾവി/കാണൽ എന്ന മാധ്യമ വ്യത്യാസത്തെയുമാണ് പ്രത്യക്ഷമാക്കുന്നത്. വരമൊഴിയുടെ ആകാരവടിവുകളിൽ ആമഗ്നമായിരുന്ന, കൂത്ത്, കൂടിയാട്ടം, കഥകളി എന്നിവയുടെ സാഹിത്യരൂപങ്ങൾ തുള്ളലിന്റെ സാഹിത്യരൂപത്തെപ്പോലെ ജനഹൃദയങ്ങളുടെ സ്മൃതിതല ങ്ങളിൽ തങ്ങിനിന്നിരുന്നില്ല. ഒന്ന് വരമൊഴിപ്രമാണത്തേയും മറ്റേത് വാമൊഴി വഴക്കങ്ങളേയും പിന്തുടർന്നു. അതുകൊണ്ടാണ് നമ്പ്യാരുടെ കാവ്യലോകത്ത്, ഇതര സാഹിത്യരൂപങ്ങളിൽ നിന്ന് ഭിന്നമായി നാടോടിവാങ്മയങ്ങളുടെ സമൃദ്ധി പ്രത്യക്ഷമായത്. നമ്പ്യാരുടെ കാവ്യശകലങ്ങൾ പലതും പഴഞ്ചൊല്ലുകൾ പോലെ നാടോടിസ്വഭാവം പ്രകടിപ്പിക്കുകയും ചെയ്തു. അത് വാമൊഴിപ്പാരമ്പര്യം (Oral tradition) അവിടെ പ്രബല മായതുകൊണ്ടാണ്.

വരമൊഴിയുടേതായാലും വാമൊഴിയുടേതായാലും ഇന്ത്യൻകാവ്യപാരമ്പര്യം ആദികാവ്യം മുതൽ ചൊല്ലലിന്റെയും കേൾവിയുടേയും പാരമ്പര്യത്തെ സ്വാംശീകരിക്കുന്നതാണ്. രാമായണവും മഹാഭാരതവും ആര് ആർക്കാണ് ചൊല്ലി ക്കൊടുത്തത്/കേൾപ്പിച്ചത് എന്ന കാര്യം ആ കൃതികൾക്കു ള്ളിൽത്തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. പക്ഷേ ആ ചൊല്ലലും

കേൾവിയും ക്ലാസിക്കലായ കാവ്യസംസ്കൃതിയെയാണ് അടയാളം ചെയ്തത്. വാമൊഴിപ്പാരമ്പര്യത്തിലെ നിരക്ഷര നാട്ടുക്കൂട്ടത്തിന്റെ സാമൂഹികാവസ്ഥയിൽ നിന്ന് അത് തികച്ചും വ്യത്യസ്തമാണ്. ''ഊഴിയിൽ ചെറിയവർ''ക്കോ ''ഭടജന ങ്ങൾ''ക്കോ വേണ്ടിയായിരുന്നില്ല, ഇതിഹാസകാവ്യങ്ങളുടെ താളരാഗലയശ്രുതിസ്വരങ്ങൾ ക്രമപ്പെടുത്തിയിരുന്നത്.

വാമൊഴിയുടെ സ്വഭാവം മനസ്സിലാക്കാൻ അതിലൂടെ കേട്ടവയെ അപഗ്രഥിക്കുന്നതിനാണ് പ്രാധാന്യം നൽകേണ്ടത്. ഓരോ വാങ്മയത്തിന്റെയും സൂക്ഷ്മതലത്തിലേക്ക് ഇറങ്ങി ച്ചെല്ലുക എന്നതാണ് പ്രധാനം. അതിലൂടെ ഭാഷയുടെ താള-താനങ്ങളിലേക്ക് എത്തിച്ചേരുക; ധാത്വാർത്ഥങ്ങളിലൂടെ ഭാഷയുടെ വൈജ്ഞാനികമായ ആഗിരണശേഷി തിരിച്ചറിയുക. മലയാളത്തിന് അനേകം മലയാളങ്ങളുടെ ഘടനയുണ്ട്. ഭാഷയുടെ അടിസ്ഥാനഘടകങ്ങൾ ഒന്നു തന്നെയാണ് അതിന്റെ മൊഴിവഴക്കങ്ങൾ അനവധിയുമാണ്. അതിനെയെല്ലാം കോർത്തി ണക്കി മാത്രമേ മാധ്യമമലയാളം ഉൾപ്പെടെയുള്ള മാറുന്ന മലയാളത്തിന്റെ പുതുവ്യവസ്ഥകളെ നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ. ഭാഷ അതിന്റെ ഓരോ കോശതലത്തിലും നിത്യനൂതനമായ ആശയങ്ങളെയും സംവാദങ്ങളെയും ശിരസ്സി ലേറ്റിക്കൊണ്ടാണ് വികസിക്കുകയും പരിവർത്തിക്കുകയും ചെയ്യുന്നത്. 'ലീലാതിലകം' എന്ന 'മണിപ്രവാള' ലക്ഷണ ഗ്രന്ഥത്തിലെ പാട്ടല്ല, നാടോടി ജനവിഭാഗങ്ങളുടെ പാട്ട്. ഓരോ പാട്ടും ആ പാട്ടുകൂട്ടങ്ങളുടെ താളതാനങ്ങളെ, മാത്രസ്ഥിതികളെ, ലഘു-ഗുരു പ്രമാണങ്ങളെ, ഭാഷാസംഘാതനിയമങ്ങളെ, പ്രാസസ്ഥിതികളെ, ചൊല്ലലിന്റെ വിശേഷക്രമങ്ങളെ, സ്വയം നിഷേധിക്കുന്നവയാണ്. അതുകൊണ്ടാണ് സർപ്പപ്പാട്ടും തീയാട്ടുപാട്ടും അയ്യപ്പൻപ്പാട്ടും ബ്രാഹ്മണിപ്പാട്ടും ഭഗതിപ്പാട്ടും കുത്തിയോട്ടപ്പാട്ടും പൂരക്കളിപ്പാട്ടും കണ്യാർകളിപ്പാട്ടും ഐവർകളിപ്പാട്ടും കളംപാട്ടും മന്ത്രവാദപ്പാട്ടും ഒരേ ലഘു-ഗുരുപ്രമാണത്തിന്റെ ഛന്ദോസ്ഥിതികളെ സ്വാംശീകരി ക്കാതിരുന്നത്. ഓരോ സമയം ഓരോ പാട്ടും ആ പാട്ടിന്റെ

പാരിസ്ഥിതികതയുടെയും ഊടിനുംപാവിനും അനുസരിച്ച് രൂപപ്പെടുന്നവയാണ്. പദാനുപദനിർമ്മിതിയ്ക്കു ആവശ്യമായ ഇഴയടുപ്പം നാടോടിത്തത്തിന്റെ പങ്കാളിത്ത ശാബ്ദിക വഴക്കങ്ങളെ ഔചിത്യത്തോടെ ഇണക്കിവിളക്കിയാണ് സാധ്യമാക്കുന്നത്. പ്രാഥമികമായി നാവും കാതും ഇന്ദ്രിയാനു ഭൂതിയുടെ പ്രത്യക്ഷങ്ങളാകുകയും ഭാഷ ആന്തരികപാരസ്പര്യ ത്തിന്റെ സാമൂഹികശ്രേണികളെ നിർമ്മിച്ചെടുക്കുകയും ചെയ്യുന്നു. വാമൊഴിയുടെ ചൊല്ലലിലുള്ള ആവർത്തനം ഉൾപ്പെടെ നാടൻപ്പാട്ടുകളുടെ വരമൊഴിയിൽ പ്രതിഫലിക്കുന്നില്ല. 'രാമചരിതം' പാട്ടുകൃതിയായി പരിഗണിക്കമ്പോഴും അത് വരമൊഴി വ്യവസ്ഥകൾക്ക് വിധേയമായി നിർമ്മതമായതാണ്. എങ്കിലും ഓർത്തു ചൊല്ലുന്നതിനനുസൃതമായ താളവും ആവർത്തിച്ചുള്ള പ്രാസവും ലിഖിതപാഠങ്ങളിൽ പ്രത്യക്ഷമാണ്. ആ നിലയിൽ വാമൊഴി പാരമ്പര്യത്തിന്റെ തുടർച്ച വരമൊഴിപ്പാട്ടുകളിലും കണ്ടെത്താം. വിനിമയത്തിന്റെ തലത്തിലെ ഈ ഭാഷാസ്ഥിതി പില്ക്കാലമലയാളത്തിലും പ്രകടമാണ്.

വാമൊഴിയുടെ ജനപ്രിയസംസ്കാരം കൊമ്പുകുത്തി ക്കളിക്കുന്ന ഒട്ടേറെ ആവിഷ്കാരങ്ങൾ തെരുവുകലകളിൽ, ചന്തകളിൽ, കാർണിവലുകളിൽ, ജനകീയചലച്ചിത്രങ്ങളിൽ, വിവിധങ്ങളായ നാഗരികനാടോടിത്തങ്ങളിൽ, അച്ചടി-ദൃശ്യ-സൈബറിടങ്ങളിൽ, കലാ-കായികമേളകളിൽ എല്ലാം അരങ്ങേ റുന്നുണ്ട്. അച്ചടിമാധ്യമഭാഷയുടെ പരിണാമം പരിശോധിച്ചാൽത്തന്നെ, (ബഹുജന സ്വഭാവമുള്ളവയി ലധികവും) വരമൊഴിയുടെ സംസ്കൃതബന്ധമായ മണി പ്രവാളത്തെ ഉപേക്ഷിച്ചു കഴിഞ്ഞു. സംസ്കൃതത്തിനു ശേഷമുണ്ടായ ആംഗലേയ ആധിപത്യം വരമൊഴിമലയാളത്തിൽ പ്രബലമാണെങ്കിലും വാമൊഴിമലയാളത്തിന്റെ ആധാരത്തിലാണ് അതു നിലകൊള്ളുന്നത്. ഡെസ്ക്, ബെഞ്ച്, സ്വിച്ച്, ബസ് എന്നിവയ്ക്കൊന്നും തത്തുല്യമലയാളം തേടിപ്പോകലല്ല, ആ വാക്കുകളെ മലയാളമായി സ്വീകരിച്ച് വാമൊഴിത്താളത്തിന്റെ മാധ്യമമലയാളം രൂപപ്പെടുത്തലാണ് സംഭവിച്ചു കൊണ്ടി

രിക്കുന്നത്. നിഘണ്ടുവിലും ലെക്സിക്കനിലും അക്കാദമിക വ്യവഹാരങ്ങളിലുമൊന്നും കാണാൻ സാധിക്കാത്തത്ര ഭാഷാക്രമക്കണക്കുകൾ മാധ്യമ മലയാളത്തിൽ വരമൊഴികളായി രേഖപ്പെട്ടത്, കണ്ടും കേട്ടും ചെയ്തും ജീവിവിത്തതിന്റെ ഭാഗമായിനില്ക്കുന്ന ഭാഷയുടെ പുനഃസൃഷ്ടി എന്ന നിലയിലാണ്. റേഡിയോ എന്ന ഇലക്ട്രോണിക് മാധ്യമം അച്ചടി മലയാളത്തിൽ നിന്നു വേറിട്ട ശബ്ദമലയാളം രൂപപ്പെടുത്തിയതുപോലെ, മറ്റൊരു ഇലക്ട്രോണിക് മാധ്യമമായ ടെലിവിഷൻ, വിശേഷിച്ച് വാർത്താദൃശ്യമാധ്യമങ്ങൾ, അതിനു മുമ്പേ പരിചിതമായ ചലച്ചിത്രമെന്ന ദൃശ്യമാധ്യമത്തിൽനിന്നു ഭിന്നമായ ദൃശ്യഭാഷ സൃഷ്ടിച്ചു. അച്ചടിമാധ്യമത്തിൽ നിന്ന് റേഡിയോമലയാളം ഭിന്നമായത്, കേൾവിയിൽ കാര്യങ്ങൾ വിസ്മൃതമാകാതിരിക്കാൻ ഒരു വാചകത്തിൽ ഒരു ആശയം അവതരിപ്പിക്കുകയെന്നത് നിഷ്ക്കർഷിച്ചതുകൊണ്ടാണ്. വാസ്തവത്തിൽ പത്രഭാഷയും അങ്ങനെയാണ് വേണ്ടത്. അമ്മയോട് സംസാരിക്കുന്ന ഭാഷയാണ് മാതൃഭാഷ. ആ ഭാഷയിൽ അനായാസവിനിമയം സാധ്യമാണ്. എന്നാൽ പത്രമാധ്യമങ്ങൾ പലതും ടെലിവിഷന്റെ വരവുവരെ, അത്തരമൊരു കാര്യം, കാര്യമായി ശ്രദ്ധിച്ചിരുന്നില്ല. വ്യത്യസ്തങ്ങളായ ശൈലീപുസ്തകങ്ങളിൽ (style sheets) കൂടുങ്ങിക്കിടന്ന പത്രമലയാളത്തെയും ഒരാശയം ഒരു വാചകത്തിൽ എന്നുറപ്പിച്ച് പ്രക്ഷേപണം ചെയ്തുകൊണ്ടിരുന്ന മാനകമലയാളത്തെയുമാണ്, വാമൊഴിപ്പാരമ്പര്യത്തിന്റെ ദേശ്യദേശങ്ങളെയെല്ലാം കൂട്ടിക്കലർത്തി ടെലിവിഷൻ എന്ന (ദൃശ്യ)മാധ്യമം അട്ടിമറിച്ചത്. ആദ്യകാലത്തെ അച്ചടി/റേഡിയോ മലയാളത്തെ, ഒന്നിനുപിറകേ ഒന്നായി പ്രത്യക്ഷപ്പെട്ട ന്യൂസ്ചാനലുകളിലെ, അവതാരകരും റിപ്പോർട്ടർമാരും അവർ തുറന്നു നല്കിയ അതിഥികളും, എഡിറ്റിംഗ് ഇല്ലാത്ത തത്സമയസംപ്രേഷണത്തിലൂടെ മലയാളത്തിനുള്ളിലെ മലയാള ങ്ങളെ സ്വതന്ത്രമാക്കി. അച്ചടിയിലൂടെയും സാക്ഷരതയിലൂടെയും മാനകീകരണ പ്രക്രിയയിലൂടെയും അധികാരരൂപമാർന്ന മലയാളത്തെ

തത്സമയദൃശ്യവാർത്താമാധ്യമങ്ങൾ നാടോടി സ്വഭാവമുള്ളതാക്കി മാറ്റി. ടെലിവിഷനു പിന്നാലെ വന്ന സൈബർമാധ്യമങ്ങൾ സ്മാർട്ട് ഫോണുകൾ, അതിവേഗ ഇന്റർനെറ്റിന്റെ കാലത്തെ വിശേഷിച്ച് സാമൂഹികമാധ്യമങ്ങൾ, എന്തിനും ഏതിനും ഉപകാരപ്രദമാകുന്ന ആപ്ലിക്കേഷനുകൾ (ആപ്പുകൾ) ഇതിനെല്ലാം സമാന്തരമായി സംഭവിച്ച വിവിധതരം ഫോണ്ടുകളുടെ ലഭ്യതയും യുണിക്കോഡ് സംവിധാനവും മലയാളഭാഷയുടെ മാധ്യമീകരണത്തെ സർഗ്ഗാത്മകമാക്കി. പരിവർത്തിതഭാഷയുടെ ഗതിമാറ്റങ്ങൾ പൂർവ്വാപരബന്ധത്തോടെ വ്യവച്ഛേദിച്ചു നിർണ്ണയിക്കുകയും വ്യാകരണപ്പെടുത്തുകയും ചെയ്യുന്നത് ഏതൊരു മാതൃഭാഷയും ജീവൽഭാഷ എന്ന നിലയിൽ അക്കാദമികമായി വികസിക്കുന്നതിന് അനിവാര്യമാണ്.

**സഹായകഗ്രന്ഥങ്ങൾ**

സക്കറിയ സ്കറിയ, മലയാളവഴികൾ, നാഷണൽ ബുക്കസ്റ്റാൾ, കോട്ടയം, 2019.

Warf Barney, Encycopedia of Human Geography, SAGE Publications, California, 2006.

Massey Doreen, Space Place and Gender, University of Minnesota Press, 1994.

**ഡോ.ടി.കെ.സന്തോഷ്കുമാർ**
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം
കേരളസർവ്വകലാശാല

# ഗർഭകാലചികിത്സാവിധികളും ബാലചികിത്സയും: പ്രാചീന ഹസ്തലിഖിതഗ്രന്ഥത്തെ ആസ്പദമാക്കി ഒരു പഠനം

**ഡോ. മുരുകേഷ് എസ്**

***സംഗ്രഹം***

*പ്രാചീന ഹസ്തലിഖിതഗ്രന്ഥങ്ങളിൽ നാട്ടുവൈദ്യങ്ങൾ പ്രതിപാദിക്കുന്ന ധാരാളം ഗ്രന്ഥങ്ങളുണ്ട്. അത്തരത്തിലുള്ള ഒരു ഗ്രന്ഥമാണ് ഗർഭകാലചികിത്സാവിധികളും ബാലചികിത്സയും. നാട്ടുവൈദ്യവിഷയം പ്രതിപാദിക്കുന്ന ഈ ഗ്രന്ഥത്തിൽ ഗർഭകാലത്ത് ലഭ്യമാക്കേ ചികിത്സകളും ശിശുരോഗങ്ങൾക്ക് നൽകേ ചികിത്സകളും പ്രതിപാദിക്കുന്നു.*

***താക്കോൽ വാക്കുകൾ***

*ഗർഭകാലചികിത്സാവിധികൾ, ബാലചികിത്സാവിധികൾ, നാട്ടുവൈദ്യം, മൂലിക, വിഷവൈദ്യം, ഗർഭരക്ഷ, ഔഷധക്കൂട്ട്, ഗർഭശുദ്ധി, ഫലസർപ്പിസ്, വൈദ്യവൃദ്ധി*

**ആമുഖം**

കേരളീയരുടെ പ്രീതിക്കും ബഹുമാനത്തിനും എക്കാലവും പാത്രീഭൂതമായിരുന്ന നിരവധി പ്രാചീന വിഷയങ്ങളിൽ സുപ്രധാനമാണ് വൈദ്യം. പാരമ്പര്യമായി ചികിത്സാരീതികൾ കൈമാറി വന്ന ഒരു സമ്പ്രദായം ഈ നാട്ടിൽ നിലവിലുണ്ടായിരുന്നു. വൈദ്യം, വിഷവൈദ്യം, ജ്യോതിഷം, മാന്ത്രികം, തച്ചുശാസ്ത്രം, വാദ്യപഠനം തുടങ്ങിയ വിഷയങ്ങൾ ഇതിൽപ്പെടുന്നു. പ്രസിദ്ധങ്ങളായ, സംസ്കൃതഭാഷയിൽ വിരചിതമായ ചരക - സുശ്രുത - വാഗ്ഭടാദികളുടെ ഗ്രന്ഥങ്ങളിൽപ്പോലും കാണാത്ത പല മൂലികകളും ഈ നാട്ടുവൈദ്യൻമാർക്ക് പിരിചിതവും രോഗശാന്തികരങ്ങ

ളുമായിരുന്നു. അവർ അതു ഭാഷയിൽ താളിയോലകളിൽ പകർത്തി ശിഷ്യർക്കു കൈമാറിവന്നു. നാട്ടുവൈദ്യവിഷയം പ്രതിപാദിക്കുന്ന ഹസ്തലിഖിതഗ്രന്ഥമാണ് 'ഗർഭകാല ചികിത്സാവിധികളും ബാലചികിത്സയും.' ഗർഭകാലചികിത്സാവിധികളോടൊപ്പം ബാലരോഗങ്ങൾക്കുള്ള ചികിത്സകളും പ്രതിപാദിക്കുന്ന ഗ്രന്ഥമാണിത്.

**ഗ്രന്ഥസ്വരൂപം**

മദ്രാസ് ഗവൺമെന്റ് ഓറിയന്റൽ മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽ D. No. 154 ആയി സൂക്ഷിച്ചിട്ടുള്ള ഗ്രന്ഥമാണിത്. ഗ്രന്ഥത്തിന് 142 പുറങ്ങളുണ്ട്. ഓരോ പുറങ്ങളിലും 20 വരികൾ വീതമുണ്ട്. മലയാള ലിപിയിൽ എഴുതപ്പെട്ടിട്ടുള്ള പ്രസ്തുത ഗ്രന്ഥത്തിൽ ഗദ്യവും പദ്യവും ഇടകലർന്നിട്ടുണ്ട്. വടക്കേ മലബാറിലുള്ള നന്ദനശ്ശേരി എന്ന ഇല്ലത്തെ ഗണപതി മൂസതിൽനിന്നും ആണ്. ഗ്രന്ഥം ലഭിച്ചിട്ടുള്ളത്. ഗർഭചികിത്സയും ഗർഭരക്ഷാക്രമങ്ങളും ബാലചികിത്സയും വ്യത്യസ്തങ്ങളായ കരപ്പിന്റെ ചികിത്സാവിധികൾ വിശേഷമായും മഞ്ഞപ്പിത്തത്തിനുള്ള മരുന്നും ഇതിൽ വിവരിച്ചിട്ടുണ്ട്.

നാട്ടുവൈദ്യഗ്രന്ഥങ്ങൾ പലതും രഹസ്യമായി സൂക്ഷിച്ച് തന്റെ ശിഷ്യനുമാത്രം കൈമാറിവരുന്ന രീതിയായിരിക്കണം ഉണ്ടായിരുന്നത്. ഏതെങ്കിലും കാരണവശാൽ ഗുരുവിന്റെ ജീവിതകാലത്ത് ഗ്രന്ഥം കൈമാറാൻ കഴിഞ്ഞില്ലെങ്കിൽ അതോടെ ആ അറിവുകൾ എന്നന്നേക്കുമായി നശിച്ചുപോകും. ഇങ്ങനെയുള്ള അറിവുകൾ സംരക്ഷിച്ചുപോരുന്നതിന് മറ്റു മാർഗങ്ങളൊന്നും അക്കാലത്ത് ഇല്ലായിരുന്നു. ഏതെങ്കിലും ഒരു നാട്ടുവൈദ്യൻ തനിക്ക് പരമ്പരയാ പകർന്നുകിട്ടിയ ഗ്രന്ഥം പകർത്തി സൂക്ഷിച്ചതാകാം ഈ പഠനഗ്രന്ഥം. ഗ്രന്ഥാന്തർഗതമായോ ബാഹ്യമായോ തെളിവുകൾ ഒന്നും ലഭ്യമല്ല. രോഗത്തെപ്പറ്റിയോ മൂലികകളെപ്പറ്റിയോ പറയുമ്പോൾ ഒരു വൈദ്യൻ തന്റെ വിഷയസംബന്ധിയായ അറിവ് വ്യക്തമാക്കത്തക്കരീതിയിൽ വിശദീകരണം ഉപക്രമമായി നൽകുന്ന രീതി ഗ്രന്ഥത്തിൽ ഉണ്ട്.

ഗർഭരക്ഷയെപ്പറ്റി പറയുന്നിടത്ത്, ''ഗർഭം ധരിക്കുന്ന ഒന്നാം മാസത്തിൽ പ്രജ കലങ്ങിയിരിക്കും. ആകയാൽ ആ മാസത്തിൽ അതിഭാരമായ വസ്തു എടുക്കയും ഏറെ അധ്വാനിച്ചു നടക്കയും തീക്ഷ്ണമായും ഉഷ്ണമായും ഘനമായുമുള്ള വസ്തുക്കൾ ഭക്ഷിക്കയും മദ്യം മുതലായ ലഹരിയുള്ള സാധനങ്ങൾ കുടിക്കയും കൊത്തീട്ടും കൊമ്പുവെച്ചിട്ടും ജളുകിപ്പിടിച്ചും ശരീരത്തിൽനിന്ന് രക്തം കളകയും താഴ്ചയും പൊക്കവുമുള്ള സ്ഥലത്ത് കിടക്കയും ചെയ്യരുതെന്നറിക''. ഇപ്രകാരം പൊതുവായ തരത്തിൽ വിഷയവിവരം നൽകാറുണ്ട്. ഇതിൽനിന്നും മരുന്നും പ്രയോഗവും എന്നതിനപ്പുറം വിഷയജ്ഞാനം ആർജിച്ചിരുന്ന വ്യക്തിയാണ് ഗ്രന്ഥകർത്താവ് എന്ന് പറയാനാകും. ഗ്രന്ഥഭാഷാശൈലി പഴയരീതിയാണ്. പഴയപ്രയോഗങ്ങൾ ധാരാളമായി ഗ്രന്ഥത്തിൽ കാണാനാകുന്നുണ്ട്.

ഉദാഹരണത്തിന്,

1. പെരികെസാരം
2. പള്ളത്തലകണ്ടാൽ
3. അരയരശ്ശക്കഴഞ്ച്
4. ചൊരിഞ്ഞരയ്ക്കുക
5. വശക്കെടും പോക്കും
6. ചമച്ചുസേവിക്കുക
7. ഒന്നാം ഏടിന്റെ അകത്ത്
8. വെള്ളം വെന്തു കുളിപ്പിക്ക
9. അനുപാനം ചേർത്തുകൊടുക്ക
10. കാടിയൊഴിച്ചു കുറിക്കുക
11. കൂർക്കയിലനീരിൽ അറുപത്തുനാലുനാഴിക അരച്ചു
12. അതിസരിക്കുക
13. പൈതങ്ങൾക്കു കൊടുക്കും മരുന്നിത്

14. ഒരു കഴഞ്ചെങ്കിലും പ്രായം കണ്ട് കൊടുക്കുക

15. ഉഴക്ക് ചെറുനാരങ്ങാനീരിൽ

16. കൊടുത്താൽ ചലം പിടിക്കും

17. ചങ്കും കരളും കൂമ്പി മഞ്ഞനിറമാകും

18. എതിരെ കൊടുക്ക

ഇങ്ങനെ എത്രയെങ്കിലും കാണാൻ സാധിക്കും.

**ഇതിവൃത്തം**

ഗ്രന്ഥത്തിന് പ്രധാനമായും രണ്ടു ഭാഗങ്ങൾ ഉണ്ട്. ഒന്നാം ഭാഗത്ത് ഗർഭരക്ഷാക്രമങ്ങളും ഗർഭചികിത്സയും രണ്ടാംഭാഗത്ത് ബാലചികിത്സയും പ്രതിപാദിച്ചിരിക്കുന്നു.

വിഷയങ്ങളെ കുറച്ചുകൂടി ആഴത്തിൽ തിരിച്ചാൽ വീണ്ടും ആറ് അധ്യായങ്ങളായി ഗ്രന്ഥത്തെ വിഭജിക്കാം.

ഗ്രന്ഥത്തിന്റെ ഒന്നാം ഭാഗത്തിൽ ആർത്തവം, സന്താനോൽപ്പത്തി, ഗർഭോല്പ്പാദനത്തിന് അനുഗണമായ ഔഷധങ്ങളുടെ കൂട്ട്, ഗർഭശുദ്ധി എന്നിവയും ആയതിനുള്ള പുളിക്കുഴമ്പ്, ഫലസർപ്പിസ്, പാൽക്കഷായം, കഷായം തുടങ്ങിയ മരുന്നുകളും പറയുന്നു.

പിന്നീട് ഗർഭസ്വാവം വരാതിരിക്കാനുള്ള നെയ്യ് കഷായം, ലാക്ഷാദികുഴമ്പ് എന്നിവയും പറയുന്നു. ശേഷം ഗർഭഛിദ്രം ഉണ്ടാവാതിരിക്കാനുള്ള മരുന്നുകൾ ഏതെന്നും അവയുടെ കൂട്ടും മൂലികകളും വിവരിക്കുന്നു. ഷഡംഗം, വിദാര്യാദികഷായം ക്ഷീരബലം എന്നിവയും വിശദീകരിക്കുന്നു. ഇതിനുശേഷം ഗർഭകാലത്ത് വരാവുന്ന രോഗങ്ങളെയും അവയ്ക്കുള്ള ചികിത്സാവിധികളെയും പറയുന്നു. ജ്വരം, തലനോവ്, രക്താതിസാരം അതിസാരം, ഛർദ്ദി, ഇക്കിൾ, മൂത്രദോഷം കാസശ്വാസം തുടങ്ങിയവയ്ക്കുള്ള ഔഷധങ്ങളും വിവരിക്കുന്നു.

ഗർഭരക്ഷാ ചികിത്സയാണ് പിന്നീട്, ഒന്നാം മാസം മുതൽ പത്താം മാസംവരെയും ഗർഭരക്ഷക്ക് ചെയ്യേണ്ടുന്ന മരുന്നുകളുടെ ക്രമത്തെ ഇവിടെപ്പറയുന്നു. ഗർഭകാലത്തെ പ്രജയുടെ വളർച്ചയെ

പ്പറ്റി പറയുന്നത് ഈ ഭാഗത്താണ്. ആധുനികമായ നിരീക്ഷണ ഉപകരണങ്ങൾ ഒന്നുമില്ലാതിരുന്ന കാലത്താണ് വൈദ്യന്റെ ഈ വിവരണം എന്നത് ആശ്ചര്യമുളവാക്കുന്ന വസ്തുതയാണ്.

''രണ്ടാം മാസത്തിൽ പ്രജ ഘനമായിരിക്കും. മൂന്നാം മാസത്തിൽ അങ്കുരമായിരിക്കും. നാലാം മാസത്തിൽ അസ്ഥി ഉണ്ടാകും. അഞ്ചാം മാസത്തിൽ തൊലിമൂടും. ആറാം മാസത്തിൽ അംഗങ്ങളുാകും. ഏഴാം മാസത്തിൽ പ്രജ മുഴുവനും തികഞ്ഞു വളർച്ച തുടങ്ങും.''

എന്തിനെന്നു മനസിലാകുന്നില്ല; ചത്തപിള്ള പിറക്കുന്നതിനുള്ള ഒരു ഔഷധക്കൂട്ടും ഇതിനുശേഷം പറയുന്നുണ്ട്. രക്തം ശരീരത്തിൽ കേറാതിരിക്കുന്നതിനും മറുപിള്ള പിറക്കുന്നതിനും മറ്റുമുള്ള മുരുന്നുകളും യഥാക്രമം വിവരിച്ചിരിക്കുന്നു. വായുക്ഷോഭം, ആറുകാലാദി എണ്ണയുടെ കൂട്ട്, മുലയിൽ പാലില്ലാത്തതിനുള്ള മരുന്ന് മൂലയിൽ കുരുവുണ്ടാകുന്നത് മാറാനുള്ള മരുന്ന്, ചെറുപഞ്ചമൂലം, വലിയ പഞ്ചമൂലം എന്നീ കഷായക്കൂട്ട്, ബലാകൊടിത്തൂവാദി കഷായം തുടങ്ങി പ്രസവശേഷം വരുന്ന ആന്തരികവും ബാഹ്യവുമായ രോഗാസ്വാസ്ഥ്യങ്ങൾക്കുള്ള മൂലികകളും പറഞ്ഞുകൊണ്ട് ആദ്യഭാഗം അവസാനിച്ചിരിക്കുന്നു. ഈ ഒന്നാംഭാഗം മുഴുവൻ ഗദ്യരൂപത്തിലാണ് എഴുതിയിട്ടുള്ളത്.

രണ്ടാംഭാഗം ബാലചികിത്സയാണ്. അതിപ്രകാരം തുടങ്ങുന്നു.

''ബാലന്മാർക്ക് ചികിത്സക്കുള്ളായുശ്ശാസ്ത്രിമാദംകൃത-
ബാലന്മാർക്ക് പഠിച്ചീടാനെളുപ്പം പാരമാമിദം.''
പെറ്റുവീണിടുമപ്പോഴേ തെറ്റെന്നുണ്ടാമോരോഗദം
പറ്റിയാലതൊഴിച്ചീടാൻ ഭിഷക്ദാതികൾ ചെയ്യണം
കൺമിഴിച്ചുകരഞ്ഞീടും മുലയുണ്ണാതെയും സദാ
മലമൂത്രങ്ങൾ പോകില്ലാ ഇവയോരോന്നുകണ്ടിടും
വീർപ്പില്ലാതെകരഞ്ഞീടുമെച്ചിപ്പുണ്ണ് പെരുക്കിലാം

ഒച്ചപാരമടച്ചീടും ദുശ്ശീലത്തിനുമാമിത്.''

ഇതിൽ രോഗലക്ഷണങ്ങളും അതിനുള്ള മരുന്നും എന്ന ക്രമത്തിലാണ് വിവരിച്ചിട്ടുള്ളത്. സമാപിക്കുമ്പോൾ,;

''ബാലൻമാർക്കു ചികിത്സിച്ചേനിത്രനാളും ഗുരൂക്കമായ്
ഇനിവേുന്നവർക്കെല്ലാമിതുകൊണ്ടറിയായ്വരും
അദ്ധ്യായമൊന്നു നിർമ്മിച്ചേനത്യാശപെരുകീടുകിൽ
വൃത്താന്തമെന്നു ചൊല്ലീടാം ബദ്ധിയുള്ളവർകേൾക്കിലാം.''

ഇങ്ങനെയാണ് ഉപസംഹരിച്ചിരിക്കുന്നത്. ഗുരൂപദേശമായിത്തനിക്കുകിട്ടിയ വിദ്യ ബുദ്ധിയുള്ളവർ പഠിക്കട്ടെ എന്ന അത്യാശകൊാണ് ഗ്രന്ഥം നിർമ്മിക്കുന്നതെന്ന് ഗ്രന്ഥകർത്താവ് ആഗ്രഹിക്കുന്നു. തുടർന്ന് ചികിത്സാഭേദങ്ങളെപ്പറയുന്നു.

ബാല്യത്തിൽ കുട്ടികൾക്കുവരുന്ന രോഗങ്ങൾ ഏതാണ്ടെല്ലാത്തിനുമുള്ള മരുന്നുകൾ ഈ അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്. കണ്ണ് ചുവന്ന് പഴുപ്പുവന്നാലുള്ളതിന് മരുന്ന് ഇങ്ങനെ പറയുന്നു.

''പച്ചനെല്ലിക്ക നീർത്തിൽ ജീരകദ്വയമിട്ടത്
തൈർ കൂട്ടി വിതുമ്പീട്ട് കൊടുത്താലുമൊഴിഞ്ഞുപോം
പിച്ചകലത്തില നീർതന്നിൽ മധുവും കൽക്കസംയുതം
നെയ്യെന്തു വായിൽ തേച്ചീടിൽ പൊറുക്കും നാലുനാളകം
കഴുത്തിന്നി മേല്പോട്ടുമുണ്ടാകുന്നതിനൊട്ടു ഞാൻ
ചികിത്സക്കുള്ളുപായങ്ങൾ പറയുന്നിതു ഭാഷയായ്.''

ഇപ്രകാരം വൈദ്യത്തിൽ അഗാധജ്ഞാനമില്ലാത്ത ഒരാൾക്കുപോലും മനസിലാക്കുന്നതരത്തിലാണ് മൂലികകളുടെ കൂട്ടും ഔഷധനിർമ്മിതിയും ഭാഷയിൽ പറയുന്നത്. ഒരു രോഗത്തിന് ഒന്നിലധികം മരുന്നുകൾ പറയുന്നത് ഗ്രന്ഥകർത്താവിന്റെ വൈദ്യവൃത്തിയിലുള്ള അറിവിന്റെ ആഴം വ്യക്തമാക്കുന്നതാണ്.

ഇപ്രകാരം മൂന്ന് അധ്യായങ്ങളിൽ പദ്യരൂപത്തിൽ മരുന്നുകളെ വിസ്തരിച്ചിരിക്കുന്നു. അന്ത്യത്തിൽ;

''ഇതിൽപ്പരം ചികിത്സിപ്പാൻ പാത്രമല്ലാതയാളുകൾ

കാലാകാലങ്ങളോർക്കേണം ബാലാനാംബലവും തഥാ

അധ്യായം മൂന്നു നിർമ്മിച്ചേനത്യാശപെരുകീട്ടു ഞാൻ

ഭക്തിയോടിവ ചെയ്തീടിൽ ഭൂക്തിയും കിട്ടുമാദരാൽ ''

ഭക്തിപൂർവ്വം ചെയ്താൽ ഭൗതികമായും ഐശ്വര്യം വർദ്ധിക്കുമെന്ന് ആശിച്ചു പറഞ്ഞവസാനിപ്പിച്ചിരിക്കുന്നു.

പിറന്നുവീണ കുഞ്ഞിനെ ശുശ്രൂഷിക്കേണ്ടതിനെപ്പറ്റിയും പിന്നീടുവരാവുന്ന രോഗങ്ങളെയും ഔഷധങ്ങളെയും ഒന്നുകൂടി വിശദമാക്കുകയാണ് പിന്നീട്. ഈ ഭാഗം ഗദ്യരൂപത്തിലാണ് എഴുതിയിരിക്കുന്നത്. ജനനം മുതൽ 16 വയസുവരെ ഉണ്ടാകാവുന്ന രോഗങ്ങളെ വയസുതിരിച്ച് വിവരിച്ച് അവയ്ക്കുള്ള ഔഷധങ്ങളും വിവരിച്ചിരിക്കുകയാണീഭാഗത്ത്.

ഇതിനുശേഷം നീലൻ, ചവപ്പൻ, നീർപ്പീഡ, കഴുകൻ, സുന്ദരി, അടപ്പൻ, അനിഷ്ടൻ സ്വേദൻ എന്നിങ്ങനെ എട്ടുപേരുകളിൽ ബാലകർക്കുവരാവുന്ന രോഗങ്ങളെയും അവയ്ക്കുള്ള മരുന്നും നിർദ്ദേശിച്ചിരിക്കുന്നു.

''ഇരുപത്തിഒന്നു മുക്കുറ്റി, ഇരുപത്തിഒന്നു മുന്തിരിങ്ങപ്പഴം ഇവരും കൂടി കുത്തിപ്പിഴിഞ്ഞു നീരടുത്തതിൽ മൂന്നു തുള്ളി കോഴിച്ചോരയും കൂട്ടികൊടുക്കുക'' എന്ന് 'മുക്കുടി' ഔഷധം നിർദ്ദേശിച്ചിരിക്കുന്നതു കാണാം.

രോഗലക്ഷണങ്ങളെ വളരെ വ്യക്തമായാണ് വിവരിക്കുന്നത്.

'പശുക്കരണി'യുടെ ലക്ഷണം പറയുന്നതിങ്ങനെയാണ്; ''ഒരു കാൽവിറക്കും. കാലുതല്ലും, ഒരുകൈ വിറക്കും, ചിറി കയറ്റും, പല്ലുകടിക്കും, കണ്ണുമലരെത്തുറന്ന് വട്ടക്കണ്ണിടും'' ഇതിനുശേഷം ഔഷധം നിർദ്ദേശിക്കാം. അതാണ് രചനാരീതി.

ബാലകർക്കുവരുന്ന 'കരപ്പൻ' എന്ന രോഗത്തെയും അതിനുള്ള മരുന്നുമാണ് അടുത്ത അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നത്.

അകക്കരപ്പൻ, പുറക്കരപ്പൻ, നീരക്കരപ്പൻ, പന്നിക്കരപ്പൻ, രക്തക്കരപ്പൻ, ശോണിക്കരപ്പൻ, കുപ്പിക്കരപ്പൻ എന്നു തുടങ്ങി നീർച്ചിലന്നി വെറ്റിലാച്ചിലന്നി, താമരച്ചിലന്നി എന്നുവരെ 61 കരപ്പനെപ്പറ്റിയും അവയ്ക്കുള്ള മരുന്നും ലക്ഷണവും ഇവിടെ വിസ്തരിച്ചിരിക്കുന്നു. അക്കാലത്ത് കുട്ടികൾക്കു സർവസാധാരണ വരാറുള്ള ഒരുരോഗമായിരുന്നു കരപ്പൻ.

അടുത്തഭാഗത്ത് പിത്തജ്വരം, വയർവീർത്ത് മലം പോകായ്ക, മൂത്രം പോകാതെയുള്ള വയർവീർക്കൽ, ഛർദ്ദിക്ക്, അതിസാരത്തിന്, കാസശ്വാസത്തിന്, രാപ്പനിക്ക്, മുലപ്പാലുതന്നെ തികട്ടുന്നതിന്, മൂത്രതടസത്തിന് എന്നീ രോഗങ്ങളുടെ ലക്ഷണവും മരുന്നും നിർദ്ദേശിക്കുകയാണ്.

കുട്ടികൾക്ക് ഓർമ്മശക്തി വർദ്ധനക്കുള്ള സാരസ്വത ചൂർണം, ബ്രഹ്മഘൃതം ഇവയും പറഞ്ഞ് ആ ഭാഗം ഉപസംഹരിച്ചിരിക്കുന്നു. സാരസ്വതചൂർണത്തിന്റെ കൂട്ട് ഇപ്രകാരമാണ് വിവരിച്ചിട്ടുള്ളത്;

''ചുക്ക്, അയമോദകം, മഞ്ഞൾ, മരമഞ്ഞൾത്തൊലി, ഇന്തുപ്പ്, വയമ്പ്, ഇരട്ടിമധുരം, കൊട്ടം, തിപ്പലി, ജീരകം ഇവ സമം ഉണക്കിപ്പൊടിച്ച് നെയ്യിൽച്ചാലിച്ച് സേവിക്കണം.''

ഗ്രന്ഥാന്ത്യത്തിൽ പിത്തക്കാമില അഥവാ മഞ്ഞപ്പിത്തത്തിനുള്ള മരുന്നുകൂടി വിസ്തരിച്ചു പറഞ്ഞ് അവസാനിപ്പിച്ചിരിക്കുന്നു.

ഇപ്രകാരം ഗർഭോത്പാദനം മുതൽ ബാലകൻമാർക്ക് 16 വയസുവരെ വരാവുന്ന രോഗങ്ങളെയും അവയുടെ ലക്ഷണങ്ങളെയും അതിനുള്ള ഔഷധത്തെയും ബദ്ധിവർദ്ധനക്കുള്ള മൂലികകളെയും യഥാവിധി ബുധജന പരിതോഷാർത്ഥം ഭാഷയിൽ ഗദ്യ-പദ്യ രൂപത്തിൽ പകർന്നു നൽകിയിരിക്കുന്ന അമൂല്യഗ്രന്ഥമാണ് പ്രസ്തുത പഠനത്തിന് അർഹമായിരിക്കുന്നത്.

ഇതിന്റെ ഗ്രന്ഥകർത്താവാരെന്നോ കാലം ഏതെന്നോ ഗ്രന്ഥത്തിൽനിന്ന് ഒരു സൂചനയും ലഭ്യമല്ല. ഭാഷാരീതി നോക്കിയാൽ ഇരുന്നൂറു വർഷം പഴക്കം പറയേണ്ടതുണ്ട്. ഭാഷാജ്യോതിഷ ഗ്രന്ഥമായ 17-ാം നൂറ്റാണ്ടിൽ പരിചിതമായ എടക്കാട്ടു കൂക്കണിയാളുടെ 'പ്രശ്നരീതി'യിലെ പദ്യരീതിയുമായി ബന്ധം തോന്നുന്നുണ്ട്. മറ്റു ഫലേച്ഛകളൊന്നും കൂടാതെ വിഷവൈദ്യം നടത്തിയിരുന്ന പല വൈദ്യൻമാരും പഴയകാലത്ത് ഉണ്ടായിരുന്നു. അപ്രകാരം ലോകോപകാരാർത്ഥം ഔഷധപ്രയോഗങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ച ഒരു ഗ്രന്ഥമാണ് ഇവിടെ പരിചയപ്പെടുത്തിയിട്ടുള്ളത്.

**ഗ്രന്ഥസൂചി**

1. ഗർഭകാലചികിത്സാവിധികളും ബാലചികിത്സും, ഡി.നം. 154, ഓറിയന്റൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് & മാനുസ്ക്രിറ്റ്സ് ലൈബ്രറി, കേരളസർവകലാശാല, കാര്യവട്ടം.
2. മുരുകേഷ്, എസ്., പ്രശ്നരീതി - സംശോധിതസംസ്കരണവും പഠനവും, ഓറിയന്റൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് & മാനുസ്ക്രിറ്റ്സ് ലൈബ്രറി, കേരളസർവകലാശാല, കാര്യവട്ടം.

**ഡോ. മുരുകേഷ് എസ്**
അസിസ്റ്റന്റ് പ്രൊഫസർ
മലയാള വിഭാഗം,
എൻ,എസ്. കോളേജ്, നെന്മാറ, പാലക്കാട് ജില്ല

# മലയാളഗദ്യചരിത്രത്തിൽ ഗ്രന്ഥവരികൾക്കുള്ള സ്ഥാനം

**ആശ സി.എസ്.**

**പ്രബന്ധസംഗ്രഹം**

*മലയാളഗദ്യത്തിന്റെ പ്രാചീനരൂപം ഗ്രന്ഥവരികളിൽ കാണാനാകും. ചരിത്രപരമെന്നപോലെ ഭാഷാപരവുമായും പ്രാധാന്യമുള്ള ഇത്തരം ഗ്രന്ഥവരികൾക്ക് മലയാളഗദ്യചരിത്രത്തിലുള്ള സ്ഥാനം കണ്ടെത്തുകയാണ് പ്രബന്ധലക്ഷ്യം.*

**താക്കോൽ വാക്കുകൾ**

*ഗ്രന്ഥവരി, പെരുമ്പടപ്പ് ഗ്രന്ഥവരി, കോഴിക്കോടൻ ഗ്രന്ഥവരി, മതിലകം ഗ്രന്ഥവരി.*

ഏത് സാഹിത്യത്തിന്റെയും ചരിത്രം പരിശോധിച്ചാൽ അതിന്റെ തുടക്കം കവിതയിലാണെന്ന് മനസിലാക്കാം. സാമൂഹിക ജീവിയായി വളർന്ന മനുഷ്യന് ആശയവിനിമയം ആവശ്യമായി വന്നപ്പോൾ ഭാഷയുടെ സ്വാഭാവികമായ പരിണാമം എന്ന നിലയിലാകാം ശരിയായ ഗദ്യത്തിന്റെ ആവിർഭാവം. ഗദ്യത്തിന് രണ്ട് രൂപങ്ങൾ ഉണ്ട്. വായ്മൊഴിയും വരമൊഴിയും. ആദ്യരൂപം വായ്മൊഴി. സാമൂഹികമായും മാനസികമായും സാംസ്കാരികമായും മനുഷ്യൻ അഭിവൃദ്ധിപ്രാപിച്ചപ്പോൾ അനുഭവങ്ങളും ചിന്തകളും ഭാവിയിൽ ഉപകരിക്കാൻ രേഖപ്പെടുത്തി വയ്ക്കണം എന്ന ചിന്ത വരമൊഴിക്ക് രൂപം നൽകി. മനുഷ്യവളർച്ചയുടെ ഏത് ഘട്ടത്തിലാണ് ഇത് സംഭവിച്ചതെന്ന് പറയാനാവില്ല.

എ.ഡി. ഒമ്പതാം ശതകത്തിന് ശേഷം മാത്രമേ കേരളത്തിലെ വരമൊഴിയുടെ ഏതെങ്കിലും ഒരു രൂപം നമുക്ക് കിട്ടുന്നുള്ളൂ. ശിലാശാസനങ്ങളും താമ്രശാസനങ്ങളും ഈ കാലഘട്ടത്തിൽ രചിക്കപ്പെട്ടവയാണ്. ആദ്യകാലരേഖകളിൽ തമിഴിനായിരുന്നു പ്രാധാന്യം.

എ.ഡി. ഒമ്പതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ കേരളം ഭരിച്ചിരുന്ന രാജശേഖരന്റെയും അദ്ദേഹത്തിന്റെ അനന്തരഗാമിയായ സ്ഥാണുരവിയുടെയും ശാസനങ്ങളാണ് നമുക്ക് കിട്ടിയിട്ടുള്ളതിൽവച്ച് ഏറ്റവും പ്രാചീനമായ ശാസനം. ചെന്തമിഴും മലയാളവും ചേർന്ന മിശ്രഭാഷയാണ് ഈ ശാസനങ്ങളിൽ കാണുന്നത്.

എ.ഡി. പത്താം നൂറ്റാണ്ടിൽ കോതരവിവർമ്മയുടെ ചോക്കൂർ ശാസനവും തൃപ്രങ്ങോട്ടു ശാസനവും ഇന്ദുക്കോതവർമ്മയുടെ മൂഴിക്കുളം ശാസനവും തൃക്കാക്കര ശാസനങ്ങളും വല്ലഭൻ കോതയുടെ മാമ്പള്ളി ശാസനവുമാണ് പ്രധാന ശാസനങ്ങൾ.

എ.ഡി. പതിനൊന്നാം നൂറ്റാണ്ടിൽ രവിരാമവർമ്മയുടെ തൃക്കൊടിത്താനം ശാസനവും ഭാസ്ക്കരരവിവർമ്മയുടെ ശാസനങ്ങളും ലഭിച്ചു. എ.ഡി. പന്ത്രണ്ടാം നൂറ്റാണ്ടാണ് ഉദയമാർത്താണ്ഡവർമ്മ, വീരരാമവർമ്മ, കോതമാർത്താണ്ഡൻ എന്നീ രാജാക്കന്മാരുടെ ശാസനങ്ങളാണ് പ്രാധാന്യമർഹിക്കുന്നവ.

മലയാളത്തിന്റെ പ്രാചീനമാതൃകയിലുള്ള ആദ്യകൃതി ഭാഷാകൗടലീയമാണ്. കൗടല്യൻ രചിച്ച അർത്ഥശാസ്ത്രത്തിന്റെ പരിഭാഷയാണിത്. പതിമൂന്നാം നൂറ്റാണ്ടാണ് ഇതിന്റെ കാലഘട്ടം. തോലകവിയുടെ ആട്ടപ്രകാരം, ക്രമദീപിക എന്നീ കൃതികളും ഇതേ കാലഘട്ടത്തിലാണ് രചിക്കപ്പെട്ടിരിക്കുന്നത്.

എ.ഡി. പതിനാലാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട കൃതികൾ നമ്പ്യാന്തമിഴ് വിഭാഗത്തിൽപ്പെടുന്നു. ബ്രഹ്മാണ്ഡപുരാണം, അംബരീഷോപാഖ്യാനം, നളോപാഖ്യാനം, ദേവീമാഹാത്മ്യം എന്നീ കൃതികൾ ഈ വിഭാഗത്തിൽപ്പെടുന്നവയാണ്.

രാമായണം തമിഴ്, ഭാഗവതം ഗദ്യം തുടങ്ങിയവ പതിനഞ്ചാം നൂറ്റാണ്ടിലും ഉത്തരരാമായണം ഗദ്യം, തിരുക്കുറൾ ഭാഷ, പരമഞ്ഞാനവിളക്കം, സംഗീതശാസ്ത്രം, മഴമംഗലത്തിന്റെ കൃതികൾ, കളരിവിദ്യ എന്നിവ പതിനാറാം നൂറ്റാണ്ടിലും രചിക്കപ്പെട്ടു.

പതിനഞ്ച്, പതിനാറ് നൂറ്റാണ്ടുകളിൽ ധാരാളം സംസ്കൃത കൃതികൾക്ക് വ്യാഖ്യാനം ഉണ്ടായിട്ടുണ്ട്. വേദാന്തസംബന്ധിയായ തത്ത്വമസീവ്യാഖ്യാനം, വേദാന്തപ്രകരണം, ഈശ്വരസ്വരൂപവിചാരം, സിദ്ധദീപിക, ജനകാഗസ്ത്യസംവാദം, ജ്യോതിശാസ്ത്രസംബന്ധിയായ ഭാവാധ്യായം, ഹോരാസാരോച്ചയം, വേണ്വാരോഹം വൈദിക കർമ്മ പ്രതിപാദകങ്ങളായ ശ്രൗതപ്രയോഗം ഭാഷ, പ്രൈഷം ഭാഷ്യം എന്നിവ ഈ കാലഘട്ടത്തിൽ രചിക്കപ്പെട്ടവയാണ്. സൗന്ദര്യലഹരി, മുകുന്ദമാല, വിഷ്ണുകേശാദിപാദസ്തവം തുടങ്ങിയ ഭക്തിപ്രധാനങ്ങളായ കൃതികൾക്ക് വ്യാഖ്യാനം ഉണ്ടായതും ഇതേ കാലഘട്ടത്തിലാണ്.

പതിനേഴാം നൂറ്റാണ്ടിൽ മിഷണറി ഗദ്യം രൂപം കൊള്ളുന്നു. ഉദയംപേരൂർ സൂനഹദോസിലെ കാനോനകളാണ് മിഷണറിഗദ്യവുമായി ബന്ധപ്പെട്ട് നമുക്ക് ലഭിക്കുന്ന ആദ്യരേഖ. കേരളപ്പഴമ, ഹോർത്തൂസ് മലബാറിക്കുസ് എന്നിവയും ഈ കാലഘട്ടത്തിൽ രചിക്കപ്പെട്ട കൃതികളാണ്.

പതിനെട്ടാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട കൃതികളാണ് കരിയാറ്റിൽ ഔസേപ്പ് കത്തനാർ രചിച്ച വേദതർക്കം, പാറേമാക്കൽ തോമകത്തനാരുടെ വർത്തമാനപുസ്തകം, ജ്ഞാനമുത്തുമാല എന്നിവ.

പത്തൊമ്പതാം നൂറ്റാണ്ട് മലയാള ഗദ്യത്തിന്റെ വളർച്ചയിലെ പ്രധാനപ്പെട്ട കാലമാണ്. ബഞ്ചമിൻ ബയിലി, ഡോ. ഹെർമ്മൻ ഗുണ്ടർട്ട്, റവ. ജോർജ് മാത്തൻ, ആർച്ച് ഡീക്കൻ കോശി, ഉമ്മൻ ഫീലിപ്പോസ്, റിച്ചാർഡ് കോളിൻസ് എന്നിവരുടെ കൃതികൾ ഈ കാലഘട്ടത്തിൽ ഉണ്ടായവയാണ്. ആദ്യമായി ഖുർ- ആന്റെ പരിഭാഷ പ്രസിദ്ധീകരിച്ചതും ഇതേ കാലഘട്ടത്തിലാണ്. സർവ്വാധികാര്യക്കാർ പി. ഗോവിന്ദപ്പിള്ളയുടെ മല

യാളഭാഷാചരിത്രം, കോവുണ്ണി നെടുങ്ങാടിയുടെ കേരളകൗമുദി, ഏ.ആർ. രാജരാജവർമ്മയുടെ കേരളപാണിനീയം, സാഹിത്യസാഹ്യം, ഭാഷാഭൂഷണം, വൃത്തമഞ്ജരി എന്നീ കൃതികളും മലയാള ഭാഷയെ സമ്പന്നമാക്കി. പത്തൊമ്പതാം നൂറ്റാണ്ടിലാണ് കേരളത്തിൽ പത്രപ്രവർത്തനം ആരംഭിക്കുന്നത്.

ഇരുപതാം നൂറ്റാണ്ടിൽ വാമൊഴിക്ക് സാഹിത്യത്തിൽ പ്രവേശനം ലഭിക്കുന്നു. തകഴി, ദേവ്, ബഷീർ എന്നിവരുടെ കൃതികൾ ഉദാഹരണം.

സമകാലഗദ്യം പഴയ കാലഗദ്യത്തിൽനിന്ന് ഭാഷയിലും ശൈലിയിലും പരിണാമം ഉൾക്കൊണ്ട് ആശയവിനിമയം സുഗമമാക്കുന്നുണ്ട്. അക്കാദമികരംഗത്തായാലും ജനപ്രിയ സാഹിത്യത്തിലായാലും വ്യാകരണതലത്തിൽ ലളിതമായ ഘടനാവിന്യാസത്തിലൂന്നിനിന്നുകൊണ്ടാണ് സമകാലികഗദ്യം രചിക്കപ്പെടുന്നത്. ഇതാണ് മലയാളഗദ്യത്തിന്റെ സാമാന്യചരിത്രം.

**ഗ്രന്ഥവരികൾ**

കോവിലകങ്ങളിലും ക്ഷേത്രങ്ങളിലും ഇല്ലങ്ങളിലും എഴുതി സൂക്ഷിച്ചിട്ടുള്ള വസ്തുസ്ഥിതി വിവരരേഖകളാണ് ഗ്രന്ഥവരികൾ. സമ്പത്തികവിനിമയങ്ങൾ, സാമൂഹികവ്യാപാരങ്ങൾ, ആചാരം - അനുഷ്ഠാനം - വിശ്വാസം - കീഴ്‌വഴക്കം എന്നിവയുടെ ചരിത്രം അന്വേഷിക്കുന്നവർക്ക് വിലപ്പെട്ട വിവരങ്ങൾ നൽകാൻ ഗ്രന്ഥവരിക്ക് കഴിയും. ഭാഷാപരമായ പ്രാധാന്യവും ഗ്രന്ഥവരികൾക്ക് ഉണ്ട്.

കരണങ്ങൾ, നാൾവഴികണക്ക്, ചട്ടവരിയോല എന്നിങ്ങനെ മൂന്നുതരത്തിലാണ് ഗ്രന്ഥവരികൾ പൊതുവെ കാണുന്നത്. തീരുമാനങ്ങൾ, ഉടമ്പടികൾ, ഒത്തുതീർപ്പുകൾ, കൈമാറ്റങ്ങൾ തുടങ്ങിയവയുടെ പ്രമാണങ്ങളാണ് കരണങ്ങൾ. ക്ഷേത്രങ്ങളുടേയോ നാടുവാഴിസ്വരൂപങ്ങളുടേയോ ഭൂപ്രഭുക്കൻമാരുടേയോ നിത്യദാനം സംബന്ധിച്ചും വരവ് - ചെലവ് സംബന്ധിച്ചും ഉള്ളവയാണ് നാൾവഴി കണക്കുകൾ. ചട്ടവരിയോലകളിൽ നടപടിക്രമങ്ങളും പതിവുകളും കീഴ്‌വഴക്കങ്ങളും രേഖപ്പെടുത്തുന്നു. ചിലപ്പോൾ ഒരു

ഗ്രന്ഥവരിയിൽ തന്നെ കരണങ്ങളും നാൾവഴികണക്കുകളും കീഴ്‌വഴക്കങ്ങളും ഇടകലർന്നും വരും.

**തിരുവല്ലഗ്രന്ഥവരി**

കവിയൂർ ക്ഷേത്രത്തിലേയും തിരുവല്ല ശ്രീവല്ലഭൻ ക്ഷേത്ര ത്തിലേയും തേവർക്ക് കൊടുക്കേണ്ട നെല്ലിന്റെ അളവ്. ജന്മി - കുടിയാൻ ബന്ധം എന്നിവ ഈ ഗ്രന്ഥത്തിൽ കാണാം.

**കുന്നുതറ ഗ്രന്ഥവരി**

തെക്കുംകൂർ രാജാവ് കുട്ടനാട്ടിൽ വള്ളുവൻമാരെ അധിവ സിപ്പിച്ച് അവരെക്കൊണ്ട് കട്ട കുത്തിച്ച് കരിനിലങ്ങളെ കൃഷിക്ക് ഉപയുക്തമാക്കിയതിന്റെ ചരിത്രം.

**പറമ്പൂർ - എടവന ഗ്രന്ഥവരികൾ**

ഭൂമിയുടെ മേലും അവകാശങ്ങളിലൻ മേലുമുള്ള അധി കാരം രേഖപ്പെടുത്തുന്നതരം പ്രമാണങ്ങളാണ് ഇവ.

**ആറങ്ങോട് സ്വരൂപം ഗ്രന്ഥവരി**

പതിനഞ്ചാം നൂറ്റാണ്ടോടുകൂടി മാമാങ്ക സ്ഥാനം വള്ളുവ ക്കോനാതിരിയിൽനിന്നും സാമൂതിരി നേടുന്നതിന്റെ വിവരണ മാണ് ആറങ്ങോട്ട് സ്വരൂപം ഗ്രന്ഥവരിയിലുള്ളത്.

**അയിരാണിക്കുളം ഗ്രന്ഥവരി**

അയിരാണിക്കുളം മഹാദേവക്ഷേത്രത്തെ സംബന്ധിച്ച് പതിനഞ്ചാം നൂറ്റാണ്ടിൽ എഴുതപ്പെട്ട രേഖയാണിത്.

**തിരുപ്പുലിയൂർ ഗ്രന്ഥവരി**

പുലിയൂർ ക്ഷേത്രത്തിന്റെയും ദേശത്തിന്റേയും ചരിത്രവു മായ ബന്ധപ്പെട്ട കൊല്ലം 632 വൃശ്ചികം 11 മുതൽ 1071 മീനം 2 വരെയുള്ള കാലത്തെ ഇരുപത്തിയെട്ട് രേഖകളാണ് ഈ ഗ്രന്ഥ ത്തിന്റെ ഉള്ളടക്കം.

**വഞ്ചേരി ഗ്രന്ഥവരി, കൂടാളി ഗ്രന്ഥവരി**

പതിനാറാം നൂറ്റാണ്ടാണ് ഇതിന്റെ കാലഘട്ടം നാടുവാഴികളുടേയും ദേശവാഴികളുടേയും സ്ഥാനാരോഹണം, നീതിന്യായവുമായി ബന്ധപ്പെട്ട സത്യപരീക്ഷകൾ എന്നിവ രേഖപ്പെടുത്തിയിരിക്കുന്നു.

**ലോകനാർകാവ് ഗ്രന്ഥവരി**

ക്ഷേത്ര ആചാരങ്ങൾ, വസ്തു കൈമാറ്റങ്ങൾ എന്നിവയെ കുറിച്ചുള്ള രേഖ. പതിനാറാം നൂറ്റാണ്ടാണ് കാലഘട്ടം.

**പെരുമ്പടപ്പ് ഗ്രന്ഥവരി**

കൊച്ചി രാജാവിന്റെ കോവിലകം ഗ്രന്ഥവരിയാണിത്. പതിനേഴാം നൂറ്റാണ്ടാണ് കാലഘട്ടം.

**നിരണം ഗ്രന്ഥവരി**

കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ ചരിത്രമാണിത്. പതിനെട്ടാം നൂറ്റാണ്ടാണ് ഇതിന്റെ കാലഘട്ടം.

**വടക്കുംനാഥൻ ദേവസ്വം ഗ്രന്ഥവരി**

എ.ഡി. 1728-നും 1765-നും ഇടയ്ക്ക് നെടിയിരുപ്പ് സ്വരൂപം തൃശ്ശിവപേരൂരിനെ ആക്രമിക്കുന്നതിന്റെ വിവരണം ഈ രേഖയിൽ ഉണ്ട്.

**വള്ളുവനാട് ഗ്രന്ഥവരി**

കൊ.വ. 990 മുതൽ 1094 വരെയുള്ള വള്ളുവക്കോനാതിരിമാരുടെ ചിരിത്രം ഈ ഗ്രന്ഥവരിയിൽ നിന്നും ലഭിക്കുന്നു.

**കോഴിക്കോടൻ ഗ്രന്ഥവരി**

സാമൂതിരിമാരുടെ കാലത്ത് നടന്ന സംഭവങ്ങളും ചടങ്ങുകളും ആചാര അനുഷ്ഠാനങ്ങളും ഉത്സവങ്ങളും വരവ് ചെലവ് കണക്കുകളും എഴുതിയിട്ടുള്ള രേഖകളാണ് കോഴിക്കോടൻ ഗ്രന്ഥവരി. പതിനഞ്ചാം നൂറ്റാണ്ടു മുതൽ പതിനെട്ടാം നൂറ്റാണ്ടുവരെയുള്ള രേഖകളാണ് ഈ ഗ്രന്ഥവരിയിൽ കാണുന്നത്.

**മതിലകം ഗ്രന്ഥവരി**

തിരുവനന്തപുരം പത്മനാഭപുരം ക്ഷേത്രഭരണ സമിതിയുമായി ബന്ധപ്പെട്ട രേഖകളാണ് ഇവ. പതിനാലാം നൂറ്റാണ്ടുമുതൽ ഇരുപതാം നൂറ്റാണ്ട് വരെയുള്ള രേഖകൾ ഈ ഗ്രന്ഥവരിയിലുണ്ട്.

പെരുമ്പള്ളിദേശംവക ഗ്രന്ഥവരി, വെള്ളൂർ ഗ്രന്ഥവരി തുടങ്ങി നൂറ്റി അറുപത്തിരണ്ട് ഗ്രന്ഥവരി കേരളസർവ്വകലാശാല ഹസ്തലിഖിതഗ്രന്ഥശാലയിൽ ഉണ്ട്. ഇതിൽ പതിനാല് എണ്ണം കടലാസ് രേഖകളാണ്. രണ്ട് വട്ടെഴുത്ത് ഗ്രന്ഥങ്ങൾ ഉണ്ട്. ഗ്രന്ഥവരികൾ എല്ലാം പൂർണ്ണമാണ്.

ഗ്രന്ഥവരികൾ പാരമ്പര്യത്തിന്റെ പ്രതാപമോ വംശമഹിമയോ സ്ഥാപിക്കുന്ന പ്രാമാണികരേഖകളല്ല. ദൈനംദിന കാര്യങ്ങളുടെ ആധാരപ്രമാണങ്ങളായും കണക്ക് പുസ്തകമായും ബന്ധപ്പെട്ടവർ ഉപയോഗിച്ചവയാണ്. അതുകൊണ്ടുതന്നെ ഐതിഹ്യങ്ങളെയും പുരാണങ്ങളെയും പോലെ പ്രതീകാത്മകത കൊണ്ടല്ല ഗ്രന്ഥവരികൾ പ്രയോജനപ്പെടുത്തുന്നത്. അവ ചരിത്രരേഖകളാണ്. ചരിത്രപഠനത്തിന് നേരിട്ടുള്ള ലക്ഷ്യങ്ങളാണ്. ഗ്രന്ഥവരികളുടെ കാലത്തെ ഭാഷാശൈലി മനസ്സിലാക്കാനും ഭാഷാശാസ്ത്രനിരീക്ഷണങ്ങൾക്കും അവ സഹായകമാകും.

ഗ്രന്ഥവരികളിലെ ഗദ്യം മാനവത്ക്കരിക്കപ്പെട്ട ഭാഷയുടേയോ സാഹിത്യരൂപങ്ങളുടേയോ മാതൃകയല്ല. അത് ഏറെ അടുത്ത് നിൽക്കുന്നത് വാമൊഴിയോടാണ്. അതുകൊണ്ടുതന്നെ ഗ്രന്ഥവരിയിലെ ഗദ്യത്തിൽനിന്ന് അക്കാലത്തെ വ്യവഹാരഭാഷ എങ്ങനെയെന്ന് മനസിലാക്കാൻ സാധിക്കും.

ശാസനഗദ്യവും നമ്പ്യാന്തമിഴും സംസ്കൃതവ്യാഖ്യാന ഗ്രന്ഥങ്ങളുമൊക്കെയാണ് മലയാളഗദ്യത്തിന്റെ പരിണാമചരിത്രം പഠിക്കാൻ ചരിത്രകാരൻമാർ ആശ്രയിച്ചത്. എന്നാൽ ഗ്രന്ഥവരികൾ പല കാലഘട്ടത്തിലേയും ഗദ്യരീതിയുടെ യഥാർത്ഥ മാതൃകകളാണ്.

ഗ്രന്ഥവരികൾ ധാരാളം പഴക്കമുള്ളവയാണ് കൊച്ചിയിലെ ഗ്രന്ഥവരികൾ വിപുലമായ ഒരു ഗദ്യചരിത്രത്തെ പ്രകടമാക്കു ന്നുണ്ട്. തിരുവനന്തപുരം മതിലകം ഗ്രന്ഥവരിക്ക് കൊ.വ. 500–ാ മാണ്ട് മുതൽക്കുള്ള പഴക്കമുണ്ട്. ഇവയൊന്നും സാഹിത്യസ്വഭാവം കലർത്തിയിട്ടുള്ളവയല്ലെങ്കിലും സാമാന്യവ്യവഹാരത്തിന് തികച്ചും പര്യാപ്തമായ ഒരു വാചകസമ്പ്രദായം മലയാളത്തിൽ ഉണ്ടായിരുന്നു എന്ന് തെളിയിക്കുന്നവയാണ്.

''എ.ഡി. 1558 കൊല്ലം 733 കുറ്റിപ്പുറത്ത് കൊണ്ട കലമാടിച്ച ശേഷം പഴവരിചാർത്തുവാൻ വിളക്കും കിണപതിയും പറനിറയും വച്ച് മുമ്പിൽ ഭഗവതിയെയും എഴുന്നള്ളിച്ച്'' പതിനാറാം നൂറ്റാണ്ടിലെ കോഴിക്കോടൻ ഗ്രന്ഥവരിയിലെ ഭാഗമാണിത്. പദ്യ ത്തിൽ കൃഷ്ണഗാഥയുടെ സമാന്തരമായ ഗദ്യം. സംസ്കൃതം, തമിഴ് എന്നിവ കലർന്നുണ്ടായ മിശ്രഭാഷയുടെ പരിണാമമല്ല ഇവ. മലയാളം സ്വതന്ത്രമായി വളർന്നു വന്നതിന്റെ വ്യക്തമായ തെളിവു കളാണ്. മഹാകാവ്യരചനയ്ക്ക് സമൃദ്ധമായ തരത്തിൽ പദ്യ ത്തിലും ഏതുതരം സംഭവവിവരണത്തിനും പാകമായ തരത്തിൽ ഗദ്യത്തിലും വളർന്നു വികസിച്ചു എന്നതിന് തെളിവാണിത്.

അക്കാലത്തെ സാധാരണക്കാരനും കാര്യം മനസിലാക്കാൻ സാധിക്കുന്ന ഭാഷയിലാണ് ഭാഷാഗദ്യം രചിച്ചിരിക്കുന്നത്. അനു ഷ്ഠാനപരവും മറ്റുമായ ഭാഷാശൈലി നീക്കിവച്ചാൽ ഉദയംപേരൂർ സൂനഹദോസിലെ മതപരവും വിദേശീയവുമായ പദങ്ങളും പ്രയോഗങ്ങളും ഉപേക്ഷിച്ചാൽ കിട്ടുന്ന ശുദ്ധമായ മലയാളം പ്രത്യ ക്ഷപ്പെടുന്നു. കാനോനകൾക്കും മുമ്പാണ് ഇതിലെ ആദ്യരേഖ എഴുതിയിട്ടുള്ളത്.

''എഴുന്നള്ളി നീരാട്ടുകുളിയും അമീത്തും കഴിഞ്ഞ രണ്ടീട കതിയെന വെച്ച ആന പൊന്നണിഞ്ഞ താഴത്തെ പന്തലി ചാർത്തി യാൽ ഒലിയല ഞെറിഞ്ഞുഴിഞ്ഞു. ചാർത്തി തിരുവാഭരണങ്ങളും ചാർത്തിച്ച'' എ.ഡി. 1683–ലെ ഒരു മാമാങ്ക വിവരണമാണിത്. മല യാളം ഗദ്യത്തിൽ പതിനേഴാം നൂറ്റാണ്ടിൽ സംസ്കൃത വ്യാഖ്യാന ഗ്രന്ഥങ്ങളിലൂടെയും പദ്യത്തിലൂടെയും പ്രകടമായ ഭാഷയുടെ

പിരിമുറുക്കം ഈ നൂറ്റാണ്ടിൽ രചിക്കപ്പെട്ട ഗ്രന്ഥവരി ഗദ്യത്തിലും പ്രകടമാകുന്നുണ്ട്.

''മന എവിടെ എന്ന് ചോദിച്ചാറെ തിരുനാവായെ ആകുന്നു എന്ന് പറഞ്ഞാറെ നദി സമീപമോ എന്ന് ഇങ്ങട്ട് പറഞ്ഞാറെ സമീപം തന്നെ എന്ന് അങ്ങട്ട് പറഞ്ഞാറെ'' ഇത് 1781-ലെ ഒരു ഗ്രന്ഥവരി രേഖയാണ്. വൈദേശികമായ ഗദ്യരൂപങ്ങളാണ് 18-ാം നൂറ്റാണ്ടിലെ ഗദ്യസാഹിത്യത്തിന്റെ മുഖഛായ മാറ്റിയതെന്ന് ഗദ്യ ചരിത്രങ്ങളിൽ പറയുന്നുണ്ട്. നോവൽ പോലുള്ള പുതിയ സാഹി ത്യരൂപങ്ങൾ ഭാഷയിൽ ഉണ്ടാവാൻ അത് കാരണമായി എന്നു മാത്രം.

''അവിടെ നിന്ന് പ്രീതിപൂർവ്വികമായിട്ട് കൊടുത്തയച്ച എഴുത്ത് കിട്ടി. സുഖമായിരിക്കുന്ന വിവരമറികയാൽ വളരെ സന്തോഷം'' 1871-ൽ എഴുതിയ ഗ്രന്ഥവരിയാണിത്. ഇന്ദുലേഖ, ശാരദ തുടങ്ങിയ കൃതികൾ എഴുതപ്പെട്ട കാലത്തെ ഭാഷയാണ് ഇതിൽ കാണുന്നത്.

ഗ്രന്ഥവരിയിൽ കാണുന്ന വരമൊഴി ഗദ്യത്തിന്റെ വിവിധരൂ പങ്ങളാണ് ഇതുവരെ ചർച്ചചെയ്തത്. ഇവയിലൊന്നും തന്നെ ആശയപ്രകാശനത്തിന്റെ കഴിവുകേട് കാണുന്നില്ല.

മലയാളഗദ്യചരിത്രത്തിൽ ഗ്രന്ഥവരികളെ വേണ്ടരീതിയിൽ ചരിത്രരചനയ്ക്ക് ഉപയോഗപ്പെടുത്തിയിട്ടില്ല എന്നുതന്നെ പറയാം. ശാസനഗദ്യവും നമ്പ്യാന്തമിഴും സംസ്കൃതശൈലീബദ്ധമായ ഗദ്യ വുമടങ്ങുന്ന ഗദ്യശാഖകളെയാണ് ഗദ്യചരിത്രം പഠിക്കാൻ ചരിത്ര കാരൻമാർ ആശ്രയിച്ചത്. ഇന്നത്തെ ആധാരഭാഷയോ കോടതിഭാ ഷയോ ഗവൺമെന്റ് ഉത്തരവുകളോ സാഹിത്യകൃതികളോ ഭാഷാ ശാസ്ത്രപരമായ അപഗ്രഥനം കൊണ്ടോ മാത്രം സാഹിത്യഭാഷ യുടെ ആശയപ്രകാശന സ്വഭാവത്തിൽ വന്ന വളർച്ച പഠിക്കുന്നത് വൈഷമ്യമുള്ളതാണ്. വ്യവഹാരഭാഷയോട് ഏറ്റവും അടുത്ത് നിർക്കുന്ന നിരവധി കോവിലകം ഗ്രന്ഥവരികളും ക്ഷേത്രഗ്രന്ഥ വരികളും കുടുംബഗ്രന്ഥവരികളും കൂടി പഠനവിധേയമാകുമ്പോ ഴാണ് മലയാളഗദ്യചരിത്ര പഠനം പൂർണമാകുന്നത്.

## ഗ്രന്ഥസൂചി

1. കൃഷ്ണപിള്ള എൻ., കൈരളിയുടെ കഥ, ഡി.സി. ബുക്സ്, കോട്ടയം, 2010.
2. നമ്പൂതിരി എൻ.എം., സാമൂതിരിചരിത്രത്തിലെ കാണാപ്പുറങ്ങൾ, വള്ളത്തോൾ വിദ്യപീഠം, ശുകപുരം, 1987.
3. പരമേശ്വരൻപിള്ള എരുമേലി (പ്രൊഫ.), മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്, 2010.
4. രാജേന്ദു എസ്. (ഡോ.), ആറങ്ങോട്ട് സ്വരൂപം ഗ്രന്ഥവരി തിരുമാനാംകുന്ന് ഗ്രന്ഥവരി, വള്ളത്തോൾ വിദ്യപീഠം, ശുകപുരം, 2015.
5. .........................., അയിരാണിക്കുളം ഗ്രന്ഥവരി, വള്ളത്തോൾ വിദ്യപീഠം, ശുകപുരം, 1987.
6. രാമചന്ദ്രൻ നായർ പന്മന (എഡി.)., സമ്പൂർണ്ണ മലയാള സാഹിത്യചരിത്രം, കറന്റ് ബുക്സ്, 2010.

**ആശ സി. എസ്.**
ഗവേഷക
ഓറിയന്റൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് &
മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി
കേരളസർവ്വകലാശാല, കാര്യവട്ടം

# പെരുക്കപ്പട്ടിക - ഹസ്തലിഖിതപാഠ മാതൃക

**ഡോ. രജനി ആർ. എസ്.**

**സംഗ്രഹം**

കേരളസർവ്വകലാശാല ഹസ്തലിഖിത ഗ്രന്ഥശേഖരത്തിൽ സൂക്ഷിച്ചിട്ടുള്ള ഗ്രന്ഥശേഖരത്തിൽ ഏറെ ശ്രദ്ധയാകർഷിക്കുന്ന ഗ്രന്ഥങ്ങളാണ് പെരുക്കപ്പട്ടികകൾ (ഗുണനപ്പട്ടിക). പൂർവകാല വിനിമയചരിത്രത്തിന്റെ സങ്കേതങ്ങളാണ് ഈ പെരുക്കപ്പട്ടികകൾ. ഇത്തരത്തിലുള്ള പെരുക്കപ്പട്ടികകളുടെ ഒരു മാതൃക പരിചയ പ്പെടുത്തുകയാണ് ഈ പ്രബന്ധത്തിൽ.

**താക്കോൽ വാക്കുകൾ**

പെരുക്കപ്പട്ടിക, ഗണിതം, ശൂൽബസൂത്രം, ക്ഷേത്ര ഗണിതം, വേദഗണിതം.

പ്രാചീന എഴുത്തുസംസ്കാരത്തിന്റെ ഭാഗമാണ് ഗണിത സംസ്കാരം എന്നു പറയാം. “എണ്ണിത്തിട്ടപ്പെടുത്തുക” എന്ന ബോധ്യത്തിൽ നിന്നാണ് ഗണിതചിന്തയുടെ ഉത്ഭവം. പ്രാചീന എഴുത്തുസംസ്കാരത്തിന്റെ ശേഷിപ്പുകൾ പരിശോധിച്ചാൽ ആശയവിനിമയത്തോടൊപ്പം എണ്ണം രൂപപ്പെടുത്തുന്നതിനുവേണ്ടി പല ഉപായങ്ങളും സ്വീകരിച്ചിരുന്നതായി കാണാം. “കുതകൾ” വെട്ടിയിട്ടുള്ള വടിയാണതിലൊന്ന്. ഈ മാതിരി വടികളുടെ ഉപയോഗം പ്രാചീനകാലം തൊട്ട് അടുത്തകാലം വരെ നിലനിന്നിരുന്നു. അക്കങ്ങൾ രേഖപ്പെടുത്താനും കണക്കു വയ്ക്കാനും സഹായിച്ചു പോന്നു”. 1. (എം. എ. ജലീൽ, ലിപികളും മാനവസംസ്കാരവും p.8) അതുപോലെ “തന്നെയുള്ള

വേറൊരു ഉപായമാണ് കെട്ടുകളുള്ള ചരട്. കണക്ക് സൂക്ഷിക്കാനും കാര്യങ്ങൾ ഓർക്കാനും ചരടുകളിൽ കുരുക്കുകൾ ഉണ്ടാക്കുകയാണ് ചെയ്യുന്നത്" (എം. എ. ജലീൽ, ലിപികളും മാനവസംസ്കാരവും p.8). ഇത്തരത്തിലുള്ള കണക്കുകൾ മനുഷ്യന്റെ ദൈനംദിന ജീവിതത്തിന്റെ അടിസ്ഥാനമാണെന്നുള്ള ചിന്ത പ്രാക്തനകാലം മുതൽക്കുതന്നെ മനുഷ്യന് ഉണ്ടായിരുന്നു. പിന്നെയും വളരെക്കാലങ്ങൾ കഴിഞ്ഞാണ് സംഖ്യകൾ രേഖപ്പെടുത്തുന്നതിനുള്ള ചിഹ്നങ്ങളും അക്കങ്ങളുമൊക്കെ രൂപപ്പെട്ടത്. അക്ഷരങ്ങളുടെ ചരിത്രം പോലെ അക്കങ്ങളുടെ ചരിത്രവും ഈജിപ്റ്റ്, സുമേറിയ, ബാബിലോൺ തുടങ്ങിയ രാജ്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.

ഭാരതീയ ഗണിതശാസ്ത്ര ശാഖ ലോകഗണിത സംസ്കാരത്തിന് നൽകിയിട്ടുള്ള സംഭാവനകൾ ചെറുതല്ല. ഭാരതീയ ഗണിതസംസ്കാരത്തെക്കുറിച്ച് അറിവ് നൽകുന്നവ യാണ് പ്രാചീനകൃതികളായ ശൂൽബ സൂത്രങ്ങൾ. ഹോമകുണ്ഡ നിർമ്മാണം ഇതിൽ പെടുന്നു. ബോധായനൻ, ആപത്സ്തംഭൻ, കാത്യായനൻ തുടങ്ങിയവരെല്ലാം ശൂൽബസൂത്രങ്ങൾക്ക് രചിച്ചി ട്ടുണ്ട്. കേരളത്തിന്റെ ഗണിതപാരമ്പര്യവും വളരെ പ്രൗഢമായ ഒന്നായിരുന്നു. കടപടയാദി പോലുള്ള അക്ഷരസംഖ്യാ പദ്ധതിയും, ലീലാവതി, ആര്യഭടീയം തുടങ്ങിയ ഗണിത ഗ്രന്ഥങ്ങളും ഒക്കെ കേരളീയ ഗണിതപാരമ്പര്യത്തിന്റെ ഉദാഹരണങ്ങളാണ്.

നമ്മുടെ ഗണിതപാരമ്പര്യത്തിന്റെ ഭാഗമായ പഴയകാല ഗുണനപ്പട്ടികയുടെ ഒരു മാതൃക പരിചയപ്പെടുത്തുകയാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം. ഗണിതശാസ്ത്രത്തിന്റെ അടിസ്ഥാന ശാഖകളാണ് അങ്കഗണിതം (ആൃശവോലശേര) ബീജഗണിതം (അഹഴലയൃമ) ക്ഷേത്രഗണിതം (Geometry) സ്ഥിതിഗണിതം (Statistic) ത്രികോണമിതി (Trignometry) കലനം (Calculas) എന്നിവ. ഇതിൽ അങ്കഗണിതത്തിന്റെ മൗലികക്രിയകളിലൊന്നാണ് ഗുണിക്കൽ. ഗുണനപ്രക്രിയ സുഗമമാക്കുന്നതിനുവേണ്ടിയുള്ള

പട്ടികകളാണ് ഗുണനപ്പട്ടികകൾ. ഗുണനപ്പട്ടിക ഹൃദിസ്ഥമാക്കുന്നതിലൂടെ നിത്യജീവിതവ്യവഹാരങ്ങൾ ആയാസരഹിതമായിത്തീരുന്നു. ഗ്രന്ഥകർത്താവ്, കാലം ഇവയൊന്നും രേഖപ്പെടുത്തിയിട്ടില്ല.

ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽ 21 444 എന്ന നമ്പരിൽ ഈ ഗ്രന്ഥം സൂക്ഷിച്ചിരിക്കുന്നു. മലയാള അക്കങ്ങളാണ് ഇതിൽ ഉപയോഗിച്ചിരിക്കുന്നത്. ഒന്നുമുതൽ പത്തുവരെയുള്ള സംഖ്യകളുടെ ഗുണിതങ്ങൾ രേഖപ്പെടുത്തിയശേഷം കാൽ (), അര (), മുക്കാൽ (), അരയ്ക്കാൽ () എന്നിങ്ങനെ വളരെ ചെറിയ സംഖ്യകളുടെ ഗുണിതങ്ങളും ഈ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പത്തിന്റെ ഗുണിതങ്ങളായാണ് സംഖ്യകളെ ഇതിൽ ക്രമീകരിച്ചിരിക്കുന്നത്. അതായത് 1, 10, 100 എന്നീ ക്രമത്തിലാണ് സംഖ്യകൾ രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണമായി 1 ന്റെ ഗുണിതം നോക്കാം.

(1 X 1 = 10)

(10 X 1 = 10)

(100 X 1 = 100) എന്ന ക്രമത്തിൽ 2,3 ഇവ യഥാക്രമം 2,20,200,3,30,300 എന്നീ ക്രമത്തിലുമാണ്. ഇന്ന് നാം ഉപയോഗിക്കുന്ന ഗുണന ചിഹ്നം (X) സമം (=) ഇവയൊന്നും ഗ്രന്ഥത്തിൽ ഉപയോഗിച്ചു കാണുന്നില്ല. ഒരു ഓലയിൽ തന്നെ നിരനിരയായി മൂന്നു സംഖ്യകളുടെ ഗുണിതങ്ങൾ വരെ രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്രന്ഥകർത്താവ്, കാലം ഇവയെക്കുറിച്ചൊന്നും വ്യക്തമായ തെളിവുകൾ ഗ്രന്ഥത്തിൽനിന്നും ലഭ്യമല്ല. ഇനി ഗ്രന്ഥമാതൃക നോക്കാം. ഈ മാതൃകയിൽ 1 മുതൽ 3 വരെയുള്ള ഗുണിതങ്ങൾ കൊടുത്തശേഷം ¼ ന്റെയും ½ യുടെയും ഗുണിതങ്ങളുടെ കുറച്ചുഭാഗങ്ങൾ കൂടി ചേർത്തിട്ടുണ്ട്.



1x1=1
10x1=10
100x1=100
2x1=2
20x1=20
200x1=200
3x1=3
30x1=30
300x1=300
4x1=4
40x1=40
400x1=400



5x1=5
50x1=50
500x1=500
6x1=6
60x1=60
600x1=600
7x1=7
70x1=70
700x1=700
8x1=8
80x1=80



800x1=800
9x1=9
90x1=90
900x1=900
1000x1=1000
1x2=2
10x2=20
100x2=200
2x2=4
20x2=40
200x2=400
3x2=6
30x2=60



300x2=600
4x2=8
40x2=80
400x2=800
5x2=10
50x2=100
500x2=1000
6x2=12
60x2=120
600x2=1200
7x2=14
70x2=140
700x2=1400



8x2=16
80x2=160
800x2=1600
9x2=18
90x2=180
900x2=1800
1000x2=2000
1x3=3
10x3=30
100x3=300
2x3=6
20x3=600



200x3=600
3x3=90
30x3=90
300x3=900
4x3=12
40x3=120
400x3=1200
5x3=15
50x3=150
500x3=1500
6x3=18
60x3=180



1X1/4=0.25
10x1/4=2.5
100x1/4=25
1000x1/4=250
2x1/4=0.5
20x1/4=5
200x1/4=50
2000x1/4=500
3x1/4=0.7
30X1/4=7.5
300X1/4=750



1X1/2=0.5
10x1/2=5
100x1/2=50
1000x1/2=500
2x1/5=1
20x1/2=10
200x1/2=100
2000x1/2=1000

# ലേഖകപരിചയം

| | | |
|---|---|---|
| 1 | **പ്രൊഫ.നടുവട്ടം ഗോപാലകൃഷ്ണൻ** | ഓണററി പ്രൊഫസർ<br>ISDL<br>Ph:9446328581 |
| 2 | **പ്രൊഫ. വി. ലിസി മാത്യു** | പ്രൊഫസർ<br>മലയാളവിഭാഗം<br>ശ്രീശങ്കരാചാര്യ സർവകലാശാല<br>കാലടി<br>Ph: 9447156607 |
| 3 | **ഡോ.പി. എസ്. രാധാകൃഷ്ണൻ** | പ്രൊഫസർ<br>സ്കൂൾ ഓഫ് ലെറ്റേഴ്സ്<br>മഹാത്മാഗാന്ധി<br>സർവ്വകലാശാല,<br>കോട്ടയം.<br>Ph: 9446567097 |
| 4 | **ഡോ. ആർ.ബി. ശ്രീകല** | പ്രൊഫസർ & ഹെഡ്<br>ഓറിയന്റൽ റിസേർച്ച്<br>ഇൻസ്റ്റിറ്റ്യൂട്ട് &<br>മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി<br>കേരളസർവ്വകലാശാല,<br>കാര്യവട്ടം<br>Ph: 9495700985 |
| 5 | **ഡോ. റ്റി.ജി. ശരച്ചന്ദ്രൻ** | പ്രൊഫസർ (റിട്ട.)<br>ഗണിതശാസ്ത്ര വിഭാഗം<br>കേരളസർവകലാശാല<br>തിരുവനന്തപുരം<br>Ph: |
| 6 | **ഡോ. എം.എ. സിദ്ദീഖ്** | പ്രൊഫസർ<br>മലയാള വിഭാഗം<br>കേരളസർവകലാശാല<br>കാര്യവട്ടം<br>Ph:9447125202 |
| 7 | **ഡോ. അശോക് കുമാർ എൻ.എൽ.** | അസോസിയേറ്റ് പ്രൊഫസർ &<br>ഹെഡ്,സംസ്കൃതവിഭാഗം(ന്യായ)<br>ഗവ: സംസ്കൃതകോളേജ്<br>തിരുവനന്തപുരം<br>Ph |

| | | |
|---|---|---|
| 8 | **ഡോ. നൗഷാദ് എസ്.** | അസോസിയേറ്റ് പ്രൊഫസർ<br>കേരളപഠനവിഭാഗം<br>കേരളസർവ്വകലാശാല<br>Ph: 9446370168 |
| 9 | **ഡോ.പ്രമോദ് കുമാർ ഡി.എൻ.** | അസോസിയേറ്റ് പ്രൊഫസർ,<br>മലയാളവിഭാഗം,<br>ഗവ.കോളേജ്, നെടുമങ്ങാട്<br>Ph: 9446551748 |
| 10 | **ഡോ.ജെ.പി.പ്രജിത്ത്** | അസിസ്റ്റന്റ് പ്രൊഫസർ<br>സംസ്കൃതവിഭാഗം<br>ഓറിയന്റൽ റിസേർച്ച്<br>ഇൻസ്റ്റിറ്റ്യൂട്ട് &<br>മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി<br>കേരളസർവ്വകലാശാല,<br>കാര്യവട്ടം<br>Ph: 9400288791 |
| 11 | **ഷിബു കുമാർ പി. എൽ.** | അസിസ്റ്റന്റ് പ്രൊഫസർ<br>മലയാളവിഭാഗം<br>സർക്കാർ വനിതാ കോളേജ്<br>തിരുവനന്തപുരം<br>(ഗവേഷകൻ, മലയാളവിഭാഗം,<br>കേരളസർവകലാശാല)<br>Ph: 9496953293 |
| 12 | **ഡോ.ജി.സജിന** | അസിസ്റ്റന്റ് പ്രൊഫസർ<br>സംസ്കാരപൈതൃക പഠനം<br>തുഞ്ചത്തെഴുത്തച്ഛൻ<br>മലയാളസർവകലാശാല<br>Ph: 9447857713 |
| 13 | **പ്രേമ** | അസിസ്റ്റന്റ് പ്രൊഫസർ<br>ഭാഷാശാസ്ത്രവിഭാഗം<br>കേരളസർവ്വകലാശാല<br>കാര്യവട്ടം<br>Ph: 9446084361 |
| 14 | **ഡോ. ഗംഗാദേവി എം.** | അസിസ്റ്റന്റ് പ്രൊഫസർ<br>മലയാളവിഭാഗം<br>സർക്കാർ വനിതാകോളേജ്<br>തിരുവനന്തപുരം<br>Ph: 9847118529 |

| | | |
|---|---|---|
| 15 | **ഡോ.ടി.കെ.സന്തോഷ്കുമാർ** | അസിസ്റ്റന്റ് പ്രൊഫസർ<br>മലയാളവിഭാഗം<br>കേരളസർവ്വകലാശാല<br>Ph: 9497447713 |
| 16 | **ഡോ. മുരുകേഷ് എസ്** | അസിസ്റ്റന്റ് പ്രൊഫസർ<br>മലയാള വിഭാഗം, എൻ,എസ്.<br>കോളേജ്, നെന്മാറ,<br>പാലക്കാട് ജില്ല<br>Ph: 9446279038 |
| 17 | **ആശ സി. എസ്.** | ഗവേഷക<br>ഓറിയന്റൽ റിസേർച്ച്<br>ഇൻസ്റ്റിറ്റ്യൂട്ട് &<br>മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി<br>കേരളസർവ്വകലാശാല, കാര്യവട്ടം<br>Ph: 8606520778 |
| 18 | **ഡോ. രജനി ആർ.എസ്.** | അസിസ്റ്റന്റ് പ്രൊഫസർ<br>ഓറിയന്റൽ റിസേർച്ച്<br>ഇൻസ്റ്റിറ്റ്യൂട്ട് &<br>മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി<br>കേരളസർവ്വകലാശാല,<br>കാര്യവട്ടം<br>അസിസ്റ്റന്റ് പ്രൊഫസർ<br>Ph: 9995004129 |